[illegible] F51.3

B.A. SELECTIONS IN MALAYALAM POETRY. V. 1. Pt. 3.

031:1xJ4
F51.3

...1x J4 F51·3
...tions in
...try.
032:1xJ4 F51·3
165392
38320
MUL
165392

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 031:1xJ4 F51.3

Accession Number 165392 ; 38320.

Available for loan from

This book should be returned on or before the date last marked below.

University of Madras

## B.A. Degree Examination

# Selections in Malayalam Poetry

VOL. I. PART III.

# കൃഷ്ണഗാഥ

MADRAS
PRINTED AT THE DIOCESAN PRESS

1925

165392
38320
032:1xJ4
F51·3

7 APR 1956
MADRAS

# കൃഷ്ണഗാഥ

## കൃഷ്ണോൽപത്തി

ഇന്ദിരതന്നുടെ പുഞ്ചിരിയായൊരു
ചന്ദ്രികമെയ്യില് പരക്കയാലെ
പാലാഴിവെള്ളത്തില് മുങ്ങിനിന്നീടുന്ന
നീലാഭമായൊരു ശൈലം പോലെ
മേവിനിന്നീടുന്ന ദൈവതം തന്നെ ഞാൻ
കൈവണങ്ങീടുന്നേൻ കാത്തുകൊൾവാൻ:
കീർത്തിയെ വാഴ്ത്തുവാനോർത്തു നിന്നീടുമെ-
ന്നാർത്തിയെത്തീർത്തു തുണക്കേണമേ.
ദേശികനാഥൻതൻ പാദങ്ങളേലുമ-
പ്പേശലമായൊരു രേണുലേശം
ക്ലേശങ്ങളേലുന്ന പാശങ്ങളെശാസ്സാൻ
ആശയന്താനുള്ളിലാക്കുന്നേൻ ഞാൻ.
വാരണവീരന്തന്നാനനം കൈക്കൊണ്ടു
പൂരിച്ച വന്മദവാരി മെയ്യില്
നിന്നു വിളങ്ങുന്ന ദൈവതംതൻകനി-
വിന്നു വിളങ്ങുകയെന്നില് മേന്മേല്;
ഭാരതീദേവിതൻ ഭൂരിയായുള്ളൊരു
കാരുണ്യപൂരവും വേറിടാതെ
നന്മധുവോലുന്ന നന്മൊഴി നല്കുവാൻ
തിന്മകളഞ്ഞു വിളങ്ങുകെന്നില്.
ഭാരതമായൊരു പീയൂഷരാശിക്കു
കാരണമായൊരു വാരിധിയായ്
വ്യാസനായുള്ളൊരു മാമുനിതൻകൃപ
ദാസനാമെന്നില് പുലരേണമേ.
മൂഢതകൊണ്ടു ഞാനേതാനുമുണ്ടിന്നു
കാടായിച്ചൊല്ലുവാൻ ഭാവിക്കുന്നു;

ഭൂരികളായുള്ള സൂരികളെല്ലാരും
ചീറാതെ നിന്നു പൊറുക്കേണമേ
സംസാരമോക്ഷത്തിൻ കാരണമായതു
വൈരാഗ്യമെന്നല്ലോ ചൊല്ലിക്കേൾപ്പൂ;
എന്നതുതന്നേ വരുത്തി നിന്നീടുവാൻ
ഇന്നിതുതന്നെ ഞാൻ നിർമ്മിക്കുന്നു.
ബോധമില്ലാത ഞാനേതുമേ വല്ലാതെ
ഗാഥയായ് ചൊല്ലുന്ന ഭാഷയിപ്പോൾ
നിർഗ്ഗുണനായുള്ളൊരീശനെക്കൊണ്ടല്ലോ
നിർഗ്ഗുണമായതു ചേരുമപ്പോൾ,
കാടായിച്ചൊല്കിലും കൈടഭവൈരിത-
ന്നീടാർന്നു നിന്നുള്ള ലീലയല്ലോ:
എന്നതുകൊണ്ടെനിക്കുള്ളിലില്ലേതുമേ
മന്ദതയിന്നിതു നിർമ്മിക്കുംപോൾ.
മാധവനാമമര പ്രഭുവെന്നതും
മാപാപം പോക്കുന്നൊന്നെന്നും കേൾപ്പൂ;
എന്നതുകൊണ്ടു ഞാൻ ധന്യരായുള്ളോരെ
വന്ദിച്ചുകൊണ്ടിതു നിർമ്മിക്കുന്നു.
പാലാഴിമാതുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ
ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചിപ്പോൾ,
ദേവകീസൂനുവായ്മേവിനിന്നീടുന്ന
കേവലൻ തന്നുടെ ലീല ചൊല്വാൻ
ആവതല്ലെങ്കിലുമാശതാൻ ചെല്കയാല്
ആരംഭിച്ചീടുന്നേനായവണ്ണം.

ശ്രീപത്മനാഭൻതൻ ജായയെന്നിങ്ങനെ
പേർപെറ്റുനിന്നൊരു മേദിനിതാൻ,
ദുഷ്ടരായുള്ളോരു മന്നവരെല്ലാരും
ഒട്ടേറെപ്പോന്നു പിറക്കയാലേ,
അന്തമില്ലാതൊരു ഭാരംകൊണ്ടേറുന്ന
സന്താപംപൂണ്ടു തളർന്നു മേന്മേല്,
ധേനുവായ് ചെന്നു വിരിഞ്ചനോടെല്ലാം തൻ
വേദനയോതിനാൾ കാതരയായ്.
"കഷ്ടരായുള്ളൊരു ദുഷ്ടരെസ്സൃഷ്ടിച്ച-
തൊട്ടേറിപ്പോകുന്നു തമ്പുരാനേ!
ഭാരത്തെക്കൊണ്ടു ഞാൻ പാതാളലോകത്തു

പാരാതെ വീഴുന്നതുണ്ടു നേരേ.
ഇണ്ടലെത്തുകുന്ന വൻഭാരമിങ്ങനെ
ഉണ്ടായീലെന്നുമേ പണ്ടെനിക്കോ.
കമ്പിട്ടുനിന്നൊരു കൂർമ്മവും ചെഞ്ചെമ്മെ
തണ്ണെട്ടുപോകുന്നതുണ്ടു പാർത്താല്.
ഊക്കനായ് നിന്നൊരു പന്നഗനാഥനു
ശ്രുൽക്കാരമേറുന്നിതിന്നിന്നെല്ലാം.
ആനകളെല്ലാമേ ദീനങ്ങളായിത്ത-
ന്നാനനം താഴ്ത്തിത്തളർന്നുകൂടി.
മാമയനായോനേ! ഭാരത്തെക്കൊണ്ടു ഞാൻ
നാമാവശേഷയായ്പ്പോകും മുമ്പെ
പാരാതെകണ്ടെന്നെപ്പാലിച്ചു കൊള്ളേണം
കാരുണ്യക്കാതലേ കൈതൊഴുന്നേൻ."
വേദന പൂണ്ടൊരു മേദിനിയാലിതു
വേദിതനായ വിരിഞ്ചനപ്പോൾ,
വാനവർ ചൂഴുറ്റ മേദിനിതാനുമായ്
വാർതിങ്കൾ മൌലിതന്നാലയത്തില്
പാരാതെ ചെന്നവർ ചൊല്ലിനാരെല്ലാരും
പാലാഴിതന്നിലും ചെന്നു പിന്നെ
വാരുറ്റു നിന്നൊരു വാക്കുകൊണ്ടന്നേരം
വാരിജനേത്രനെ വാഴ്ത്തിച്ചൊന്നാർ:—
"ഈരേഴുപാരിന്നും കാരണമായോരു
കാരുണ്യപൂരമാം വാരിരാശേ!
പാരിടംപൂരിച്ച ഭാരത്തെത്തീർത്തിന്നു
പാലിച്ചുകൊള്ളേണം പാരാതെ നീ.
നിങ്കനിവില്ലാഞ്ഞി ലെങ്ങളിന്നെങ്ങനെ
സങ്കടം പോക്കുന്നു തമ്പുരാനേ!
വങ്കനിവാണ്ടെങ്ങൾ സങ്കടം തീർക്കേണം
പങ്കജലോചനാ! ശങ്കിയാതേ."
വാസവൻമുമ്പായ വാനവരിങ്ങനെ
വാഴ്ത്തിനനേരത്തു വാരിജാക്ഷൻ
പ്രത്യക്ഷനായിട്ടു ചൊല്ലിനിന്നീടിനാൻ,
ഭക്തിയെക്കാണുംപൊഴുന്നു ഞായം.
"മുന്നമേതന്നെയറിഞ്ഞു ഞാൻ പോരുന്നു
മന്നിടം ചേരുന്ന ഭാരമെല്ലാം;
ഇന്നിനി വന്നീടും നിങ്ങളെന്നുള്ളതും
എന്നുള്ളം തന്നിലുണ്ടോർച്ചയെന്നാല്,

ഭൂഭാരംതന്നെത്തളൎപ്പതിന്നാരോരോ
വ്യാപാരം ചെയ്യേണമേ ചെയ്വതിന്നായ്
മാനുഷനായിപ്പിറക്കുന്നതുണ്ടു ഞാൻ
ആനകദുന്ദുഭി സൂനുവായി;
മൂത്തവനായിപ്പിറന്നു നിന്നീടുമേ
മൂൎത്തിവിശേഷമായ് ചേൎത്തനന്തൻ.
വാനവരെല്ലാരുമാദരവോടങ്ങു
യാദവന്മാരായ്പ്പിറക്ക മന്നില്.
മായയായ്മേവുന്ന ദേവിയും വന്നങ്ങു
മാനുഷിയായിപ്പിറക്കും പിന്നെ
വേണുന്നകാൎയ്യങ്ങൾ സാധിച്ചുകൊള്ളുവാൻ
ചേണുററുനിന്നു തുണപ്പതിന്നായ്.
പാരാതെ പിന്നെ ഞാൻ പാരിടം പൂരിച്ച
ഭാരത്തെത്തീൎത്തു തളൎത്തു നന്നായ്
മേദിനിതന്നുടെ വേദന പോക്കുവൻ,
ഖേദിക്കവേണ്ടായിന്നിങ്ങളാരും."
വാനവരെല്ലാരുമെന്നതു കേട്ടപ്പോൾ
വാരിജസംഭവന്താനുമായി
മേദിനിതന്നുടെ ഖേദത്തെത്തീൎത്തുടൻ
മേലത്തില് പോയങ്ങു വീട്ടു പുക്കാർ.

ശ്രീമധുരാപുരിയെന്നൊരു നാമമായ്
ശ്രീമതിയായൊരു രാജധാനി
യാദവന്മാൎക്കെല്ലാമാധാരമായി നി-
ന്നാദിയിലുണ്ടായി പണ്ടു പാരില്,
നാകികൾക്കെല്ലാ മങ്ങാധാരമായൊരു
നാക മഹാപുരിയെന്നപോലെ.
സമ്പദം തന്നിലുള്ളാശയുണ്ടായ്വരാ
അപ്പുരിതന്നിലിരിപ്പോൎക്കെന്നും.
നന്ദനം തന്നുടെ നിന്ദയെച്ചെയ്യുമ-
മ്മന്ദിരേ നിന്നെഴും നിഷ്കുടങ്ങൾ;
നിൎജ്ജരദീൎഘിക തന്നുള്ളിലേറുന്ന
ലക്ഷ്മിയെച്ചിക്കുമദ്ദീൎഘികകൾ ;
ധൎമ്മിഷ്ഠരായൊരെച്ചിന്തിച്ചു കാണ്കിലോ
ധൎമ്മജൻശീലവും താഴ്ചകോലും ;
ആയങ്ങൾ കാണുംപോൾ തോയാകരന്തന്നില്
പായുന്ന വൻനദീജാലംപോലെ ;
സൌവൎണ്ണൌഘം തന്നുടെ തിണ്മയെക്കാണുംപോൾ

തിണ്ണമൊന്നഞ്ചുമമ്മേരുശൈലം ;
ദാനങ്ങൾ കാണുംപോൾ വാനവദാരുക്കൾ,
ഹീനങ്ങളായ്വരും ദീനങ്ങളായ്;
വീരരായുള്ളോർ തൻ വീരത കാണുംപോൾ
നേരായോരില്ലയിപ്പാരിലാരും.
വിദ്യകൾകൊണ്ടുള്ള വേലകൾ കാണുംപോൾ
വിസ്മയം കോലുമബ്ജസൃഷ്ടിയും,
അസ്ത്രങ്ങൾ കൊണ്ടവരഭ്യസിച്ചീടുംപോൾ
കെട്ടങ്ങുന്നാകമബ് ഭാർഗ്ഗവനും,
കാമുകന്മാരുടെ കാന്തിയെക്കാണുംപോൾ
കാമനും ചെറുഞ്ഞുല്ലേയഞ്ചുമേറം,
മാനിനിമാരുടെ മാണ്പിനെക്കാങ്കില-
മ്മേനക ദീനയായ് നാണുമപ്പോൾ,
വെണ്മാടംതന്നുടെ വെണ്മയെക്കാണുംപോൾ
കന്മഷംതോന്നുമക്കൌമുദിക്കും,
അപ്പുരിതന്നില് വിളങ്ങിനിന്നീടുന്ന
ശില്പങ്ങളൊന്നൊന്നേ പാർത്തുകണ്ടാല്
വാസവമന്ദിരം വാഴ്വോടു നിർമ്മിപ്പാൻ
മാതൃകയായതിതെന്നു തോന്നും,
അപ്പുരിതന്നിലുള്ളദ്ഭുതം ചൊല്ലുവാൻ
കെല്പുള്ളോരാരുമില്ലെന്നു വേണ്ടാ
തത്സാരമോർക്കിലോ വസ്വൌകസാരയും
നിസ്സാരയായിട്ടു വന്നുകൂട്ടു.
യാദവവീരരപ്പുരിയും പാലിച്ചി-
ട്ടാദരവോടു വസിക്കും കാലം
ദേവകനാകുന്ന യാദവന്തന്നുടെ
ദേവകിയാകുന്ന കന്യകയെ
ശ്രീവസുദേവക്കു നല്കിനാനൻപോടു
ശ്രീപതിതന്നുടെയമ്മയാവാൻ.
വേട്ടുനിന്നീടുന്ന ശ്രീവസുദേവർതാൻ
വാട്ടമകന്നൊരു തേരിലേറി
ദേവകിയാകുന്ന ജായയും താനുമായ്
പോവതിന്നായിത്തുടങ്ങുന്നേരം
ഉൽപന്നമോദനായ് നില്പൊരു ദേവകൻ
നല്പൊലിക്കാണവും നല്കി നിന്നാൻ.
സോദരിതന്നുടെ തോഷത്തെച്ചെയ്‌വാനാ-
യാദരവോടു മുതിന്നു കംസൻ

ചാരത്തു ചെന്നങ്ങു വാരുററ തേരേറി
സാരത്ഥ്യവേലയുമാചരിച്ചാൻ
നാനാജനങ്ങളുമായ് നടന്നങ്ങനെ
നാനാവിനോദവുമോതിയോതി,
ആമോദിച്ചെല്ലാരുമാനന്ദം പോകുംപോൾ
വ്യോമത്തില് നിന്നൊരു വാക്കുണ്ടായി;—

"ദേവകി തന്നുടെ അഷ്ടമഗർഭത്തില്
മേവിനിന്നുണ്ടായ ബാലകന്താൻ
നിന്നുടെ കാലനായ്വന്നു നിന്നീടുന്നോൻ
എന്നതു ചിന്തിച്ചു കൊൾക കംസാ!"
ഘോരനായുള്ളൊരു കംസൻതാനന്നേരം
വീരതയായതിതെന്നു നണ്ണി
പാവകഭാവത്തെക്കേവലം പൂണ്ടുടൻ
ദേവകിതൻ കൊല ചെയ്വതിന്നായ്
തൽക്കചംതന്നെപ്പിടിച്ചു നിന്നങ്ങിനെ
ഖഡ്ഗവും വാങ്ങിയങ്ങോങ്ങി നിന്നാൻ.

കണ്ടുനിന്നീടുന്ന മാലോകരെല്ലാരും
ഇണ്ടലും പൂണ്ടു ചമഞ്ഞാരപ്പോൾ;
കണ്ണടച്ചീടിനാർ, കണ്ണുനീർ തൂകിനാർ,
തിണ്ണമങ്ങോടിനാർ ഖിന്നരായി
കൈതിരുമ്മീടിനാർ, കൺചുവത്തീടിനാർ,
കൈയലച്ചീടിനാർ മെയ്യിലെങ്ങും.
കേസരിവീരൻ തന്നാനനം തന്നിലെ
കേവലം കേഴുന്നൊരേണം പോലെ
മേവിനിന്നീടുന്ന ദേവകിദേവിതാൻ,
ദൈവമേയെന്നങ്ങു ചൊല്ലിച്ചൊല്ലി.

ഘോരനായുള്ളൊരു കംസനെ നോക്കീട്ടു
പാരം വിറച്ചു നടുങ്ങുമപ്പോൾ
ചൂഴും നിന്നീടുന്ന ലോകരെ നോക്കീട്ടു
കോഴ പൂണ്ടേററവും കേഴുംപിന്നെ
ചങ്ങാതിമാരുടെ നന്മുഖം നോക്കിനി-
ന്നിങ്ങനെയെൻ കർമ്മമെന്നും പിന്നെ.
അച്ഛനെത്തന്നെയും മെച്ചമേ നോക്കിനി-
ന്നുച്ചത്തില് നീളെ വിളിച്ചു കേഴും;
നിർമ്മായപ്രേമം പൂണ്ടമ്മാമൻതന്നെയും
അമ്മയെത്തന്നെയുമവ്വണ്ണമേ.

ആങ്ങളതന്നെ വിളിച്ചുനിന്നീടുവാൻ
ഓങ്ങിനിന്നങ്ങു നട്ടങ്ങും പിന്നെ.
ആനകദുന്ദുഭി തന്നുടെയാനനം
ദീനയായ്മെല്ലവേ നോക്കിവീക്ഷം.
ദേവകിതൻ ഭയമിങ്ങനെകാണുമ-
ശ്ശ്രീവസുദേവർ താനെന്നനേരം
പെട്ടെന്നുചെന്നു വിലക്കിനിന്നീടിനാൻ
പൊട്ടിനിന്നീടുന്നോരുള്ളവുമായ് :
പാപനായുള്ളോരു കംസനോടായ് പിന്നെ
ആപത്തു പോക്കുവാനായി ച്ചൊന്നാൻ :—
"നിൎമ്മലമാനസനായി നിന്നീടുമീ-
നിന്മനമിങ്ങനെ വന്നതെന്തേ ?
ശങ്കയും കൈവിട്ടു പെങ്കൊല ചെയ്യുമോ
മംഗലനായ നിൻ വേലയിപ്പോൾ ?
ഭേദമുണ്ടെന്നതില് കേവലം പെണ്ണിലും ;
സോദരിയല്ലോയിന്നാരിതാനും,
വേളികഴിഞ്ഞുള്ളോരുത്സവമല്ലോയി-
ക്കാലവുമെന്നതുമോൎത്തു കാൺ നീ ;
ഭ്രാതാവായ് നിന്നതും മാതാവായ് നിന്നതും
താതനായ് നിന്നതും നീതാനത്രേ.
നീയൊഴിഞ്ഞാരു മില്ലാശ്രയം കേളിവൾ-
ക്കാദരിച്ചീടുവാൻ ഭോജനാഥാ !
വീരനായുള്ള നീ ഘോരമായ്മേവുമീ,
നാരിതൻ വങ്കൊല, ചെയ്യൊല്ലാതെ."
ഇത്തരമായുള്ളോരുക്തികളിങ്ങനെ
സത്വരം ചെന്നവൻ ചൊന്നനേരം
പാപനായുള്ളോരു കംസന്റെ മാനസം
പാറയേപ്പോലെയങ്ങാകയാലെ
പിന്നെയും ചിന്തിച്ചു ചൊല്ലി നിന്നീടിനാൻ
ഖിന്നനായ് നിന്നവനുണ്മയായി :—
"ദേവകിയല്ലല്ലൊ നിന്നുടെകാലനായ്
മേവുന്നതെന്നതോ വന്നതല്ലോ
അഷ്ടമനാകുന്ന ബാലകനല്ലോ നിൻ
നഷ്ടതക്കിന്നു നിമിത്തമെന്നാല്
പെററു പെററീടുന്ന മക്കളെയെല്ലാമേ
തെറെറന്നു നിൻ കൈയില് നല്കാമല്ലോ.
പിന്നെ നീ ചിന്തിച്ചു വേണ്ടതു ചെയ്യാലും

നിന്നുടെ ഹാനിവരാതവണ്ണം."
എന്നതു കേട്ടൊരു കംസൻറെ കോപവും
മന്ദമായ്വന്നതായ് മെല്ലെമെല്ലെ
മന്ത്രംകൊണ്ടീക്ഷൽ തളൎന്നു നിന്നീടുന്ന
പന്നഗവീരൻ തൻ കോപം പോലെ :
രോദിതയായൊരു സോദരിതന്നെയും
ആദരവോടങ്ങയച്ചാൻ പിന്നെ.
വമ്പുലിവായില് നിന്നംപാതെ വീണ്ടുപോയ്
കംപത്തെപ്പൂണ്ടന്നൊരേണംപോലെ
മേവിനിന്നീടുന്ന ദേവകിദേവിതാൻ
കേവലം കംസനേ നോക്കിനിന്നാൾ.
ഘോഴവും നിന്നിട്ടു കേഴുന്നോരെല്ലാരും
കോഴയുംതീൎത്തു നിന്നൊന്നു വീൎത്താർ.
ചങ്ങാതിമാരായുള്ളംഗനമാരെല്ലാം
മംഗലമാകെന്നു ചൊല്ലിപ്പൂണ്ടാർ.
ആനകദുന്ദുഭിതാനുമന്നേരത്തു
മാനിനിതാനുമായ്മന്ദിയാതെ
സുന്ദരമായുള്ള മന്ദിരം പൂകിനാൻ
വന്ദികൾ വാഴ്ത്തുന്ന വാൎത്തയുമായ് :
വേളിയെത്തൊട്ടുള്ളൊരുത്സവം തന്നെയും
മേളമായ്പിന്നെയങ്ങാചരിച്ചാൻ.
പേയറുനിന്നൊരു ജായയും താനുമായ്
മായം കളഞ്ഞു വസിക്കും കാലം
സുഭ്രുവായുള്ളൊരു ദേവകിദേവിക്കു
ഗൎഭവുമുണ്ടായി മെല്ലെമെല്ലെ
അത്ഭുതകാന്തിയായ് ദുൎഭഗനല്ലാതോ-
രൎഭകനുണ്ടായിതെന്നു വന്നു.
സൂനുവെക്കണ്ടു നിന്നാനന്ദിച്ചീടുന്നോ-
രാനകദുന്ദുഭി ദീനനായി
കണ്ണുനീർ തൂകുന്ന ദേവകിതന്നുടെ
കൈയില് നിന്നന്നേരം വാങ്ങിനേരേ
പെട്ടെന്നു കൊണ്ടുപോയ്ക്കംസനു നല്കിനാൻ :—
പട്ടാങ്ങുചെയ്യുന്നോരെന്നു ഞായം.
എന്നതു കണ്ടൊരു കംസന്താനന്നേരം
ചിന്തിച്ചു ചൊല്ലിനാനല്ലല് നീക്കി :—
"മേലിലുണ്ടാകുന്ന ബാലകനല്ലോയെൻ
കാലനായ് ചാലവരുന്നതെന്നാല്

കൊല്ലുന്നേനല്ലയിപ്പൈതലെയിന്നു ഞാൻ
അല്ലലും തീൎത്തു വളൎത്താലും നീ."
ആനകദുന്ദുഭി താനതു കേട്ടപ്പോൾ
ദീനത കൈവിട്ടു മാനിച്ചുടൻ
ബാലനെത്തന്നെയും ദേവകിക്കായിട്ടു
ചാല നല്കീടിനാൻ കൊണ്ടുപോയി.
പിന്നെയവരെല്ലാരും തന്നുടെ തന്നുടെ
മന്ദിരം തന്നിലിരിക്കുംകാലം
ആഗതനായൊരു നാരദൻ കംസനോ-
ടാദരവോടു പറഞ്ഞാനപ്പോൾ:—
"ബന്ധുവെത്തന്നെയും വൈരിയെത്തന്നെയും
ചിന്തിച്ചു വേണം നീയൊന്നു ചെയ്വാൻ.
നിന്നുടെ വൈരികളായി നിന്നീടുന്ന
വിണ്ണവരെല്ലായിപ്പാരിടത്തില്
വിഷ്ണുവിഞ്ചൊല്ലാലെ വന്നു പിറന്നിട്ടു
വൃഷ്ണികളായിച്ചമഞ്ഞിതിപ്പോൾ.
പണ്ടേയിന്നിന്നുടെ വൈരിയായ്മേവുന്ന
കൊണ്ടല്നേൎവ്വൎണ്ണന്താനിന്നു നേരേ
ദേവകിതന്നുടെ ഗൎഭഗനായിട്ടു
മേവിനിന്നാശു പിറന്നു പിന്നെ
നിന്നെയും നിന്നുടെ സേവകന്മാരെയും
കൊന്നീടുമെന്നതു തേറിനാലും
മാഴ്കാതെ നിന്നെ നീ കാത്തുകൊള്ളായ്കിലോ
ആകാതെ പോകുമേ ഭോജനാഥാ!"
നാരദനിങ്ങനെ ചൊന്നതു കേട്ടിട്ടു
ഘോരനായുള്ളൊരു കംസനപ്പോൾ
യാദവന്മാരോടു പോരു തുടങ്ങിനാൻ
വാനവരെന്നതു നണ്ണി നേരേ.
പീഡിതരായവരോരോരോ നാട്ടില-
ന്നാടും വെടിഞ്ഞു നടന്നാരെങ്ങും.
പിന്നെയണഞ്ഞവനാനകദുന്ദുഭി
തന്നെയും ദേവകി തന്നെയും താൻ
ചങ്ങലകൊണ്ടു തളച്ചു നിന്നീടിനാൻ
തങ്ങളിലേശൊല്ലായെന്നു നണ്ണി.
ഉണ്ടായബാലകന്മാരെയും ചെഞ്ചെമ്മെ
കണ്ഠം പിരിച്ചു കഴിച്ചാൻ പാപി.

ചീറിനിന്നീടുന്ന കംസനന്നിങ്ങനെ
ആറു കിടാങ്ങളെക്കൊന്നവാറേ
സപ്തമമാകുന്ന ഗർഭവുമുണ്ടായി-
ത്തുത്തമയാകുന്ന ദേവകിക്കോ.
ലക്ഷ്മീശൻതാനന്നു ചിന്തിച്ചു ചൊല്ലിനാൻ
അക്ഷണം തന്മായതന്നോടപ്പോൾ
"പാരാതെപോകേണം ഭൂതലന്തന്നില് നീ
കാൎയ്യങ്ങളോരോരോന്നേ സാധിപ്പാനായ്.
ദേവകി തന്നുടെ ഗർഭഗനായിട്ടു
മേവിനിന്നീടുമനന്തനെ നീ
ഗോകുലം തന്നില് വസിച്ചുനിന്നീടുന്ന
രോഹിണി തന്നിലങ്ങാക്കവേണം.
ആനകദുന്ദുഭിതന്നുടെ സൂനുവായ്
ഞാനും പിറക്കുന്നതുണ്ടു നേരേ.
നന്ദവിലാസിനി നന്ദനയായിട്ടു
നന്നായിപ്പോന്നു പിറക്കനീയും.
കൊല്ലുവാനോങ്ങുന്ന കംസനെ വഞ്ചിച്ചു
മെല്ലവേ പോയിക്കൊണ്ടംബരത്തില്
മാലോകൎക്കേലുന്നൊരാപത്തെപ്പോക്കുവാൻ
ഭൂലോകന്തന്നില് വസിക്ക പിന്നെ.
ഭക്തിയെപ്പൂണ്ടു ഭജിച്ചു നിന്നീടുന്നോ-
ൎക്കാതലെ തീൎത്തു തുണപ്പതിന്നായ്.
'മാലിയന്നീടുന്ന ഭൂലോകവാസികൾ-
ക്കാലംബമായെഴും മൂലതായേ!
കാല്ത്താരില് കുമ്പിട്ടു കൈവണങ്ങീടുന്നേൻ
കാത്തുകൊള്ളേണമേ തമ്പുരാട്ടീ!"
ഇത്തരമോരോരോ നല്സ്തുതിയോതിനി-
ന്നുത്തമമാരായൊരു ഭക്തിയുമായ്
വാഴ്ത്തിവണങ്ങുമേവാ രാസ്ഥ പൂണ്ടോരോരോ
ധാത്രീസുരന്മാരും മറ്റുള്ളോരും."
വൈകല്യംതീൎക്കുന്ന വൈകുണ്ഠനിങ്ങനെ
വൈകാതെ പോകെന്നു ചൊന്നനേരം
ഇങ്ങനെചൊല് കേട്ടു മായതാൻപോയിച്ചെ-
ന്നങ്ങനെയെല്ലാം മങ്ങാചരിച്ചാൾ.
"ഇക്കുമായുണ്ടായ ഗർഭമോ ചെഞ്ചമ്മേ
നഷ്ടമായ്പ്പോയിപോല് ദേവകിക്കോ"
എന്നൊരുവാൎത്തയുമെങ്ങുമേ പൊങ്ങീതാ-

യന്നുതുടങ്ങിയന്നാട്ടിലെങ്ങും.
"ആനകദുന്ദുഭി തന്നുടെ ജായയാം
മാനിനിയായുള്ള രോഹിണിക്കോ
സുന്ദരനായൊരു നന്ദനനുണ്ടായി"—
എന്നൊരുവാൎത്തയുമവ്വണ്ണമേ.
ഛിദ്രിച്ചുപോയൊരു ഗൎഭവും ചിന്തിച്ചു
ദുഃഖിച്ചു ദേവകി മേവും കാലം
ആഗമം തന്നുടെ കാതലിലായ്പുറ-
ഞ്ഞാരുമേ കാണാതെ നില്പോന്നപ്പോൾ
ദേവകിതന്നുടെ ഗൎഭഗനായിട്ടു
മേവിനാൻ മേദിനിക്കല്ലല് പോക്കാൻ.
കുപ്പിയില് നിന്നൊരു നല്വിളക്കെങ്ങനെ
കുപ്പിയെച്ചാലേ വിളക്കി ഞായം
ഗൎഭഗമായുള്ള വൈഷ്ണവം ധാമമ-
ഗ്ഗൎഭിണിതന്നെയുമവ്വണ്ണമേ.
ഗൎഭത്തിനുള്ളൊരു ചിഹ്നവും പോന്നവ-
ന്നല്പമായ്ക്കാണത്തുടങ്ങി മെയ്യില് :—
നേൎത്തുനിന്നീടുന്ന ഗാത്രങ്ങളെല്ലാമേ
ചീൎത്തുതുടങ്ങീതു നാളില് നാളില്.
ആണ്ടുപോയെങ്ങാനും വീണൊരുനാഭിയും
പൂൎണ്ണമായ്ത്തൂൎണ്ണു മെഴത്തുടങ്ങി.
സൂക്ഷ്മമായുള്ളൊരു മദ്ധ്യവും ചെഞ്ചെമ്മേ
വീക്ഷണഗോചരമായി വന്നു.
മാന്യമായുള്ള വലിത്രയം മാഞ്ഞുപോയ്
ശൂന്യമായ്വന്നിതു മെല്ലെമെല്ലെ.
ആനകദുന്ദുഭി മാനിക്കും കൊങ്കകൾ-
ക്കാനനം ചാലക്കറുത്തുതപ്പോൾ
നന്ദനനുണ്ടായാലെങ്ങളെ സ്നേഹമി-
ല്ലെന്നതു ചിന്തിച്ചിട്ടെന്നപോലെ.
ചാരുവാൎയ്യവുമമ്മാരോടു ചേരുന്നോ-
രാരവും പോയങ്ങു ദൂരമായി
"ബാലകൻ വേണമിമ്മാരോടു ചേരുവാൻ
ഞാനിനി നീങ്ങേണ" മെന്നപോലെ.
അന്യമായ്നിന്നുള്ള ഭൂഷണജാലവും
ഒന്നൊന്നേ പോയി ച്ചുരുങ്ങീതായി:
ഈരേഴുപാരിനും ഭൂഷണമല്ലോയി-
ന്നാരിയില്നിന്നവനെന്നുചേതം.

മാനിനിമാരുടെ മൌലികയാമവൾ-
ക്കാനനം ചാല വിളത്തു കൂടി
ഗർഭഗനായുള്ളൊരർഭകന്തന്നുടെ
നിർഭരഹാസം കൊണ്ടെന്നപോലെ.
അംഗവികാരങ്ങൾ പിന്നെയുമോരോന്നേ
പൊങ്ങിത്തുടങ്ങീതു മേനി തന്നില്.
വിശ്വമശേഷം താനുള്ളിലേ ചേർത്തൊരു
വിഷ്ണുവെത്തന്നുദരത്തിലാക്കി
മേവിനിന്നീടുന്ന ദേവകിദേവിതൻ
മേന്മയെപ്പാർക്കിലിന്നാർക്കു ചൊല്ലാം.
ഗർഭിണിയായൊരു ദേവകിതന്നുടെ
അത്ഭുതകാന്തിയെക്കണ്ടു കംസൻ
തന്നിലേ നണ്ണിനാൻ "എന്നുടെകാലനാ-
യുന്നവനിന്നിവനെന്നു തന്നേ
പണ്ടിവൾക്കിങ്ങനെയുള്ളൊരു കാന്തിയെ-
ക്കണ്ടതില്ലെന്നതുകൊണ്ടു കണ്ടു;
എന്തിനി നല്ലതെന്നിങ്ങനെ ചിന്തിച്ചാ-
ലേതുമേ തോന്നുന്നതല്ല താനും.
ഗർഭിണിതൻ കൊലചെയ്യുതിന്നായിട്ടോ
കെല്പു പുലംപുന്നതല്ല ചെമ്മെ.
പെറ്റങ്ങുവീഴുംപോൾ തെറ്റെന്നു ചെന്നു ഞാൻ
പറ്റാതൊന്നാകിലും പാർത്തിടാതെ
കൊന്നങ്ങു വീഴ്ത്തി നാലൊന്നിനും ബാധയി-
ല്ലെന്നതേ ചിന്തിച്ചാല് നല്ലതുള്ളൂ."
ഇങ്ങനെ നണ്ണിനാരന്ധകനായകൻ
തന്നുടെ ദാസരായുള്ളവരെ
കാവലുമാക്കിത്തൻ മന്ദിരം പൂകിനാൻ
ആവിലമായുള്ളൊരുള്ളവുമായ്.
ദേവകിതന്നുടെ ഗർഭഗനായൊരു
കേവലന്തന്നെയറിഞ്ഞു നേരേ
ചാരത്തുചെന്നു പുകണ്ണു നിന്നീടിനാർ
വാരുററു നിന്നുള്ള വാനോരെല്ലാം.
"മിത്ഥ്യയെച്ചെഞ്ചെമ്മേ വേരറുത്തീടുന്ന
സത്യമായുള്ളൊരു പോതമായി
നിത്യമായ് നിന്നൊരു തത്വമായ്മേവുന്നോ-
രുത്തമരൂപനേ! കാത്തുകൊൾ നീ.

വേദങ്ങൾതന്നെപ്പണ്ടോരാഞ്ഞുഴന്നുള്ള
ഖേദങ്ങൾ തീൎപ്പതിന്നെന്നപോലെ
മോദം കലൎന്നൊരു മീനായവറ്റെച്ചെ-
ന്നാദാനം ചെയ്തതു നീ താനല്ലോ.
ആഴിയേ ഞങ്ങൾ കടഞ്ഞോരുനേരം പ-
ണ്ടാഴുന്ന വന്മല താങ്ങുവാനായ്
കീഴേ പൃക്കാമതൻ വേഷമായ് നിന്നതു
താഴാതെ കൊണ്ടതും നീതാനല്ലോ.
ഖിന്നതകൈവിട്ടു മന്നിടം കൊണ്ടുപൊ-
യ്യുന്നതനായോരിരണ്ണിയാക്ഷൻ
തന്നെയപ്പന്നിയായ്ക്കൊന്നതു പാൎക്കംപോൾ
നിന്നുടെ കാരുണ്യമെന്നേയാവൂ.
കാണായതെല്ലാമേ താനെന്നുതേറുവാൻ
തൂണപിളൎന്നു പുറത്തു ചെമ്മേ
കാണായെഴും നരസിംഹമെന്നുള്ളതില്
കാണായതല്ലോ പൊരുത്തതിന്നും.
മാനവരെല്ലാരെപ്പോലെ നടന്നു നാം
മാനവും കൈവിട്ടു പോരും കാലം
ദാനവന്തന്നെ നീവഞ്ചിക്കകൊണ്ടല്ലോ
ദീനംകളഞ്ഞു തെളിഞ്ഞു ഞങ്ങൾ.
ഭൂപാലരായുള്ള ഭൂഭാരം പോക്കുവാൻ
ആപാദിച്ചുള്ളൊരു വെണ്മഴുവാല്
മൂവേഴുവട്ടം തറിച്ചു നീകേവലം
പാവകനേത്തും പലാശം പോലെ.
പത്തായദിക്കുകൾക്കത്തല് വളൎത്തോരു
പത്തുമുഖനായ പാപിയെക്കൊ-
ന്നുത്തമരായുള്ള ഞങ്ങളെക്കാത്തുവ്വി-
യിത്രനാളൊട്ടു പൊരുത്തിരുന്നു.
ഇക്കാലം നിന്നുടെ തൃക്കാലെന്നിങ്ങനെ
ചൊല്ലിക്കൊണ്ടുപോരുമിപ്പാരിടത്തെ
ദുഃഖങ്ങൾ തീൎത്തു നീ പാലിച്ചുകൊൾവതി-
ന്നിക്ഷണം നാമിതാ കൈതൊഴുന്നേൻ."
ഇങ്ങനെയോരോരോ മംഗലവാക്കുകൾ
ഭംഗിയില് ചൊല്ലിപ്പുകണ്ണു പിന്നെ
വാനിടം മുന്നിട്ടു പോകത്തുടങ്ങിനാർ
വാനവരെല്ലാരും മെല്ലെ മെല്ലെ.
മേദിനിദേവിയുമാദരവോടുതൻ

വേദന വേറിട്ടു നിന്നനേരം
മംഗല്യമാളുന്ന ദേവകിദേവിക്കു
ചിങ്ങമാം മാസവും പോന്നുവന്നു ;
അഷ്ടമിരോഹിണി തങ്ങളില് കൂടി നി-
ന്നിഷ്ടമായുള്ളൊരു നല് പൊഴുതും.
മംഗലജാലങ്ങൾ തിങ്ങി നിറന്നങ്ങുമേ
പൊങ്ങിയെഴുന്നു തുടങ്ങീതപ്പോൾ:-
ആരണർ കുണ്ഡത്തിലഗ്നികളെല്ലാമേ
പാരമെഴുന്നു വലം ചുഴന്നു.
സ്വച്ഛങ്ങളായ്വന്നു തോയങ്ങളെല്ലാമേ
സജ്ജനമാനസമെന്നപോലെ.
താരങ്ങളായുള്ള ഹാരങ്ങൾ പൂണ്ടിട്ടു
പാരം വിളങ്ങി വിയത്തുമപ്പോൾ.
മത്തങ്ങളായ് നിന്നു പാടിത്തുടങ്ങിനാർ
ചിത്തന്തെളിഞ്ഞുള്ള ഭൃംഗങ്ങളും.
മന്ദമായ്വന്നങ്ങു വീതു തുടങ്ങിനാൻ
സുന്ദരനായൊരു തെന്നല് താനും.
ഇങ്ങനെയോരോരോ നന്മകൾ പിന്നെയും
മംഗലഹേതുക്കളായി വന്നു.
കാത്തു നിന്നീടുന്ന കംസനിയോഗികൾ
ചീത്തൊരു നിദ്രയെപ്പൂണ്ടോരപ്പോൾ
പാവനയായൊരു ദേവകിദേവിക്കു
നോവു തുടങ്ങീതു മെല്ലെമെല്ലെ.
വേദനവേറിട്ടു മേദിനിദേവിക്കു
മേനിയില് നോവു കുറഞ്ഞുതപ്പോൾ.
ചെല് കണ്ണിതന്നിലെ ദീർഘങ്ങളായുള്ള
ശ്രൂൽക്കാരജാലവുമുണ്ടായപ്പോൾ
മൂക്കരെത്തിന്നും ചുമന്നുള്ളനന്തരം
ശ്രൂൽകാരമീക്ഷൽ തളന്നുതായി.
ചീർത്തുനിന്നീടുന്നൊരീററുനോവാണ്ടവൾ
ആർത്തയായേററവും മേവുന്നേരം
ഇന്ദ്രദിഗംഗന ചന്ദ്രനായുള്ളൊരു
നന്ദനന്തന്നെയും പെററാളപ്പോൾ.
അംബരമായുള്ളൊരങ്ങണന്തന്നിലേ
രിംഖണം ചെയ്യുവൻ നിന്നനേരം
കോമളയായൊരു രുഗ്മിണിതന്നുടെ
വാർമുലതന്നിലലംകരിപ്പാൻ

ദേവകിയായൊരു കല്പകവല്ലിമേല്
മേവിനിന്നീടുന്ന ദിവ്യരത്നം
ഭൂതലംതന്നിലങ്ങായതു കാണായി
പൂതനായുള്ളോരു താതന്നപ്പോൾ
കാർമുകില്മാലകൾ കാല്പിടിച്ചീടുന്ന
കാന്തിയെപ്പൂണ്ടൊരു മെയ്യുമായി.
രമ്യമായുള്ളൊരു മൌലിയില് ചേർന്നുണ്ടു
പൊന്മയമായൊരു നന്മകുടം.
കാർമുകില്മാലയില് പാതിമറഞ്ഞൊരു
വാർമതിപ്പൈതല് താനെന്നപോലെ
കുന്തളജാലം കൊണ്ടഞ്ചിതമാകയാല്
ചന്തത്തെക്കോലുന്ന ഫാലവുമായ്.
കംപത്തെക്കൊണ്ടയിപ്പാരിടംതന്നുടെ
സംഭവന്തന്നെയും പാലനവും
ഇല്ലായ്മതന്നെയുമാചരിച്ചീടുവാൻ
കല്പതകോലുന്ന ചില്ലിയുമായ്.
പങ്കജന്തന്നുടെ ഉന്മേഷന്തന്നെയും
സംകോചന്തന്നെയും ചെയ്യിപ്പാനായ്
ദാക്ഷിണ്യം പൂണ്ടുള്ള വീക്ഷണദ്വന്ദ്വത്തില്
വീക്ഷണംകൊണ്ടുള്ള കാന്തിയുമായ്.
ഭംഗിയെപ്പൂണ്ടൊരു പൈങ്കിളിച്ചുണ്ടോടു
സംഗത്തെക്കോലുന്ന നാസികയും
മണ്ഡനമായുള്ള കുണ്ഡലകാന്തിയാല്
മണ്ഡിതമായുള്ള ഗണ്ഡവുമായ്.
കുന്ദത്തിൻ പൂവെയും ചന്ദ്രികാ തന്നെയും
നിന്ദിച്ചു നിന്നൊരു മന്ദഹാസം.
കമ്രമായുള്ളൊരു കംബുതൻ കാന്തിയെ
കണ്ടിച്ചു മണ്ടിക്കും കണ്ഠകാണ്ഡം.
ചക്രം തുടങ്ങിയുള്ളായുധമോരോന്ന
നല്ക്കരം നാലിലുമുണ്ടു താനും
ശ്രീവത്സകാന്തിയും കൌസ്തുഭകാന്തിയും
നേരാത്തു തങ്ങളില് കൂട്ടുകയാല്
കാളിന്ദീ നീരോടു മേളിച്ചു മേവുന്ന
പാലാഴിത്തുവെള്ളം തന്നില് ചെമ്മേ
മുങ്ങി നിന്നീടുന്നൊരഞ്ജനാദേവിയെ-
ന്നിങ്ങനെ തോന്നുമമ്മാറു കണ്ടാല്.

എണ്ണമററീടുന്നോരണ്ഡകടാഹങ്ങൾ-
ക്കന്ന്യൂനമായൊരു ഭാജനമായ്
മേവിനിന്നീടുന്ന നല്ലുദരത്തെ ഞാൻ
ഏവമെന്നിങ്ങനെ ചൊല്ലിക്കൂട്ടു.
മഞ്ഞൾപിഴിഞ്ഞൊരു കൂറയെപ്പൂണ്ടിട്ടു
മഞ്ജുളമായൊരു മദ്ധ്യദേശം.
ഊരുക്കൾ ജാനുക്കൾ ജംഘകളെന്നിവ
ചാരുക്കളെന്നേതു ചൊല്ലവല്ലൂ.
തിങ്കൾതൻകാന്തിക്കു ശങ്കയെത്തന്നുള്ളി
ലങ്കുരിപ്പിക്കു മത്തുനഖങ്ങൾ-
അംഗുലിയായ ദലങ്ങളെക്കാണുംപോൾ
പങ്കജമത്രേയപ്പാദയുഗ്മം.
ഉള്ളംകാല് തന്നുടെ മാർദ്ദവം ചിന്തിക്കില്
കല്ലെന്നേ തോന്നുമപ്പല്ലവത്തെ.
ഖേദങ്ങൾ പോക്കുന്ന വേദങ്ങൾ നാലിനും
കാതലായ്മേവുന്ന നാഥനപ്പോൾ
മംഗലം നല്കുവാൻ മാലോകർക്കായിക്കൊ-
ണ്ടിങ്ങനെ പോന്നു പിറന്ന നേരം,
വിസ്മിതനായുള്ളോരാനകദുന്ദുഭി
വിഷ്ണുവെന്നിങ്ങനെ നണ്ണി നേരേ
വാക്കുകൊണ്ടേറവും വാഴ്ത്തിനിന്നീടിനാൻ
വാഴ്വോടുകുമ്പിട്ടു കൂപ്പിനന്നായ് ;
കേവലന്തന്നെത്തൻ പുത്രനായ്ക്കണ്ടോരു
ദേവകീദേവിയുമവ്വണ്ണമേ.
ഉത്തമമായൊരു ഭക്തിയെപ്പൂണ്ടവർ
ചിത്തം തെളിഞ്ഞു പുകണ്ണനേരം
നാഥനായുള്ളവൻ പ്രീതനായ് ചൊല്ലിനാൻ
താതനോടായിട്ടും മാതാവോടും :—
"പണ്ടുമിന്നിങ്ങൾക്കു സൂനുവായ്മേവിനേൻ
രണ്ടുജന്മങ്ങളിലിങ്ങനെ ഞാൻ
നിങ്ങൾക്കിന്നേന്നിലെ ഭക്തിയെക്കണ്ടിട്ടു
നിങ്ങളിലുള്ളൊരു കാരുണ്യത്താല്
ഇങ്ങനെയുള്ളൊരു രൂപത്തെക്കാട്ടി ഞാൻ
നിങ്ങൾക്കു സന്തതം ചിന്തിപ്പാനായ്.
ബന്ധത്തെപ്പോക്കുന്നൊരെന്നുടെ ദേഹത്തെ-
സ്സന്തതം ചിന്തിച്ചിരുന്നു കൊണ്ടാല്
പാപങ്ങൾ വേരററു പൂതന്മാരായ്ത്തന്നെ

പാദങ്ങൾ തന്നോടു കൂട്ടം നിങ്ങൾ.
ഇന്നിലന്തന്നില് നിന്നെന്നെയും കൊണ്ടുപോയ്
നന്ദൻെറ മന്ദിരം തന്നിലാക്കി
ചാരത്തുകാണുന്ന ദാരികാ തന്നെയും
പാരാതെ കൊണ്ടിങ്ങു പോന്നു കൊൾവു".
മംഗലനായൊരു പങ്കജലോചനൻ
ഇങ്ങനെ ചൊന്നവരോടു പിന്നെ
താതനുംമാതാവുംനോക്കി നിന്നീടവേ
പൈതലായ്മേവിനാൻ കൈതവത്താല്.
വിസ്മയം പൂണ്ടുള്ളോരച്ഛനുമമ്മക്കും
വിഷ്ണുവെന്നുണ്ടായ ബോധമപ്പോൾ
"എന്നുടെ പൈതലെ" ന്നിങ്ങനെയുള്ളൊരു
നിർണ്ണയമായിച്ചമഞ്ഞുകൂടി.
കോമളച്ചുണ്ടു പിളുക്കി നിന്നീട്ടന്നൊ-
രോമന പൈതല് താൻ പൈ തുടന്നു
"അമ്മിഞ്ഞിതാരായിന്നെന്തെനിക്കമ്മെ" യെ-
ന്നമ്മയെനോക്കി മയങ്ങുന്നേരം
ധന്യയായുള്ള യശോദതൻ പുത്രിയായ്
മന്നിടം പൂകിനാൾ മായതാനും.
കംസനെപ്പേടിച്ചുള്ളാനകദുന്ദുഭി
പൈതലെത്തന്നുടെ കൈയ്യിലാക്കി
അംപാടിതന്നിലേ പോവതിനായിക്കൊ-
ണ്ടെമ്പോടുചാലെ നടന്നനേരം
തങ്ങളെത്തന്നേ തുറന്നതു കാണായി
ചങ്ങലപൂണ്ടുള്ള വാതിലെല്ലാം.
വ്യഗ്രവും കൈവിട്ടു ധൈര്യവും പിന്നിട്ടു
നിർഗ്ഗമിച്ചങ്ങവൻ നിന്നനേരം
എന്നോട കാന്തിയെക്കക്കുമിപ്പൈതലെ
ഖിന്നനാക്കണ്ണമിന്നെന്നപോലെ
പാഴിടിപൂണമക്കാർമുകില് വന്നിട്ടു
പാഴ്മഴ തൂകിത്തുടങ്ങിതപ്പോൾ.
എന്നതുകണ്ടൊരു പന്നഗനായകൻ
തന്നുടെയാനന ജാലംതന്നെ
ഒക്കവേ ചാലപ്പരത്തി നിന്നങ്ങനെ
നല്ക്കുടയാക്കി നടന്നു മീതേ
അമ്മഴതന്നെത്തടുത്തു നിന്നീടിനാൻ:-
വെണ്മയെപ്പൂണ്ടുള്ളോരെന്നുമായം.

ആനകദുന്ദുഭി തന്നുടെ ചേണഴം
പാണിയായുള്ളൊരു യാനമേറി
വാരുറ്റുനിന്നൊരു വാരിദനാദമാം
ഭേരിതൻനാദവും പൂരിച്ചെങ്ങും
വങ്കനിവാണ്ടൊരു പന്നഗനാഥനാം
വെങ്കുട തന്നെയും ചൂടിനിന്നായ്
ഛന്നയായുള്ളൊരു ദീപവും സമ്പാദി-
ച്ചമ്പാടിമുന്നിട്ടു പോവതിന്നായ്
കൈതവമാണ്ടുനല് പൈതലായ്‌മേവുമ-
ക്കൈടഭവൈരിതാൻ ചെല്ലുന്നേരം,
മേളം കലന്നൊരു കാളിമ പൂണ്ടുന-
ല്ലോളങ്ങളാളുമക്കാളിന്ദീതാൻ
നല്വഴി നന്നായി നല്കി നിന്നീടിനാൾ:
നല്ലവൎക്കങ്ങനെ തോന്നി ഞായം.
പാദങ്ങൾ പോലും നനഞ്ഞു നിന്നീടാതെ
പാഴ്പ്പുറംപേറി നടക്കുംപോലെ
ആനന്ദം പൂണ്ടുള്ളൊരാനകദുന്ദുഭി
കാളിന്ദി തന്നെയും പിന്നിട്ടപ്പോൾ
അംഭോജലോചനന്തന്നെയും പൂണ്ടുകൊ-
ണ്ടമ്പാടിതന്നിലും ചെന്നുപുക്കാൻ.
ചെന്നൊരുനേരത്തു സുന്ദരിയായൊരു
നന്ദവിലാസിനി തന്നെക്കണ്ടാൻ,
സൂതികൊണ്ടുണ്ടായ മോഹത്തെപ്പൂണ്ടിട്ടു
ഭൂതലന്തന്നില് കിടന്നതപ്പോൾ.
മറ്റുള്ളോരെല്ലാരും നിദ്രയുംപൂണ്ടിട്ടു
ചുറ്റും കിടന്നതും കണ്ടാൻ പിന്നെ.
നന്ദവിലാസിനി തന്നുടെ ചാരത്തു
നല്ലൊരു പെണ്ണിള്ള തന്നെക്കണ്ടാൻ.
ബാലകന്മാരെക്കൊണ്ടാനകദുന്ദുഭി
വാണിഭംചെയ്യുന്നോനെന്നപോലെ
തന്നുടെ പൈതലെക്കൊണ്ടു ചെന്നങ്ങവൾ
തന്നുടെ ചാരത്തു ചേൎത്തുപിന്നെ
പെണ്ണിള്ള തന്നെയും മെല്ലവേ കൊണ്ടുപോ-
ന്നമ്പാടിതന്നെയും പിന്നിട്ടുടൻ
ഖിന്നതക്കൂടാതെ തന്നുടെ ഗേഹത്തില്
വന്നു നിന്നീടിനാനന്നു തന്നേ.

അമ്പോട്ടു പിന്നെയദ്ദേവകീ ചാരത്തു
പെൺപിള്ളതന്നെയും ചേർത്തു ചെമ്മേ
കഞ്ചനെപ്പേടിച്ചു മുന്നമെപ്പോലെ ശ-
ൃംഖലതന്നെയും പൂണ്ടു കൊണ്ടാൻ.
ദേവകിതന്നുടെ ചാരത്തു ചേരുമ-
ക്കേവലയായൊരു ദേവിയപ്പോൾ
മാറ്റൊലികൊള്ളുമാറീററില്ലം തന്നില് നി-
ന്നോററം കരഞ്ഞു കരഞ്ഞു നിന്നാൾ :
ഞെട്ടിയുണർന്നുള്ള കംസനിയോഗികൾ
പെട്ടെന്നു ചെന്നങ്ങു ചൊന്നാരപ്പോൾ.
വാളുമായ് ചെഞ്ചെമ്മേ വന്നു നിന്നീടിനാൻ
കാലനുനേരായ കംസനപ്പോൾ.
കണ്ടൊരു നേരത്തു പണ്ടേതിലേററവും
ഇണ്ടലും പൂണ്ടു വിറച്ചു പാരം.
കംസനോടന്നേരം മെല്ലവേ ചൊല്ലിനാൾ
കാതരയായൊരു ദേവകിതാൻ.
"പാർക്കെന്നു ചിന്തിച്ചു ശങ്കിച്ചു നിന്നതോ
പാശമായല്ലോ താൻ വന്നുകൂടി.
പാപങ്ങളിന്നും നീയാചരിച്ചീടാതെ
പാരാതെ പോകെങ്കിലെന്നെ വേണ്ടു.
എന്നുടെ ശോകത്തിൻ കാരണമാക്കൊല്ലാ-
യിന്നിനിയെൻമുതല് തന്നെയിപ്പോൾ.
ഒന്നുരണ്ടല്ലല്ലൊ മൂന്നം നീയെന്നുടെ
നന്ദനന്മാരെക്കൊലപ്പെടുത്തു ;
ഒന്നല്ലയായൊരു പെൺപിള്ളതന്നെ നീ
ഇന്നെനിക്കായി വഴങ്ങേണമേ."
ഇങ്ങനെ ചൊന്നു തൻകന്യകതന്നെയും
പൊങ്ങിനിന്നീടുന്ന ശോകത്താലെ
മാറോടുചേർത്തങ്ങു പൂണ്ടുകൊണ്ടീടിനാൾ
മാപാപി വന്നു തൊടാതവണ്ണം.
സോദരി തന്നുടെ രോദനം കണ്ടിട്ടു
രോഷിതനായൊരു കംസനപ്പോൾ
ഓടിയണഞ്ഞു വലിച്ചുകൊണ്ടീടിനാൻ
ഓമലാമ്മേയ്യുമപ്പൈതല് തന്നെ.
പാദംപിടിച്ചവൻ പാറമേല് തല്ലുവാൻ
പാരം ചുഴററി നിന്നോരന്നേരം
കീഴ്പ്പെട്ടു തല്ലുവാനോങ്ങിയനേരത്തു

മേല്പെട്ടുപോയതൊ കണ്ടുപിന്നെ.
ഈൎഷ്യയും പൂണ്ടവൻ നോക്കിനാനെന്നപ്പോൾ
ഈശ്വരിയാമവൾ തന്നെ നേരെ :
അംബരംതന്നിലേ ലംബിതയായിനി-
ന്നംബിക തന്നെയും കാണായപ്പോൾ
നേത്രങ്ങൾക്കെല്ലമേ നോക്കരുതാതൊരു
ദീപ്തിയെപ്പൂണ്ടൊരു മെയ്യുമായി.
ദേവിതന്മെയ്യുടെ ലാവണ്യം ചൊല്വാനി-
ന്നാവിന്നു വൈഭവം വന്നുകൂടാ.
പൂഞ്ചായല് തന്നുടെ കാന്തിയെച്ചൊല്ലുവാൻ
വാഞ്ഛയുണ്ടാകുന്നു കാണ്കെനിക്കോ.
തുല്യതയില്ലാത തുല്യത ചൊല്ലുംപോൾ
വല്ലായ്മയെന്നതും വന്നുകൂടും.
കാണ്ടിയെന്നിങ്ങനെ കൊണ്ടാടിച്ചൊല്ലീലോ
കൊണ്ടല് തന്നുള്ളത്തിലിണ്ടലുണ്ടാം ;
അല്ലെന്നു ചൊല്കിലോ നീലത്തഴകൾവ-
ന്നല്ലലായ് നിന്നങ്ങു പേശിക്കൊള്ളും.
മററൊന്നു ചൊല്ലില് മനം കലഞ്ഞീടുമ-
ക്കുററമററീടും പനം കലക്കും.
എന്നതുമൂലമക്കുന്തലേ വാഴ്ത്താതെ
മന്ദനായ് നിന്നു മടങ്ങുന്നേൻ ഞാൻ.
അന്ധതകൊണ്ടിനിച്ചന്തമാണ്ടീടുമ-
ക്കുന്തളം വാഴ്ത്തുവാൻ ചിന്തിക്കുന്നേൻ.
ചായലായുള്ളൊരു നായിക താൻപെററ
ചാപലം പൂണ്ടുള്ള ബാലകന്മാർ
നെററിയായുള്ളൊരു മുററത്തിലാമ്മാറു
മുററുമമിണ്ണുള്ള ലീലയല്ലോ
ചിന്തിനകാന്തികലന്നു നിന്നീടുമ-
ക്കുന്തളമായിട്ടു കണ്ടതിപ്പോൾ.
മൌലിയിലുള്ളൊരുവാർ തിങ്കൾതന്നുടല്
പാതിപൊളിഞ്ഞങ്ങു വീണനേരം
ചില്ലി തടഞ്ഞിട്ടു വീഴരുതായ്കയാല്
മെല്ലവേ തങ്ങിയുറച്ചതെന്നു
കാണുന്നോർകണ്ണിന്നു തോന്നുമാറുള്ളൊരു
കാന്തിയെപ്പൂണ്ടൊന്നതല്ലൊ നെററിതാൻ.
ആനനംതന്നോടു നേരൊത്തു പോരുവാൻ.
മാനിച്ചുതിങ്കളും പങ്കജവും

ഒക്കവെ ചെന്നു പിണങ്ങിന നേരംക-
ണ്ടക്ഷണമാനന ലക്ഷ്മിനേരേ
'തിങ്കളേ! നീയിതിൻ മീതേയായ് നിന്നുകൊൾ
പങ്കജമേ! യിതിൻ താഴെ നീയും'
എന്നങ്ങുചൊന്നൊരു സീമയിട്ടീടിനാൽ
എന്നതുചില്ലിയായ്ക്കണ്ടതിപ്പോൾ.
ചില്ലികളായുള്ള കല്ലോലം തങ്കീഴേ
മെല്ലവേ ചെന്നു കളിക്കയാലേ
ആനന്ദമാളു മക്കണ്ണിണ തന്നെയോ
മീനങ്ങളെന്നല്ലോ ചൊല്ലേണ്ടുന്നു.
ആനനകാന്തിയാമ്മേവിനിന്നീടുന്ന
മാനിനിക്കമ്പിനോടാടുവാനായ്
ഉല്ലസിച്ചീടുന്ന പൊന്നൂയലെന്നയ-
മ്മല്ലക്കുഴകളെ ചൊല്ലുന്നു ഞാൻ.
ചോരിവായായൊരു ചെന്തൊണ്ടിതങ്കനി
ചാരത്തു കണ്ടതു കൊത്തുവാനായ്
മെല്ലവേ ചെല്ലുന്ന പൈങ്കിളിച്ചുണ്ടെന്നേ
ചൊല്ലുവാന്തോന്നുമന്നാസാ കണ്ടാല്.
മണ്ഡനമായുള്ള കുണ്ഡലഖണ്ഡത്താല്
മണ്ഡിതമായുള്ള ഗണ്ഡം കണ്ടാല്
സ്വർണ്ണം കൊണ്ടുള്ളൊരു കണ്ണാടിതന്നുടെ
ഉണ്ണാഡി തിണ്ണം വിറക്കുമപ്പോൾ.
ചോരിവാ തന്നോടു നേരായിച്ചെന്നപ്പോൾ
പാരാതെ തോററൊരു ചെമ്പരുത്തി
മാലയെന്നുള്ളൊരു കൈതവം കൈക്കൊണ്ടു
മാലുററു ഞാലുന്നു കാണ്ക പാപം.
മാറത്തുചേരുന്നൊരാരത്തെക്കണ്ടിട്ടു
നേരിട്ടു ചെല്ലൊല്ലാ യെന്നു നണ്ണി
ഓഷ്ഠങ്ങൾ രണ്ടും മറച്ചു നിന്നീടുന്നു
വാട്ടമററീടുമദ്ദന്തങ്ങളെ.
പുഞ്ചിരിയായതു ചന്ദ്രികായെന്നതം-
ങ്ങഞ്ചാതെ ചൊല്ലാമങ്ങെല്ലാരോടും:
ഏണാങ്കമൌലിതൻ നേത്രചകോരങ്ങൾ-
ക്കൂണായി മേവുമോ അല്ലയാകില് ?
പൂർണ്ണനായുള്ളൊരു തിങ്കളെ മൌലിയില്
പൂണ്ടുനിന്നീടുന്ന ശൈവലിംഗം

എന്നുതേ തോന്നുന്നു താനനന്തൻ കീഴേ
നിന്നുവിളങ്ങുമക്കണ്ണോം കണ്ടാല്.
വാർമുലയായൊരു മാമലയക്കുന്നില്നി-
ന്നാമോദം പോന്നങ്ങിറങ്ങി നേരേ
പോകത്തുടങ്ങുന്ന ഭോഗികളെന്നത്രേ
ബാഹുകൾതന്നെ ഞാനുന്നിക്കുന്നു.
മെത്തിയെഴുന്നൊരു യൌവനമാകുന്ന
മത്തേഭന്തന്നുടെ മസ്തകങ്ങൾ
കൊങ്കകളായിട്ടു കണ്ടതെന്നിങ്ങനെ
അങ്കുരിച്ചീടുന്നതെന്നുള്ളത്തില്.
ശ്യാമളയായൊരു രോമാളിയാകുന്ന
കോമളത്തുംപികൈ കാങ്കയാലേ
ചൊല്ക്കൊണ്ടു മേവുന്ന നാഭിയായുള്ളൊരു
പുഷ്കലമായൊരു പുഷ്കരവും.
പട്ടുട തന്നുടെ ചട്ടവും കാന്തി ഞാൻ
ഒട്ടേടം ചൊല്ലുണ്ടായെന്നു നണ്ണി
ഒട്ടുമേ ചൊല്ലാതെ നിന്നു കൊണ്ടീടുന്നു
മുട്ടായാ ചൊല്ലുവാനോർക്കിലാക്കാം.
ചീർത്തുനിന്നീടുന്നൊരല്ക്കീടം ചെഞ്ചെമ്മേ
തേർത്തടമെന്നതു നിർണ്ണയിച്ചു
പണ്ടുതന്മേനിയെച്ചുട്ടുകളഞ്ഞതി-
ലുണ്ടായ പോരായ്മ പോക്കുവാനായ്
ചെംപോല്ത്താർബാണനിത്തേരില്ക്കേറീട്ടു
ശംഭുതൻമേനി പകുപ്പിച്ചുതാൻ.
കുംഭിതൻ തുംപികൈ തിൺതുട കണ്ടല്ലൊ
കുമ്പിട്ടുപോരുന്നതിന്നുമേററം.
ചൊല്പെററുനിന്നൊരു ശോഭയെക്കാണുംപോൾ
ചെല്പെന്നു ചൊല്വാനോ തോന്നുമല്ലോ
"ഒപ്പില്ലയാതെനിക്കൊപ്പിന്നെച്ചൊന്നായെ"-
ന്നുൾപ്പൂവില് കോപിക്കും ജാനുവപ്പോൾ;
എന്നതുമൂലമജ്ഞാനികൾ വാഴ്ത്തുവാൻ
ഏതുമേ വല്ലാതെ നിന്നിതു ഞാൻ.
ദേവിതൻ ചാരു കണംകഴല് നേരൊത്തു
മേവിനിന്നീടേണമെങ്ങൾ കണ്ണാം
എന്നങ്ങു ചിന്തിച്ചു ചന്ദ്രകലാധരൻ
തന്നുടെ സേവയെച്ചെയ്വതിന്നായ്
നിർജ്ജനമായൊരു കാനനന്തന്നില് പോയ്

ഷൾജ്ജവും പാടി നല് കേകിജാലം
കററമററീടുന്ന നൃത്തമാടീടുന്നു;
മററൊന്നു ചിന്തിച്ചിട്ടല്ല ചൊല്ലാം.
നാകികൾ മൌലിയില് താവിനിന്നീടുന്ന
നാകമഹാമണി ജാലങ്ങളില്
പാരമുരമ്മിയെഴുന്നു നിന്നീടുമ-
പ്പാദനഖങ്ങൾ തന്നംശുജാലം,
മീതേ പരന്നു വഴിഞ്ഞതു കാണുംപോൾ
ശ്വേതമായുള്ളൊരു ക്രമ്മമെന്നേ
എന്മനംതന്നിലേ സന്തതം തോന്നുന്നു-
തംബികതൻ പ്രപദങ്ങൾ രണ്ടും.
മഞ്ജീരന്തന്നുടെ മഞ്ജുളമായൊരു
ശിഞ്ജിതമായുള്ള ഹംസനാദം
എപ്പോഴും കേൾക്കയാലപ്പാദം ചെഞ്ചെമ്മെ
ചൊല്ലൊണ്ണും പങ്കജമെന്നുവന്നു.
വാനവർകൈകളാം വാരിജം ചെഞ്ചെമ്മേ
കാണുന്ന നേരത്തു കൂമ്പുകയാല്
തിങ്കളെന്നുള്ളൊരു ശങ്കയുമുണ്ടെനി-
ക്കങ്കുരിച്ചീടുന്നു പാരമുള്ളില്.
ഉൾക്കാമ്പില് തന്നെച്ചേർത്തോൎക്കു ക്ലേശംനിന്നോർതൻ
ദുഃഖമാം കാന്താരം നീററുകയാല്
അങ്കിയെന്നുള്ളൊരു ശങ്കയുമുണ്ടെനി-
ക്കങ്കുരിച്ചീടുന്നു പിന്നെയുള്ളില്.
ഭക്തരായുള്ളോർതൻ ചിത്തത്തില് മേന്മേലെ
മെത്തുമിരുട്ടിനെത്തള്ളുകയാല്
പങ്കജകാമുക നെന്നൊരു ശങ്കയും
അങ്കുരിച്ചീടുന്നു പിന്നെപ്പിന്നെ.
ഇപ്പാദന്തന്നിലെപ്പൊല്പ്പൂമ്പരാഗത്തെ
മുല്പ്പാടെ തെണ്ടിത്താൻ കൊണ്ടുപോയി
വാരിജസംഭവൻ പാരിടമെല്ലാമേ
പാരാതെ നിർമ്മിച്ചുവെന്നു കേൾപ്പൂ.
എന്നതു കൊണ്ടുപോല് പന്നഗനായകൻ
തന്നുടെ മൌലിയില് ചേർക്കുന്നതും.
ഊർജ്ജിതരൂപനായ് നിർജ്ജരനായുള്ള
ധൂർജ്ജടി താനതുനീററിപ്പിന്നെ
ആദരവോടതു പൂശുന്നു മെയ്യിലി-
പ്പാദപരാഗകളാകകൊണ്ടേ.

ഊഴരായിച്ചെന്നു മാതാവിൻ ഗർഭത്തില്
നൂഴൊല്ലാ നാമിനിയെന്നു നണ്ണി
മാലകന്നീടുമമ്മാമുനി മാരെല്ലാം
മൌലിയില് ചേർക്കുന്നു ഭാവനയാല്
ആഗമംതന്നുടെ കാതലായ്മേവുമി-
പ്പാദപയോജ പരാഗമത്രെ.

ഇപ്പാദന്തന്നിലെ നില്പൊരു മാനസം
കെല്പോടെ ചേർത്താൻ പണ്ടപ്പൌലസ്ത്യൻ
മുഗ്ദ്ധേന്ദുശേഖരൻ മിത്രമെന്നുള്ളതും
വിത്തേശനെന്നും പേരന്നുണ്ടായി.
ഉന്മദം പൂണ്ടൊരു വന്മഹിഷാസുരൻ
തന്മദം തീർത്തതിന്നോർക്കിലാക്കാം.
സുംഭനായ് നിന്നുള്ളൊരുമ്പർകോൻ വൈരിതൻ
ഡംഭത്തെത്തീർത്തതു മവ്വണ്ണമേ.
ഓരോരോ ദാനവ വീരരെക്കൊന്നിട്ടി-
പ്പാരെല്ലാം പാലിപ്പാൻ പാർക്കിലാക്കാം

ആഗമം താനുമിപ്പാദങ്ങൾ തന്നെപ്പോ-
യാരാഞ്ഞുപോരുന്നതിന്നുമെന്നാല്
ഇങ്ങനെ മേവുമപ്പാദപയോജം ഞാൻ-
എങ്ങനെയിങ്ങനെയെന്നു ചൊല്വൂ ?
വായ്പോടെകുമ്പിട്ടു പിന്നെയും പിന്നെയും
കൂപ്പുകയെന്നി മറ്റൊന്നു വല്ലേൻ.
കേവലയായൊരു ദേവിയെ വാഴ്ത്തുവാൻ
ആവതല്ലെന്നതു ചിന്തിയാതെ
കാടായിച്ചൊല്ലുന്നതെന്തു നീയെന്നല്ലീ ;
മൂഢരായുള്ളോരില് മുമ്പുണ്ടല്ലോ ;
പാടവം കൂടാതെ മൂഢരായുള്ളോരോ
കാടാകുമാറല്ലോ ചൊല്ലേണ്ടുന്നു ;
എന്നതു പാർക്കുംപൊഴിന്നു ഞാൻ ചൊന്നതു
നിന്ദ്യമല്ലെന്നതും വന്നുകൂടും.
അങ്ങനെപോകതങ്ങംബരന്തന്നില് നി-
ന്നിങ്ങനെയുള്ളൊരു ദേവിയപ്പോൾ
താഴെ നിന്നീടുന്ന കംസനോടായിട്ടു
കോഴ കളഞ്ഞു പറഞ്ഞു നിന്നാൾ.
"എന്നെ നീ യെന്തിന്നു കൊല്ലുവാൻ കൂടുന്നു
നിന്നുടെ ഘാതകിയല്ല ഞാനോ.

ചാലപ്പിറന്നു വളൎന്നുള്ള നിന്നുടെ
കാലനായുള്ളവൻ ബാലനായി.
ഏററവും ക്രൂരത്തോന്നല്ലയെന്നുള്ളതും
തോററി നിന്നീടാമിന്നിന്നൊടിപ്പോൾ.
എന്നിലമെന്നതു നിന്നിലേ നണ്ണി നീ
കൊന്നുകൊള്ളാകിലോ ഭോജനാഥാ!”
കംസനോടിങ്ങനെ സംശയം കൂടാതെ
ശംസിച്ചു നിന്നൊരു ദേവിയപ്പോൾ
മാലോകൎക്കെല്ലുമന്നാരാലംബമായിട്ടു
ഭൂലോകത്തന്നിലെഴുന്നെള്ളിനാൾ.

സ്ഥാനങ്ങളോരോന്നെ മാനിച്ചു നല്കിനാർ
മാനവരെല്ലാരും ദേവിക്കപ്പോൾ.
ആരണർ ചെയ്യുന്ന പൂജയെക്കൊണ്ടുകൊ-
ണ്ടാദരവോടു തെളിഞ്ഞു മേന്മേല്,
ഭൂലോകത്തന്നില് വിളങ്ങി നിന്നീടിനാൾ
മൂലോകനായികയായ ദേവി.
അഞ്ചിതമായുള്ള ദേവിതാഞ്ചൊല്ലെല്ലാം
നെഞ്ചകംപൂകിന കഞ്ചനപ്പോൾ
വിശ്വസിച്ചീടിനാൻ, വിസ്മയിച്ചീടിനാൻ
നിശ്വസിച്ചീടിനാൻ നീളനീളെ.

കെട്ടുപെട്ടീടുന്ന ദംപതിമാരെയും
പെട്ടെന്നു ചെന്നഴിച്ചു പിന്നെ
ഓൎച്ചയും പൂണ്ടു പറഞ്ഞു നിന്നീടിനാൻ
ചാൎച്ചയും ചേൎച്ചയും ചേഷ്ടയുമായ്.
“നിങ്ങൾക്കു സൂനുവായുള്ളവനല്ലപോ-
ലെന്നുടെ ഘാതകനന്യനത്രേ!
എട്ടാമതുണ്ടായ ബാലകനെന്നതോ
പട്ടാങ്ങല്ലെന്നതും വന്നു കൂടി.
ഈശ്വരവാക്കിനും സത്യമില്ലെന്നതോ
ആശ്ചൎയ്യമാകുന്നതോൎത്തതോറും.

ഓരാതെചെന്നിട്ടു ഘോരനായുള്ള ഞാൻ
ആറു കിടാങ്ങളെക്കൊന്നേനല്ലോ.
എന്നുടെ വമ്പിഴയെല്ലാമേ നിങ്ങളി-
ന്നുന്നിച്ചു കണ്ടു പൊറുക്കേണമേ”
ഇങ്ങനെ ചൊന്നുടൻ തന്നുടെമന്ദിരം
തന്നിലും പൂകിനാൻ ഖിന്നനായി.

പിറെറന്നാൽ നേരേ തന്നുറേറാരെയെല്ലാമേ.
തെറെറന്നു ചാരത്തു കൊണ്ടു പിന്നെ,
ഉന്നിച്ചു കണ്ടു പറഞ്ഞു നിന്നീടിനാൻ
കന്യക തന്നോടു ചൊന്നതെല്ലാം.
കേട്ടുനിന്നീടുന്ന ദാനവരെന്നപ്പോൾ
വാട്ടമകന്നൊരു വാൎത്ത ചൊന്നാർ
"ബാലനായുണ്ടു നിൻ കാലനായുള്ളവൻ
ഭൂലോകന്തന്നിലിന്നെങ്കിലു് ഞങ്ങൾ
ഒക്കവേ ചാലപ്പുറപ്പെട്ടു ചെന്നോരോ
ദിക്കുകളെങ്ങും നടന്നു പിന്നെ
കണ്ടുകണ്ടീടുന്ന ബാലകന്മാരെയോ
കണ്ഠം പിരിച്ചു കഴിക്കാം ചെമ്മേ
ബാലകന്മാരെന്ന വാൎത്തകളൊന്നുമേ
ഭൂലോകന്തന്നിലില്ലാതവണ്ണം.
കൊന്നുകൊന്നീടുന്ന ബാലരെയെണ്ണുമ്പോൾ
ഒന്നിവനെന്നതും വന്നുകൂടും.
പിന്നെ നമുക്കൊരു വൈരിയും കൂടാതെ
നന്നായിവന്നീടും കാലം മേലിലു്.
ദേവകളാകുന്ന വൈരികളെന്നിയേ
കേവലമില്ല മറെറന്നു വന്നു.
ദേവകളെന്നുള്ളതില്ലാതെയാക്കുവാൻ
ആവതല്ലെങ്കിലും വേണമത്രേ.
ദേവകൾക്കുള്ളൊരു വേർ പറിച്ചീടുന്ന-
തേവമെന്നിങ്ങനെ ചൊല്ലാമെങ്കിലു്.
വേരായിനിന്നതിദ്ദേവകളെല്ലാൎക്കും
വീരനായുള്ളോരുമിന്നാരായണൻ.
നാരായണൻ തന്റെ വേരായിപ്പോരുന്ന-
താരണരെല്ലാരും വേദങ്ങളും,
സത്യവും, ധൎമ്മവും, യജ്ഞവും, ഗോക്കളും,
ഇത്തരം പിന്നെയുമുണ്ടുമററും.
ആരണരല്ലൊ കാൺ വേദങ്ങൾക്കെല്ലാമി-
ന്നാധാരമായിട്ടു നിന്നതെന്നാലു്
ആരണരായോരെക്കൊന്നു നിന്നീടുമ്പോൾ
വേരോടെ പോമല്ലൊ വേദങ്ങളും.
ആജ്യത്തെക്കൊണ്ടല്ലൊ യജ്ഞങ്ങൾ ചെയ്യുന്നു-
താജ്യത്തിൻകാരണം ഗോക്കളല്ലൊ

ഘോഷങ്ങളെയെല്ലാമേ കൊന്നു നിന്നീടുംപോൾ
പോയ്ക്കൂടുമോരോരോ യജ്ഞങ്ങളും.
ആരാനുമിന്നു തപസ്സിനെച്ചെയ്കിലോ
പാരാതെ ചെന്നു ചെറുപ്പുവെങ്കില്.
ഇങ്ങനെ ചെയ്യുംപോൾ വിഷ്ണുവെന്നുള്ളതും
മങ്ങിമയങ്ങി മറഞ്ഞു മാറും
ദേവകളും പോയ്പുരണ്ടു പോമെന്നുംപോൾ
വേരോടു വേറായ ശാഖി പോലെ.
ഇങ്ങനെ ചെയ്യുംപോൾ മേലിലെക്കാലമോ
മംഗലമായിട്ടേ വന്നുകൂട്ടു:
മാഗധൻ മുമ്പായ ബന്ധുക്കൾ ചൂഴവേ,
മാന്യരായ് നിന്നു സുഖിക്കാം പിന്നെ."
ഇങ്ങനെ ചൊന്നതു കേട്ടൊരു കംസൻതാൻ
അങ്ങനെയെന്നു തെളിഞ്ഞു ചൊല്ലി
"പൂതനമുമ്പായ ദാനവയൂഥമേ
ഭൂതലമെങ്ങും നടന്നു നിങ്ങൾ
ബാലകന്മാരുടെ ഹിംസയെച്ചെയ്കെ"ന്നു
ചാലനിയോഗിച്ചകത്തു പുക്കാൻ.
സ്നാനം തുടങ്ങിന വേലയുമാചരി-
ച്ചൂണും കഴിഞ്ഞു തെളിഞ്ഞു പിന്നെ
വന്ദികൾ വാഴ്ത്തുന്ന വാർത്തയും കേട്ടോരോ
സുന്ദരമായുള്ള ഗീതങ്ങളും
നർത്തകന്മാരുടെ നൃത്തവും കണ്ടു കം-
ണ്ടുത്തമമായുള്ള മന്ദിരത്തില്
ബന്ധുക്കളായുള്ള മന്ത്രോരുമായിട്ടു
സന്തുഷ്ടനായി വിളങ്ങി നിന്നാൻ.

ആജ്ഞയാ കോല ഭൂപസ്യ
പ്രാജ്ഞസ്യോദയ വർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം
കൃഷ്ണോല്പത്തിഃ സമീരിതാ.

## പൂതനാമോക്ഷം.

നാകികൾ നേരൊത്ത ഗോപന്മാരെല്ലാൎക്കും
നാഥനായ് നന്നായി നിന്ന നന്ദൻ
സന്തതിയില്ലാഞ്ഞു സന്തതം വെന്തു വെ-
ന്തന്തരാ ചിന്തയും പൂണ്ടകാലം
അത്ഭുതകാന്തികലൎന്നൊരു ജായക്കു
ഗൎഭവുമുണ്ടായി വന്നുകൂടി.
എന്നതു കണ്ടിട്ടു നിന്നൊരു നന്ദന്താൻ
വന്നെഴുന്നീടുന്ന മോദത്താലേ
പ്രാശ്നികന്മാരോടു ചോദിച്ചനേരത്തു
പ്രാശ്നികന്മാരിലൊരുത്തൻ ചൊന്നാൻ :—
"ഇന്നിവൾതന്നുടെ ഗൎഭത്തിലു് നിന്നേതാ
കന്യകയെന്നതു നിൎണ്ണയിപ്പു."
അന്യനായുള്ളവൻ ചൊല്ലി നിന്നീടിനാൻ
കന്യകയെന്നവൻ ചൊന്നനേരം-
"തേമ്പാത കാന്തികലൎന്നു നിന്നീടുന്നൊ-
രാണ്ണുതല്ലുണ്ടാമിപ്പുറലിപ്പോൾ
കാണുന്നനേരത്തു കന്യകയല്ലെന്നു-
മാണെന്നുമുള്ളതും നിൎണ്ണയിപ്പു."
അന്യനായുള്ളവൻ ചൊല്ലിനിന്നീടിനാൻ
പിന്നെയും നിന്നു വിചാരിച്ചുടൻ :—
"ഇങ്ങനെയല്ലാക്കിലെന്നുടെ ശാസ്ത്രം ഞാൻ
എന്നുമേ തീണ്ടുന്നോനല്ല മേലിലു്"
വാശ്ലോതുകൊണ്ടവർ നേരിട്ടനേരത്തു
വാശ്ശ്യോടു ചൊല്ലിനാൻ നിന്നൊരന്യൻ :—
"ചൊവ്വല്ല വാക്കിതങ്ങാൺപിള്ളയായതോ
പെണ്ണില്ലയെന്നതും ചേരുമല്ലോ :
മറ്റൊന്നു കാന്തിതൻ കാമ്പായി നിന്നുള്ളോ-
രാണ്ണുതാലെന്നതും ചേരുമത്രേ.
ഇങ്ങനെയുള്ളതു സംഗതിചേരായെ-
ന്നിങ്ങനെ നണ്ണി ഞാൻ മൌനമാണ്ടു.
എന്നുടെ ചിന്തിതമാരുമേ കാണൊല്ലാ-
യെന്നുണ്ടു ദൈവത്തിനെന്നതത്രേ
പ്രാശ്നികന്മാരായ ഞങ്ങളിലിന്നെല്ലാരും

പ്രാകൃതരായിച്ചമഞ്ഞു തെന്നാല്
വന്നതു കണ്ടിട്ടു നിർണ്ണയിച്ചീട്ടു നാം
എന്നതേയോർച്ചയില് ചേർച്ചയുള്ളൂ.”
നന്ദനോടിങ്ങനെ ചൊന്നവരെല്ലാം തൻ
മന്ദിരംനോക്കി നടന്നാർ പിന്നെ.
“നന്മയെ നല്കേണം ദൈവമേ!” എന്നങ്ങു
നന്ദനും പ്രാർത്ഥിച്ചു നിന്നകാലം
മാസങ്ങൾപോന്നു തികഞ്ഞു തന്മാനിനി-
ക്കാസന്നമായ്വന്നു സൂതികാലം.
പാതിരാനേരത്തു പാരാതെ പെററാള-
പ്പാഥോജലോചന പൈതല് തന്നെ.
സൂതികൊണ്ടുണ്ടായ മോഹാർത്തിപ്പൂണ്ടവൾ
കാതരയായി മയങ്ങു നേരം
ചാലക്കിടന്നങ്ങുണർന്നോരു നേരത്തു
ചാരത്തു നോക്കിനാൾ മന്ദമപ്പോൾ
കോമളനായ കുമാരനെക്കാണായി
കാർമുകില് കാമിക്കും കാന്തിയുമായ്.
ആണെന്നു നിർണ്ണയിച്ചാനന്ദം പൂണ്ടന്നാ-
രേണവിലോചനമാരെന്നപ്പോൾ
നന്ദനു നല്ലൊരു കാർത്ത്യയായ് നല്കിനാർ
നന്ദനനുണ്ടായിതെന്നിങ്ങനെ.
ചിന്തയെപ്പൂണ്ടോരു നന്ദന്താനെന്നപ്പോൾ
അന്തമില്ലാതൊരു സന്തോഷത്താല്
ചേലകൾ നല്ലവ നല്കി നിന്നീടിനാൻ
ബാലകജന്മത്തെച്ചൊന്നോർക്കെല്ലാം.
“പിന്നെയും പിന്നെയും ചൊല്ലുവിനെന്നോടു
നന്ദനനെന്നുള്ള നാമമിന്നും
അഞ്ചാതെ ചെഞ്ചെമ്മെ പിന്നെയും പിന്നെയും
എഞ്ചെവി രണ്ടും കുളുർക്കും വണ്ണം”
ഇങ്ങനെ ചൊല്ലീട്ടു പിന്നെയും ചൊന്നോർക്കു
മങ്ങാതെ ചേലകൾ നല്കിനിന്നാൻ.
പാരാതെ ചെന്നങ്ങു പൈതലെക്കണ്ടിട്ടു
നീരാടിപ്പോന്നിങ്ങു വന്നു പിന്നെ
ആരണർ ചൊല്ലാലെ ജാതകർമ്മത്തെയു-
മാചരിച്ചീടിനാനാദരവില്.
ദാനങ്ങൾ കൊണ്ടവൻ വാനവർശാഖിക്കു
നാണത്തെപ്പൂരിച്ചാൻ മാനസത്തില്.

"നന്ദനു നല്ലൊരു നന്ദനനുണ്ടായി"-
തെന്നൊരു വാൎത്ത പരന്നുതെങ്ങും.
വേൎപാകിനിന്നൊരു വേഷ്ടിയെപ്പൂണ്ടുള്ള
ഗോപാലന്മാരെല്ലാം വന്നുപിന്നെ
ബാലകനുണ്ടായ മോദത്തെപ്പൂണ്ടിട്ടു
ചാലക്കളിച്ചു പുളച്ചു നിന്നാർ.
ആച്ചിമാരെല്ലാരും കാഴ്ചയുമായിട്ടു
പാച്ചല് തുടങ്ങിനാർ പാരമപ്പോൾ:
ബാലകന്തന്നുടെയാനനം കണ്ടിട്ടു
ചാല മുകൎന്നു പുണൎന്നു നിന്നാർ.
സന്തോഷം പൂണ്ടു തഴച്ചു നിന്നീടിനാർ
ബന്ധുക്കളായുള്ള ലോകരെല്ലാം.
ഗോഷ്ഠികൾ കോലുന്ന ഗോപന്മാർ ചൂഴറു
വാട്ടമകന്നുള്ള ഗോഷ്ഠം തന്നില്
വത്സലനായൊരു വത്സനുണ്ടാകയാല്
ഉത്സവം കൊണ്ടു നിറഞ്ഞുതെങ്ങും.
അന്നുതുടങ്ങി വിളങ്ങുമന്നന്ദന്റെ
സുന്ദരമായുള്ള മന്ദിരത്തില്
ചെന്നുതുടങ്ങിനാൾ ചെന്താരില് മങ്കയും;
ചെമ്മു വരുന്ന നാളെന്നു ഞായം.
യത്നങ്ങൾകൂടാതെ ഗേഹങ്ങളെല്ലാമേ
രത്നങ്ങൾ കൊണ്ടു നിറഞ്ഞു കൂടീ.
ഗോക്കൾതൻ തിണ്മയെപ്പാൎക്കുന്നതാകിലോ
വാക്കു കൊണ്ടേതും വഴിച്ചു കൂട.
കന്നു കിടാക്കളുമന്നുതുടങ്ങിയ-
മ്മന്ദിരന്തന്നില് നിറഞ്ഞിഴിഞ്ഞു.
മാന്യങ്ങളായിട്ടു മററുള്ളതെല്ലാമെ;
ധാന്യത്തിൻ പൂരവു മവ്വണ്ണമേ.
അങ്ങനെയെല്ലാരും പൊങ്ങിനിന്നീടുന്ന
മംഗല്യമാണ്ടു വസിക്കും കാലം,
കല്പിച്ചുനിന്ന കരത്തെയക്കംസനാ-
യൊപ്പിച്ചു പോരേണമെന്നുനണ്ണി
യാത്രയായ്മേവിന ഗോപന്മാൎക്കെല്ലാൎക്കും
നാഥനായ് നിന്നൊരു നന്ദനപ്പോൾ.
പാരാതെ ചെന്നു കരത്തെയും നല്കീട്ടു
പോരുവാനിങ്ങു തുടങ്ങുന്നേരം
ആനകദുന്ദുഭി താനതറിഞ്ഞിട്ടു

മാനിച്ചു ചെന്നവൻ ചാരത്തപ്പോൾ
പ്രേമത്തെത്തൂകുന്ന തൂമൊഴി കൊണ്ടുടൻ
വാർമെത്തുമാറു പറഞ്ഞു നിന്നാൻ.
നന്ദനും ചൊല്ലിനാനെന്നതു കേട്ടവൻ
വന്നതു കൊണ്ടുള്ള സന്തോഷത്താല് :—
"കാണേണമെന്നു ഞാൻ കാമിച്ച നേരത്തു
കാണായിവന്നതും ഭാഗ്യമല്ലോ.
പണ്ടു കഴിഞ്ഞുള്ള ദിനങ്ങളൊക്കംപോൽ
ഇണ്ടലുണ്ടാകുന്നു പാരമുള്ളില്.
എത്രയുമേററം കൊതിച്ചു നിന്നല്ലോരു.
പുത്രനെക്കാണുന്നു ലോകരെല്ലാം.
അങ്ങനെയുണ്ടായ പുത്രരെയല്ലോയി-
മ്മംഗലം വേരററ പാപി കംസൻ
പാരാതെ ചെന്നു പിറന്നങ്ങുവീഴുംപോൾ
പാറമേല് തല്ലിക്കഴിച്ചുകൂട്ടി.
നാളെയുമുണ്ടാമിപ്പുത്രങ്ങളെന്നുള്ളൊ-
രാശയെക്കോലേണ്ടായെന്നുവന്നു :
ഉണ്ടാകുന്നാകിലിക്കണ്ടൊരു കംസനോ
പണ്ടേവനല്ലൊ താനെന്തു കാര്യം?
പിന്നെപ്പിറന്നൊരു കന്യകയുണ്ടായി-
തെന്നതുമങ്ങനെ പോയിതായി:
വന്നു വന്നീടുന്നതെല്ലാമെ കാണുന്നാം
ഒന്നിനും ഖേദിയായ്യെന്നേ വേണ്ടു."
എന്നതു കേട്ടുള്ളൊരാനകദുന്ദുഭി
പിന്നെയും ചൊന്നാനന്നന്ദനോടായ് :—
"ശാശ്വതവാക്യകളാശ്രയിച്ചീടുന്നോ-
രീശ്വരൻ തന്നുടെ ലീലയെന്നേ
വന്നതുവന്നതു നിർണ്ണയിച്ചിങ്ങനെ
മന്നിടം ചേരുന്നുതിന്നിന്നു ഞാൻ.
രോഹിണീ സൂനുവാമെന്നുടെ നന്ദനൻ
ദ്രോഹവും കൂടാതെ മേവുന്നോനോ?
എന്നുടെജീവനം നിന്നുടെകൈയില-
മെന്നതോ ചൊല്ലേണ്ടതില്ലയല്ലൊ,
പുത്രനില്ലായ്മയാലത്തലെപ്പൂണ്ടുനിൻ-
പുത്രനുണ്ടായതു കേൾക്കയാലെ
സന്താപം വന്നുള്ളതെല്ലാമേ പോയിട്ടു
സന്തോഷം പെയ്യുന്ന മാനസത്തില്.

വമ്പേരുമമ്പിനാല് നിൻപൈതല്തന്നെ ഞാൻ
എൻപൈതലെന്നതു ചിന്തിക്കുന്നു.
എൻപൈതലുണ്ടായ സന്തോഷമെല്ലാമി-
ന്നിൻപൈതല് മൂലമിന്നുണ്ടായല്ലോ.
അങ്ങനെയാകതു, നമ്മിലിന്നൊക്കപ്പോൽ
മംഗലമാകെന്നതല്ലോ വേണ്ടു.
കാര്യമെല്ലാമേ പൂരിച്ചുതായല്ലോ
പാരാതെ പോകേണം ഗോകുലത്തില് :
വമ്പോട്ടു മേന്മേലേ തണ്ണൊട്ടുമല്ലലു-
ണ്ടമ്പാടി തന്നില് വരുന്നതിപ്പോൾ.
എന്നതിന്മുമ്പിലേ ചെന്നങ്ങു കൊള്ളേണം
നന്ദനന്തന്നെയും സൂക്ഷിക്കേണം.”
എന്നതു കേട്ടൊരു നന്ദനുമന്നേരം
നന്ദനന്തന്നെയും നണ്ണിനണ്ണി,
ഗോകുലംമുന്നിട്ടു പോകത്തുടങ്ങിനാൻ
ആകുലമായുള്ളൊരുള്ളവുമായ്.
ആനകദുന്ദുഭി താനുമന്നേരത്തു
ദീനത തീർത്തു തെളിഞ്ഞു മേന്മേല്
തോയജലോചനന്തന്നെയും ചിന്തിച്ചു
പോയങ്ങു പുക്കിനാൻ മന്ദിരത്തില്.

കംസന്റെ ചൊല്ലിനാല് കൈതവം പൂണ്ടുള്ള
വാസവവൈരികൾ പാരിലെങ്ങും
ചാലപ്പോയ്ച്ചെന്നോരോ ബാലകന്മാരെയും
കാലനു നല്കി നടന്ന കാലം
പൂതനയെന്നൊരു ഭൂസുരനാശിനി
ഭൂതലന്തന്നില് നടന്നെങ്ങുമേ
സുന്ദരിയായൊരു നാരിയായ്ച്ചെന്നിട്ടു
നന്ദഗൃഹത്തിലകത്തു പുക്കാൾ.
വാർകോലും കൊങ്കകൾ രണ്ടിലും ചെഞ്ചെമ്മേ.
കാകോളം തേച്ചു ചമച്ചു നേരേ
ബാലകമന്ദിരന്തന്നുടെ ചാരത്തു
ചാലപ്പോയ്ച്ചെന്നവൾ നോക്കുന്നേരം
ചൊല്പെറ്റു നിന്നൊരു ശില്പംകലർന്നുനി-
ന്നല്പമായുള്ളൊരു തല്പത്തിന്മേല്
ചാലക്കിടന്നങ്ങു കണ്ണൊലിഞ്ഞീടുന്ന
ബാലകന്തന്നെയും കാണായ്വന്നു,

ദൂരത്തു നിന്നങ്ങു കണ്ടോരുനേരത്തു
ചാരത്തുചെന്നു ചതിച്ചു പുക്കാൾ
അണ്ഡജനായകൻ തന്നുടെ ചാരത്തു
കുണ്ഡലിതാൻചെന്നു പൂകുംപോലെ.
ഓമനത്തൂമുഖം തന്നിലേ നോക്കിക്കൊ-
ണ്ടോർത്തു നിന്നീടിനാളൊട്ടുനേരം
ചീർത്തൊരുകോപം പൂണ്ടന്തകൻ വാരാഞ്ഞു
പാർത്തു നിന്നീടുന്നോളെന്നപോലെ.
മെല്ലവെചെന്നങ്ങു തൊട്ടു നിന്നീടിനാൾ
പല്ലവം വെല്ലുമപ്പൂവല് മേനി
രത്നമെന്നിങ്ങനെ തന്നിലേനണ്ണി നി-
ന്നഗ്നിയെച്ചെന്നു തൊടുന്നപോലെ.
പാരാതെപിന്നെയെടുത്തു നിന്നീടിനാൾ
ആരോമല്പൂങ്കനിപ്പൈതല് തന്നെ
പാശമെന്നിങ്ങനെ നിർണ്ണയം പൂണ്ടിട്ടു
പാമ്പിനെച്ചെന്നങ്ങെടുക്കുംപോലെ.
ഓമനപ്പൂവല്മെയ് മേനിയില് കൊണ്ടപ്പോൾ
കോൾമയിർ തിണ്ണമെഴുന്നു മെയ്യില്
ഉമ്പർകോൻനാട്ടിലപ്പൂതനതന്നെക്കാൾ
മുമ്പിലേ പോവാനായെന്നപോലെ.
നീണ്ടുള്ളബാഹുക്കൾ കൊണ്ടവൾ പൂവല്മെയ്
പൂണ്ടുകൊണ്ടീടിനാളൊന്നു മെല്ലെ
പല്ലവമാണ്ടൊരു സല്ലകിയെന്നിട്ടു
പാവകജ്വാല നല്ലാന പോലെ.
കമ്രമായുള്ളൊരു തന്മുഖന്തന്നിലെ
ചുംബിച്ചു മേവിനാളൊന്നു മെല്ലെ:
അംഗനമാരിലന്നന്മുഖം കാണുംപോൾ
അങ്ങനെ തോന്നാതോരില്ലയാരും.
നൂതനനായൊരു പൈതലുമന്നേരം
പൂതന തന്നെയും നോക്കിനിന്നാൻ;
മസ്തകമേറിന കേസരിവീരന്താൻ
മത്തേഭന്തന്നുടല് നോക്കുംപോലെ.
'ആരാനുംപോന്നു വരുന്നതിന്മുമ്പിലേ
കാരിയമായതു സാധിക്കേണം'
എന്നങ്ങു നണ്ണിന പൂതന താനപ്പോൾ
നന്ദകുമാരകൻ വായില് നേരേ
ദുസ്തനം തന്നെയും നല്കി നിന്നീടിനാൾ :-

ദുഷ്ടമാക്കണ്ടെന്നെ തോന്നി ഞായം.
കൈകളെക്കൊണ്ടു പിടിച്ചുനിന്നന്നേരം
കൈടഭസൂദനനായബാലൻ
അമ്മുലതന്നെക്കുടിച്ചു നിന്നീടിനാൻ
അമ്മതൻ നന്മുലയെന്നപോലെ.
പാല്കൊണ്ടു ചെഞ്ചെമ്മേ പൈകെട്ടു കൂടാഞ്ഞി-
ട്ടാകുലനാകയാലെന്നപോലെ
കാറ്റെയും കൂടിക്കുടിച്ചുകൊണ്ടീടിനാൻ
താറ്റാലിച്ചങ്ങവൾ നല്കുമപ്പോൾ.
ഏറമെഴുന്നൊരു പീഡയെക്കൊണ്ടവൾ
ചീറന്തിരണ്ടു കരഞ്ഞു പിന്നെ
ഭൂതലന്തന്നില് പതിച്ചു നിന്നീടിനാൾ
ചേതനയോടു പിരിഞ്ഞുനേരെ.
ഭാരമിയന്നൊരു ഭൈരവി തന്നുടല്
ഘോരമായുന്നങ്ങു വീഴുകയാല്
ഊഴിയുമെങ്ങും കുലുങ്ങീതായന്നേരം
ആഴിയും കിഞ്ചിൽ കലങ്ങീതായി:
ചാരത്തുനിന്നുള്ള ദാരുക്കളെല്ലാമെ
പാരം ഞെരിഞ്ഞു പതിച്ചിതെങ്ങും.
വേപത്തുപൂണ്ടുള്ള ഗോപികമാരെല്ലാം
ഗോപാലന്മാരോടും കൂടിച്ചെമ്മെ,
കേടറ്റുനിന്നുള്ള ബാലകനുള്ളേട-
ത്തോടിച്ചെന്നീടിനാർ പേടിയോടെ:
ഭൂതലം തന്നില് പതിച്ചു കിടന്നൊരു
പൂതനതന്നെയും കണ്ടാരപ്പോൾ
ഉമ്പർകോൻ ചെന്നിട്ടു പക്ഷമറുക്കയാല്
വമ്പററു വീണൊരു ശൈലം പോലെ.
ലീലയും പൂണ്ടവൾ മാറില് കരേറിന
ബാലകന്തന്നെയും കണ്ടാർ പിന്നെ
വങ്കുന്നിലേറിക്കളിച്ചു നിന്നീടുന്ന
രങ്കുതമൈതലെയെന്നപോലെ.
കണ്ടൊരുനേരമക്കൊണ്ടല് നേർവ്വർണ്ണനെ-
ക്കൊണ്ടിങ്ങു പോരുവാൻ മണ്ടിച്ചെന്നാർ
രത്നത്തെക്കാമിച്ചു ചത്തു കിടക്കുന്ന
സർപ്പത്തിൻ ചാരത്തു ചെല്ലുംപോലെ-
ലീലകൾ കോലുന്ന ബാലനെച്ചെഞ്ചെമ്മെ
താലോലിച്ചമ്പോടു കൊണ്ടു പോന്നാർ

ചേതന വേറിട്ടൊരാനമേല്നിന്നൊരു
കേസരിപ്പൈതലെയെന്നപോലെ.
ദുർഗ്രഹശങ്കയാലഗ്ര്യനായുള്ളവൻ
വിഗ്രഹം തന്നില് ന്യസിച്ചു പിന്നെ
രക്ഷയെച്ചെയ്തു തുടങ്ങിനാരെല്ലാരും
അക്ഷണം വന്നുള്ള വല്ലവിമാർ:—
ഗോമൂത്രം കൊണ്ടു കുളിപ്പിച്ചു നിന്നിട്ടു
ഗോധൂളിയേല്പിച്ചു മെയ്യിലെങ്ങും.
ഗോവിന്നു കീഴങ്ങുഴിച്ചു ചെഞ്ചെമ്മെ
ഗോപുച്ഛം കൊണ്ടങ്ങുഴിഞ്ഞു നന്നായ്.
ഗോമയം കൊണ്ടുള്ള ലേപവും വെണ്ണിനാർ
ഗോശൃംഗം തന്നിലെ മണ്ണുകൊണ്ടും
ഗോമയമായുള്ള രക്ഷയെച്ചെയ്തൊര-
ഗ്ഗോപകമാരന്നു ഗോപികമാർ:
വൈകുണ്ഠന്തന്നുടെ നാമങ്ങളോരോന്നെ
വൈകല്യം വാരാതെ ചൊല്ലിച്ചൊല്ലി
പേച്ചിതൻ വൻപിണി പോക്കി നിന്നീടിനാർ
ആച്ചിമാരെല്ലാരും മെല്ലെമെല്ലെ.
നന്ദനും വന്നങ്ങു മന്ദിരം പൂകിനാൻ
അന്നേരം വല്ലവന്മാരുമായി.
ഭൂതലന്തന്നില് പതിച്ചു കിടക്കുന്ന
പൂതനതന്നുടല് കണ്ടു പിന്നെ
ആനകദുന്ദുഭി തന്നുടെ ചൊല്ലിനെ
മാനിച്ചു നിന്നാനന്നന്ദനേററം.
പിന്നെയങ്ങെല്ലാരും പൂതനതന്നുടെ
ഉന്നതമായുള്ള ദേഹന്തന്നെ
ശസ്ത്രങ്ങൾ കൊണ്ടു തറിച്ചു നിന്നങ്ങനെ
പത്തുനൂറായിരം ഖണ്ഡമാക്കി
ദൂരത്തു കൊണ്ടുപോയ് ചുട്ടുകളഞ്ഞുടൻ
നേരത്തു വന്നു കുളിച്ചു പിന്നെ
നാരായണന്തന്റെ നാമങ്ങൾ ചൊല്ലിക്കൊ-
ണ്ടോരോരോ വേലയുമാചരിച്ചാർ.

ആജ്ഞയാ കോലഭൂപസ്യ
പ്രാജ്ഞസ്യോദയവർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം
പൂതനാമോക്ഷമീരിതം.

# വത്സസ്തേയം.

വാടാത കാന്തി വളൎക്കുമപ്പൈതല്‌ തൻ
വീടായി മേവു മമ്മന്ദിരത്തില്‌
കേടായതേതുമെ കൂടാതെ ഗ്രധനാ-
യൂഥങ്ങളേ ചെന്നുറങ്ങുന്നേരം
ചാടായി വന്നാനദ്ദാനവനെങ്കിലും
ചാടായിവന്നില മേനിതന്നില്‌
ഓടായിവന്നു നുറുങ്ങിനാനെങ്കിലും
ഓടായി വന്നീല കൊല്ലുന്നേരം
കായാവിൻ പൂവൊത്ത കാൎവ്വൎണ്ണൻ തന്നുടെ
തായായി വന്ന യശോദാ പിന്നെ
തന്മകൻ തന്നെയും തന്മടിതന്നില്‌ വെ-
ച്ചുന്മേഷം പൂണ്ടു വസിക്കുന്നേരം
നെന്മേനിപ്പൂവൊത്തൊരമ്മേനി ചെഞ്ചെമ്മെ
വന്മേരുക്കുന്നുതാനെന്നപോലെ
ചീൎത്തുനിന്നേററവുമാൎത്തയാല്ലുന്നിട്ടി-
ല്പാൎത്തലം തന്നിലും ചേൎത്തു പിന്നെ
ഓൎത്തുനിന്നീടിനാളെന്മകനെന്തുപോല്‌
ചീൎത്തുനിന്നീടുന്നതെന്നിങ്ങിനെ.
ആരായിമേവുന്നിതിന്നിവനെന്നുള്ള-
താരാഞ്ഞു കാണേണമെന്നുനണ്ണി
ഈശ്വരനെന്നുള്ളോരോൎച്ചയുണ്ടായതു
മാച്ചുകളഞ്ഞാളമ്മായയപ്പോൾ
തന്നുടെ പൈതലെന്നിങ്ങിനെയുള്ളോരു
നിൎണ്ണയം നണ്ണിയെടുത്തു പിന്നെ
അംബുജം വെല്ലുന്നോരമ്മുഖം തന്നിലേ
ച്ചുംബിച്ചു മേവിനാളംബ ചെമ്മെ
പൊന്മയമായൊരു തൊട്ടിതന്മീതേയ-
ച്ചിന്മയന്തന്നെക്കിടത്തി നന്നായ്
ട്ടക്ഷിയിലാക്കിത്തൻ കട്ടക്കിടാവുമാ-
യ്യുക്തയായ് നിന്നാളങ്ങൊട്ടുനേരം
കൺപൊലിഞ്ഞീടിനാനെന്മകനെന്നതും
ത്തെമ്പൊരുംവാണിതാനന്നു നണ്ണി
തെററെന്നുപോയിത്തന്നുററോരുമായിട്ടു

മററുള്ളവേലകളാചരിച്ചാൽ.
കാററായിവന്നാനക്കംസൻെറ ചൊല്ലാലെ
മാററാനായ്വന്നാനേ മറെറാരുത്തൻ
ആററല് കിടാവിനെ ചീററവും പൂണ്ടങ്ങു
ഊററിനിന്നീടിനാനേററമേററം
അംബരം കാണാത പൈതലെക്കൊണ്ടുപോ-
യംബരം പൂകിച്ചാൻ ദാനവൻതാൻ.
"കൊന്നിവൻതന്നെ ഞാൻ നിന്നുകൊള്ളേണമി
ന്നെ"ന്നുടൻതന്നിലെ നണ്ണുമപ്പോൾ
പാരിച്ചുനിന്നു കനത്തുതുടങ്ങീത-
ങ്ങാരോമല് പൈതല് തൻ പൂവല് മേനി,
കണ്ഠംപിരിച്ചു മുറുക്കിനിന്നീടിനാൻ
കൊണ്ടല്നേർവ്വർണ്ണനുമെന്നനേരം
വന്മലതാനെന്നു തന്മനം തന്നിലെ
നിർമ്മലന്തന്നെയും നണ്ണിനണ്ണി
മേല്പോട്ടുപോകുന്ന ദാനവ നന്നേരം
കീഴ്പോട്ടായ്വന്നിതു യാനവേഗം
പാരിച്ചു നിന്നങ്ങു വീഴുന്നനേരത്തു
പാറമേലായിതു ഭാഗ്യത്താലെ
വേറിട്ടുപോകാതപ്പൈതലും പോന്നവൻ
മാറിടം തന്നിലുമായിവന്നു.
തള്ളിച്ചുഴന്നൊരു കാററു മടങ്ങീതാ-
യുള്ളിലെക്കാററുമങ്ങവ്വണ്ണമേ.
വേഗത്തില് പോന്നിങ്ങു വീണവൻദേഹവും
ഏകമായുള്ളതനേകമായി;
മംഗലദേവതാ തങ്ങുന്നാൻ തൊട്ടുള്ള-
തങ്ങിനെയല്ലോതാൻ വന്നു ഞായം.
പാറമേല് വീണു മരിച്ചവൻ കാററിനു
മാറായി വന്നതൊ ചേരുമല്ലോ,
മാഴ്കാതെമേവുന്ന ബാലക ലീലകൾ
മാറായി വന്നതും ചേരുമോന്നേ,
ദാനവപീഡ കൊണ്ടാകുലരായുള്ള
വാനവർ കോലുന്ന താപത്തിനു
മാറായിവന്നതപ്പൈതല് തന്നമ്മകൾ
മാറാതെവീണൊരു കണ്ണുനീരും.
വാടാതെ നിന്നുള്ള മാല്യങ്ങളെല്ലാർക്കും
കൂടായിവന്നിട്ടേ പണ്ടേ കാൺമൂ

നീടാർന്നനന്ദനു മാനസമന്നേരം
ചൂടായിവന്നപോല് കാൺക പിച്ച.
ഏററം ചുഴന്നൊരു കാററായി വന്നുള്ള
മാററാനോടേററം പഠിച്ചപോലെ
വട്ടത്തില്പാഞ്ഞങ്ങുഴന്നു നിന്നീടിനാർ
കണ്ണുവുംപൂണ്ടുള്ള വല്ലവിമാർ.
പൈതലെക്കാണാഞ്ഞു പാരമുഴന്നവർ
കൈതിരുമ്മീടിന നേരത്തപ്പോൾ
ദൂരവേകാണായി പാറമേല് വീണവൻ
മാറിടംചേരുമപ്പൈതല് തന്നെ.
ഓടിയണഞ്ഞങ്ങെടുത്തു നിന്നീടിനാർ
പേടിയും കൈവിട്ടു പേപ്പെടാതെ
മാഴ്കാതെ വന്നിങ്ങു മാതാവിൻ കൈയിലേ
മാനിച്ചു നല്കിനാർ പിന്നെയന്നേരം.
അക്ഷതനായ കുമാരകന്തന്നുടെ
രക്ഷയുംചെയ്തു തെളിഞ്ഞു പിന്നെ
ചുംബിച്ചുനിന്നവന്തന്മുഖം തന്നിലെ
നന്മുലപിന്നേയും നല്കിനല്കി
വിജ്വരയായ യശോദയുമന്നേരം
വിസ്മിതയായി വിളങ്ങി നിന്നാൾ

* * * *

ഭർഗ്ഗപദാംബുജമുള്ളിലെ നണ്ണിന
ഗർഗ്ഗമഹാമുനിയന്നൊരുനാൾ
ആനകദുന്ദുഭി തന്നുടെ ചൊല്ലിനാ-
ലാനായദേശത്തെഴുന്നെള്ളിനാൻ.
കണ്ടൊരു നേരത്തു നന്ദനും ചെഞ്ചെമ്മെ
കൊണ്ടാടിപ്പൂജിച്ചു നിന്നു ചൊന്നാൻ:
"ഉത്തമരായുള്ള നിങ്ങളിന്നിങ്ങനെ
നിത്യമായുള്ളോരോ ഗേഹംതോറും
ആഗതരാകായ്കില് പാതകമാണ്ടവർ
പാവിതരാകുന്നതെങ്ങിനെ ചൊല്.
കണ്ണുകൊണ്ടിങ്ങിനെ കണ്ടതുകൊണ്ടു ഞാൻ
പുണ്യവാനെന്നതോ വന്നുവല്ലൊ.
തീർത്ഥകനായനിൻ കാരുണ്യമുണ്ടാകില്
പ്രാർത്ഥിക്കുന്നുണ്ടു ഞാനൊന്നുമെല്ലെ.
പാരാതെ നമ്മുടെ പൈതങ്ങൾ രണ്ടിനും
പേരിട്ടുകൊള്ളേണമെങ്കിലിപ്പോൾ"

ഇങ്ങനെ കേട്ടൊരു ഗർഗ്ഗനും ചൊല്ലിനാൻ
"അങ്ങനെയാമല്ലൊ നിൻനിനവോ.
വാട്ടമററീടുന്ന യാദവന്മാരുടെ
വാദ്ധ്യായനായ ഞാൻ പേരിടുംപോൾ
ആനക ദുന്ദുഭി തന്നുടെ സൂനുവെ-
ന്നൂനമേററാക്കമ പ്പാപികംസൻ
കന്യക ചൊന്നൊരു ചൊല്ലിനെ കേൾക്കയാല്
മുന്നമേയുണ്ടവന്നാച്ഛപാരം.
മെല്ലവേ വന്നവൻ കൊന്നുനിന്നീടിലൊ
വല്ലാസ്മയാമല്ലൊ പാരമെന്നാല്
പൂരില് നിന്നീടുന്നൊരാരുമെകാണാതെ
പേരിട്ടുകൊൾവൂ നാമെന്നേവേണ്ടു"
ഇങ്ങനെ ചൊന്നവരങ്ങൊരു കോണില് പോയ്
മംഗലവാദവും ചെയ്തുചെമ്മെ
നേരററുനിന്നുള്ള ബാലന്മാർക്കന്നേരം
പേരിട്ടു മേവിനാൻ പേടിപോക്കി.
രാമനെന്നുള്ളൊരു നാമത്തെച്ചൊന്നാന-
ന്നാമുനി രോഹിണി സൂനുവിന്നായ്
കൃഷ്ണനെന്നുള്ളൊരു നാമവും ചൊല്ലിനാൻ
വൃഷ്ണികൾ നാഥനായുള്ളവനും
പിന്നെയും ചൊല്ലിനാനന്യങ്ങളായ് നിന്ന
ധന്യങ്ങളായുള്ള നാമങ്ങളും
കൃഷ്ണനിലുള്ള ഗുണങ്ങളുമന്നേരം
കൃത്സ്നമായ് ചൊന്നാനന്നന്ദനോടായ് :
"ഇപ്പൈതല് തന്നുടെ സൽഭാവം ചൊല്ലുവാ-
നിപ്പാരിലാരുമേയില്ലയിപ്പോൾ
വിസ്മയമാണ്ട ഗുണങ്ങളെയോർക്കുംപോൾ
വിഷ്ണുവെന്നിങ്ങനെ ചൊല്ലാമത്രെ
പംകജമങ്കേയോ ശങ്കയും വെച്ചവൻ
തങ്കലേയെന്നി വസിക്കയില്ലെ.
ഭൂമിപന്മാർക്കെല്ലാം ഭൂതിദയായുള്ള
ഭൂമിയുംപാർക്കിലിവന്നധീനം.
ഇത്തരമായ ഗുണങ്ങളെയാളുന്ന
പുത്രരിന്നാർക്കമേയെത്തിക്കൂടാ.
നിന്നുടെ പുണ്യങ്ങൾ തന്നുടെ വൈഭവ-
മെന്നതേ ചൊല്ലാവുയിന്നമുക്കോ
വന്നുവന്നീടുന്ന വൈരികളെല്ലാർക്കും

വഹ്നിയായ് നിന്നു ദഹിച്ചു നില്പോൻ
നിന്നുടെ ചിന്തിതമെന്നതു സാധിക്ക-
മിന്നിവന്നുതന്നെ ലഭിക്കയാലെ
പാലിച്ചുകൊൾകയിപ്പൊതാലെയെന്നാല് നിൻ
പാരിച്ച സംകടം പോക്കുവാനായ്"
നന്ദനോടിങ്ങനെ ചൊന്നൊരു നന്മുനി
നന്ദിച്ചുപോയാന്തന്നിച്ഛയാലേ.
നന്ദനന്തന്നുടെ വൈഭവം കേട്ടൊരു
നന്ദനന്തന്നിലേ നന്ദിച്ചപ്പോൾ
ജായയോടെല്ലാം പറഞ്ഞു നിന്നീടുവാൻ
പോയകന്നീടുമകത്തു പുക്കാൻ.
മംഗലജാലങ്ങൾ പൊങ്ങിവന്നെങ്ങുമേ
തിങ്ങിനിന്നീടുന്ന ഗോകുലത്തില്
അംഗനമാരുമായങ്ങനെയെല്ലാരും
ഭംഗിയില് നിന്നു വിളങ്ങുമന്നാൾ
ഓമനയായി വളർന്നുതുടങ്ങുന്ന
രാമനും പിന്നെ യക്കാർവ്വർണ്ണനും
ചന്തമെഴുന്നൊരു ചെന്തൊണ്ടിവാതന്നില്
ദന്തങ്ങൾപോന്നു വന്നങ്കുരിച്ചു
പല്ലവംപൂണ്ടൊരു മുല്ലയാം വല്ലിമേല്
ഉല്ലാസമൊട്ടുകളെന്നപോലെ.
നൻമുലനല്കുവാ നംബമാർ ചെന്നങ്ങു
സമ്മോദംപൂണ്ടു വിളിക്കയാലെ
ചെഞ്ചെമ്മെയുള്ളൊരു പുഞ്ചിരി തൂകുംപോൾ
കിഞ്ചനമായിട്ടു വന്നുകൂടും.
പാലുണ്ണും നേരമപ്പാൽമുലരണ്ടിനും
ചാലത്തെളിഞ്ഞറിയായി വന്നു.
ദന്തങ്ങൾ തന്നുടെയംകുരം കണ്ടിട്ടു
സന്തോഷം പൂണ്ടുള്ള വല്ലവിമാർ
വേഗത്തില് ചുംബിച്ചനേരത്തു നൻമുഖം
വേവിട്ടുത്തീടുവാൻ വല്ലീലാരും.
വന്നുവന്നന്നന്നു കണ്ടുനിന്നീടുന്നോർ
കണ്ണിണ തന്നെയുമവ്വണ്ണമേ-
മാലോകരുള്ളത്തിലാനന്ദമിങ്ങനെ
ചാലനല്കീടുന്ന ബാലകന്മാർ
ഭൂലോകന്തന്നിലമിണ്ണു തുടങ്ങിനാർ
നൂതനമായൊരു കാന്തിയുമായ്.

പാലഞ്ചുംപുഞ്ചിരി തൂകിനിന്നിങ്ങനെ
നാലഞ്ചുനാളങ്ങു ചെന്നവാറേ
മെല്ലമെല്ലെന്നങ്ങിഴഞ്ഞു തുടങ്ങിനാർ
കല്ലിലും മണ്ണിലും പൂഴിയിലും.
ഓമന വായ്മലർ തേൻ വീണിട്ടററവും
കോമളമാകുമമ്മാറുതന്നെ
ചാലെപ്പുണർന്നു പുണർന്നു നിന്നീടിനാർ
നീലക്കാർവ്വർണ്ണരെയമ്മമാരും.
മുട്ടുപിടിച്ചങ്ങു നിന്നു തുടങ്ങിനാ-
രൊട്ടുനാളിങ്ങനെ ചെന്നവാറേ
മൂട്ടംവെടിഞ്ഞു നിന്നൊട്ടു നടക്കയും
പെട്ടെന്നു വീഴ്കയും കേഴകയും;
അമ്മമാർ ചെന്നങ്ങു പെട്ടെന്നെടുക്കയും;
എന്മകൻ വാഴ്കെന്നു ചൊല്ലുകയും;
മെയ്യില് മുകക്കയും വീഴൊല്ല യെന്മകൻ
കേഴൊല്ലാ എന്നങ്ങു ചൊല്ലുകയും;
ഇങ്ങനെ യോരോരോ വേലകളുണ്ടായി
മംഗലം പൊങ്ങുന്ന ഗോകുലത്തില്.
വല്ലവിമാരുടെ കണ്ണുകൾക്കീടാർന്ന
പുണ്യങ്ങളായുള്ള ബാലകന്മാർ
അംഗണന്തന്നില് നടന്നു തുടങ്ങിനാർ
കിംകിണിതന്നൊലി പൊങ്ങിപ്പിന്നെ.
ആസ്ഥയില് നിന്നുള്ള ചങ്ങാതിമാരുമ-
മ്മൂത്തവനായുള്ള രാമനുമായ്
ചാലക്കളിച്ചു പുളച്ചു തുടങ്ങിനാൻ
നീലക്കാർവ്വർണ്ണരമ്മന്ദിരത്തില്.
വെണ്ണകാണുണ്ണീ നിനക്കെന്നു ചൊല്ലുംപോൾ
പെണ്ണുങ്ങൾ ചാരത്തു തിണ്ണം ചെല്ലും.
വാഴപ്പഴത്തിന്റെ വാർത്തയെ കേൾക്കുംപോൾ
വായും പിളർന്നവർ മുമ്പില് ചെല്ലും.
പാച്ചോറു കേൾക്കുംപോ ളാച്ചിമാർ പിന്നാലെ
പാച്ചില് തുടങ്ങീടും പാരം പിന്നെ.
വെല്ലമെന്നിങ്ങനെ ചൊല്ലിനിന്നീടിലോ
വെള്ളമുറന്നെഴും നാവിലപ്പോൾ;
മാധുര്യസംഗത്തില് ചെന്നുതുടങ്ങീത-
മ്മാനസമിങ്ങനെ നാളില് നാളില്
ആനായമാനിനിമാരുടെ മാനസം

മാനിച്ചവന്തങ്കലെന്നപോലെ.
വെണ്ണയും പാലും തൊട്ടുള്ളോരു വൻ കൊതി
തിണ്ണമെഴുന്നു തുടങ്ങുകയാല്
ആച്ചിമാരോരോരോ വേലക്കു പോകുംപോൾ
ഓച്ചുതുടങ്ങീതു മെല്ലമെല്ലെ.
പാല്വെണ്ണ ചേൎന്നുള്ള ഭാജനമോരോന്നില്
പാഞ്ഞുതുടങ്ങീതക്കണ്ണിണയും.
കണ്ണിണചെല്ലുന്ന നല്വഴികണ്ടിട്ടു
കൈകളും ചെന്നു തുടങ്ങിപ്പിന്നെ.
പാല് വെണ്ണ തന്നിലക്കൈകൾപോയ് ചെല്കയാല്
നാവിന്നുമാനന്ദമായ്ത്തുടങ്ങി;
ഉണ്ണിവയററിന്നു കിഞ്ചനപൊങ്ങുവാ-
നുള്ളൊരുഹേതുവുമുണ്ടായ്വന്നു.
ഇങ്ങനെയോരോരോ മന്ദിരന്തോറുമ-
മ്മംഗലപ്പൈതല് നടന്നു നേരേ
ചഞ്ചല ലോചനമാരുടെ വെണ്ണയും
നെഞ്ചകന്തന്നെയുമഞ്ചിടാതെ
കൈകളെക്കൊണ്ടുമപ്പുഞ്ചിരിത്തൂമതാൻ [യെ]
കൈതുടൎന്നീടുമക്കണ്ണുകൊണ്ടും
ചാലക്കവൎന്നു കളിച്ചു നിന്നീടിനാ-
നോലക്കഞ്ചേരുന്ന ബാലരുമായ്.
ആനന്ദം നല്കുവാൻ മാലോകൎക്കായിക്കൊ-
ണ്ടാനായപ്പൈതലാമാദിദേവൻ
സ്നാനത്തിന്നായിട്ടു മാതാവു പോകുന്ന
കാലത്തെപ്പാൎത്തു നിന്നന്നൊരുനാൾ
വെണ്ണയും പാലും വെച്ചുള്ളകം പൂകിനാൻ
വേഗത്തില്നോക്കി ക്കൊണ്ടങ്ങുമിങ്ങും;
തൂക്കിന നല്ലുറി തങ്കീഴില് ചെന്നിട്ടു
നോക്കിനിന്നീടിനാനൊട്ടുനേരം
ശബ്ദത്തില് ചേൎന്നുള്ളൊരൎത്ഥത്തെക്കാണ്മാനായ്
ശാബ്ദികന്നോൎത്തങ്ങു നില്ക്കുംപോലെ.
പാരിച്ചുഖേദിച്ചാൻ നീളമില്ലായ്കയാല്
ഈരേഴ പാരുമളന്നോൻ പിന്നെ
എന്തിനി നല്ലതെന്നിങ്ങിനെ തന്നിലേ
ചിന്തിച്ചു നിന്നു നരുങ്ങുനേരം
ദൂരത്തുനിന്നൊരു പാഴരല്കൊണ്ടന്നു
ചാരത്തു ചാലക്കമഴ്ത്തിവെച്ചാൻ

ഉന്നതിപോരാഞ്ഞു പിന്നെയതിന്മീതെ
ഉന്നതമായൊരു പീഠംവെച്ചാൻ;
പൊട്ടെന്നുപാഞ്ഞു കരേറിനാൻ തന്മീതെ.
പൊട്ടനല്ലേതു മവററിനോത്താല് [നൊട്ടും.]
ചിത്തംതെളിഞ്ഞിട്ടു പുത്തനാം നല്ലുറി-
യെത്തിനിന്നങ്ങു പിടിക്കുന്നേരം
പീഠംപുരണ്ടു നിലത്തങ്ങു വീഴ്കയാല്
ആടിത്തുടങ്ങിനാനങ്ങുമിങ്ങും;
ഭൂതലംതന്നിലേ തുള്ളിനിന്നീടുവാൻ
കാതരനായിട്ടു വന്നുകൂടി.
ചാലക്കരഞ്ഞു തുടങ്ങിനാൻ പിന്നെയോ
ബാലകന്മാരുടെ ശീലമല്ലൊ.
രോദനം കേട്ടൊരു മാതാവുതാനപ്പോൾ
ഓടിവന്നീടിനാൾ പേടിയോടെ
ബാലകന്തന്നുടെ ലീലയെക്കണ്ടിട്ടു
ചാലച്ചിരിച്ചങ്ങു ചെന്നെടുത്താൾ.
രോദനംതന്നെയും പോക്കിനിന്നീടിനാ-
ളാദരിച്ചീടിന വാത്തയോതി.
വൃത്തിയായുള്ളൊരു വേലയെച്ചിന്തിച്ചു
ദുസ്ഥനായുള്ളൊരു ബാലൻ പിന്നെ.
"എന്തിതെപൈതലെ നിന്നുടെ സാഹസ"-
മെന്നവൾചോദിച്ച നേരംചൊന്നാൻ:—
സ്നാനത്തിന്നായിട്ടു പോകുന്നനേരമി-
പ്പാല്വെണ്ണസൂക്ഷിച്ചു വെച്ചായല്ലീ
എന്നതു നോക്കട്ടെ എന്നതു ചിന്തിച്ചി-
ട്ടിന്നലെ നീയങ്ങു പോയനേരം
രാപ്പകലററവും ദണ്ഡിച്ചു നിന്നു നീ
വാല്യോടുകാച്ച പാല്വെണ്ണയെല്ലാം
പൂച്ചതാൻവന്നു കടിക്കൊല്ലാ എന്നുള്ളൊ-
രോർച്ചകൊണ്ടിങ്ങനെ ചെയ്തു ഞാനോ;
മററുമിപ്പാല്വെണ്ണ സൂക്ഷിക്കയെന്നിയെ
മറെറാന്നും ചിന്തിച്ചിട്ടല്ല ചൊല്ലാം.
നിശ്ചയമായി ഞാൻ ചൊല്ലുന്നവാത്തകൾ
വിശ്വസിച്ചീടുകേ വേണ്ടുവമ്മേ
വഞ്ചിക്കയെന്നുള്ളതെഞ്ചിത്തം തന്നുള്ളില്
തഞ്ചിനിന്നീടുവോന്നല്ല തെല്ലും

ഇല്ലാതെതാക്കിലോ പാപമുണ്ടാസ്സതും
ചൊല്ലിനിന്നീടാമിന്നിന്നോടിപ്പോൾ
വെണ്ണപാല് കണ്ടു കൊതിക്കയില്ലേതുമേ
നിണ്ണയിച്ചാലും നീയെന്നേ വേണ്ടൂ;
അപ്പാടെ വൈപ്രതങ്ങൾ കാട്ടുന്നപോലെ ഞാൻ
നല്പാലെക്കാണുംപോളുണ്ടേ കാട്ടു.
നന്മടിതന്നിലങ്ങെന്നെയും ചേർത്തിട്ടു
സമ്മാനിച്ചമ്മേനീ പുല്കുന്നേരം
'എന്മകനാകിലോ നല്ലൊരുശീലമു-
ണ്ടെ"ന്നല്ലോ എന്നച്ഛൻ ചൊല്ലിയിന്നാൾ.
വഞ്ചനമുമ്പായ ശീലക്കേടൊന്നുമെ
കിഞ്ചനയില്ലെനിക്കെന്നുവന്നു.
എന്നാലിപ്പാല് വെണ്ണ സൂക്ഷിച്ചുകൊള്ളു [കാത്തുനിന്നീടു] വാ-
നെന്നോട്ടുചൊന്നാലു മെന്നേവേണ്ടു.
ഈച്ചക്കുപോലും കൊടുക്കയില്ലെന്നും ഞാൻ
പൂച്ചക്കെന്നുള്ളതോ പിന്നെയല്ലോ.
രാപ്പകലാരാനും കാത്തുകൊള്ളാഞ്ഞിലൊ
കോപ്പായിപ്പോമല്ലോ വെണ്ണയെല്ലാം;
കള്ളങ്ങളായുള്ള മാർജ്ജാരക്കൂട്ടവും
പിള്ളതമുണ്ടു ചതിപ്പതിന്നായ്.
കേട്ടവരുന്നുണ്ടിപ്പാല് വെണ്ണയെന്നിട്ടു
ഖേദമുണ്ടുള്ളിലെനിക്കെപ്പോഴും;
എന്നതുകൊണ്ടു ഞാനിങ്ങനെ ചൊല്ലുന്നു
നിന്നുടെബന്ധങ്ങളോർത്തു താനും
തന്നുതന്നീടുന്ന വെണ്ണപാലെന്നിമ-
റെറാന്നുമേ വേണ്ടതില്ലിന്നെനിക്കോ
ഭൂലോകവാസികൾക്കാലംബമായുള്ള
ബാലകനിങ്ങനെ ചൊന്നനേരം
തന്നിലെയോർത്തു ചിരിച്ചു നിന്നീടിനാൾ
ധന്യയായുള്ള യശോദയപ്പോൾ
ബാലകന്തന്നെയും മാനിച്ചു മററുള്ള
വേലക്കുപിന്നെ തുനിഞ്ഞുനേരം
പിന്നെയും ചൊല്ലിനാൻ സുന്ദരനായുള്ള,
നന്ദകുമാരകൻ മന്ദമപ്പോൾ:—
സ്നാനത്തെച്ചെയ്തു നീയാഗമിപ്പോളവും
പാലിച്ചേനല്ലോയിപ്പാല് വെണ്ണ ഞാൻ
ഇങ്ങനെയുള്ളെനിക്കെന്നുമെ താരാതെ

എങ്ങു നീ പോകുന്നിതെന്നമ്മേ ചൊല്
ഓമനപ്പൈതല് താനിങ്ങനെ ചൊല്ലിതൻ
കോമളച്ചുണ്ടു പിളുക്കുന്നേരം
ഉണ്ണിക്കൈതന്നിലെ വെച്ചുനിന്നീടിനാൾ
വെണ്ണയെക്കൊണ്ടു വന്നമ്മയപ്പോൾ
വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം
വെൺനിലാവഞ്ചിച്ചിരിച്ചു ചൊന്നാൻ :—
"ഒററക്കൈതന്നില് നീ വെണ്ണവെച്ചീടുമ്പോൾ
മറേറക്കൈകണ്ടിട്ടു കേഴുമല്ലൊ;
മൂത്തവൻകൈയില് നീ വെണ്ണവെച്ചീടുമ്പോൾ
ആർത്തനായ് നിന്നു ഞാൻ കേഴുംപോലെ"
ഇങ്ങനെ കേട്ടുടൻ വെണ്ണക്കു പിന്നെയു-
മങ്ങുതിരിഞ്ഞു നടന്നനേരം
കൈയിലെ വെണ്ണയെ പ്പുഷ്പവേവായിലി-
ട്ടയ്യോയെന്നിങ്ങിനെ ചൊല്ലിച്ചൊന്നാൻ :—
"കള്ളനായുള്ളൊരു കാകൻതാൻ വന്നിട്ടെൻ
കൈയിലെവെണ്ണയെ ക്കൊണ്ടുപോയി"
എന്നതുകേട്ടവളേററം ചിരിച്ചുടൻ
വെണ്ണയും കൊണ്ടിങ്ങു വന്നുപിന്നെ
പൈകാതവണ്ണമക്കൈതവപ്പൈതല് തൻ
കൈകളില് രണ്ടിലും വെണ്ണവെച്ചാൾ.
വെണ്ണയെക്കണ്ടൊരു കണ്ണന്തന്നാനനം
വെണ്ണിലാവേലുന്ന തിങ്കൾപോലേ
പുഞ്ചിരിത്തൂമകൊണ്ടഞ്ചിതമാകയാല്
ചെഞ്ചെമ്മേ നിന്നു വിളങ്ങീതപ്പോൾ.
വങ്കൊതി പൂണ്ടമ പ്പങ്കജലോചനൻ
തൻകൈയില് നിന്നൊരു വെണ്ണനേരേ
വായ്മലർതന്നിലങ്ങാക്കിനിന്നാസ്വാദി-
ച്ചാമോദംപൂണ്ടു വിഴുങ്ങുന്നേരം
മിത്ഥ്യയായുള്ളൊരു വാക്കിനെച്ചൊല്ലിനാൻ
സത്യമെന്നിങ്ങനെ തോന്നുംവണ്ണം :—
"നിത്യമായുണ്ടു വിഴുങ്ങുന്നവണ്ണമേ
സത്വരമിന്നു വിഴുങ്ങുന്നേരം
മാറില് തടഞ്ഞു വിലങ്ങിച്ചുപോയിതേ
മാനിച്ചു നീ തന്ന വെണ്ണ യമ്മേ
ചാലത്തികന്നൊരു പാല് കുടിച്ചെന്നിയേ
താഴന്നോനല്ലയിതെന്നുവന്നു.

പാരാതെ നല്കേണം പാല്കുടിച്ചീടുവാൻ
പാരംമയങ്ങുന്നു മേനിയെല്ലാം
വീക്കന്നവീപ്പു വിലങ്ങിച്ചുപോയിതായ്
ഓക്കേണ്ടും കാലമിതെന്നു തോന്നും"
ഇങ്ങനെചൊല്ലിത്തൻ കണ്ണിണതന്നെയും
പൊങ്ങിച്ചു വമ്പില് മിഴിച്ചു നിന്നാൻ.
ഇങ്ങനെകാൺകയാലുണ്മയെന്നിങ്ങനെ
തന്നിലേനണ്ണിനാളമ്മ ചെമ്മേ
ഉൾപ്പേടിപൂണ്ടു നിന്നപ്പൈതല്ക്കായിട്ടു
നല്പ്പാലു നല്കിയാളപ്പോഴേതാൻ.
അപ്പാലുമുണ്ടവൻ നില്പോരുനേരത്ത-
"ങ്ങിപ്പോഴോ"യെന്നവൾ ചോദിച്ചപ്പോൾ
എപ്പോഴുമമ്മതന്നുൾപ്പൂവെ വഞ്ചിപ്പോൻ
കെല്പേറുംപുഞ്ചിരി തൂകിച്ചൊന്നാൻ :—
"ഇപ്പോൾ ഞാനിങ്ങനെ ചൊല്ലാഞ്ഞുതാകിലോ
നല്പാലു നല്കുന്നോ ഇല്ലയല്ലോ
അപ്പോഴോ നിന്നെ ഞാനിങ്ങനെ വഞ്ചിപ്പു-
വിപ്പോളെന്നുള്ളം കളുത്തുവല്ലോ"
അമ്മയോടിങ്ങനെ സമ്മാനിച്ചന്നേര-
മുണ്മയെച്ചൊന്നോരംബുജാക്ഷൻ
ഓലക്കം ചേരുന്ന ബാലകന്മാരുമായ്
ലീലക്കായ് ചാലെ നടന്നാൻ പിന്നെ.
ആച്ചിമാരാളുന്ന വീടുകൾതോറുന്ന-
ല്പാച്ചോറും വെണ്ണയും കാച്ചപാലും
രാപ്പകല്ചെന്നു കവർന്നിന്നങ്ങനെ
വേർപെടുത്തീടിനാൻ വാഴ്വിനോടെ.
"പാഴായ് മദയരുമിപ്പൈതല്ക്കു കണ്ടാലും
കേഴമാറാകുംനാമെന്നേയാവൂ"
എന്നങ്ങു തങ്ങളില് ചൊല്ലിനിന്നീടിനാർ
മന്ദിരേനിന്നുള്ള സുന്ദരിമാർ.
"നിന്മകൻതന്നെയടക്കേണമെന്നുചെ-
ന്നമ്മയോടെല്ലാം നാം ചൊല്കനല്ലൂ"
എന്നങ്ങുചൊല്ലിന സുന്ദരിമാരെല്ലാ-
മൊന്നിച്ചുകൂടി നടന്നു നേരേ
നന്ദനൻ ചെയ്യുള്ള പാഴ്മയെല്ലാമേ
നന്ദവിലാസിനിയോടു ചൊന്നാർ.
"ആഴിമാതാളു മിന്നിന്നു [ന്നമ്മു]ടെ പൈതാല്ക്കു

പാഴായ്മയേറുന്നു പാരമിപ്പോൾ.
പാല്‌വെണ്ണ ചാലക്കവൻതിന്നാലെന്തേ
ബാലകനെന്നും[ന്നാം]പോൽ ചേരുമത്രേ
ഭാജനം കൂടെടുത്തകത്തുനിന്നീടുന്നോൻ
വേദനയാകുന്നതെന്നതത്രേ.
കാച്ചപാല് ചേൎന്നുള്ള ഭാജനംതൻമൂട്ടില്
മൂൎച്ചയേറിടുന്ന കോല്കൊണ്ടുടൻ
തോൎത്തുകൊണ്ടുണ്ണുന്നു വായുംപിളൎന്നവ-
നാസ്ഥയില്നിന്നു നല്പാല്കുടിക്കും.
കണ്ടുകൊണ്ടെങ്ങളും പിമ്പേപോയ് ചെല്ലുംപോൾ
മണ്ടിനാനെങ്ങെന്നുമെന്നിരിക്കും.
പൈതല്ക്കുനല്കുവാൻ പായസം നിൎമ്മിച്ചു
പൈതലെത്തേടി ഞാൻ പോയ നേരം
പായസമുണ്ടിട്ടു ഭാജനന്തന്നിലെ
ചാണകംകൊണ്ടു നിറച്ചുവെച്ചാൻ.
അപ്പാടെ വീട്ടിലെ യച്ഛനു നല്കുവാ-
നപ്പങ്ങൾ നിൎമ്മിച്ചു നിന്നൊരുനാൾ
പാത്രത്തിലാക്കിയടച്ചങ്ങു ബന്ധിച്ചു
യാത്രക്കുപിന്നെ ഞാൻ പാൎത്തനേരം
പിൻവാതിലൂടെയകത്തങ്ങു പൂകിനാൻ
പിമ്പേയതിലൂടെ നോക്കിയപ്പോൾ [പിള്ളരുമായിവന്നോടിയപ്പോൾ]
തപ്പിനിന്നീടുംപോലപ്പങ്ങൾ കാണായ-
തപ്പിള്ളൎക്കെല്ലാമേ നല്കി മുമ്പില്
താനുമെടുത്തുകൊണ്ടാസ്വാദിച്ചീടിനാൻ
മാനിച്ചുപിന്നെ മനംകളൎക്കേ;
ശുഷ്കങ്ങളായുള്ള ഗോമയലേശങ്ങ-
ളൊക്കവെ കൊണ്ടന്നു പാത്രന്തന്നില്
പൂരിച്ചുപിന്നെ പൊതിഞ്ഞുകെട്ടീടിനാ-
നാരുമേ കാണാതെ മുന്നെപ്പോലെ.
താനങ്ങുപിന്നെത്തൻ പിള്ളരുമായിപ്പോയ്
ഗാനം തുടങ്ങിനാനൂനം നീക്കി;
യാത്രക്കുകാല മണഞ്ഞൊരുനേരത്തു
പാത്രവുമായി ഞാൻ മെല്ലമെല്ലെ
അപ്പാടെവീട്ടിലകത്തങ്ങുപൂകിനേ-
നപ്പങ്ങൾ നല്കുവാനച്ഛനായി;
കൂരിരുട്ടായൊരു മച്ചകന്തന്നിലേ

പാരംകരച്ചുള്ളോരച്ഛനപ്പോൾ
മച്ചകംതന്നിലും മെച്ചമേചെന്നഞ്ഞാ-
നച്ഛന്റെമുമ്പില പ്പാത്രന്തന്നെ
മെല്ലവേ വെച്ചുഞാൻ ചൊല്ലിനിന്നീടിനേ-
നെല്ലാരുംവന്നങ്ങു നിന്നനേരം
"വേഷ്ടിയിലേതാനുമുണ്ടു ഞാൻ കൊണ്ടന്നു
കാഴ്ചയായ് നല്കുവാനെന്നിങ്ങനെ"
എന്നതുകേട്ടവനേറിയമോദത്താല്
നന്നായിതെന്നങ്ങു ചൊല്ലിപ്പിന്നെ
ഭാജനംതന്നെയഴിച്ചുനിന്നമ്പോടു
ബാലകന്മാർക്കെല്ലാം നല്കിമുമ്പില്
ചുറ്റത്തില് വന്നങ്ങു ചുറ്റിനിന്നീടുന്ന
മറ്റുള്ളോർക്കായിട്ടും തൊറ്റന്നപ്പോൾ
തന്നുടെകൈയിലും മൂന്നുനാലങ്ങനെ
നന്നായി വാരിപ്പിടിച്ചുകൊണ്ടാൻ
കാതലായുള്ളൊരു കൈതവംപൂണ്ടമി-
ട്ടെപ്പൊതല്താൻചെയ്യുള്ള വഞ്ചനത്തെ
മച്ചകമായിട്ടു കാണരുതായ്കയാല്
അച്ഛനുംമറ്റു മറിഞ്ഞീലപ്പോൾ.
ചാണകംനാറുന്നിതെന്തിതെന്നെല്ലാരും
സന്ദേഹിച്ചമ്പോടു വായിലാക്കി
വേഗത്തില്നിന്നു ചവച്ചുതുടങ്ങുംപോൾ
വേറൊന്നായ്വന്നു മുഖങ്ങളെല്ലാം.
തൂമകലർന്നുള്ള കൈനഖംതന്നിലേ
തൂശിതാക്ഷംപോലെന്നപോലെ-
തങ്ങളില് തങ്ങളില് നോക്കിത്തുടങ്ങിനാർ
കൊഞ്ഞങ്ങൾ കാട്ടുന്നോരെന്നപോലെ.
ആനനംകണ്ടതില് തങ്ങളെന്നോർത്തിട്ടു
വാനരൻചെന്നങ്ങു പൂണ്ടതുംതാൻ.
ചിന്തയുംപൂണ്ടു നിന്നെന്നെയും നോക്കിക്കൊ-
ണ്ടെന്തിതെന്നെല്ലാരും ചൊല്ലിപ്പിന്നെ
ഓക്കാനിച്ചന്നേരമോടിത്തുടങ്ങിനാ-
രൂക്കത്തുടങ്ങിനാരുണ്ടചോറും.
ബാലകന്മാർക്കമങ്ങച്ഛനും ചെഞ്ഞെമ്മേ-
യാലസ്യമായിത്തുടങ്ങിതപ്പോൾ.
പിന്നെയങ്ങെല്ലാരും വന്നുനിന്നെൻമുഖം
തന്നിലെ പിന്നെയും ചൂണ്ടിച്ചൂണ്ടി

കോപിച്ചു നിന്നങ്ങു വേപിച്ച മെയ്യുമാ-
ച്ചേപറഞ്ഞീടിനാരായവണ്ണം.
എല്ലാമേ കണ്ടു ചിരിച്ചു നിന്നീടിനാൻ
പിള്ളരുമായുണ്ണി കള്ളനപ്പോൾ.
ഖേദവും പൂണ്ടു നിന്നാനനം താഴ്ത്തിഞാ-
നേതുമേമിണ്ടാതെ പോന്നുകൊണ്ടേൻ.
ഇങ്ങനെ വന്നതിൻ കാരണമെന്തെന്ന-
ങ്ങെന്നിലേ നണ്ണി ഞാൻ നിന്നനേരം
അഞ്ജനവർണ്ണന്റെ വഞ്ചനമെന്നതും
ചെഞ്ചെമ്മേ കേട്ടിതു പിള്ളർ ചൊല്ലി.
ഇങ്ങനെ പാഴമ ചെയ്തുതുടങ്ങിയാ-
ലെങ്ങനെ ഞങ്ങൾ പുലർന്നുകൊൾവൂ"
എന്നങ്ങു ചൊന്നവൾ നിന്നൊരു നേരത്തു
മന്ദമായ് ചൊല്ലിനാൾ മറ്റൊരുത്തി.
"അഞ്ജനവർണ്ണന്റെ വഞ്ചനം തൊട്ടുള്ളോ-
രെഞ്ചൊല്ലും പൂകേണം നിഞ്ചെവിയില്.
അഞ്ചാതെ വന്നിവൻ വഞ്ചനം ചെയ്കയാല്
നെഞ്ചകം മാഴ്കുന്നു ചെഞ്ചെമ്മേ താൻ.
രാപ്പകലിങ്ങനെ കാത്തു നിന്നീടാമോ
വാസ്ലേരും വെണ്ണയും പാലുമെല്ലാം.
കാത്തു നിന്നീടിലും കാര്യമില്ലേതുമൊ-
ന്നാസ്ഥയായുണ്ണിയവൻ വഞ്ചിക്കുമ്പോൾ.
കാറ്റുതാൻ പോലു മകത്തങ്ങു പൂകാതെ
മാറിനിന്നീട്ടു മന്ദിരേ പോയ്
കാച്ചുപാല് വെണ്ണ കവർന്നു ചിന്തിച്ചാ-
ലീശ്വരനെന്നേ ഞാൻ ചൊല്ലാവൂ.
ഉണ്ണികിടാങ്ങളുറങ്ങുന്ന നേരത്തു
നുള്ളിയുണർത്തി വശംകെടുക്കും ;
ഗോക്കളെച്ചെന്നു കറന്നു നിന്നീടുന്ന
പാല്ക്കുഴമെല്ലവെ ചോർക്കും പിന്നെ
തീപ്പൊലിച്ചീടുന്ന പാല്ക്കലം തങ്കീഴേ
തീക്ഷ്ണമായിച്ചെമ്മേ തീക്കത്തിക്കും ;
ഇത്തരമോരോരോ പാഴമ ചിന്തിച്ചാല്
വിസ്മയമെന്നതേ ചൊല്വാനാവൂ."
ഇങ്ങനെ ചൊന്നവൾ മന്ദിച്ചനേരത്തു
മങ്ങാതെ ചൊല്ലിനാൾ മറ്റൊരുത്തി :—
മാനിനിമാരുടെ മൌലിയാം നിന്നോടു

ഞാനുമുണ്ടതാനും ചൊല്ലുന്നിപ്പോൾ
പാഥോജലോചനേ പാരി[ലി]ച്ചുനിന്നൊരു
പാഴമയേറുന്ന പൈതല്ക്കന്നാല് ;
അങ്ങൊരുവീട്ടിലെക്കുന്നിനെക്കൊണ്ടുപോ-
ന്നെന്നുടെവീട്ടിലൊളിച്ചുവെച്ചാൻ.
കുന്നിനെക്കാണാഞ്ഞു ഖിന്നയായ് നിന്നിട്ടു
മന്ദിരേമേവുന്ന സുന്ദരിതാൻ
ദൈവജ്ഞനെക്കണ്ടു ചോദിച്ചനേരത്തു
ദൈവജ്ഞൻ ചൊല്ലിനാൻ മെല്ലെയപ്പോൾ :—
"കള്ളരായുള്ളവർ കട്ടുകൊണ്ടോരിന്നി-
ക്കുന്നിനെയെന്നതു നിർണ്ണയിപ്പൂ
ചാരത്തെ വീട്ടിലങ്ങെങ്ങാനുമുണ്ടത്രേ ;
ആരാഞ്ഞു ചെന്നാലോ കാണാമിപ്പോൾ".
എന്നങ്ങുചൊന്നതു കേട്ടിട്ടുകുന്നിനെ
എങ്ങുമേ തേടി നടന്നുപിന്നെ;
എന്നുടേ വീട്ടിലും വന്നൊരു നേരത്ത-
ക്കുന്നൊന്നുമെല്ലെകരഞ്ഞിതപ്പോൾ ;
തന്നുടെകുന്നിൻറയൊച്ചയെന്നിങ്ങനെ
നിർണ്ണയംപൂണ്ട[യാല് ചെന്ന]വൾ നോക്കുന്നേരം
ക്രൂരിരുട്ടായൊരു കോണത്തുകാണായി
ദൂരത്തുനിന്നതക്കുന്നുതന്നെ
ചുററുംനിന്നീടുന്ന ഗോപിമാർ കേൾക്കവേ
ചുററവുംകൈവിട്ടുതോഴിയപ്പോൾ
"എന്നുടെകുന്നിനെക്കട്ടതുനീയത്രെ"
എന്നങ്ങുചൊല്ലിനാളെന്നെനോക്കി
നാവുംകടിച്ചുകൊണ്ടേതുമേ വല്ലാതെ
നാണവുംപൂണ്ടങ്ങു നിന്നുപിന്നെ
"നിന്നുടെകുന്നിനെക്കട്ടതു ഞാനല്ല"
എന്നു ഞാൻ ചൊന്നതുകേൾക്കുംതോറും
പേ പറഞ്ഞീടിനാൾ വാ പറഞ്ഞീടിനാൾ
പാപിയന്നെന്നോടന്നാരിയപ്പോൾ
ഓടിവന്നീടിനാൻ കേടകന്നീടെഴും
നീടെഴുന്നീടുമപ്പൈതലപ്പോൾ
പുഞ്ചിരിത്തൂമയും ചെഞ്ചെമ്മെതൂകിനി-
ന്നഞ്ചാതെചൊല്ലിനാൻ കൊഞ്ചിപ്പിന്നെ :—
'പേശിനിന്നങ്ങനെ നിങ്ങളിലുള്ളൊരു
പേമൊഴികേട്ടു ചിരിപ്പതിന്നായ്

കന്നിനെക്കൊണ്ടു മറച്ചതു ഞാനത്രേ
കള്ളരെന്നുള്ളതു ചിന്തിക്കേണ്ട.'
ഇങ്ങനെ ചൊല്ലി ഞാൻ പിള്ളതരമായിട്ടു
ഭംഗിയുംപൂണ്ടു നടന്നാൻപിന്നെ.
പാഴനാമിന്നിവൻ പാഴമടക്കതുമൊ-
ന്നാവതില്ലെന്നതും വന്നുകൂടി.
കോപിച്ചു ഞങ്ങൾ കയപ്പതിന്നായിട്ടു
കോലുമായ്ച്ചാരത്തു ചെല്ലുന്നേരം
കോമളച്ചുണ്ടു പിളുക്കിനിന്നീടുംപോ-
ളോമനിച്ചീടുവാൻ തോന്നുമത്രേ
കോപവും കോലും കളഞ്ഞുനിന്നെങ്ങളോ
കോമളപ്പൂമേനി പൂണുമപ്പോൾ
പുഞ്ചിരി കാണുംപോൾ വഞ്ചനമെല്ലാമേ
ചെഞ്ചെമ്മെ ഞങ്ങൾ മറക്കുമത്രേ
ശാസിച്ചിട്ടാകിലും യാചിച്ചിട്ടാകിലും
ബോധിച്ചവണ്ണമടക്കേണം നീ;
എന്നതേ ഞങ്ങൾക്കു ചൊല്ലിനിന്നീടാവൂ
ഇന്നിവൻ ശീലങ്ങളോർക്കുന്തോറും".
വല്ലവിമാരെല്ലാമിങ്ങനെയോരോരോ
അല്ലലെനിക്കിപ്പറഞ്ഞനേരം
പൈതലെച്ചെന്നു കയത്തുനിന്നീടുവാ-
ന്നേതുമേ വല്ലീലയമ്മക്കപ്പോൾ
വല്ലവിമാരോടു ചൊല്ലിനിന്നീടിനാ-
ളെല്ലാരും ചെഞ്ചെമ്മെ കേൾക്കുംവണ്ണം :—
"എന്മകൻതന്നെക്കയത്തുനിന്നീട്ടു ഞാ-
നെങ്ങനെ ചൊല്ലുവിൻ തോഴിമാരെ
കോപത്തെ ക്കോലുംപോൾ പ്രേമത്തെക്കൊണ്ടല്ലോ
കോൾമയിർക്കൊള്ളുന്നു മെയ്യിലെങ്ങും;
എന്മകനെന്നങ്ങു ചൊല്ലിനിന്നീടുംപോ-
ളെന്മുല കാൺക ചുരന്നുപാരം.
ശാസിപ്പുവെന്നതോ ദൂരത്തുപോയല്ലോ
താഡിപ്പുവെന്നതോ പിന്നെയല്ലോ.
എന്മകനോടു വെറുക്കൊല്ലായെന്നാലി-
ന്നമ്മമാരായുള്ള നിങ്ങളാരും
കാരിയക്കേടുടൻ വന്നതിന്നെല്ലാമെ
പാരാതെനല്കുവൻ ചൊന്നതെല്ലാം;
ഇപ്പൈതല് വഞ്ചിച്ച പാല് തയിർ വെണ്ണകൾ

ഇപ്പൊഴേ നിങ്ങളിരട്ടികൊൾവിൻ.
പാല്ക്കുഴചോത്തിനെന്നുടെ നല്വെള്ളി-
പ്പാല്ക്കുഴകൊണ്ടാലും പാക്കവേണ്ട.
മൺകലംപോയെങ്കില് പൊൻകലംതന്നെയും
ശങ്കയെക്കൈവിട്ടു നല്കുവൻ ഞാൻ.
മൺകിണ്ണംപോയെങ്കില് പൊൻകിണ്ണം നല്കാമെ
മൺകിണ്ടിപോയെങ്കില് പൊൻകിണ്ടിയും
മറ്റെന്തിപ്പൊതല് മയക്കിയെന്നുള്ളതു
തെറ്റെന്നുചൊല്ലുവിൻ നല്കാമെല്ലാം"
എന്നങ്ങുചൊന്നൊരു നന്ദവിലാസിനി
വന്നങ്ങുനിന്നുള്ളൊരാച്ചിമാൎക്കായ്
ചൊന്നതുചൊന്നതു നല്കിനിന്നീടിനാൾ
നന്ദനന്തന്നിലുള്ളാസ്ഥയാലെ.
ദ്രവ്യങ്ങൾവാങ്ങിന വല്ലവിമാരെല്ലാം
നിൎവ്യഗ്രമാരായിനിന്നു പിന്നെ
ഉണ്ണിയെച്ചെന്നങ്ങെടുത്തു നിന്നെല്ലാരും
തിണ്ണംതെളിഞ്ഞു പുണൎന്നുനിന്നാർ.
ആശയം പാരംകുളുക്കയാല് പിന്നെയ-
ങ്ങാശിയും ചൊല്ലിനാരായവണ്ണം.
പിന്നെയങ്ങെല്ലാരും തന്നുടെ തന്നുടെ
മന്ദിരം പൂകിനാർ വന്നവണ്ണം.
ചങ്ങാതിമാരായ ബാലകന്മാരുമായ്
മങ്ങാതെനിന്നുള്ള രാമനുമായ്
പൂഴിച്ചോറാടിക്കളിച്ചു തുടങ്ങിനാ-
നാഴിപ്പെണ്ണാളുമക്കാൎവ്വണ്ണൻ താൻ.
മണ്ണുതിന്നീടിനാൻ കണ്ണനെന്നിങ്ങനെ
തിണ്ണംപോയ് ചെന്നിട്ടുബ്ബാലകന്മാർ
മാതാവോടായിട്ടു ചൊല്ലിനിന്നീടിനാർ
മാതാവുതാനതുകേട്ടനേരം
ഓടിച്ചെന്നങ്ങവൻ ചാരത്തു ചെഞ്ചെമ്മെ
പേടിപ്പിച്ചീടുവാനായിച്ചൊന്നാൾ :—
"മണ്ണുതിന്നീടുന്ന തെന്തിനു ചൊല്ലുണ്ണി
വെണ്ണയുംപാലും ഞാൻ താരാഞ്ഞിട്ടോ ?
ചോറില്ലയാഞ്ഞോ ? മറ്റെന്തില്ലാഞ്ഞുണ്ണി? നീ
ചൊല്വശനല്ലെന്നു വന്നുകൂടി.
ശീലക്കേടിങ്ങനെ ചാല നീ കാട്ടുംപോൾ
കോലുകൊണ്ടേയിനിച്ചോദിക്കുന്നു".

അമ്മ താനിങ്ങനെ ചൊന്നതു കേട്ടുള്ളൊ-
രംബുജലോചനന്താനും ചൊന്നാൻ :—
"വെണ്ണയും കൈവിട്ടു മണ്ണുതിന്നീല ഞാൻ
നിർണ്ണയിച്ചാലുമിച്ചൊന്നതമ്മേ
ബാലന്മാർ ചൊന്നതു നിർണ്ണയമെങ്കിലൊ
വാപിളർന്നീടാമിന്നിന്മുമ്പിലോ".
"വാപിളർന്നീടു നീ" യെന്നവൾ ചൊല്കയാല്
വാപിളർന്നീടിനാൻ ബാലനപ്പോൾ.
മണ്ണിനെക്കാണ്മാനായ്മാതാവു ചെന്നങ്ങ-
ക്കണ്ണന്റെ വായിലേ നോക്കുന്നേരം
മണ്ണെല്ലാമങ്ങവൻ വായിലെ കാണായി
മണ്ണിനെയല്ലവൾ വിണ്ണും കണ്ടാൾ.
വിണ്ണിനെക്കാൺകയാല് വിസ്മയംപൂണ്ടവൾ
പിന്നെയും ചെഞ്ഞെമ്മെ നോക്കുന്നേരം
മററുള്ള ലോകങ്ങളൊക്കവേ കാണായി
തെറെറന്നപ്പൊതല് തൻ വായില് ചെമ്മെ
പാതാളലോകവും വേതാളലോകവും
ധാതാവിൻലോകവും കൂടക്കണ്ടാൾ ;
ആഴികൾ കാണായിതാശകൾതോറുമു-
ള്ളാനകൾതന്നെയും കാണായപ്പോൾ ;
ആകാശം കാണായിതാദിത്യന്മാരെയും
കാർമുകില്മാലയും താരങ്ങളും
മാമേരുമുമ്പായ ശൈലങ്ങളെല്ലാമ-
മ്മാമയാപ്പൊതല് തൻവായില് കണ്ടാൾ ;
ബ്രഹ്മനെക്കാണായി വിഷ്ണുവെക്കാണായി
നൻമുനിമാരെയും കാണായ്വന്നു ;
ഇന്ദ്രനെക്കാണായി ചന്ദ്രനെക്കാണായി
ഇന്ദിരതന്നെയു മവ്വണ്ണമേ ;
രുദ്രനെക്കാണായി ഭദ്രനെക്കാണായി
രുദ്രാണിതന്നെയു മവ്വണ്ണമേ ;
മന്ദാരം ചെമ്പകം ചേർന്നുള്ള നന്ദനം
തന്നെയുമെല്ലാമേ കണ്ടാളപ്പോൾ ;
ഗോകുലംകാണായി ഗോപികമാരെയും
ഗോപന്മാർനിന്നതും കാണായപ്പോൾ
ധന്യനായുള്ളോരു നന്ദനെക്കാണായി
തന്നെയുംകാണായിതവ്വണ്ണമെ

വായുംപിളൎന്നതൻ ചാരത്തു നിന്നൊരു
മാമയന്തന്നെയും കാണായപ്പോൾ;
അന്തകന്തന്നുടെ മന്ദിരംകാണായി-
തന്തകന്തന്നേയു മവ്വണ്ണമെ;
അന്തകന്തന്നുടെ യാനനം കണ്ടപ്പോ-
ളന്തമില്ലാതോളം പേടിയായി
കണ്ണുമടച്ചു വിറച്ചുനിന്നീടിനാൾ
"കണ്ണാ കാൺ വെണ്ണ"യെന്നോതിയോതി
ചൊല്ലിനാൾമെല്ലെ യപ്പൈതലോടന്നേരം-
മല്ലല്പിണഞ്ഞുള്ളോരുള്ളവുമായ്
"പണ്ടെങ്ങും കാണാത്ത പാപിയെ ക്കാൺകയാല്
ഇണ്ടലുണ്ടാകുന്നു പാരമുള്ളില
വാമുറുക്കേണമെൻ പൈതലേ നീയിപ്പോൾ
ചാകുന്നതുണ്ടു ഞാനല്ലയായ്കില്"
എന്നതുകേട്ടൊരു നന്ദകുമാരകൻ
മന്ദിച്ചുനില്ലാതെ വാമുറുക്കി
അമ്മിഞ്ഞിക്കായി ട്ടണഞ്ഞുനിന്നീടിനാ-
നമ്മതൻചാരത്തു കൊഞ്ചിക്കൊഞ്ചി.
വന്നണഞ്ഞീടുന്ന ബാലനെക്കണ്ടപ്പോൾ
നന്ദവിലാസിനി മന്ദിയാതെ
മെല്ലെന്നെടുത്തു പുണൎന്നുനിന്നീടിനാൾ
പല്ലവംവെല്ലുമപ്പൂവലംഗം
ബാലകൻതന്നുടെ വായിലേ കണ്ടതൊ
വാമുറുക്കീടുന്ന നേരത്തപ്പോൾ
സ്വപ്നമെന്നിങ്ങനെ നണ്ണിനിന്നീടിനാ-
ളുല്പന്നജാഗരയെങ്കിലുംതാൻ
"എന്മകന്താനിതെ"ന്നിങ്ങനെയുള്ളൊരു
വന്മോഹംമേന്മേലെ പൊങ്ങുകയാല്.
ആനനന്തന്നില് മുകൎന്നുനിന്നീടിനോ-
രാനന്ദമാണ്ടു തെളിഞ്ഞു നിന്നാൾ.

* * * *

വിണ്ണവർനാട്ടിനെ വെന്നുനിന്നീടുന്ന
പുണ്യമിയന്നൊരു ഗോകുലത്തില്
മാലോകക്കീടുന്ന മാല് കളഞ്ഞീടുന്ന
മാമയപ്പൈതല് വിളങ്ങും കാലം
സുന്ദരിമാരുടെ മൌലിയായുള്ളൊരു
നന്ദവിലാസിനിയന്നൊരുനാൾ

കാലത്തുണൎന്നിട്ടു ദ്ദാസികളെല്ലാക്കും
വേലകളോരോന്നേ ചൊല്ലിപ്പിന്നെ
വൈകാതെ ചെന്നിട്ടു മന്തുമായ് ചെന്നുതാൻ
തൈർകടഞ്ഞീടുവാൻ മെല്ലെമെല്ലെ
കണ്ണനെക്കൊണ്ടുള്ള പാട്ടെല്ലാമന്നേരം
തിണ്ണംതെളിഞ്ഞുടൻ പാടിപ്പാടി.
കാഞ്ചിയെക്കൊണ്ടു മുറുക്കിക്കിടക്കുന്ന
പൂഞ്ചേലതന്നുടെ കാന്തികൊണ്ടും
അമ്പില് ചുരന്നുള്ള കൊങ്കകൾതന്നുടെ
വമ്പുററകംപത്തെക്കൊണ്ടും പിന്നെ
മന്തുവലിക്കും കരങ്ങളിലാളുമ-
ക്കങ്കണംതന്നുടെ രാവംകൊണ്ടും
ഗണ്ഡസ്ഥലങ്ങളെച്ചുംബിച്ചുമേവുമ-
ക്കുണ്ഡലഷണ്ഡത്തിൻ കാന്തികൊണ്ടും
തൂവിയൎപ്പുന്തിനോരാനനംകൊണ്ടുമ-
പ്പൂമലർ തൂകുന്ന ചായല് കൊണ്ടും
പാരംവിളങ്ങുമപ്പാഥോജലോചന
പാരിച്ചുതൈർ കടഞ്ഞീടുമപ്പോൾ
"അമ്മിഞ്ഞിതാവെനിക്കെ"ന്നങ്ങു ചൊല്ലിക്കൊ-
ണ്ടമ്മതൻചാരത്തു ചെന്നാൻ കണ്ണൻ.
"എന്തമ്മേ നീയെനിക്കമ്മിഞ്ഞിതാരാഞ്ഞ-
തെന്നെനീയിന്നു മറന്നായോ ചൊല്
അമ്മിഞ്ഞിതാരാതെ തൈർകടഞ്ഞീടുകില്
ചെമ്മെപിണങ്ങുമിന്നമ്മിലിപ്പോൾ"
ഇങ്ങനെ ചൊല്ലിക്കരേറിനാനന്നേരം
മംഗലംപൂണ്ടവൾ തന്മടിയില്
ചേവടിതന്നിലെച്ചേറെല്ലാമമ്മതൻ
ചേണുററചേലയില് തേച്ചുപിന്നെ.
തന്മകൻവന്നതു കണ്ടൊരു നേരത്തു
സമ്മോദംപൊങ്ങുന്നോരമ്മയപ്പോൾ
ചാലച്ചുരന്നുള്ള നൻമുലനല്കിനാൾ
ചാപലംപൂണ്ടു പുണൎന്നുമെന്മേല്.
പല്ലവംതന്നുടെ കാന്തിയെവെല്ലുന്ന
മല്ലകരംകൊണ്ടു മെല്ലെമെല്ലെ
അമ്മതൻ മാറിലണച്ചങ്ങു നിന്നവൻ
നൻമുലയുണ്ടു ചിരിക്കുന്നേരം

പാകത്തിന്നായിട്ടു തീക്കത്തിച്ചൊരുപാല്
തൂകക്കണ്ടീട്ടന്നോരമ്മയപ്പോൾ
നന്മുലയുണ്ണുന്ന നന്മകന്തന്നെയും
ചെമ്മെയിരിഞ്ഞു വിട്ടൂത്തുടനെരെ
വേഗത്തില് പോയപ്പോളാമനപ്പൈതല്ക്ക
വേറൊന്നായ്വന്നിതു ഭാവമെല്ലാം.
കോപത്തെപ്പൂണ്ടുതൻ കോമളപ്പൂമേനി
വേപത്തെപ്പൂണ്ടു തുടങ്ങീതപ്പോൾ
"എന്നെവെടിഞ്ഞുള്ളൊരമ്മയെച്ചെഞ്ചെമ്മെ
എന്തുകൊണ്ടിന്നിനിത്തോല്പിപ്പൂ ഞാൻ"
ഇങ്ങനെനണ്ണുംപോൾ ചെമ്മുള്ളൊരമ്മിക്ക-
ല്ലങ്ങൊരുകോണത്തു കാണായ്വന്നു.
കണ്ടൊരുനേരത്തു മണ്ടിച്ചെന്നങ്ങതു
കൊണ്ടുപോന്നീടിനാൻ കൊണ്ടല്വണ്ണൻ.
വൻകലന്തന്നിലും ചാടിനിന്നീടിനാൻ
വൻകനംപൂണ്ടമക്കല്ലുതന്നെ.
പുത്തനായുള്ളൊരു നല്ക്കലമന്നേരം
പത്തുനൂറുണ്ടായിതൊന്നുകൊണ്ടു.
ഭാജനംപോകയാല് ഭൂതലംചെഞ്ചെമ്മെ
ഭാജനമായിട്ടു വന്നനേരം
മീതെപരന്നൊരു വെണ്ണയുംവാരിയ-
മ്മാധവൻപോയൊരു കോണില്പുക്കാൻ.
പാരംതികന്നുള്ള പാലും തളത്തമ്മ
പാരാതെവന്നിങ്ങു നോക്കുന്നേരം
ബാലകഞ്ചെയ്യൊരു വേലയെക്കണ്ടിട്ടു
ചാലച്ചിരിച്ചു നുറുങ്ങുനിന്നാൾ.
എങ്ങിവൻപോയി പോലെന്നതുകാണേണ-
മെന്നങ്ങുനണ്ണി നടന്നാൾപിന്നെ.
എങ്ങുമേനോക്കി നടന്നുനിന്നീടുംപോൾ
അങ്ങൊരുകോണത്തു കാണായ്വന്നു
വണ്ണന്തിരണ്ടൊരു പാഴുരലേറീട്ടു
വെണ്ണയുംവായിലിട്ടാദരവില്
പൂച്ചകൾക്കായിട്ടു നല്കിനിന്നീടുന്നോ-
നോച്ചയില് നോക്കിക്കൊണ്ടങ്ങുമിങ്ങും.
ചൂരക്കോല്പൂണ്ടുള്ളൊരമ്മയെക്കാണായി
ചാരത്തുവന്നതു കോപിച്ചപ്പോൾ
കണ്ടൊരുനേരത്തു മണ്ടിനിന്നീടിനാ-

ന്മണ്ണിനാളമ്മയും തമ്പിന്നാലെ
വാല്പെഴുന്നീടുമശ്ശാസ്ത്രങ്ങൾക്കൃഴറു
രാപ്പകല് തേടുന്ന വേദങ്ങൾക്കും
തൊട്ടുനിന്നീടുവാൻ കിട്ടാതെയുള്ളോനെ
പൊട്ടെന്നുചെന്നു പിടിച്ചാളമ്മ.
ചീററംതിരണ്ടുള്ളോരുള്ളവും പൂണ്ടുനി-
ന്നേററംകയത്തു പറഞ്ഞുപിന്നെ.
കോഴയുംപൂണ്ടിട്ടു കേഴമപ്പൈതലെ
കോല് കൊണ്ടുതല്ലുവാനോങ്ങുന്നേരം
ഉച്ചത്തിലാമ്മാറു കേണുനിന്നീടിനാ-
നച്ഛായെന്നിങ്ങനെ ചൊല്ലിച്ചൊല്ലി
കണ്ണന്റെ കണ്ണുനീർ വീണതുകാൺകയാല്
തന്നിലെ നണ്ണിനാളമ്മയപ്പോൾ-
തല്ലുവാൻ പോരാത്തപൈതലെത്തല്ലിയാല്
വല്ലായ്മയായിട്ടു വന്നുകൂടും;
പേടിപ്പിച്ചീടേണമെന്നതേ ചെയ്യാവൂ
പെട്ടെന്നതിനു പിടിച്ചുകെട്ടും.
എന്നങ്ങുതന്നിലെ നണ്ണിനോരമ്മയ-
ന്നിന്നൊരു നല്ലുരലോടുചേത്തു
അല്പമായുള്ളൊരു പാശവുംകൊണ്ടുപോ-
യപ്പൈതല് തന്നെയും കെട്ടുംനേരം
അപ്പാശംകിഞ്ചന നീളമില്ലായ്കയാല്
അപ്പോഴെ മററൊന്നിയച്ചാളമ്മ
എന്നതുതന്നെയുമങ്ങിനെകാണായി
പിന്നെയും മററൊന്നിയച്ചാളമ്മ.
പിന്നെയും പോരാഞ്ഞു പിന്നെയും മററൊന്നു
പിന്നെയും മററൊന്നതിമ്പിന്നാലെ.
തന്നുടെവീട്ടിലെ പാശങ്ങളിങ്ങനെ
ഒന്നൊന്നേകൊണ്ടന്നു കെട്ടിക്കെട്ടി
പിന്നേയും പോരാഞ്ഞിട്ടാച്ചിമാർ വീട്ടിലും
നിന്നുള്ളപാശങ്ങൾ കൊണ്ടുപോന്നാൽ
ചാരത്തെവീട്ടിലെ പാശങ്ങളെല്ലാമെ
ദൂരത്തെ വീട്ടിലെ പാശങ്ങളും
ഒന്നഞ്ഞൂറായിരം പാശങ്ങൾ കൊണ്ടന്നു
കന്നിച്ചു കൊണ്ടുടൻ കെട്ടീടിനാൾ.
കണ്ടുനിന്നീടുന്ന വങ്ങലും ചായലാർ
മിണ്ടുവാൻ വല്ലീല യാതുമപ്പോൾ.

ഊക്കുപൊഴിഞ്ഞൊരു വിസ്മയംപൂണ്ടിട്ടു
മൂക്കിന്മേല് കൈവച്ചു നോക്കിനിന്നാൾ;
ദൂരത്തുനിന്നുള്ള വല്ലവിമാരെയും
ചാരത്തു ചാലെ വിളിച്ചുകൊണ്ടു
കൎമ്മമായുള്ളൊരു പൈതലായ്യേവുമാ-
ബ്രഹ്മത്തിൻവൈഭവം കാട്ടിനിന്നാൾ:—
“ആച്ചിമാരേ നിങ്ങളാശ്ചൎയ്യംകാണ്മിനി-
ന്നീശ്വരനായോനോ യെന്മകൻതാൻ.
പാശങ്ങളെല്ലാമിമ്മേനിയോടേല്ക്കുംപോൾ
നാശമേ കാണുന്നു തെന്തിങ്ങിനെ”
എന്നങ്ങുചൊല്ലി നടുങ്ങിനിന്നിട്ടമ-
ന്നന്ദവിലാസിനിക്കേറ്റമപ്പോൾ
കൈയും തളൎന്നിതു കാലും തളൎന്നിതു
മെയ്യിലുമേറ്റം വിയൎത്തുപിന്നെ,
പാൎത്തലന്തന്നില് പതിച്ചുനിന്നീടിനാ-
ളാൎത്തിചീൎത്തേറ്റവും വീൎത്തുപിന്നെ.
മാതാവിനുണ്ടായ ദീനതകണ്ടിട്ടു
മാധവഞ്ചാലക്കനിഞ്ഞു[രത്തുനിന്നു]മെന്മേല്
കെട്ടുവാനായി വഴങ്ങിനിന്നീടിനാ-
നൊട്ടുപോതി[ട്ടുവളി]ങ്ങനെ നിന്നവാറെ
മാധവന്തന്നുടെ കാരുണ്യപൂരത്തിൻ
ഭാജനമായുള്ളോരമ്മയപ്പോൾ
മുമ്പിനാല്കൊണ്ടന്നപാശത്തെക്കൊണ്ടേയ-
ത്തൻപൈതല്തന്നെയും കെട്ടിനിന്നാൾ.
ഉണ്ണിക്കിടാവുമപ്പാഴരല് പൂണ്ടുനിന്നു-
ള്ളംകലങ്ങി[കുലുങ്ങ]ക്കരഞ്ഞു നിന്നാൻ
കണ്ടൊരുപിള്ളർ കളിക്കുന്നതുംകണ്ടു
കണ്ണുനീർ മെയ്യി ലൊഴുക്കിമെന്മേല്
മാതാവു താനും മറ്റുള്ളോരുമെല്ലാരും
മാഴ്കാതെപോയി മറഞ്ഞനേരം
കാട്ടുമരങ്ങളെനോക്കി നിന്നീടിനാൻ
വാട്ടമകന്നെഴും ബാലകന്താൻ
ദൂരവെകാണായി നീൎമരുതായുള്ള
ദാരുക്കൾരണ്ടു മിരട്ടയായി.
സൂക്ഷിച്ചുനോക്കിനിന്നുള്ളിലേനണ്ണിനാൻ
സാക്ഷിയായ്യേവുമിമ്മോക്ഷദന്താൻ.

കേവലം പോരുന്ന പാഴ്മരമല്ലിത-
ദ്ദേവർഷി തന്റെ യാജ്ഞയത്രേ.
വിത്തേശന്തന്റെ പുത്രന്മാരായ് പണ്ടു
മത്തന്മാരായുള്ള ഗുഹ്യകന്മാർ
മദ്യവും സേവിച്ചു മാനിനിമാരുമാ-
യുദ്യാനന്തന്നിൽ കളിച്ചുപിന്നെ
താമരപ്പൊയ്കയിൽ ചെന്നങ്ങിറങ്ങീട്ടു
* * * *
നാരദൻവന്നതു തെറ്റെന്നു കാണായി-
നാരിമാരെല്ലാരും നാണിച്ചപ്പോൾ
തീരത്തു വെച്ചുള്ള ചേലകളെല്ലാമെ
പാരാതെ ചെന്നങ്ങെടുത്തുടുത്താർ.
ഗുഹ്യകന്മാരവരവ്വണ്ണമേ നിന്നാർ
ധിക്കരിച്ചമ്മുനി മുമ്പിൽതന്നേ.
എന്നതുകണ്ടോരു നാരദൻനണ്ണിനാ-
"നിന്നിവർതന്നെ യടക്കണം ഞാൻ
നാളെയുമിങ്ങനെ യാചരിച്ചീടുംപോൽ
നാശമേവന്നീടും നാളിൽ നാളിൽ
ശാപത്തെക്കൊണ്ടു മദത്തെയടക്കിഞാ-
നാപത്തുമേലിൽ വരാതവണ്ണം."
എന്നങ്ങുനണ്ണിന നാരദൻചൊല്ലിനാ-
നന്നവർതൻമുഖം നോക്കിനേരെ
"പാപങ്ങളിങ്ങനെ ചെയ്കയാലിന്നിങ്ങൾ
പാഴ്മരമായ്പ്പോകയിന്നുതന്നേ;
നന്ദകുമാരകൻ വന്നുതൊടുന്നനാൾ
നന്നായിവന്നീടുകെ"ന്നും ചൊല്ലി
നാരദൻ പാരാതെ പോകത്തുടങ്ങിനാൻ
"നാരായണാ"യെന്നു പാടിപ്പാടി.
അങ്ങനെയുള്ള മരങ്ങളിന്നിങ്ങനെ
അങ്ങതുകാണായതെങ്കിലിപ്പോൾ
നാരദഞ്ചൊന്നതു പാരാതെഞാനിന്നു
കാരിയമാക്കണമെന്നു നണ്ണി
മെയ്യോടു ചേന്നൊരുപാഴരൽ തന്നെയും
മെല്ലെവലിച്ചു നടന്നാൻ കണ്ണൻ
പാഴ്മരം നിന്നതിഞ്ചാരത്തുചെന്നതിൻ
പാഴിലേറുണു [ചേന്നു] പുറപ്പെട്ടപ്പോൾ
പാഴരൽനേരേ വിലങ്ങിച്ചുപോകയാൽ

MUL
165392
165391
38320
O32:1xJ4
F51.3
UNIVERSITY LIBRARY
- 7 APR 1956

പാരംവലിച്ചു നടന്നാൻ കണ്ണൻ.
ഉണ്ണിക്കിടാവു വലിച്ചോരുനേരത്തു
തിണ്ണം കുലഞ്ഞു ഞെരിഞ്ഞുപിന്നെ
അമ്മരമൊന്നങ്ങു പൊട്ടിനോരൊച്ചകൊ-
ണ്ടംബരമെങ്ങും നിറഞ്ഞുനിന്നു,
ഭൂതലം തന്നില് പതിച്ചുതായന്നേരം
ചേതന വേറിട്ട ദേഹംപോലെ.
ദിവ്യജനങ്ങൾ മരങ്ങളില് നിന്നപ്പോൾ
ഹവ്യവാഹൻ പ്രഭയെന്നപോലെ
ഉൽഗമിച്ചീടിനാരൂനവും നീക്കിനി-
ന്നല്കതാൻപൂണ്ടു നിന്നൂഢമോദം.
കെട്ടുപെട്ടീടുമപ്പൈതലെക്കാൺകെയാ-
ലൊട്ടുപോല് നോക്കിനാർ സൂക്ഷ്മമായി
കന്മഷവൈരിയെക്കാൺകയാല് മാനസം
നിർമ്മലമായിട്ടു വന്നനേരം,
നാരദഞ്ചൊന്നൊരു ശാപവും മോക്ഷവും
മാനസം തന്നിലങ്ങാചിതപ്പോൾ.
മൂലോകനായകനായി നിന്നീടുന്ന
ബാലകന്താനിതെന്നുള്ളില് നണ്ണി
പുണ്യങ്ങൾചെയ്തുള്ള നാവുകൾകൊണ്ടവർ
കണ്ണനെത്തിണ്ണം പുകണ്ണുനിന്നാർ

* * * *

"പാലിച്ചുകൊള്ളേണം ഞങ്ങളെയെന്നുമേ
നീലക്കാർവർണ്ണരേ കൈത്തൊഴുന്നേൻ
നാരദൻതന്നുടെ ശാപവാക്കെങ്ങൾക്കു
നേരെമറിഞ്ഞിട്ടുവന്നുകൂടി;
അല്ലായ്കിലുണ്ടോയിന്നിന്നുടെ ചേവടി-
ത്തെല്ലിനേക്കൂപ്പുവാൻ കൈവരുന്നു"
ഇങ്ങിനെചൊന്നവർ വാഴ്ത്തിനനേരത്തു
മംഗലംപൊങ്ങുമമ്മാധവന്താൻ
മെല്ലവെചൊല്ലിനാനെങ്കിലൊ നിങ്ങളി-
ന്നല്ലലും തീർത്തുടൻ നല്ലരായി
താവകമായുള്ള ദേശത്തെ നോക്കീട്ടു
പോവതിന്നായിത്തുടങ്ങിനാലും."
എന്നതുകേട്ടുള്ള ഗുഹ്യകവീരന്മാർ
നന്ദകുമാരനെ വന്ദിച്ചപ്പോൾ
ഉത്തരയായുള്ള ദിക്കിനെനോക്കിനി-

ന്നത്തല്ലംനീക്കി നടന്നാർ ചെമ്മെ.
സ്വാവാസമായുള്ള മന്ദിരംതന്നില്പു-
ക്കാവോളം ഭോഗങ്ങളാണ്ടുമെന്മേല്
ബന്ധുക്കളായുള്ള ലോകരുമായിട്ടു
സന്തുഷ്ടരായി വസിച്ചാർപിന്നെ.

ദാരുണമേറിഞ്ഞുള്ളോരൊച്ചകളെല്ലാരും
ദാരുണമായിട്ടു കേട്ടവാറേ
പേടിച്ചിതെന്തെന്നു ചൊല്ലിയുഴന്നിട്ടു
പേപ്പെട്ടുനോക്കി നടന്നുടനെ
ശാഖികൾ വീണൊരു ഭൂതലം തന്നിലേ
ചാടിക്കൊണ്ടെല്ലാരും ചെന്നുപിന്നെ
"കാറേറ്റുംകൂടാതെ പാഴ്മരം വീഴുവാൻ
കാരണമെന്തെന്നു ചൊല്വിനിപ്പോൾ"
എന്നവർചൊന്നതു കേട്ടൊരുനേരത്തു
നിന്നൊരുപൈതങ്ങൾ ചൊന്നാരപ്പോൾ :—
"കാർമുകില്വർണ്ണനിക്കാനനംതന്നിലേ
പാഴ്മരംതമ്പാഴില് പൂകുന്നേരം
നേരെവിലങ്ങിയുരലിങ്ങു പോരാഞ്ഞു
പാരംവലിച്ചൊരു നേരത്തപ്പോൾ
എട്ടുദിക്കെങ്ങുമേ ഞെട്ടുമാറമ്മരം
പൊട്ടിനിലംതന്നില് വീണുചെമ്മെ
അമ്മരംതന്നില് നിന്നപ്പോളിരുവരെ
ചെമ്മെയെഴുന്നതു കണ്ടു ഞങ്ങൾ.
കണ്ണനുംതങ്ങളും കൂടിപ്പറഞ്ഞവർ
തിണ്ണംവിലങ്ങി നുറുങ്ങുനിന്നാർ.
നിങ്ങളിങ്ങെല്ലാരും വന്നൊരുനേരത്തു
തങ്ങളങ്ങെങ്ങാനും പോയ്മറഞ്ഞാർ."
ബാലന്മാരിങ്ങിനെ ചാലപ്പറഞ്ഞപ്പോൾ
ഗോപന്മാരാരും ചെവിക്കൊള്ളാഞ്ഞാർ
ബാലന്മാർചൊല്ലെല്ലാമുണ്മയായ്വന്നീടാ
ലീലയായ്പോമത്രേ യെന്നുനണ്ണി
ഈശനെന്നുള്ളോരു ബോധമില്ലായ്കയും
സംശയമായി ച്ചിലർക്കപിന്നെ,
"ഇങ്ങനെതന്നേ യിതല്ലയല്ലീചെമ്മെ"
എന്നവർചൊന്നതു കേട്ടുനേരം
മറ്റുള്ളഗോപന്മാ രിങ്ങനെചൊല്ലിനാർ :—

മുററുമിതിന്നു ചിരിക്കവേണ്ട.
ഭോഷത്വംനിങ്ങൾ പറഞ്ഞുതുടങ്ങിനാല്
ശേഷിച്ച ഞങ്ങളും [ച്ചോരെല്ലാരും] ഭോഷന്മാരാം.
'കാലിയുണ്ടങ്ങയില് പെററുകിടക്കുന്നു
നിലമുണ്ടായൊരു പാശം കൊണ്ടോ'
എന്നങ്ങു ചൊല്ലുന്ന വേലയ്ക്കോടൊക്കുമേ-
യിന്നിങ്ങൾ ചിന്തിച്ചുരച്ചതെല്ലാം,
പൈതങ്ങൾ ചൊന്നതു പട്ടാങ്ങായ്വരുമോ?
കൈതവമല്ലാതെയുണ്ടോ കാൺമൂ
മൂവാണ്ടുപൂവാത പൈതങ്ങൾക്കിങ്ങിനെ
ആവോരുവേലയെന്നുണ്ടോ തോന്നി?
ഇന്നതിൻകാരണം നന്ദകുമാരന-
ല്ലെന്നതുഞാന്തന്നെതീർത്തുകൊള്ളാം."
തങ്ങളിലിങ്ങിനെ ചൊല്ലിന ഗോപന്മാർ
തിങ്ങിനകൌതുകമാണ്ടു ചെമ്മെ
വേദനവേറിട്ടു വേഗത്തില്പോയങ്ങു
വേണുന്നവേലകൾ മേവിനിന്നാർ.
അമ്മതാനന്നേരം തന്മകന്തന്നെയും
ചെമ്മെയെടുത്തുകൊണ്ടങ്ങുപോവാൻ
ചാരത്തുനിന്നൊരു നേരത്തുചൊല്ലിനാൾ
നീലക്കാർവേണിമാരെല്ലാരോടും :—
"എന്മകൻതന്നെ കയർക്കുന്നോളല്ല ഞാൻ
എന്മകനിങ്ങിനെ തോഴിമാരെ
ഇന്നു ഞാനെൻമകൻതന്നെ കയർത്തതോ
നന്നായെനിക്കു ഫലിച്ചിതല്ലോ
ഇങ്ങനെയെന്മകന്തന്മേനി പുണ്മൻഞാ-
നങ്ങനെ ചെയ്മായാല് പോരുംശീലം.
ശീലമോനന്നല്ല ബാലകന്നുള്ള
മാലോകർ ചൊല്ലെല്ലാം ഞാൻ പൊറുപ്പൻ.
ഇങ്ങിനെയെന്മകൻതൻമുഖം കാണുംപോ-
ഴങ്ങിനെ തോഴികയ്പ്പു ചൊല് നീ"
ഇങ്ങിനെ ചൊന്നവർ തന്നുടെ പൈതലെ-
പ്പൊങ്ങിനോരാനന്ദം പൂണ്ടുപൂണ്ടു
മററുള്ളമാതരും താന്തമായങ്ങിനെ
തെററെന്നു ചെന്നു തൻവീടുപുക്കാൾ.
ഓമനപ്പൈതല് താനോരോരോ വേലകൾ
ളുമകലൻടൻ കാട്ടിക്കാട്ടി

ആനായനാരിമാർ മാനസംതന്നെയ-
ങ്ങാകുലമാക്കിനാൻ മെല്ലെമെല്ലെ.
അച്ഛനെപ്പോലെ യുടുക്കേണമെന്നിട്ടു
നല്ച്ചേലകൊണ്ടന്നുടുക്കും നന്നായ്.
മാനിച്ചുകൊണ്ടച്ഛൻ കുമ്പിടുംനേരത്ത-
ങ്ങാനകളിക്കും മുതുകിലേറി.
തേവാരിക്കേണമെന്നച്ഛായെനിക്കുനീ
പൂവെല്ലാംകൊണ്ടു തായെന്നുചൊല്ലും
അച്ഛനും താനുമായിച്ഛയിലങ്ങനെ
നിച്ചേലുംനിന്നു പടകളിക്കും.
"എൻകണി കാണേണമിന്നിങ്ങളിന്നെല്ലാരും"
എന്നങ്ങുചൊല്ലീട്ടു വീടുതോറും
കോഴികൾ കൂകുംപോൾ കോഴകൾ കൂടാതെ
ഗോവിന്ദൻ പാടിക്കൊണ്ടങ്ങുചെല്ലും
മാരിചൊരിയുന്ന നേരത്തുകോടിയില്
നേരേപോയ് നീരെല്ലാമേല്ക്കും മെയ്യില്
കൈയെപിടിപ്പാനായാരാനുംചെല്ലുംപോൾ
അയ്യോയെന്നിങ്ങനെ കൂട്ടും തിണ്ണം
അദ്ഭുതമായുള്ള പാവകളുണ്ടോരോ
ശില്പികൾകൊണ്ടു ക്കൊടുത്തതെപ്പൊഴും
വാഴപ്പഴങ്ങൾതാൻ തിന്നുന്നനേരത്തു
വായില്കൊടുക്കും മപ്പാവകൾക്കും.
അമ്മിഞ്ഞിനല്കമ്മെയെന്നങ്ങു ചൊല്ലിക്കൊ-
ണ്ടമ്മേടെ കൈയില് കൊടുക്കുംപിന്നെ
ചാലക്കിടന്നങ്ങുറങ്ങുന്നനേരത്തു
ചാരത്തുമെല്ലെ ക്കിടത്തിക്കൊള്ളും.
നന്മണികൊണ്ടു പടുത്തനിലംതന്നില്
ബിംബിതനായിട്ടു തന്നെക്കണ്ടാല്
അഞ്ചിതമായുള്ള പുഞ്ചിരിതൂകിട്ടു
ചെഞ്ചെമ്മെചാടും പിടിച്ചുകൊൾവാൻ.
രത്നങ്ങളായുള്ള കമ്പങ്ങൾതന്നിലു-
മാദ്ധ്യനായുള്ളൊരു തന്നെക്കണ്ടാല്
ഉണ്ണിയെപ്പൂണേണമെന്നിട്ടുകമ്പത്തെ-
ത്തിണ്ണംപിടിച്ചങ്ങു പൂണ്ടുകൊള്ളും.
കമ്പത്തിനുള്ളിലെ യുണ്ണിക്കിന്നമ്മെനീ-
യമ്മിഞ്ഞിനല്കേണമെന്നുചൊല്ലും.
വെണ്ണയും പാലും നല്വെല്ലവുമെല്ലാമെ

ഉണ്ണിക്കുനല്കേണമെന്നും പിന്നെ.
ഓടിക്കൊണ്ടാച്ചിമാരോരോ രോരോ വേലക്കു
പേടിച്ചുവീടരെ പ്പോകുന്നേരം
നെഞ്ചകമെല്ലാമെ വഞ്ചനംചെയ്യുന്ന
പുഞ്ചിരികിഞ്ചന തൂകിത്തൂകി
ദൂരത്തുനിന്നുടൻ വേഗത്തിൽ ചെന്നവർ
ചാരത്തുമെല്ലവെ നിന്നുകൊള്ളും.
കാമനപ്പുഞ്ചിരി കാണുന്നനേരത്തു
കാമിനിമാരാരും പോകവല്ലാർ.
തങ്ങൾതുടങ്ങിന വേലമറന്നുടൻ
മംഗലനായുള്ള പൈതല്തന്നെ
പുണ്ടുപുണ്ടിങ്ങനെ നിന്നുപോമെല്ലാരും
വേണ്ടുവോന്നാകയുണ്ടോർത്തുകണ്ടാല്.
ബാലികമാരായ നാരിമാരോരോ
ലീലകൾകണ്ടു മയങ്ങുന്നേരം
പൂവില്ലുകൊണ്ടവർ മേനിയില് മെല്ലവേ
പൂവില്ലവൻ ചെന്നു തൊട്ടുപോന്നാൻ
എന്നുപോലിന്നിവൻ യൌവനമാളുന്നു-
തെന്നൊരുചിന്ത തുടങ്ങീതപ്പോൾ.
കണ്ണിന്നു നല്ലൊരു പീയൂഷ വാരിയായ്
കണ്ണന്താനിങ്ങനെ മേവുംകാലം
വൃദ്ധരായുള്ളൊരു ഗോപന്മാരിങ്ങനെ
ഒത്തുനിന്നൊന്നു പറഞ്ഞാരപ്പോൾ:—
"വാട്ടംകളഞ്ഞുനാം കൂട്ടമായ്ക്കൂടീട്ടു
ഗോഷ്ഠത്തിൻകാരിയം ചിന്തിക്കേണം"
നന്ദൻതുടങ്ങിന ഗോപന്മാരിങ്ങനെ
ഒന്നൊത്തുനിന്നു പറഞ്ഞാരപ്പോൾ
"വാസത്തിനിന്നിലം നന്നല്ലപാർക്കുംപോൾ
ആപത്തെക്കാണുന്നു നാളില് നാളില്
പൂതനയെന്നൊരു ഭൈരവിവന്നിട്ടു
ചെയ്യുതൊ എല്ലാരും കണ്ടിതല്ലൊ.
കാററുതാൻ മേല്പോട്ടു നൂററില്കാലല്ലല്ലൊ
ത്തൂററിക്കളഞ്ഞതിപ്പൈതല്തന്നെ.
പാറമേല് വീണൊരു പൈതലെയോർക്കുംപോൾ
മാറുന്നതില്ലിന്നും കണ്ണുനീരോ.
ചാട്ടുതാൻവീണു തകർന്നൊരുനേരത്തു

ചാകാതെകൊണ്ടതൊന്നാമല്ലല്ലൊ.
നാരായണന്തന്റെ കാരുണ്യമില്ലാഞ്ഞില്
ആരിന്നിപ്പൈതലെക്കാപ്പോരയ്യൊ.
പാരിച്ചുനിന്നൊരു പാഴ്മരംവീഴുംപോൽ
പൈതല്തന്മേനിയില് കൊണ്ടീലല്ലൊ.
നല്ലൊരുനേരത്തിപ്പൈതല്പിറന്നതെ-
ന്നെല്ലാരും ചൊന്നതുപൊയ്യല്ലൊട്ടും
എന്നുംകേളിങ്ങനെ തിന്മവരായ്വാ-
നെന്തിനിനല്ലതെന്നോർക്കേണം നാം."
തന്ദന്തന്നാനനംതന്നില്നിന്നിങ്ങനെ
നന്മൊഴിതൂകിന നേരത്തപ്പോൾ
ബന്ധുവായുള്ളൊരു ഗോപാലൻ ചൊല്ലിനാൻ
ചിന്തിച്ചുനിന്നവരോടുനേരം
"കെല്പാർന്നുനിന്നുള്ളൊരുല്പാതമോരോന്ന-
ങ്ങിപ്പോലെവന്നതിൻ മുപ്പാടെനാം
വൃന്ദാവനന്തന്നില് നന്നായിപ്പൂകേണ-
മൊന്നിച്ചുപോക നാമിന്നുതന്നേ",
എന്നങ്ങുചൊന്നപ്പോൾ നിന്നൊരുഗോപന്മാർ
നന്നെന്നുചൊല്ലിനാരെല്ലാരുമേ.
ചാടെല്ലാം കൊണ്ടന്നു ചാരത്തുടൻപിന്നെ
ചാലമുറുക്കിച്ചമച്ചാരപ്പോൾ.
നീടുററബാലകന്മാരുമമ്മാതരും
ചാടില്കരേറിട്ടു പാഞ്ഞാർ പിന്നെ.
കന്നുകിടാങ്ങളും കാലികളുംതമ്മി-
ലൊന്നിച്ചുകൂടി നടത്തംകൊണ്ടു.
ചാപംതുടങ്ങിയുള്ളായുധമോരോന്നെ
ഗോപന്മാരെല്ലാരും കൈയിലാക്കി
സന്നദ്ധരായിട്ടു നിന്നുടനന്നേരം
മുന്നില്നടത്തം തുടങ്ങിനാരേ.
നീടുററ രോഹിണിതാനും യശോദയും
കേടററചാടില് കരേറിച്ചെമ്മെ
ഓലക്കമൊണ്ടുള്ള ബാലകന്മാരെയും
ചാലപ്പുണർന്നു വിളങ്ങിനിന്നാർ;
ചൊല്പെററു നിന്നുള്ള രത്നങ്ങൾ പൂണ്ടുള്ള
കല്പകവല്ലികളെന്നപോലെ.
"ചാടങ്ങുചാടുംപോൾ പേടിച്ചു നിന്നേതും
ചാപലം കാട്ടല്ലാ പൈതങ്ങളെ"

പൈതങ്ങളോടു പറഞ്ഞുനിന്നിങ്ങനെ
പൈതങ്ങളേതു മറിഞ്ഞീലൊട്ടും.
ഇങ്ങനെ പോയങ്ങു വൃന്ദാവനന്തന്നിൽ
ഭംഗിയിലെല്ലാരും ചെന്നുപുക്കാർ;
പുണ്യങ്ങൾചെയ്തുള്ള മാനവന്മാരെല്ലാം
വിണ്ണിലെചെന്നങ്ങു പൂകുംപോലെ.
ദീനന്മാരായുള്ളോരാനായന്മാരെല്ലാ-
മാനന്ദംപൂണ്ടങ്ങു പുക്കനേരം
സുന്ദരമായുള്ള മന്ദിരമോരോന്നേ
നന്നായി നിർമ്മിച്ചാരന്നുതന്നേ
നന്ദൻതുടങ്ങിന ഗോപന്മാരെല്ലാരും
മന്ദിരമോരോന്നിൽ ചെന്നുപുക്കാർ
സൂര്യൻതുടങ്ങിന നൽഗ്രഹമോരോരോ
രാശിയിൽചെന്നങ്ങു പൂകുംപോലെ.
കാർവ്വർണ്ണൻ താഞ്ചെന്നു പൂക്കൊരുനേരത്തു
കാനനമേറ്റം വിളങ്ങിനിന്നു
വാർതിങ്കൾചെന്നു വിളങ്ങിനനേരത്തു
കാർതങ്ങുമാകാശമെന്നപോലെ.
"അച്ഛയെനിക്കൊരു നൽക്കുഴലൂതുവാ-
നിച്ഛയുണ്ടേ"ന്നങ്ങു ചൊല്ലിപ്പിന്നെ
അച്ഛൻകൊടുത്തുള്ള നൽക്കുഴലൂതിനി-
ന്നിച്ഛയിൽമേവിനാൻ മെല്ലെമെല്ലെ.
പുഞ്ചിരിതൂകിയും കൊഞ്ചൽതുടങ്ങിയു-
മഞ്ചാറുമാസം കഴിഞ്ഞകാലം
കന്നുകൾമേച്ചു തുടങ്ങിനാൻ മെല്ലവെ
നന്ദതനൂജനും രാമന്താനും
ദൂരത്തുപോകാതെ ചാരത്തുനിന്നിട്ടു
നേരൊത്തപിള്ളരുമായിച്ചെമ്മെ.
വത്സങ്ങളോടു കലർന്നടൻകൊല്ലുവാൻ
വത്സനായ്വന്നൊരു ദാനവനെ
മത്സരമാണ്ടങ്ങു മൃത്യുപുരന്തന്നി-
ലുത്സവമാക്കിനാനൂക്കുകൊണ്ടേ.
കള്ളനായുള്ളൊരു മറ്റൊരു ദാനവൻ
പുള്ളായിവന്നിട്ടു നിന്നനേരം
തള്ളിയെഴുന്നൊരു കോപംകൊണ്ടങ്ങവൻ
തള്ളക്കകണ്ണുനീർ നൽകിനാൻ താൻ.
ഉഗ്രങ്ങളായുള്ള വ്യഗ്രങ്ങൾ തീർത്തു ത-

ന്നഗ്രജനോടു കലൻ ചെമ്മെ
ചാരത്തുനിന്നുടൻ കന്നുകൾ മേയ്പ്പാനായ്
ദൂരത്തു പോയി തുടങ്ങി പിന്നെ.
ആച്ചിമാരെല്ലാരും നല്കിന കാച്ചപാല്
പാച്ചോറുതന്നെയുമുണ്ടു പിന്നെ
ചെച്ചുതുടന്നുള്ള പിള്ളരുമായിട്ടു.
പാച്ചില് തുടങ്ങിനാർ കന്നിൻ പിമ്പെ.
കന്നുമേച്ചങ്ങനെ നിന്നുവിളങ്ങിന
നന്ദതനൂജന്താനന്നൊരുനാൾ
കാനനന്തന്നിലേ പോയിട്ടു വേണമെൻ
ഭോജനമിന്നെനിക്കെന്നുനണ്ണി
കാലത്തുണൎന്നുടൻ ബാലകന്മാരെയും
മേളത്തില് ചെന്നു വിളിച്ചുണൎത്തി
"കാനനന്തന്നില് ചെന്നാനന്ദമായ് നിന്നു
വേണമിന്നൂണെല്ലാ" മെന്നു ചൊല്ലി
താനങ്ങു തന്നുടെ കന്നുകൾ പിന്നാലെ
കാനനം നോക്കി നടന്നാൻ പിന്നെ.
എന്നതു കേട്ടൊരു ചങ്ങാതിമാരെല്ലാ-
മങ്ങിനെ വേണ്ടുന്നതെന്നും ചൊല്ലി
ഭോജനത്തിനുള്ള സാധനമോരോരോ
ഭാജനന്തന്നിലങ്ങാക്കിക്കൊണ്ടു
തന്നുടെ തന്നുടെ കന്നും തെളിച്ചതിൻ
പിന്നാലെ തങ്ങളും മെല്ലെമെല്ലെ
ചെന്നങ്ങു കണ്ണന്റെ കന്നിനോടെല്ലാരും
ഒന്നിച്ചു കൂട്ടിനാർ തങ്ങൾ കന്നും.
ബാലകന്മാൎക്കുള്ള ലീലകളെക്കൊണ്ടു
ചാലക്കളിച്ചു നടന്നാർ പിന്നെ:
കേകികൾ കൂകുമ്പോൾ കൂകിത്തുടങ്ങിനാർ
കോകിലം പാടുമ്പോൾ പാടിപ്പാടി
പക്ഷികൾ പാറുമ്പോൾ ഛായപിടിപ്പാനാ-
യൊക്കവെയെല്ലാരുമോടിയോടി.
അന്നങ്ങൾപോലെ നടന്നതിൻ പിന്നാലെ
അണ്ണറയെപ്പോലെ കരഞ്ഞുപിന്നെ
തന്നിഴല് തന്നോടും മാറ്റൊലി തന്നോടും
നിന്നു കളിക്കയും പേശുകയും
വാനരർ പാഞ്ഞു മരങ്ങളിലേറുമ്പോൾ

വാലെപ്പിടിച്ചു വലിക്കും പിന്നെ
പുണ്യങ്ങൾ ചെയ്യുള്ള പൈതങ്ങളിങ്ങനെ
കണ്ണനുമായി കളിക്കുന്നേരം
കംസൻെറ ചൊല്ലാലേ വന്നൊരു ദാനവൻ
ഹംസങ്ങൾ ചാരത്തു കാകൻപോലെ;
ക്ഷ്വേളംനിറഞ്ഞൊരു വ്യാളമായന്നേരം
നീളത്തില് മെല്ലെ കിടന്നുകൊണ്ടാൻ
ആയർകുമാരന്മാർ പായുന്നതിൻനേരെ
വായുംപിളർന്നു വഴിക്കുതന്നെ
ചേണാർന്നു നിന്നൊരു പാതാളമേയെന്നു
കാണുന്നോർക്കെല്ലാർക്കും തോന്നുംവണ്ണം.
ലീലകളോരോന്നേ ചാലക്കളിച്ചുള്ള
ബാലകന്മാരതു കണ്ടനേരം
പാതാളമേയെന്നു നിർണ്ണയിച്ചെല്ലാരും
പാഞ്ഞവൻവായിലേ ചെന്നുപുക്കാർ.
ആകാശംതന്നിലേ നിന്നുള്ള ദേവക-
ളാകുലന്മാരായി ചൊന്നാരപ്പോൾ
"കൈതവംപൂണ്ടൊരു ദൈതേയൻതാനെന്നി-
പ്പൈതങ്ങളാരുമറിഞ്ഞതില്ലേ.
കംസനനല്ലൊരു കാലമായ്‌വന്നുതേ
സംശയമില്ലേതും ചൊല്ലാംചെമ്മേ
മായയെന്നുള്ളതു നിർണ്ണയിച്ചില്ലല്ലീ
മാധവനെങ്ങോപോയ് നിന്നുകൊണ്ടു"
വിണ്ണവരിങ്ങനെ ചൊന്നൊരു നേരത്തു
കണ്ണനും ചെന്നങ്ങു മെല്ലെമെല്ലെ
പൂകത്തുടങ്ങിനാൻ ദാനവൻ വായിലെ
മേഘത്തിനുള്ളില് നല്തിങ്കൾപോലെ.
കണ്ണനുംചെന്നവൻ വായിലേ പൂകുംപോൾ
വിണ്ണവർതിണ്ണമരണ്ടുനിന്നു
"അയ്യോ" യെന്നിങ്ങിനെ പിന്നെയുംചൊല്ലിത്തൻ
കൈയും തിരുമ്മിയുഴന്നാർ ചെമ്മെ
ബാലകന്മാരെല്ലാം വായിലേചെന്നപ്പോൾ
ദാനവൻതന്നിലേ നണ്ണിനാൻതാൻ:—
"ഇന്നുഞാൻകണ്ടൊരു നല്ക്കണിതന്നെയു-
മെന്നുമേയിന്നു മകപ്പെടേണം.
ആയർകുമാരന്മാരോടു കലർന്നിവൻ
വായിലേവന്നിന്നു പൂക്കാനല്ലോ.

ആരെല്ലാമിന്നിവൻ തന്നെയങ്ങേത്തുവാ-
നാരാഞ്ഞുനില്ലാതെ യുള്ളതിപ്പോൾ
പൂതനമുമ്പായി വന്നുള്ളോരെല്ലാരും
ചേതനകൈവിട്ടു പോയാരല്ലോ.
എന്നോളം ധന്യരില്ലാരുമിന്നോർക്കുംപോ-
ളെൻവായിലെല്ലാതാൻ വന്നുപുക്ക.
സ്വാമിക്കവേണുന്നോരാരു മില്ലെന്നോളം
പാർമേലെന്നുള്ളതും വന്നുകൂടി.
ഞാനിന്നിക്കാര്യത്തെ സാധിച്ചുചെല്ലുംപോൾ
മാനിച്ചുചൊന്നതു നല്കുംനാഥൻ.
എന്തിന്നുനിന്നുള്ളില് വേണുന്നതെന്നുംപോൾ
എന്തൊന്നു ഞാൻ മുമ്പെ ചൊല്ലിക്കൊൾവൂ?
ആനതുടങ്ങിന വാഹനമൊന്നുമേ
വേണുന്നതില്ലേതും പാർത്തുകണ്ടാല്.
ശോഭനമായങ്ങു ശോഭിച്ചുപോരുന്നോ-
രാഭരണങ്ങളെനിക്കുണ്ടല്ലോ.
നാടങ്ങുവേണമെനിക്കെന്നു ചൊന്നാകില്
നാശമേയുൾവതു നാളില് നാളില്.
ആയന്മാർക്കെല്ലാർക്കും നായകനായ് നിന്നാല്
പേയില്ലയേതുമേയെന്നുതോന്നും.
പാല് വെണ്ണയുണ്ടു സുഖിച്ചുകൊള്ളാമല്ലോ.
പാർക്കുന്നനേരമിതൊന്നേ നല്ലൂ
എൻവായിലുള്ളോരു കന്നുകിടാങ്ങളെ
കൊല്ലാതെ കൊണ്ടാകില് നന്നായിതും
എന്നതിനേതുമുപായമില്ലോർക്കുംപോൾ.
കന്നുകളിന്നും മറവുണ്ടാമല്ലോ.
ഇന്നിവന്തന്നെ ഞാൻ തിന്നാതെയിങ്ങനെ
കൊന്നുകൊണ്ടെന്നുടെ നാഥൻമുമ്പില്
പ്രാഭൃതമായിട്ടു വെച്ചുകൊടുക്കിലെൻ
പ്രാഭവമേറവുമുണ്ടായിതും.
കൂടപ്പിറന്നോരു പൂതനതന്നെയും
കൂടപ്പിറന്നബകന്തന്നെയും
കൊന്നതങ്ങോർക്കുംപോളിന്നിവന്തന്നെ ഞാൻ
കൊന്നുമുടിക്കിലേ കോപംതീരൂ"
ഇങ്ങനെ ചിന്തിച്ചു ചിന്തിച്ചു തന്നിലേ
പൊങ്ങുന്നകോപത്തെ പ്പൂണ്ടുചെമ്മെ
വായങ്ങുമെല്ലെ മുറുക്കിത്തുടങ്ങുംപോ-

ളായർകുമാരകൻ മെല്ലെമെല്ലെ
കണ്ഠങ്ങിരിക്കവെ പൊങ്ങിത്തുടങ്ങിനാൻ
പണ്ടങ്ങു വാമനനെന്നപോലെ.
എന്നതു കണ്ടൊരു ദാനവനന്നേരം
നന്ദതനൂജനോടൊന്നു ചൊന്നാൻ:—
"മായനീയിങ്ങിനെയാമവാളം കാട്ടിനാല്
പോയിടാമെന്നു നിനക്കവേണ്ട.
മായകൊണ്ടിന്നെന്നെ വെല്ലുവോരില്ലാരും
പേയെല്ലാമേതുമേ കാട്ടവേണ്ട
എന്നുടെ ജീവനമിങ്ങിനെയുള്ളനാ-
ളെന്നുമേ നിന്നെയയക്കയില്ല
മുന്നന്നീ ഞങ്ങളെക്കൊന്നു നശിപ്പിച്ചാൻ
ഇന്നുനിനക്കുമകപ്പെട്ടുതായ്
എൻവായില്നിന്നുനീ ചാകയെന്നുള്ളതു
നിൻപാപമാക്കി ലിന്നാക്കൊഴിക്കാം"
പാപനായുള്ളൊരു ദാനവനിങ്ങനെ
കോപനനായി പ്പറഞ്ഞനേരം
ശ്വാസങ്ങളെല്ലാമടഞ്ഞുതുടങ്ങീത-
ക്കാസങ്ങളുംപോന്നു വന്നുതപ്പോൾ;
വാകൊണ്ടുമിണ്ടുവാൻ വല്ലാതെയായപ്പോൾ
വാല്കൊണ്ടു തല്ലിനാൻ ഭൂതലത്തില്.
കണ്ണനിലായിതേ കോപിച്ചുമാനസം
കണ്ണിണപാരം മിഴിച്ചുനിന്നു
ആർത്തങ്ങളായിട്ടു പ്രാണങ്ങൾ വീക്കംപോൽ
മൂർദ്ധാവുപെട്ടെന്നു പൊട്ടിച്ചെമ്മെ
കണ്ടൊരുവാതില് പുറപ്പെട്ടുജീവനും
മണ്ടിനടന്നു പുറത്തുമായി.
ആകാശന്തന്നിലേ കാണായിതന്നേരം
നാകികൾക്കെല്ലാർക്കും ദീപംപോലെ.
കണ്ണന്താനന്നേരം പീയൂഷമാണ്ടൊരു
കണ്ണിണകൊണ്ടങ്ങു നോക്കിച്ചെമ്മെ
ആലസ്യംതീർത്തതൻ ബാലകന്മാരുമായ്
കാലിക്കിടാങ്ങളുമായിച്ചെമ്മെ
വ്യാളത്തിൻവായില് നിന്നാടിപ്പുറപ്പെട്ടു
മേളത്തില്നിന്നു വിളങ്ങുന്നേരം
ആകാശന്തന്നിലെ കാണായിനിന്നൊരു

ആകാശമന്നേരം താണുവന്നു
കണ്ണുനാടൊന്നിച്ചു നന്നായിവന്നതേ
വിണ്ണവരെല്ലാരും കണ്ടിരിക്കെ.
എന്നതുകണ്ടൊരു വിണ്ണവരെല്ലാരും
നന്ദനംതന്നിലെ പൂക്കളെല്ലാം
നാരായണൻമെയ്യില് പാരാതെ തൂകിനാർ,
പാരംമുഴങ്ങിച്ചാർ ഭേരികളും.
ആമ്നായമോതിച്ചു നിന്നൊരു നാന്മുഖൻ
മെന്മേലെ ഭേരിയെക്കേട്ടനേരം
എന്തെന്നുചിന്തിച്ചു തന്നിലേനണ്ണിനാൻ
നന്ദതനൂജൻറെ ലീലയെന്നു.
ഓത്തുമുടിച്ചാത്തുപാക്കരുതാഞ്ഞുതാ-
നാസ്ഥാനംതന്നില് നിന്നോടിവന്നാൻ;
വാനവരെല്ലാരും ചൊന്നതുകേട്ടപ്പോ-
ളാനന്ദലീനനായ് നിന്നുചൊന്നാൻ :—
"ഇന്നിതുകണ്ടിട്ടു വിസ്മയിച്ചീടേണ്ട
വൃന്ദാരകന്മാരേ കേൾപ്പിൻ നിങ്ങൾ
നന്ദകുമാരനായ് നിന്നൊരിവൻതൻറെ
നല്ലൊരുപൂമേനിയെന്നപോലെ
പൊന്നുകൊണ്ടാകിലും മണ്ണുകൊണ്ടാകിലും
നന്നായി നിർമ്മിച്ച മെയ്യുണ്ടല്ലോ
എന്നതുതന്നെയു മുള്ളിലേ നണ്ണിനാ-
ലന്നേ വരുത്തീടാം മുക്തിതന്നെ.
ഇന്നിവന്താനല്ലോ ദാനവനുള്ളിലേ
നിന്നുവിളങ്ങിനതെന്തുപിന്നെ ?"
വാരിജസംഭവനിങ്ങനെ ചൊന്നതു
വാനവരെല്ലാരും കേൾക്കുംനേരം
വാരിജലോചനൻ കാളിന്ദിതന്നുടെ
തീരത്തുചെന്നുടൻ ചൊന്നാനപ്പോൾ :—
"ചങ്ങാതിമാരേയെൻ ചാരത്തുപോരുവിൻ
ചന്തത്തിലുണ്ണേണം നാമെല്ലാരും.
ഇന്നിലംകൈവിട്ടു പോകിലിന്നാമെല്ലാം
നന്നായിട്ടെങ്ങുമേ വന്നുകൂടാ.
നല്ലൊരു പുല്ലുള്ള ഭൂതലം തന്നിലേ
നന്നായി മേയട്ടെ കന്നുകളും"
എന്നതു കേട്ടൊരു ചങ്ങാതിമാരെല്ലാം

കന്നെല്ലാമൊന്നിച്ചു കൂട്ടിച്ചെമ്മെ
തണ്ണീരുംനല്കി നല് പുല്ലുള്ള ഭൂതലം
തന്നിലങ്ങാക്കിനാർ മേച്ചല്പ്പുവാൻ.
പാരിടെ തങ്ങളും നാരായണൻചൂഴം
പാരാതെ ചെന്നങ്ങിരുന്നാർ പിന്നെ
വാരിജന്തന്നുടെ കർണ്ണികതൻചൂഴം
നേരെ വിളങ്ങും ദലങ്ങൾപോലെ.
പാച്ചോറുതന്നെയുമെല്ലാരു മോരോരോ
പാത്രങ്ങൾ തന്നിലങ്ങാക്കിപ്പിന്നെ
തന്നുടെ തന്നുടെ കാഴ്ചറിയോരോന്നേ
മുന്നിലെടുത്തങ്ങു വെച്ചുകൊണ്ടാർ.
കാർമുകില്വർണ്ണനും ഭോജനം വെണ്ണുവാൻ
കാമിച്ചുനിന്നു മുതിന്നാനപ്പോൾ;
നാഭിക്കലാമ്മാറു കോലക്കുഴല് തന്നെ
ചൂരക്കോല് കൊമ്പെല്ലാം കൈയിടേകീ-
ഴ്പ്പാച്ചോറുതന്നെയുരുട്ടിച്ചമച്ചുതൻ
പാണിതലംതന്നിലാക്കിക്കൊണ്ടാൻ.
ഉണ്ണിവിരലുകൾ തന്നുള്ളിലാക്കിനാ-
നൂണിന്നുചേരുന്ന കാഴ്ചുകളെല്ലാം
ബാലകന്മാരുടെ ലീലകളോരോന്നേ
ചാലപ്പറഞ്ഞും ചിരിച്ചും തമ്മില്
ചോറങ്ങുവായിലിട്ടന്നൊരുനേരത്തു
പാരംചിരിപ്പിച്ചും പൈതങ്ങളെ.
കാർമുകില്വർണ്ണന്താനാമോദം പൂണ്ടു നല്
കാനനതന്നില് നിന്നുണ്ണുന്നേരം
ആകാശന്തന്നിലേ വാനവരെല്ലാരു-
മാമോദമോടങ്ങു നോക്കിനിന്നാർ.
വൃന്ദാരകന്മാർക്കു സുന്ദരമായൊരു
വൃന്ദാവനംതന്നില് വന്നു നിന്നു
നന്ദകുമാരന്റെ ലീലകൾ കാൺകയാല്
നന്ദന ലീലയും വേണ്ടീലപ്പോൾ.
നാളീകജന്മാവും നാരായണൻ തന്റെ
കേളികൾ പിന്നെയും കാണ്മതിന്നായ്
കുത്സിതമായൊന്നു വഞ്ചനമെങ്കിലും
വത്സങ്ങളെല്ലാമൊളിച്ചുവെച്ചാൻ.
ബാലന്മാരെല്ലാരുമുണ്ണുന്നനേരത്തു
കാലിക്കിടാങ്ങളെ കാണാഞ്ഞപ്പോൾ

പേടിപൂണ്ടെല്ലാരും തേടുവാനായിട്ടു-
ങ്ങോടിത്തുടങ്ങുവാനോങ്ങുന്നേരം
നീട്ടറ്റബാലകന്മാരോടു ചൊല്ലിനാൻ
കേടറ്റകേശവൻ പേടിപോവാൻ :—
"ഊണിന്നുവൈകല്യമേതുമേയാക്കൊല്ല
വേണുന്നതിന്നിന്നു ഞാനുണ്ടല്ലൊ.
കാട്ടിലകംപുക്കു കന്നുക്കിടാങ്ങളെ
ക്കൂട്ടമേ ഞാനോ മടക്കിക്കൊൾവൻ"
കൊണ്ടല്നേർവർണ്ണന്താനിങ്ങനെ ചൊന്നുടൻ
പിണ്ഡവും കൈയില് പിടിച്ചുകൊണ്ടു
മണ്ടിനാൻ കാനനമണ്ഡലം തന്നിലേ
തെണ്ടുവാൻ കന്നെല്ലാമിണ്ടല് നീക്കി.
ഭദ്രനായുള്ളൊരു നാൻമുഖനന്നേരം
ഛിദ്രമിയന്നുടൻ പോന്നുവന്നാൻ;
ആയർകുമാരകന്മാരെയും തന്നുടെ
മായയെക്കൊണ്ടു മറച്ചുവെച്ചാൻ.
നീലവലാഹക നേർ നിറമായുള്ളോൻ
നീളേനടന്നു നല്കാട്ടുതോറും.
കന്നുകളൊന്നുമേ കാണാഞ്ഞു പിന്നെയും
വന്നുടൻ നോക്കുംപോളിങ്ങുപിന്നെ
ബാലകന്മാരെയും കണ്ടതുമില്ലല്ലൊ :
കാലിക്കിടാങ്ങളെ കാണാഞ്ഞിട്ടും
ആരാഞ്ഞുപോയാരോയെന്നങ്ങുനണ്ണീട്ടു
പാരംവിളിച്ചു നടന്നാനെങ്ങും.
എന്നിട്ടുമെങ്ങുമേ കാണാഞ്ഞുതന്നിലെ
എന്തിതെന്നിങ്ങിനെ ചിന്തിച്ചുടൻ
ഉള്ളിലെക്കൺകൊണ്ടു നോക്കിനാനന്നേരം
ഉള്ളവണ്ണംതന്നേ കാണായപ്പോൾ
പുഞ്ചിരി തൂകിനാൻ നാൻമുഖൻ തന്നുടെ
വഞ്ചനലീലയെക്കണ്ടുപിന്നെ.
"വഞ്ചിതമായതു വഞ്ചനം ചെയ്കിലോ
വഞ്ചകനാമല്ലൊ ഞാനും ചെമ്മെ"
നെഞ്ചകം തന്നിലെയിങ്ങനെനണ്ണി നി-
ന്നഞ്ചനവർണ്ണന്താനെന്നേരം
അമ്മമാർക്കെല്ലാർക്കും മക്കളെക്കണ്ടിട്ടു
സമ്മോദമുള്ളിലങ്ങുണ്ടാവാനായ്
കാലിക്കിടാങ്ങളെത്താനങ്ങുനിർമ്മിച്ചാൻ

ബാലകന്മാരെയുമവ്വണ്ണമേ.
കാലിക്കിടാങ്ങളും പാലകന്മാരായ
ബാലകന്മാരുമാസ്സാലമുത്തതാൻ
അമ്പാടിതന്നിലകത്തങ്ങുപൂകുംപോൾ
അമ്മമാരെല്ലാരും തന്മക്കളെ
മാനിച്ചെട്ടത്തുടൻ നൻമുല നല്കിനാർ;
ധേനുക്കളും പിന്നെയവ്വണ്ണമേ.
സംശയമുണ്ടായീലാർക്കമേ പാർക്കുമ്പോൾ:—
കൌശലമുള്ളവനല്ലീവന്താൻ.
വത്സങ്ങളായുള്ള തങ്ങളുമിങ്ങനെ
വത്സന്മാരായോരും തന്നെക്കൊണ്ടു
പാലിച്ചുനിന്നു വനത്തിലുമങ്ങുമാ-
സ്സാലമങ്ങൊരാണ്ടു ചെന്നതായി.
ആണ്ടതിരണ്ടോരു നാൻമുഖനന്നേരം
കാണ്മാനായ്വന്നാനക്കാനനത്തില്.
കാലിക്കിടാങ്ങളും ബാലകന്മാരുമായ്
ചാലക്കളിക്കുന്നാൻ മുന്നെപ്പോലെ.
തന്നുടെമായയാല് വഞ്ചിതരായോരെ
അന്നിലന്തന്നിലെ നിന്നുകണ്ടാൻ.
പട്ടാങ്ങായുള്ളവരേവരെന്നിങ്ങനെ
ഒട്ടുപൊല് ചിന്തിച്ചു വട്ടംപോന്നാൻ.
എന്നതുകണ്ടോരു മാധവനന്നേരം
തന്നുടെമായയെ കാട്ടുംനേരം
ബാലകന്മാരുമക്കാലിക്കിടാങ്ങളും
നീലത്തെവെന്ന നിറംധരിച്ചാർ.
എന്തിതെന്നിങ്ങനെ ചിന്തിച്ചു നാന്മുഖൻ
അന്ധതപൂണ്ടങ്ങു നോക്കുന്നേരം
നന്നാലുബാഹുക്കളായിട്ടു കാണായി
നിന്നൊരു ബാലകന്മാരെയെല്ലാം;
ശംഖു തുടങ്ങിയുള്ളായുധമോരോന്നേ
നല്കരം തന്നില് ധരിച്ചു നന്നായ്.
ശ്രീഭൂമിമാരായി മേവുന്ന നാരിമാർ
ശൊഭകലർന്നുണ്ടു രണ്ടുപാടും.
മഞ്ഞൾപിഴിഞ്ഞൊരു കൂറധരിച്ചുണ്ടു
ശിഞ്ജിതമായുള്ള നൂപുരവും
അംഗദം കംകണം കാഞ്ചിതുടങ്ങിന
മംഗല ഭൂഷണമുണ്ടു മെയ്യില്.

കന്നുകിടാങ്ങളുമവ്വണ്ണമേയായി-
ത്തോന്നൊന്നേ നാൻമുഖൻ നോക്കുന്നേരം.
കാനനന്തന്നിലേ ദാരുക്കളോരോന്നെ
കാണായിതന്നേരമവ്വണ്ണമേ.
കണ്ണനായ് നിന്നതങ്ങാരെന്നു ചിന്തിച്ചു
തിണ്ണമുഴന്നങ്ങു നോക്കുന്നേരം
വിണ്ണവരെല്ലാരും നിന്നതു കാണായി
കണ്ണന്റെ കീർത്തിയെപ്പാടിപ്പാടി.
ആഴികളേഴുമെ കാണായിതന്നേര-
മേഴരണ്ടായുള്ള ലോകങ്ങളും.
പുണ്യങ്ങൾ ചെയ്യുള്ള ധന്യരെക്കാണായി
വിണ്ണിലേനിന്നു കളിക്കുന്നതും.
പാപങ്ങൾ ചെയ്യോരെത്താപത്തില് കാണായി
പാഥോജസംഭവനെന്നനേരം
ധന്യമായുള്ളോരു തന്നുടെ ലോകവും
തന്നെയും കാണായി മുന്നെപ്പോലെ.
കണ്ടോരുനേരത്തു തങ്ങളിലിങ്ങനെ
മിണ്ടുവാനേതുമേ വല്ലീലപ്പോൾ;
"സത്യമായുള്ളോരു ജ്ഞാനായ ദേവനെ"-
ന്നിത്തരം ചിന്തിച്ചുഴന്നു നിന്നാൻ.
ക്ഷീരാംബുരാശിയില് നേരേവിളങ്ങുന്ന
നാരായണന്തന്നെക്കാണായപ്പോൾ
അന്നവൻ തന്നുടെ നാഭിസരോജത്തില്
നിന്നൊരുതന്നെയും കണ്ടാൻ പിന്നെ.
നീയാരെന്നിങ്ങനെ ചോദിച്ചാനന്നേരം-
നേരായിനിന്നുള്ള നാൻമുഖന്താൻ
"സ്രഷ്ടാവു ഞാനെ"ന്നു ചൊല്ലിനാനന്നേരം
പട്ടാങ്ങായ് നിന്നുള്ള നാൻമുഖനും.
സ്രഷ്ടാവെന്നിങ്ങനെ ചൊന്നതു കേട്ടപ്പോൾ
ധൃഷ്ടനായ് നിന്നവൻ ചൊന്നാൻ പിന്നെ.
"സ്രഷ്ടാവായ് നിന്നതു ഞാനല്ലോ നീയല്ല
പൊട്ടാ നീ യെന്നോടു ചൊന്നതെന്തേ"
തങ്ങളിലിങ്ങനെ പേശുന്നനേരത്തു
തിങ്ങിനകോപമിയന്നുമുന്നില്
കൈടഭൻവന്നു കയർത്തു കാണായി
പേടിപൂണ്ടെന്നപ്പോളോടിനാൻതാൻ
കൈയുന്തിരുമ്മിത്തിരുമ്മി വിറച്ചുനി"ന്ന-

യ്യോ" യെന്നിങ്ങിനെ ചൊല്ലിച്ചൊല്ലി.
കൈടഭന്താനുമിന്നാൻമുഖമ്പിന്നാലെ
ഓടിത്തുടങ്ങിനാൻ പിന്നെപ്പിന്നെ.
കൂരിരുട്ടായൊരു മന്ദിരന്തന്നിലാ-
യാരുമൊരുത്തരും കൂടാതെ താൻ
വാതില്വുംകാണാതെ പാരമുഴന്നൊരു
ബാലകൻ ചെയ്യുന്ന വേലയെല്ലാം
കാട്ടിനാൻ നിന്നൊരു നാൻമുഖനന്നേരം
"ഗോഷ്ഠിയെന്നെല്ലാരും ചൊല്ലുന്നതും.
നാൻമുഖൻതന്നുടെ ദീനതകണ്ടപ്പോ-
ളാമ്നായമന്ദിരമായുള്ളോൻതാൻ
മാനമെഴുന്നതു പോയിതായെന്നിട്ടു
മായയെമെല്ലെ മറച്ചുവെച്ചാൻ.
ദുസ്ഥനായുള്ളൊരു നാൻമുഖനന്നേരം
സ്വസ്ഥനായ്നിന്നുടനൊന്നുവീർത്താൻ
ഗർഭത്തില്നിന്നു പുറത്തുപുറപ്പെട്ടോ-
രർഭകന്താൻ നിന്നു വീർക്കുംപോലെ.
ഭീതിതഴച്ചു നിന്നാശകളോരോന്നേ
ആതുരനായിട്ടു നോക്കുന്നേരം
സുന്ദരനായൊരു നന്ദകുമാരനെ
വൃന്ദാവനന്തന്നില് നിന്നുകണ്ടാൻ
മേഘങ്ങൾപോയാലങ്ങാകാശന്തന്നിലേ
മേവുന്നതിങ്കൾ താനെന്നപോലെ.
ചെമ്മെയണഞ്ഞു തുടങ്ങിനാനന്നേരം.
അമ്മയെക്കണ്ടുള്ള മക്കൾപോലെ
കൈകളെക്കൂപ്പീട്ടു ഭൂതലന്തന്നിലേ
കൈതവംകൈവിട്ടു വീണാൻപിന്നെ.
മൂർദ്ധാവുനാലുമപ്പാദങ്ങൾരണ്ടിലും
ചേർത്തുനിന്നീടിനാനൊട്ടുനേരം;
പാംസുക്കളേററിട്ടു ധൂസരമായുള്ള
പാദങ്ങൾരണ്ടു മങ്ങാദരവില്
ആനന്ദലോചന വാരികൊണ്ടന്നേരം
ക്ഷാളനം ചെയ്താനേ മെല്ലെമെല്ലെ.
മെല്ലെന്നെഴുനീററു കണ്ണുംതിരുമ്മീട്ടു
വല്ലവീവല്ലഭൻ മുന്നില്തന്നെ
കോൾമയിർക്കൊണ്ടുടനാനന്ദന്തന്നുടെ

കോമരമായിട്ടു നിന്നു പിന്നെ.
ഗൽഗദമായൊരു ഗീരുകൊണ്ടന്നേരം
ചിൽഘനനായോനെവാഴ്ത്തി നിന്നാൻ :—
"കാർമുകില് നേരൊത്ത കാന്തിയുമായ് നിന്നു
ത്തുമിന്നല് നേരൊത്ത ക്രൂറയുമായ്
പീലികൾകൊണ്ടും നന്മാലകളെക്കൊണ്ടും
ചാലനിറന്നോനേ കൈതൊഴുന്നേൻ
ഇക്കണ്ടരൂപത്തിൻ വൈഭവംവാഴ്ത്തുവാ-
നിക്കണ്ടോരാരുമില്ലെന്നുചൊല്ലാം
നിർഗ്ഗുണനായിട്ടു നിത്യനായ് നിന്നനിൻ
ചിദ്രൂപം പാർക്കിലിന്നാർക്കറിയാം.
ആദ്യന്ത ശൂന്യങ്ങളായുള്ള വേദങ്ങ-
ളാരാഞ്ഞു പോന്നിന്നും കണ്ടതില്ലെ.
മൂഢനായ് നിന്നൊരു ഞാനിന്നു തേടേണ്ട
ശുദ്ധനായ് നിന്നൊരു നിന്നെക്കാണ്മാൻ.
നിന്മായയോർക്കി ലിന്നാർക്കറിവാനാവൂ
ചിന്മയനായ് നിന്ന തമ്പുരാനെ.
പാരെല്ലാമീരേഴും നിങ്കലെഴുന്നിതും
പാരെല്ലാന്നിങ്കലടങ്ങുന്നിതും
പാവകജ്വാലകൾ പാരമെഴുന്നിട്ടു
പാവകന്തങ്കലടങ്ങുംപോലെ.
സൃഷ്ടിക്കു ഞാനിന്നു കർത്താവെന്നിങ്ങനെ
പൊട്ടരായുള്ളവർ ചൊല്ലുന്നതും.
എന്തുഞാനിന്നതിൻ കാരണമായ് നില്പാ-
നന്ധനായുള്ളോൻ പോലങ്ങെങ്ങാനും.
ശാസ്ത്രങ്ങളെല്ലാമേങ്ങോർത്തു ഞാൻ മെല്ലെന്നി-
ന്നോർത്തെല്ലാം ചിന്തിച്ചു പാർത്തു കണ്ടേൻ :
നീയായതിങ്ങനെ യെന്നുള്ളതെങ്ങുമേ
മായംകളഞ്ഞു ഞാൻകണ്ടതില്ലേ
ഇങ്ങനെയല്ലപോ ലിങ്ങിനെയല്ലപോ-
ലെന്നതേയെങ്ങുമേ കണ്ടുഞാനോ.
ഇങ്ങനെ നിന്നൊരു നിന്നെ ഞാൻ വെല്ലുവാ-
നിന്നുമതിന്നു തുനിഞ്ഞുചെമ്മെ
ഉദ്യാനംകൊണ്ടുനല് പ്രദ്യോതനന്തന്നെ
ഖദ്യോതംവെല്ലുവാ നെന്നപോലെ.
നീയായിനിന്നൊരു പീയൂഷവാരിയില്
നീളേവീമുങ്ങിനോരെങ്ങളാരും

വല്ലുന്നതില്ലൊരു തുള്ളിയെ വാഴ്ത്തോൾവാൻ
വല്ലാതതല്ലെനിക്കത്ഭുതംതാൻ :—
ദാഹത്തെപ്പോക്കുവാൻ താപത്തെത്തൂകുന്ന
മോഹമാം വാരിയില് ചാട്ടുന്നതും.
അങ്ങിനെ പോകതു നിന്നുടെവൈഭവ-
മെങ്ങുമേ കാണാമല്ലെന്നേവേണ്ടു.
നാഥനായ് നിന്നതും താതനായ് നിന്നതും
മാതാവായ് നിന്നതും നീയല്ലോതാൻ.
ഞങ്ങളിലുള്ളൊരു വമ്പിഴയെല്ലാമെ
ഇങ്ങനെ നിന്നുപൊറുക്കേയുള്ളു ;
ഗർഭസ്ഥനായുള്ള ബാലൻ ചവിട്ടിയാല്
നിർഭത്സിക്കുന്നോരോ മാതാക്കന്മാർ.
വിശ്വങ്ങളെല്ലാമേ നിന്നുടെയുള്ളിലും
നിശ്ശങ്കമായ് നിന്നു ചൊല്ലാമിപ്പോൾ.
വിശ്വത്തില് ഞാനുമൊന്നെന്നതു നിർണ്ണയം
നിശ്ചയമെൻപിഴ നീ പൊറുപ്പൂ.
നാൻമുഖനായ് നിന്നു നാട്ടുകളേഴിലും
മേന്മയെനിക്കേതും വേണ്ടതില്ലെ :—
ഉല്ലാസംപൂണ്ടൊരു വൃന്ദാവനംതന്നില്
പുല്ലായിമേവേണമെല്ലാനാളും ;
പല്ലവംപോലെ പതുത്തുള്ളനിമ്പാദം
മെല്ലവേനിന്നു ധരിക്കാമല്ലോ."
ഇത്തരമോരോന്ന ചൊല്ലിപ്പുകണ്ണിട്ടു
സത്വരം കുമ്പിട്ടു കൂപ്പിനിന്നാൻ.
ശങ്കിതനായൊരു പങ്കജജന്മാവു
തൻകഴല്പങ്കജം കൂപ്പുന്നേരം
നാലുമുഖങ്ങളുമൻപോടുനോക്കീട്ടു
നീലക്കാർവർണ്ണൻ ചിരിച്ചു ചൊന്നാൻ :—
"വൃദ്ധന്മാരായോർ കളിച്ചു തുടങ്ങുംപോൾ
മുഗ്ദ്ധരാം ഞങ്ങളിന്നെന്തുവേണ്ടു ?
ഇങ്ങനെ നിങ്ങൾ കളിച്ചു തുടങ്ങിനാ-
ലെങ്ങൾക്കോ സംകടമാകുമല്ലോ ?
നാട്ടാരെവീട്ടിലെ പൈതങ്ങളെക്കൊണ്ടു
കാട്ടിക്കൊടുപ്പൂ കേളെങ്ങിനെ ഞാൻ ?
കന്നുകളാലൊന്നു കണ്ടീലയെങ്കിലൊ
അന്നടേയുണ്ടല്ലോ തല്ലെനിക്കോ
തല്കൊണ്ടുനിന്നു ഞാൻ കേണതുകാണാമി—

ന്നെന്നല്ലീ ചിന്തിച്ചു വന്നതിപ്പോൾ ?
ഈശ്വരനോടു പിഴച്ചുതില്ലേതും ഞാ-
നാശ്രയമായതു മററൊന്നല്ല."
ശാസ്യനായുള്ള വിരിഞ്ചനോടിങ്ങിനെ
ഹാസ്യങ്ങളായുള്ള വാക്യങ്ങളെ
ചാലപ്പറഞ്ഞവൻ മോദത്തെയുണ്ടാക്കി-
ക്കാലത്തേപോകെന്നു ചൊന്നാൻപിന്നെ.
മേധാവിയായൊരു ധാതാവുതാനപ്പോൾ
മാധവൻതന്നുടെ പാദങ്ങളില്
മാനസംതന്നെയുറപ്പിച്ചുവെച്ചുനി-
ന്നാനന്ദംപൂണ്ടു നടന്നാൻ പിന്നെ.
വാരിജജന്മാവു പോയൊരു നേരത്തു
വാരിജലോചനൻ കന്നുകളെ
ചാലത്തെളിച്ചു നല് കാളിന്ദീതീരത്തു
ബാലകന്മാരുടെ മുന്നില് ചെന്നാൻ.
മായയില് മുങ്ങിന ബാലകന്മാരുമ-
ക്കാലം കഴിഞ്ഞതറിഞ്ഞതില്ലേ
"ദൂരത്തുപോയുള്ള കന്നും തെളിച്ചിങ്ങു
നേരത്തു വന്നതു നന്നെടാ നീ
നീയിങ്ങു കന്നുമാഴ്കുന്നതുപാർത്തിട്ടു
വായില് ചോറൊന്നുമിറക്കീലെങ്ങൾ"
ഇങ്ങനെ ചൊന്നൊരു ബാലകന്മാരുമായ്
ഭംഗിയില് നിന്നുടനുണ്ടുപിന്നെ
കന്നുംതെളിച്ചുതൻ ചങ്ങാതിമാരുമാ—
യ്മന്ദിരന്തന്നിലേ ചെന്നുപുക്കാൻ.

ഇതി വത്സസ്തേയകഥ സമാപ്തം.

# കാളിയമർദ്ദനം

ബാലകന്മാരുമായ്ക്കന്നുമേച്ചിങ്ങനെ
നാലഞ്ചുമാസം കഴിഞ്ഞകാലം
ഗോവിന്ദരാമന്മാർ ഗോക്കളെ മേച്ചങ്ങു
മേവിത്തുടങ്ങിനാർ മെല്ലെമെല്ലെ.
ഭൂമിക്കു ഭൂഷണമായി വിളങ്ങുന്നോ-
രോമനച്ചേവടി രണ്ടുകൊണ്ടും
കാനനംതന്നിലേ കല്ലിനും പുല്ലിനും
ആനന്ദമേറ്റം വളർത്തു നിന്നാൻ.
ബാലകന്മാരുടെ യാചനതന്നാലെ
താലവനംതന്നില് ചെന്നുപിന്നെ
രാസഭനായുള്ള ധേനുകനായൊരു
വാസവവൈരിയെ ക്കൊന്നുടനെ
താലഫലങ്ങളെ ബാലകന്മാർക്കുമ-
മ്മാലോകരെല്ലാർക്കുമാക്കിവെച്ചാൻ.
കാലിതെളിക്കുന്ന ബാലകന്മാരുമാ-
യാലയന്തന്നിലകത്തു പുക്കു
വല്ലവിമാരുടെ കണ്ണിനുമുള്ളിനും
ഉല്ലാസം നല്കിനാനല്ലല് നീക്കി.

കാലികൾ മേച്ചാനായ്ക്കാനനം പൂകിന
ബാലകന്മാരെല്ലാമന്നൊരുനാൾ
ആതപമേറമുള്ള താപംകൊണ്ടേറ്റവും
ദാഹിച്ചുചെന്നരല് കാളിന്ദിയില്.
കാളിയനായൊരു കാളഭുജംഗത്തിൻ
ക്ഷ്വേളമിയന്നൊരു വെള്ളന്തന്നെ
കോരിക്കുടിച്ചവർ ദാഹത്തെ തീർത്തുന-
ല്ക്കാനന കാന്തിയെ ക്കണ്ടുകണ്ടു
മെല്ലവേ വന്നിങ്ങു നിന്നൊരുനേരത്തു
വല്ലവീബാലകന്മാരെക്കണ്ടാൻ
ജീവനും കൂടാതെ കേവലം ഭൂമിയില്
പാവകൾപോലെ പതിച്ചതപ്പോൾ.
കണ്ടൊരുനേരത്തു കൊണ്ടല്നേർവർണ്ണന്താ-
നിണ്ടലായ് നിന്നു അരുങ്ങുനേരം

വാമമായുള്ളോരു ലോചനം കൊണ്ടുതൻ
ബാലകന്മാരെക്കുളുൎക്കനോക്കി
പീയൂഷംകൊണ്ടു തെളിച്ചു തെളിച്ചു നീ-
ന്നായാസംപോക്കിനാൻ മെല്ലെ മെല്ലെ-
ബാലകന്മാരുമക്കാലിക്കിടാങ്ങളും
ആലസ്യം നീക്കിയെഴുന്നനേരം
കാൎമ്മുകില് വൎണ്ണന്താനിങ്ങിനെചിന്തിച്ചാൻ
"കാളിയന്തന്നെ ഞാനിന്നുതന്നേ
കാളിന്ദിതന്നില് നിന്നാട്ടിക്കളയായ്കില്
നാളെയുമിങ്ങിനെ വന്നുകൂട്ടും"
എന്നങ്ങുണ്ണി നിന്നന്നേരം തന്നേയ-
ന്നിന്നൊരു നീലക്കടമ്പുതന്മേല്
പാഞ്ഞുകരേറിനാൻ പാവനമായുള്ള
പാദങ്ങൾകൊണ്ടു ചവിട്ടി ച്ചെമ്മെ
പാരിച്ചു ചാടിനാൻ ചാരത്തേ വാരിയില്
വേരററമേരുക്കുന്നെന്നപോലെ.
കാമിനിമാരോടു കൂടിക്കളിക്കുന്ന
കാളിയൻതാനും തൻപൈതങ്ങളും
പെട്ടെന്നു ഞെട്ടിനാരെന്തെന്നു ചിന്തിച്ചു
വട്ടത്തില് നിന്നങ്ങുഴന്നാർപിന്നെ.
ഘോരനായുള്ളൊരു കാളിയനന്നേരം
പാരിച്ചകോപത്തെ പൂണ്ടുചൊന്നാൻ :—
"ആരിന്നു വന്നതെന്നാലയന്തന്നിലേ
ധീരനാമസ്സുവലം ചാവതിന്നോ."
ഇങ്ങിനെ ചൊല്ലിത്തൻ മസ്തകമെല്ലാമേ
പൊങ്ങിച്ചു നിന്നങ്ങുനോക്കുംനേരം
ശ്വാസങ്ങളേററു തികന്നുതുടങ്ങിതേ
ചാരത്തുനിന്നുള്ള വെള്ളമെല്ലാം.
വാരിതന്മീതേനികന്നവൻ നോക്കുംപോൾ
ക്രൂരവേകാണായി കണ്ണന്താന്നെ.
മേളമെഴുന്നൊരു മേചകവാരിയില്
നീളവേനീന്തുന്നതെന്നനേരം
തിങ്കളെക്കൊണ്ടൊരു രാഹുവെപ്പോലെ താൻ
ശങ്കകളഞ്ഞങ്ങെടുത്തു പിന്നെ
അല്ലിത്താർ മാതുതൻ മല്ലക്കരം കൊണ്ടു
മെല്ലെത്തലോടുന്ന പാദങ്ങളില്

പാരിച്ച ദംശിച്ചാനങ്ങിനെയല്ലോതാൻ
പാപികളായോൎക്ക തോന്നി ഞായം.
എന്നതിനേതുമേ പീഡയെക്കാണാഞ്ഞു
മുന്നേതിലേററം കയൎത്തുപിന്നെ
മൎമ്മങ്ങൾ തോറും കടിച്ചുതുടങ്ങിനാൻ
നിൎമ്മലനായൊരു പൈതല് താന്ന.
ഇത്തരമോരോരൊ യുദ്ധങ്ങൾ ചെയ്തിട്ടു
മസ്തകംകൊണ്ടങ്ങടിച്ചുപിന്നെ.
പററാതകാന്തി കലൎന്നൊരു കണ്ണനെ
തെററെന്നുചുററിനാൻ മുററമുററെ.
കാളിയന്തന്നൊട്ടു നേരിട്ടകാൎവ്വൎണ്ണൻ
കാളിന്ദി തന്നില് കളിക്കുന്നേരം
നിച്ചലും ചെല്ലുന്ന നേരത്തു ചെല്ലാഞ്ഞി-
ട്ടച്ഛനുമമ്മയുമോൎത്തുനിന്നാർ.
"എന്മകനെന്തുപോല് വാരാഞ്ഞു തോഴിചൊ-
ല്ലിന്നലെയിന്നേരം വന്നാനല്ലൊ.
കാലികൾ കാണാഞ്ഞു കാട്ടില് നടക്കുംപോൾ
കാല് തന്നില് മുള്ളു തറച്ചല്ലല്ലി;
കായ്കളെക്കൊള്ളുവാൻ പാഴ്മരമേറീട്ടു
കാനനംതന്നിലേ വീണാനോതാൻ;
ചാലത്തടുത്തു തെളിക്കുന്നനേരത്തു
കാലികൾകുത്തിക്കതന്നില്ലല്ലീ.
കാനനംതന്നിലേ നല്വഴികാണാഞ്ഞു
ദീനനായ്നിന്നങ്ങുഴന്നാനോ താൻ.
സഞ്ചരിച്ചീടുംപോൾ വൻപുലിതന്നാലെ
വഞ്ചിതനായാനോ ചൊല്ലുതോഴി;
പിള്ളരുമായ്പ്പിടിച്ചുകളിക്കുംപോ-
ളല്ലലാൎന്നീണു കിടന്നാനോതാൻ;
ചോറെല്ലാമാറിച്ചമഞ്ഞു തുടങ്ങുന്നു
നീറുന്നെന്നുള്ളവും പിന്നെപ്പിന്നെ;
മക്കളെപ്പെററുള്ളോരമ്മമാൎക്കെന്നുമേ
ഉൾക്കാമ്പില് വേദനയെന്നിയില്ലേ;
പോരായിപ്പണ്ടു കഴിഞ്ഞൊരു ജന്മത്തില്
വൈരം കലൎന്നൊരു ലോകരെല്ലാം
മക്കളായ്വന്നു പിറന്നു ചമഞ്ഞിട്ടു
ദുഃഖമിയററുന്നതെന്നുവന്നു.
വാഴ്ത്തോട്ടുനിന്നൊരു കണ്ണനെ നണ്ണി ഞാൻ

രാപ്പകല്വേകുമാറായിതല്ലോ.
കാലിക്കഴുത്തിലെ നന്മണിയൊച്ചയും
ചാരത്തു കേൾക്കായിതില്ലയിന്നും.
പൂതനാതന്നുടെ തോഴിമാരാരാനും
ചേതനപോക്കിക്കളഞ്ഞാരോതാൻ
കാളിന്ദിതന്നില് കളിക്കുന്നനേരത്തു
കാളിയൻചെന്നു കടിച്ചാനോതാൻ";
എന്നങ്ങുചൊല്ലുംപൊഴംബരംതന്നില് നി-
"ന്നങ്ങനെ"യെന്നൊരു ചൊല്ലുണ്ടായി
എന്നതുകേട്ടുടനെല്ലാരും നോക്കുംപോൾ
ദുർന്നിമിത്തങ്ങളും കാണായ്വന്നു.
അച്ഛനുമമ്മയും മററുള്ളലോകരും
തെററന്നുചാടിനാർ കാട്ടുനോക്കി;
കാർവർണ്ണന്തന്നുടെ കാല്ചുവടാരാഞ്ഞു
കാനനംതന്നുടെ പാഞ്ഞുപാഞ്ഞാർ.
കാളിന്ദിതന്നുടെ ചാരത്തുചെല്ലുംപോൾ
കാണായി കേഴുന്ന ബാലന്മാരെ
"എന്മകനെങ്ങാനെ"ന്നിങ്ങിനെചോദിച്ചാ-
ളമ്മതാൻപൈതങ്ങളെല്ലാരോടും.
എന്നതു കേട്ടുള്ള ബാലന്മാരാരുമേ
ഏതുമേ മിണ്ടുവാൻവല്ലീലപ്പോൾ.
കേവലം കേണു തുടങ്ങിനാർപിന്നെയും
ആവതൊന്നേറേതു മില്ലയല്ലൊ.
നീളെവിളിക്കുന്നോരച്ഛനുമമ്മയും
കാളിന്ദിതന്നിലേ നോക്കും നേരം
കാളിയന്തന്നാലെ കെട്ടുപെട്ടുള്ളൊരു
കാർവർണ്ണന്തന്നെയും കാണായപ്പോൾ.
മണ്ടിനാരന്നേരം വെള്ളത്തില് തുള്ളുവാ-
നിണ്ടല്കൊണ്ടുള്ളകം മൂടുകയാല്.
പേടിയും വിട്ടങ്ങു രോഹിണീനന്ദന-
നോടിച്ചെന്നങ്ങു തടുത്താനപ്പോൾ
കേടററുനിന്നൊരു നന്മൊഴി കൊണ്ടവൻ
പേടിയുമൊട്ടു തളത്തുനിന്നാൻ.
കാളിയന്തന്നോടു കൂടിക്കളിക്കുന്ന
കാർവർണ്ണൻതിണ്ണമെഴുന്നു പിന്നെ
മസ്തകംതന്നില് ചവിട്ടിനിന്നന്നേരം
നൃത്തംതുടങ്ങിനാൻ മെല്ലമെല്ലെ.

വാനവരെല്ലാരും മാനിപ്പാനായിട്ടു
വാനത്തുവന്നു നിറഞ്ഞാരപ്പോൾ ;
വാദ്യങ്ങളെല്ലാമേ യൊക്കെമുഴക്കിച്ചി-
ട്ടാദ്യനായുള്ളോനെ വാഴ്ത്തിനിന്നാർ.
കാർവ്വർണ്ണന്തന്നുടെ കോമളപാദങ്ങൾ
കാളിയന്തന്മെയ്യിലേല്ക്കുന്നേരം
വമ്പുറരുന്നിന്നുള്ള വൻകുന്നു വന്നിട്ടു
തൻകലെവീഴുന്നുതെന്നുതോന്നി.
വീരനായുള്ളൊരു കാളിയൻവായിന്നു
ചോരചൊരിഞ്ഞു തുടങ്ങീതപ്പോൾ ;
ക്ഷീണനായ് നിന്നങ്ങു കേണുതുടങ്ങിനാൻ ;
പ്രാണങ്ങൾ പോമോളം വന്നുകൂടി.
വേദങ്ങളുള്ളിലെക്കാതലായ് നിന്നുള്ള
പാദങ്ങൾതങ്കലണ്ടേല്ക്കയാലെ
ദുർമ്മദംപോയങ്ങു നിർമ്മലനായ്വന്നു
കന്മഷം നീങ്ങിനാലെന്നു ഞായം.
ആരിതെന്നിങ്ങിനെ പാരാതെ ചിന്തിച്ചു
നാരായണന്താനെന്നുള്ളില് നണ്ണി
പാദങ്ങൾ കുമ്പിട്ടു ഖേദങ്ങൾ കൈവിട്ടു
പാലിച്ചുകൊള്ളേണമെന്നു ചൊന്നാൻ.
കാളിയന്തന്നുടെ കാമിനിമാരെല്ലാം
ബാലകന്മാരെയും കൊണ്ടുവന്നു
കേശവന്തന്നുടെ പാദങ്ങൾ കുമ്പിട്ടു
കേണുതുടങ്ങിനാർ വീണ്ടു ചെമ്മെ.
എന്നതു കണ്ടൊരു കാർവ്വർണ്ണൻ ചൊല്ലിനാ-
"നിന്നിലംകൈവിട്ടു പോകേണം നീ"
കാളിയന്താനു മക്കാർവ്വർണ്ണൻതന്നൊട്ടു
ലാളിച്ചുചൊല്ലിനാനെന്നനേരം :
"എങ്ങളെക്കാണുംപോൾ കൊന്നുടനന്നേരം
തിന്നുമുടിച്ചിടും വൈനതേയൻ
എന്നുള്ള പേടികൊണ്ടിന്നിലംതന്നിലേ
എങ്ങൾ വസിക്കുന്നു തമ്പുരാനേ
സൌഭരിയായൊരു മാമുനിതന്നുടെ
ശാപംകൊണ്ടിങ്ങവൻ വാരായിന്നും."
കാളിയ നിങ്ങിനെ ചൊന്നതു കേട്ടൊരു
കാർമുകില്വർണ്ണനും ചൊന്നാനപ്പോൾ :—

"എന്നുടെ പാദംകൊണ്ടങ്കിതനാം നിന്നെ
വന്നിനിത്തീണ്ടുമൊ വൈനതേയൻ
വൈരിയായുള്ളൊരു വൈനതേയന്തന്നെ
വൈകാതെചെന്നിന്നു കണ്ടാലും നീ.
എന്നതു കേട്ടൊരു പന്നഗവീരന്താൻ
നന്ദകുമാരനെക്കുമ്പിട്ടുടൻ
ഉത്തമമായുള്ള രത്നങ്ങളെക്കൊണ്ടും
മുത്തുകളെക്കൊണ്ടും പൂജിച്ചപ്പോൾ
മുഗ്ദ്ധവിലോചനന്തന്നെയും തന്നുടെ
മസ്തകംതന്നിലെടുത്തുമെല്ലെ
ദൂരത്തുനിന്നുടൻ ചാരത്തു ചെന്നിട്ടു
നേരത്തേ പോയാനക്കാളിയൻതാൻ.
കണ്ണുനീർ തൂകിനോരച്ഛനമ്മയും
കണ്ണന്താൻവന്നതു കണ്ടനേരം
കണ്ണുനീർ പിന്നെയും തൂകിത്തുടങ്ങിനാർ
കണ്ണനെക്കണ്ടുള്ള സന്തോഷത്താല്.
ഓടിയണഞ്ഞവർ പൂമേനി തന്നുടെ
കേടററമേനിയില് ചേർത്തുചെമ്മെ.
പൂണ്ടു തുടങ്ങിനാർ പിന്നേയും പിന്നേയും
നീണ്ടുള്ള വീർപ്പുകളാണ്ടുനിന്നു.
പല്ലവംപോലെ പതുത്തൊരു പൂമേനി
വല്ലവിമാരെല്ലാം കണ്ടുപിന്നെ
അല്ലലെ നീക്കിനാർ, തിങ്കളെപ്പൂണ്ടു നി-
ന്നല്ലിനെ രാത്രികൾ എന്നപോലെ.
ഒക്കവേ ചെന്നു തൻ ചങ്ങാതിമാരെല്ലാം
തിക്കിത്തുടങ്ങിനാർ പൂണ്ടുപൂണ്ടു.
കന്നുകിടാങ്ങളും നന്ദതനൂജനെ-
ച്ചുംബിച്ചുനിന്നു തുടങ്ങിതെല്ലാം.
വാരിയില്നിന്നങ്ങു വന്നൊരുകാർവ്വർണ്ണൻ
തീരത്തുനിന്നു വിളങ്ങുന്നേരം
വാരുററുനിന്നൊരു സാഗരവാരിയില്
നേരേപോയ് ചാടിനാൻ സൂര്യനപ്പോൾ.
കാളിന്ദിതന്നിലെ നീരെല്ലാം പൊങ്ങീട്ടു
നീളപ്പരന്നു ചമഞ്ഞപോലെ
പാരിച്ചുനിന്നൊരു കൂരിരുട്ടന്നേരം
പാരിടമെങ്ങും പരന്നുകൂടി.

പക്ഷികൾകൂട്ടിലടങ്ങീതായന്നേരം
ദുഷ്ടമൃഗങ്ങൾ നടത്തംകൊണ്ടു
ഗോകുലനാരികൾ കേഴാതെ നിന്നപ്പോൾ
കോകങ്ങൾ കേണു തുടങ്ങി ചെമ്മെ.
കൂമ്പിത്തുടങ്ങീതു ലോകർക്കു കണ്ണെല്ലാ-
മാമ്പലുമെങ്ങും വിരിഞ്ഞുകൂടി.
നാരികൾ നൻമുഖം നന്നായ്വിരിഞ്ഞപ്പോൾ
വാരിജംകൂമ്പിത്തുടങ്ങിതെങ്ങും.
മുത്തുകൾ പൂണ്ടൊരു കാർവ്വർണ്ണൻ മെയ്തന്നോ-
ടൊത്തുനില്ക്കേണം നാമെന്നപോലെ
താരങ്ങളായൊരു ഹാരങ്ങൾ പൂണ്ടിട്ടു
പാരം വിളങ്ങി വിയത്തുമപ്പോൾ.
രാത്രിയെക്കണ്ടൊരു ഗോപാലന്മാരെല്ലാം
"യാത്രക്കു കാലമല്ലെ"ന്നു ചൊല്ലി
കാളിന്ദിതന്നുടെ ചാരത്തു നിന്നൊരു
കാനനംതന്നി ലിരുന്നെല്ലാരും
പാഥോജലോചനൻ താനുമായോരോരോ
ഗാഥകളോതി നിന്നോട്ടുനേരം.
ഭദ്രന്മാരായുള്ള ഗോപാലന്മാരെല്ലാം
നിദ്രയെപ്പൂണ്ടങ്ങു നിന്നനേരം
മുററപ്പിടിച്ചൊരു കാട്ടുതീ കാണായി
ചുററുംവരുന്നതു പററിപ്പററി.
ബോധത്തെപ്പൂണ്ടുള്ള ഗോപന്മാരെല്ലാരും
ഭീതന്മാരായ്നിന്നു ചൊന്നാരപ്പോൾ :—
"കണ്ണാ നീ കാണല്ലോ കാട്ടുതീവന്നതു
വെണ്ണീറാല്ലോമിപ്പോൾ നാമെല്ലാരും."
ഇച്ചൊന്നവാക്കിനെ കേട്ടൊരു നേരത്തു
വിശ്വങ്ങളുള്ളില് ധരിച്ചവൻതാൻ
"ചിമ്മീടുവിൻനിങ്ങൾ കണ്ണുകളെല്ലാരും
ചെമ്മുവരു മെന്നാ"ലെന്നുചൊല്ലി
പാരം പരന്നൊരു പാവകന്തന്നെയ-
ന്നേരം വിഴുങ്ങിനാൻ വെണ്ണപോലെ
ആച്ചിമാരന്നന്നു കാഴ്ചയായ് നല്കിന
കാച്ചപാല്വെണ്ണ പചിപ്പാനായി
ജാഠരനാകിന പാവകനേതുമേ
പാടവംപോരാതനിക്കുതന്നെ

ഇന്നിവൻകൂടെത്തുണച്ചുകൊടുക്കേണ-
മെന്നങ്ങുനണ്ണിനാം നെന്നപോലെ.
ആപത്തുപോക്കിന ഗോപന്മാരെല്ലാരു-
മാബദ്ധമോദന്മാരായിപ്പിന്നെ
കാലംപുലർന്നു തുടങ്ങിനനേരത്തു
കാർവ്വർണ്ണനോടു കലർന്നുചെമ്മേ
ലീലകളോരോന്നേ ചാലപ്പറഞ്ഞുത-
ന്നാലയം പൂകിനാർ കാലിയുമായ്. 258

ഇതി കാളിയമർദ്ദനം.

# കംസ സൽഗതി

യാദവന്മാരുടെ ദീനത്തെപ്പോക്കുവാൻ
ജാതനായുള്ളോരു മാധവന്താൻ
മേളംകലർന്നുള്ള ഗോപാലന്മാരുമായ്
കാളിന്ദീതീരത്തു ചെന്നനേരം
സ്നാനത്തിന്നായിട്ടു ഗാന്ദിനിനന്ദനൻ
മാനിച്ചുചെന്നങ്ങിറങ്ങി തന്നില്-
മുങ്ങിനനേരത്തു ധന്യമായുള്ളോരു
തന്നുടെവൈഭവം കാട്ടിനാൻ താൻ
പാവനമായൊരു പാലാഴികാണായി
പാരാതെതന്നി ലനന്തനെയും
തന്മേല് വിളങ്ങുന്ന ദേവനെത്തന്നെയും
ചിന്മയിയാകിയ ദേവിയെയും
കണ്ടൊരുനേരത്തു ഗാന്ദിനിനന്ദന-
നിണ്ടല് കളഞ്ഞു പുകണ്ണുപിന്നെ
തീരത്തുനിന്നോരു കാർവ്വർണ്ണന്തന്നെയും
ചാരത്തുചെന്നുടൻ കൂപ്പിനിന്നാൻ
"അത്ഭുതമേതാനും കണ്ടുകണക്കെനി-
ന്നക്ഷികൾ തോന്നുന്നു നോക്കുന്നേരം
എന്തെ"ന്നു ചോദിച്ചു പുഞ്ചിരിതൂകിന
പങ്കജലോചനനോടും കൂടി

പാരാതെപോയങ്ങു യാദവന്മാരുടെ
പൂരിതലചെന്നിട്ടു പൂകന്നേരം
ചൂട്ടുപൊഴിഞ്ഞൊരു സൂൎയ്യനുമൊട്ടൊട്ടു
വാടിത്തുടങ്ങിനാൻ കാണക്കാണെ.
അക്രൂരന്താനന്നു സൽകരിച്ചീടിനാൻ
"മൽഗൃഹന്തന്നിലെ പോകയെന്നു"
കാൎവ്വൎണ്ണൻചൊല്ലിനാ നെന്നതുകേട്ടപ്പോൾ
കാരുണ്യന്തോഞ്ഞൊരു വാക്കുകൊണ്ടേ
"കംസന്നുവേണുന്ന കാൎയ്യങ്ങൾസാധിച്ചേ
സംസാരംമറ്റുള്ള തെല്ലാമാവൂ
പിന്നെഞാൻവന്നു വിരുന്നുമുണ്ടീട്ടുവൻ
നിൎണ്ണയമെന്നതു തേറിനാലും".
എന്നതുകേട്ടൊരു ഗാന്ദിനിനന്ദനൻ
മന്ദിച്ചുമന്ദിച്ചു പോയിപ്പോയി
കംസനെക്കണ്ടിട്ടു സംസാരമെല്ലാമെ
ശംസിച്ചുവൈകാത വണ്ണംപോയാൻ.
നന്ദജനന്നേരം ബാലകന്മാരുമാ-
യ്മന്ദിരംതന്നുടെ ശോഭ കാണ്മാൻ
ചിത്രങ്ങളായുള്ള വസ്തുക്കളോരോന്നേ
നല്‌തെരുവൂടെ പോസ്സൂണന്നേരം
ചേലകളെല്ലാമെ ചാലെവെളുപ്പിച്ചു
മേളമിയറ്റുന്ന ദാസനന്നപ്പോൾ
മന്നവന്തന്നുടെ ചേലയുമായിട്ടു
മുന്നില്‌വരുന്നതു കണ്ടനേരം
ഈശനായുള്ളൊരു കേശവൻതാൻ ചെന്നു
യാചനമായിട്ടു ചൊന്നാനപ്പോൾ
നല്‌ചേല നല്‌കേണ മെങ്ങൾക്കു നീയിപ്പോ-
ളിച്ഛയുണ്ടാകുന്നു കാണുന്തോറും
കഞ്ചനചേല വെളുപ്പിക്കും ദാസനും
ചെഞ്ഞെമ്മെ ചൊല്ലിനാ നെന്നനേരം :—
"രാജാവുചാൎത്തുന്ന ചേലകൾകോലുകെ-
.നായന്മാരാമീയാൾക്കു ഞായമില്ല.
ബാലന്മാർചൊല്ലുന്ന വാൎത്തയെന്നോൎത്തു ഞാൻ
ചാലപ്പൊറുക്കുന്ന നെന്നിങ്ങിനെ"
കേട്ടൊരുനേരത്തു കേശവൻ ചൊല്ലിനാൻ
വാട്ടമകന്നൊരു വാൎത്തയപ്പോൾ
"രാജാവിൻചേലക ളായന്മാർകോലുക

ആചാരമല്ലെന്മാനെന്നുമൂലം
നിങ്ങൾക്കു രാജാവു കഞ്ചന്താനെംകിലൊ
ഞങ്ങൾക്കുരാജാവു ഞങ്ങൾ തങ്ങൾ."
ഇങ്ങനെചൊന്നതു കേട്ടവൻ ചൊല്ലിനാൻ
പൊങ്ങിവരുന്നൊരു കോപത്താലെ :—
"എന്തെന്തു ചൊല്ലിനാ നന്ദനായുള്ളോവെ
അന്തകൻ വീട്ടിനു പോകുന്നായോ
ഇത്തരമായുള്ള ചേലകളൊപണ്ടു
നിത്യമുടുപ്പിതു നിങ്ങളെല്ലാം
കാലികൾമേപ്പാനാ സ്സാട്ടിലകംപുക്കു
ധൂളിയും പൂണ്ടു നടക്കുന്നേരം.
മന്നവർ വേണുന്ന വേലകളെല്ലാമി-
കന്നുകൾമേയ്ക്കുന്ന പിള്ളക്കായി
മന്നവരെല്ലാരും കാനനംപൂകീട്ടു
കന്നുകൾമേയ്ക്കി നിയെന്നേവേണ്ടു
മന്നവൻതന്നുടെ മന്ദിരമെന്നതു
നിന്നുള്ളിലുണ്ടായതില്ലയോചൊല്
ആവതല്ലാത്തതു നീ പറഞ്ഞീടിനാല്
നാവരിഞ്ഞീട്ടുവൻ തേറിനാലും."
ഇങ്ങനെചൊന്നവൻ നിന്നൊരുനേരത്തു
നന്ദതനൂജനണഞ്ഞുചെമ്മെ
കൈത്തലംകൊണ്ടവൻ നല്ചെവിചാരത്തു
സൽകരിച്ചീടിനാ നൊന്നുമെല്ലെ.
സൽകാരമേററൊരു രുക്ഷ്മനുപിന്നെയ-
സ്സൽകാരംവേണ്ടാതെയായിക്കൂടി.
കോമളല്ലയിന്നിവൻ സൽകരിച്ചീടിനാല്
പോകയില്ലെന്നതു നിർണ്ണയംതാൻ.
നന്ദജന്തന്നാലെ സൽകൃതനായവ-
നന്തകൻവീടല്ലൊ പുക്കതപ്പോൾ.
യാദവനന്ദനനായുള്ള ദേവന്താ-
നാദരവോടു മതിൻപിന്നെ
ചേലകൾ നല്ലവവാരിയെടുത്തുടൻ
ബാലകന്മാക്കെല്ലാം നല്കിനല്കി
ജ്യേഷ്ഠനും താനും നല്ചേലയുംപൂണ്ടിട്ടു
വാട്ടംവരാതെ നടന്നുപിന്നെ
സൌചികന്തന്നുടെ ചാരത്തുചെന്നപ്പോൾ
സംശയംകൂടാതെ സൌചികന്താൻ

വിശ്വത്തിൻ കാരണമായി വിളങ്ങുന്ന
വിഷ്ണുവെന്നുള്ളൊരു ബോധത്താലെ
ഉഷ്ണീഷംമുമ്പായ ഭൂഷണമോരോന്നെ
വൃഷ്ണികൾ നാഥനു നല്കിനിന്നാൻ.
പ്രീതിയായുള്ളൊരു വല്ലരിതന്നുടെ
നൂതനമായൊരു പൂവായിട്ടു
പാരാതെതന്നുടെ സാരൂപ്യന്തന്നെയും
നാരായണന്താനും നല്കിനിന്നാൻ.
മാലകൾനിർമ്മിച്ചു പോരുന്നോൻതന്നുടെ-
യാലയംതന്നിലും ചെന്നുപുക്കാൻ.
മാലകൾകൊണ്ടു നല്പ്പൂവുകൾ കൊണ്ടുമായ്
ചാലവിളങ്ങിനാ രെല്ലാരുമേ.
ഇച്ഛിച്ചനല്വരം നല്കിനാനങ്ങവ-
നച്യുതന്താനന്തന്നിച്ഛയാലെ.
പിന്നെയുമെല്ലാരും നല്വഴിതന്നുടെ
മുന്നമെപ്പോലെ നടന്നനേരം
അബ്ജത്തെ വെന്നുള്ളൊരാനനമാണ്ടൊരു
കുബ്ജവരുന്നതു കാണായപ്പോൾ
ചന്ദനം കുങ്കുമം കസ്തൂരിയെന്നെല്ലാ-
മൊന്നിച്ചുനന്നായരച്ചു പിന്നെ
നൂതനമായൊരു ഭാജനംതന്നിലി-
ട്ടാദരവോടു നടന്നുചെമ്മെ.
എന്നതുകണ്ടൊരു നന്ദകുമാരകൻ
ചെന്നവൾചാരത്തു ചോദിച്ചാൻതാൻ
"സുന്ദരിമാരുടെ മൌലിയായുള്ളനിൻ
മന്ദിരംചാരത്തോ ദൂരത്തോ ചൊല്
എങ്ങുന്നുവന്നു നീ യെങ്ങിനിപ്പോകുന്നു
എങ്ങൾതൻ ചാരത്തു വന്നതെന്തേ
നീയാരെന്നുള്ളതു പാരാതെചൊല്ലേണം
നീലവിലോചനേ നമ്മോടിപ്പോൾ
കുങ്കുമച്ചാറുതൻ നന്മണം കേട്ടിട്ടു
വൻകൊതികൊള്ളുന്നിതെങ്ങളുള്ളില്
എങ്ങൾക്കുമപ്പൂച്ചുവാൻ നല്കേണം നീ യിപ്പോൾ
മങ്കമാർമൌലികേ ശങ്കിയാതെ"
അബ്ജവിലോചന നിങ്ങിനെ ചൊന്നപ്പോൾ
കുബ്ജയാംനാരിയും ചൊന്നാൾപിന്നെ :—

"വീരനായുള്ളോരു കംസനുചേരുന്ന
സൈരന്ധ്രിയായൊരു ദാസി ഞാനോ.
എൻവീട്ടില്നിന്നു വരുന്നതുമങ്ങവ-
ന്നൻവീട്ടില് ഞാനിനിപ്പോകുന്നതും.
എന്നോടുചോദിച്ചതെല്ലാമെ ഞാനുമി-
ന്നിന്നോടു ചോദിക്കുന്നുണ്ടു ചെമ്മെ.
കാമനെന്നെല്ലാരുന്നിന്നെയോ ചൊല്ലുന്നു
കാന്തിയെക്കൊണ്ടുംപോ ളെന്നുതോന്നും
പൂവില്ലായ് നിന്നതിച്ചില്ലിയോ ചൊല്ലുനിൻ
പൂവമ്പായ് നിന്നോന്നു കൺമുനയോ."
ഇങ്ങനെചൊന്നവൾ തൻകൈയില് നിന്നൊരു
കുങ്കുമപൂർണ്ണമാം ഭാജനത്തെ
നന്ദജൻകൈയിലെ നല്കിനാളന്നേരം
നന്മവരുംകാല മെന്നുഞായം.
ആദരവോടതു വാങ്ങിനനന്ദജൻ
സോദരനായി ക്കൊടുത്തുപിന്നെ
തന്നുടെമെയ്യിലും നന്നായിപ്പൂശിനാൻ
ധന്യമായ്നിന്നുള്ളോ രംഗരാഗം.
സന്തോഷം പൂണ്ടൊരു നന്ദജനന്നേരം
ചിന്തിച്ചു തന്നിലെ നിന്നു പിന്നെ
"ഞാൻ കനിഞ്ഞീടുംപോൾ മാൻകണ്ണിതന്നുടെ
കൂൻകളഞ്ഞീടേണ" മെന്നുനണ്ണി
കാല്വിരല്കൊണ്ടവൾ കാന്മേലങ്ങൂന്നിച്ചു
കൈവിരല്രണ്ടു മുയർത്തിപ്പിന്നെ
ആനനംതൻകീഴ മൂന്നിച്ചു പൊങ്ങിച്ചാൻ
മാനിനി തന്നുടെ മേനിചെമ്മെ.
കീഴ്പ്പോട്ടുപോയൊരു നാരിതാനന്നേരം
മേല്പ്പെട്ടു വായ്പ്പോടു പൊങ്ങിനിന്നാൾ
കണ്ണനെത്തീണ്ടിന പുണ്യംകൊണ്ടന്നേരം
വിണ്ണില് കരേറുവാ നെന്നപോലെ;
പങ്കജലോചനൻ തൊട്ടുള്ളോരെല്ലാരു-
മങ്ങനെയല്ലൊതാൻ വന്നുഞായം.
ചാലനിവന്നൊരു മെയ്യുമായന്നേരം
മാലയവാണി വിളങ്ങിനിന്നാൾ-
മാച്ചേറിപ്പോയൊരു നല്പ്പൊന്നുനന്നായി
കാച്ചിനാലെങ്ങനെ വന്നുഞായം.
മംഗലനായൊരു കണ്ണനെന്തൊട്ടന്നേരം

അങ്ങനെ ചൊല്ലുന്നാളംഗനയും·
സുന്ദരിയായൊരു നാരിയെക്കണ്ടപ്പോൾ
സുന്ദരനാകിയ കന്ദൎപ്പൻതാൻ
ചെല്ലത്തുടങ്ങിനാൻ മെല്ലെമെല്ലെല്ലാരും
നല്ലതുകാണുംപോ ളെന്നുണ്ടായം·
മാനിനിതന്നുടെ മേനിനിഛിന്നപ്പോൾ
മാരനുവില്ലു കുലഞ്ഞുചെമ്മെ
ബാണങ്ങൾകൊണ്ടവനെയ്യൊരുനേരത്തു-
മാനിനിതന്നുടെ കൺമുനകൾ
ആനായനാരിമാർ പൂണുന്ന കണ്ണന്ത-
ന്നാനനംതന്നില് തറച്ചതിണ്ണം·
മാനിനിതന്നുടെ മാനസംതന്നിലെ
ദീനതപൊങ്ങി ത്തുടങ്ങിതപ്പോൾ
കാൎവ്വണ്ണൻതന്നുടെ യാനനം തന്നിലെ
ത്തുവിയൎപ്പേല്ക്കയാ ലെന്നപോലെ
മാരമാലാണ്ടൊരു മാനിനിതൻകണ്ണില്
നീരുപൊഴിഞ്ഞുതുടങ്ങിതപ്പോൾ
കാൎവ്വണ്ണൻതന്നുടെ കാന്തിയായുള്ളൊരു
തൂവെള്ളമുള്ളില് പ്പരന്നപോലെ
രോമങ്ങളുടെയമ്മാനിനി തന്മെയ്യില്
സോപലങ്ങളായി പ്പരന്നിതെങ്ങും·
വല്ലവി വല്ലഭന്തന്നുടെ കണ്ണിണ
വെല്ലേണമിന്നു നാമെന്നപോലെ
ചെല്കണ്ണിതന്നുടെ വീക്ഷണവീച്ചികൾ
ദീൎഘങ്ങളായ്വന്നു പാൎക്കംതോറും.
പോക്കതുനിഞ്ഞൊരു മാരന്തന്നംപിന്നു
ലാക്കായിവന്നൊരു ചെല്കണ്ണിതാൻ
ഉള്ളംമയങ്ങി നിന്നൂന്നിച്ചു ചൊല്ലിനാൾ
കള്ളംകളഞ്ഞുടൻ കണ്ണനോടായ് :—
"നിന്നെപ്പിരിഞ്ഞിട്ടു പോവതിന്നെന്നുമെ
വല്ലുന്നതില്ലതുഞ്ഞൊല്ലാഞ്ഞെമ്മെ
സുന്ദരനായുള്ള നീയിന്നു നമ്മുടെ
മന്ദിരംതന്നിലെ പോരവേണം
ഉന്മദനായൊരു മന്മഥൻ ധീരനായ്
നിൻമൂലമെന്നെപ്പൊരുന്നു പാരം"
എന്നവൾചൊന്നതു കേട്ടങ്ങുനിന്നൊരു
നന്ദതനൂജനും ചൊന്നാനപ്പോൾ।

"ആയന്മാർ ഞങ്ങൾ നല് കാഴ്ച്ചയുമായിട്ടു
രാജാവെക്കാണ്മാനായുന്നതിപ്പോൾ
മുമ്പിലേനിന്നുടെ മന്ദിരംപൂകിലോ
വമ്പിഴയാമല്ലൊ ഞങ്ങൾക്കെല്ലാം
രാജാവെക്കണ്ടിട്ടു കാഴ്ച്ചയും നല്കിനാല്
പാരാതെവന്നുണ്ടു നിൻവീട്ടിലും
നേരത്രേ നിന്നോടു ചൊന്നതു ഞാനെന്നു
നാരിമാർ നായികേ തേറിനാലും."
ഇങ്ങനെ ചൊന്നുടൻ മംഗലമായുള്ളൊ-
രംഗനതന്നെ യയച്ചുപിന്നെ
ചാപത്തെപ്പൂജിക്കും മന്ദിരമേതെന്നു
ചോദിച്ചുനിന്നതു കണ്ടനേരം
ധൃഷ്ടനായ് നിന്നുടൻ പൊട്ടെന്നകംപുക്കു
ദുഷ്ടന്മാരെല്ലാരും കണ്ടിരിക്കേ.
ഒല്ലായെന്നെല്ലാരും ചൊല്ലുന്നനേരത്തു
വില്ലിനെച്ചെന്നങ്ങെടുത്തു പിന്നെ
എട്ടാശയെല്ലാമെ ഞെട്ടുമാറന്നേരം
പൊട്ടിച്ചാനങ്ങതിൻ മുഷ്ടിദേശം
*　　　*　　　*　　　*

രാമനായുണ്ടതാ നെന്നപോലെ.
ദക്ഷിണരായുള്ള രക്ഷകന്മാരെയു-
മക്ഷണംകൊന്നൊങ്ങൊടുക്കിപ്പിന്നെ
ശാലയില്നിന്നങ്ങു ചാലപ്പുറപ്പെട്ടു
ലീലകളാണ്ടു നടന്നനേരം
ഇങ്ങനെനാളെയിക്കംസനുമാക്കവ-
നെന്നങ്ങുചൊല്ലുന്നോ നെന്നപോലെ
ശക്രനായ് നിന്നതി മത്തൊരു സൂര്യനു-
മസ്തമിച്ചീടിനാ ന്മെല്ലെമെല്ലെ.
കേടററുനിന്നുള്ള ഗോവിന്ദരാമന്മാർ
ചാടുനിത്തീടുന്ന ദിക്കുനോക്കി
വേഗത്തില്പോയങ്ങു പാല്വെണ്ണയുണ്ടിട്ടു
കേളിയുമാണ്ടു നടന്നു ചെമ്മെ.
ആപത്തണഞ്ഞൊരു കംസന്താന്തന്നുടെ
ചാപത്തിൻ ഭംഗത്തെക്കേട്ടനേരം
ചീർത്തൊരു ഭീതിയെ പ്പൊത്തോളം പൂണ്ടുട-
നാർത്തുതുടങ്ങിനാ നാർത്തനായി.

കൊന്നങ്ങുവീഴുന്ന ദുൎന്നിമിത്തങ്ങളു-
മൊന്നൊന്നെ കാണായി പിന്നെപ്പിന്നെ;
ദക്ഷിണമല്ലാത വീക്ഷണംതോളുമ-
ങ്ങക്ഷണമാടി ത്തുടങ്ങി ചെമ്മെ
പൊന്മയമായിട്ടു തോന്നിത്തുടങ്ങീതു
വന്മരമൊന്നൊന്നെ നോക്കുംനേരം.
കണ്ണുങ്ങൾരണ്ടു മടച്ചങ്ങുമേവുംപോ-
ഴില്ലാതെയാവുന്ന ഘോഷങ്ങളും;
കണ്ണൊന്നുപൊത്തീട്ടു ദീപത്തെ നോക്കുംപോൾ
കൈവിരല്തന്നി ലടങ്ങീലേതും.
നിദ്രിതനായിക്കിടക്കുന്നനേരത്തു
ഗൎദ്ദഭന്തന്മീതെ തന്നെക്കാണാം.
മഗ്നനാവുന്നുട നഭ്യംഗംതന്നിലെ
നഗ്നനായ്നിന്നതും കാണാവുന്നു;
തന്നുടെ കൈകൊണ്ടു തന്നുടെ ദന്തങ്ങൾ
ചിന്നിക്കളഞ്ഞിട്ടും കാണായപ്പോൾ;
പ്രേതങ്ങളോട്ടു കലൎന്നു കളിക്കുംപോൾ
പ്രേതങ്ങൾതന്മേനി പൂണുകയും;
ആറുകളെല്ലാം വരണ്ടിട്ടുകാണായി;
ആഴികളും പിന്നെ യവ്വണ്ണമെ;
ഘോരങ്ങളായുള്ള ദുൎന്നിമിത്തങ്ങളും
പാരാതെയിങ്ങനെ കണ്ടനേരം
അന്ധകനാഥനാം കഞ്ചന്നുമാനസം
വെന്തുതുടങ്ങീതു ചിന്തയാലെ;
കണ്ണൻവന്നെന്നെ ക്കഴിക്കുന്നതുണ്ടെന്നു
തിണ്ണംതന്നുള്ളിലെ നണ്ണുകയാല്
വന്നതും നിന്നതും കണ്ടതും കേട്ടതും
കണ്ണനെന്നിങ്ങനെ തോന്നിക്കൂടി.
മറ്റൊരു ചിന്തയില് കംസന്നു മാനസം
പററീതില്ലന്നു തുടങ്ങിപ്പിന്നെ.
ചീൎത്തുനിന്നുള്ളൊരു ചിന്തപൂണ്ടിങ്ങനെ
രാത്രികഴിഞ്ഞു പുലൎന്നനേരം
വഞ്ചകനായൊരു കഞ്ചന്താനോരോരൊ
മഞ്ചങ്ങൾചൂഴും ചമപ്പിച്ചുടൻ
മല്ലന്മാരിന്നിപ്പോൾ കോലുന്നലീലക-
ളെല്ലാരും കാണേണമെന്നു ചൊന്നാൻ.
കഞ്ചന്റെ ചൊല്ലാലെ പൌരന്മാരെല്ലാരും

മഞ്ചങ്ങളേറിനാർ മററുള്ളോരും;
വല്ലവന്മാരും നല്കാഴ്ച്ചയും നല്കീട്ടു
നല്ലൊരു മഞ്ചത്തിന്മീതെ പുക്കാർ.
കഞ്ചനുമന്നേരം വെൺചാമരങ്ങളും
ചെഞ്ചെമ്മെ വീയിച്ചു മഞ്ചംപുക്കാൻ.
ചാണൂരൻമുമ്പായ മല്ലന്മാരെല്ലാരും
ചേണുററുനിന്നൊരു രംഗംതന്നില്
ചെന്നുതുടങ്ങിനാർ വമ്പുററസിംഹങ്ങൾ
കുന്നിന്മേല് മേന്മേലെ ചെല്ലുംപോലെ.
ആക്കം കലർന്നുള്ള ഭേരിയുമോരോന്നേ
താക്കിത്തുടങ്ങിനാർ തന്നില് നിന്നു.
അന്യന്മാരായുള്ള മല്ലന്മാരന്നേരം
ധന്യന്മാരായുള്ള ലോകർമുമ്പില്
ലീലകൾ തോഞ്ഞൂടൻ തന്നുടെ തന്നുടെ
ലീലകൾ കാട്ടിനാർ വേറെവേറെ.
അന്ധകനാഥനായ് നിന്നൊരു കംസനെ
അന്തകൻവീട്ടിനെ കാട്ടുവാനായ്
ബന്ധുരന്മാരായ ബന്ധുക്കൾ ചൂഴററു
ചന്തത്തില് വന്നൊരു നന്ദജന്താൻ
മല്ലന്മാർ തല്ലുന്ന ഭേരിയെക്കേട്ടിട്ടു
ചൊല്ലേണം ഞാനിപ്പോളെന്നു നണ്ണി
ഗോപാലബാലരും രാമനും താനുമായ്
ഗോപുരവാതുക്കല് ചെന്നനേരം
വാരണവീരനെ നിന്നതു കാണായി
പാരാതെ ചൊല്ലിനാൻ പാവാനോടു.
"പോവാനായുള്ളൊരു വാതിൽവഴങ്ങേണം
പാരാതെ ഞങ്ങൾക്കു പാവാനേ നീ"
എന്നതിന്നൊന്നുമെ മിണ്ടാതെനിന്നപ്പോൾ
പിന്നെയും ചൊല്ലിനാൻ നന്ദജന്താൻ :—
"നിന്നോടു ചൊല്ലുന്നു നീങ്ങുനീങ്ങെന്നു ഞാ-
നെന്നോടല്ലെന്നോ നീയുന്നിക്കുന്നു
നീങ്ങുന്നതില്ലെന്നു നിർണ്ണയമുണ്ടെങ്കില്
നീക്കുന്നതുണ്ടിന്നു നിർണ്ണയം ഞാൻ"
എന്നതുകേട്ടപ്പോൾ പാവാനും ചെഞ്ചെമ്മെ
നന്ദകുമാരകൻതന്നെ നോക്കി
പാവുകൂളകി നിന്നാനയെപ്പായിച്ചാൻ
ഘോഷകരാകുംപോഴെന്ന വെണ്ടു.

ചാടിയണഞ്ഞുള്ളോരാനയെ കണ്ടപ്പോൾ
പേടിച്ചപോലെ യങ്ങോടിനാൻതാൻ
ചീററംതിരണ്ടൊരു പാവാനും ചൊല്ലിനാ-
നേററംചിരിച്ചു നിന്നെന്നനേരം:—
നീക്കുന്നതുണ്ടു ഞാനെന്നല്ലോ ചൊല്ലിനീ
നീക്കുന്നവാറു ചൊല്ലിങ്ങനെയോ”
എന്നങ്ങുപിന്നെയും ചൊന്നുചൊന്നന്നേരം
ചെന്നുചെന്നേശിനാ നാണ്ടുചെമ്മെ
വമ്പുററു നിന്നൊരു വാരണവീരന്താൻ
തുമ്പിക്കൈകൊണ്ടു പിടിച്ചാനപ്പോൾ
കൈയിന്നുവീണ്ടുവന്തന്നെയും താഡിച്ചു
കാലിടെച്ചെന്നങ്ങൊളിച്ചാൻ കണ്ണൻ.
കാണാഞ്ഞുനേരത്തു കാററിനെക്കൊണ്ടുകൊ-
ണ്ടോരാഞ്ഞുനിന്നുട നങ്ങുമിങ്ങും
മുഷ്കരനായൊരു വാരണമന്നേരം
പുഷ്കരലോചനൻ പൂവല്മേനി
പുഷ്കലമായൊരു പുഷ്കരംകൊണ്ടവൻ
ദുഷ്കരമെങ്കിലും ചെന്നുതൊട്ടാൻ.
തൊട്ടൊരുനേരത്തു തോയജലോചനൻ
പെട്ടെന്നുചാടി പ്പുറപ്പെട്ടപ്പോൾ
വാലെപ്പിടിച്ചു വലിച്ചുതുടങ്ങിനാൻ
ബാലകൻകന്നിനെ യെന്നപോലെ.
പക്ഷങ്ങൾ രണ്ടിലും തുമ്പിക്കൈകൊണ്ടട-
നക്ഷണംവീയുന്ന വാരണന്താൻ
പന്നഗവായൊട്ടു കാല്പിണഞ്ഞീടിന
മണ്ഡൂകവേലയെ പ്പൂണ്ടാനപ്പോൾ.
വാലങ്ങുകൈവിട്ടു പാഞ്ഞുതുടങ്ങിനാൻ
വാരണംതൻമുന്നില് ചെന്നുപിന്നെ
പാഞ്ഞതു കണ്ടൊരു വാരണവീരനും
പാഞ്ഞുതുടങ്ങിനാൻ കണ്ണൻ പിമ്പെ
ചെമ്പൊല്താമാനിനി പൂണ്ടന്നപൂമേനി
തുമ്പിക്കൈകൊണ്ടുടൻ തൊട്ടുതൊട്ടു
പായുന്നനേരത്തു ഭൂതലംതന്നിലെ
പോയങ്ങു വീണാനക്കാർവ്വർണ്ണൻതാൻ.
കാരിയമേയെന്നു കാണുന്നോർക്കെല്ലാർക്കും
വാരണവീരനും തോന്നുംവണ്ണം.

വാരിജലോചനൻ വീണ്ടൊരുനേരത്തു
വാരണവീരന്താൻ കോപത്താലെ
പൂമേനിനേർകണ്ടു കുത്തിനിന്നീടിനാൻ
ഭൂമിയിലായതു കൊൾവതല്ലപ്പോൾ.
ഭൂമിക്കുകൊണ്ടതു കുററമല്ലോർക്കുംപോൾ
കാമിനിയായല്ലൊ കണ്ണനുള്ളു.
കൊമ്പുകളാണ്ടതു കൊള്ളരുതാഞ്ഞിട്ടു
വമ്പിലുഴന്നങ്ങു നിന്നനേരം
വാരിജലോചനൻ പൊങ്ങിച്ചാനെന്നതോ
പോരായ്മയായ്വന്നു വീരന്നപ്പോൾ
മുന്നേതിലേററവും കോപിച്ചുനിന്നവൻ
പിന്നെയുംചെന്നു പിണങ്ങുന്നേരം
നൻമുലയുണ്ണുംപോഴമ്മതൻമാറിലെ
ചെമ്മെയടിക്കുന്ന കൈകൊണ്ടപ്പോൾ
താഡിച്ചാൻ വന്നൊരു വാരണവീരൻെറ
കേടററുനിന്നകവിൾത്തടത്തില്
താഡനമേററൊരു വാരണവീരനു
പീഡയുണ്ടായ്വന്നു പിന്നെപ്പിന്നെ
പേടിയുംപൂണ്ടുടൻ വാടിനമെയ്യുമാ-
യോട്ടവാനായി തുടങ്ങുന്നേരം
വമ്പോടുവേറായ തുമ്പിക്കരംതന്നെ-
യമ്പില് പിടിച്ചു വലിച്ചാൻ കണ്ണൻ
മാതംഗവീരനു മാനസംതന്നുള്ളി-
ലാതങ്കമേററ മെഴുന്നിതപ്പോൾ
വാപിളന്നങ്ങു കരഞ്ഞുതുടങ്ങിനാൻ
കൌപീനമായ്വന്നു വാലുമപ്പോൾ.
വാരിജലോചനൻ വാരണവീരനെ
വാലേപ്പിടിച്ചു ചുഴററിപ്പിന്നെ
ഭൂതലന്തന്നിലേ തല്ലിനിന്നന്നേരം
ചേതനപോക്കിനാൻ ദൂരംദൂരം;
മസ്തകംതന്നില് ചവിട്ടിപ്പറിച്ചുടൻ
മെത്തിനകൊമ്പുകൾ രണ്ടുംപിന്നെ
മൂത്തവൻകൈയിലെ നല്കിനാനൊന്നവൻ
ശക്തനായുള്ളോനുമൊന്നേന്തിക്കൊണ്ടാൻ;
ഹസ്തിപന്മാരെയും കൊന്നുടൻവീഴ്ത്തിനാ-
നിത്തരംപിന്നെ യെട്ടത്തൊതെല്ലാം.
ദന്തിതൻദന്തത്തെ തോളിലേച്ചത്തുടൻ

നന്ദകുമാരകന്മാരന്നേരം
മല്ലന്മാരാകുന്ന മാതംഗയൂഥത്തെ
വെല്ലുന്നകേസരി വീരന്മാരായ്
അഞ്ചാതെചെന്നു കരേറിത്തുടങ്ങിനാ-
രഞ്ചാറു ബാലകന്മാരുമായി.
മഞ്ചങ്ങളേറിന മാലോകരെല്ലാരു-
മഞ്ജനവർണ്ണനെ കണ്ടനേരം
മല്ലന്മാരെല്ലാരും പാവകനെന്നിതെ-
ന്നുള്ളിലെണ്ണി നടുങ്ങിനിന്നാർ ;
ആനന്ദലീനന്മാരായിത്തുടങ്ങിനാ-
രാണങ്ങളെല്ലാരും കാണുമന്നേരം ;
അംഗനമാരെല്ലാം മംഗജന്താനെന്നു
തങ്ങളിൽനിന്നു പറഞ്ഞാരപ്പോൾ ;
നമ്മുടെ ബാലകന്താനെന്നുനണ്ണിനാർ
നന്ദൻതുടങ്ങിന വല്ലവന്മാർ ;
ദുഷ്ടൻമാരായുള്ള മന്നവർമാനസം
പൊട്ടിത്തുടങ്ങീതു കണ്ടനേരം ;
നിർമ്മായമായുള്ള ദേവകിതന്നുടെ
നൻമുലതിണ്ണം ചുരന്നിതപ്പോൾ;
ആനകദുന്ദുഭി തന്നുടെമേനിയിൽ
കോൾമയിർകൊണ്ടു തുടങ്ങീതപ്പോൾ ;
പെട്ടെന്നുകണ്ടോരു നേരമക്കംസനും-
ഞെട്ടിനടുങ്ങി വിറച്ചു വിണ്ണാൻ ;
ചിന്മയമായുള്ള ദൈവതന്താനെന്നു
നിർമ്മലരായവർ നണ്ണിക്കൊണ്ടാർ ;
വൃഷ്ണികളെല്ലാരും നാഥനെന്നിങ്ങനെ
വിശ്വസിച്ചീടിനാ രെന്നനേരം.
രംഗത്തിലിങ്ങനെ നന്ദതനൂജന്മാർ
ഭംഗിയിൽനിന്നു വിളങ്ങുന്നേരം
ചാണൂരനാകിന മല്ലന്താൻ ചൊല്ലിനാൻ
ചാപലംവേറായ വാക്കുതന്നെ
"നന്ദകുമാരകരായുള്ള നിങ്ങളി-
ന്നെമ്മോടുകൂടി കളിക്കവേണം
കാലിയുംമേച്ചു നൽകാനനമോരൊന്നിൽ
ബാലകന്മാരുമായ് ചാലെനിന്നു
മല്ലുകൊണ്ടേററം കളിക്കുന്നനിങ്ങളെ-
ക്കല്യൻമാരെന്നു ഞാൻ കേൾപ്പുവെന്നാൽ

മന്നവവീരന്റെ കാണ്മതിന്നായിട്ടു
മല്ലിനെക്കാട്ടേണം നാമെല്ലാരും"
എന്നതുകേട്ടൊരു നന്ദകുമാരക-
നെല്ലാരുംകേൾക്കവെ ചൊന്നാനപ്പോൾ:—
"മല്ലിനെക്കാട്ടുവാൻ നമ്മിലിന്നോർക്കുംപോൾ
തുല്യതയില്ലയിതൊന്നുകൊണ്ടും;
കല്യന്മാരായുള്ള മല്ലന്മാരിന്നിങ്ങൾ
വല്ലാതബാലന്മാരല്ലൊ ഞങ്ങൾ;
ഞങ്ങൾക്കുനേരൊത്തു നിന്നോരുമായിട്ടേ
ഞങ്ങൾക്കു ലീലകൾ ചെയ്യക്കൂടൂ;
നിങ്ങൾക്കുമങ്ങിനെ പൊങ്ങിന ചേർച്ചയി-
ന്നെങ്ങളോടേശിനാല് വന്നുകൂടാ;
ബാലകന്മാരോടു ചാലക്കലർന്നുള്ള
ലീലകൾവേണ്ടീല യെന്നുതോന്നും;
മന്നവനിന്നിതു കാണേണമെന്നാകില്
ചൊന്നതുഞങ്ങളോ കേട്ടുകൊള്ളാം"
എന്നതുകേട്ടപ്പോൾ മല്ലനും ചൊല്ലിനാൻ
നന്ദകുമാരകൻ തന്നെനോക്കി:—
"കേവലം പോരുന്ന ബാലകനല്ലനീ
കേശിയെക്കൊന്നതു നീയല്ലയോ
ബന്ധുരമായൊരു ദന്തിയെത്തന്നെയു-
മന്തകൻ[കൈയിംക] കോയില്ക്കലാക്കിനാൻ നീ
വീരന്മാരായുള്ള ഞങ്ങളോടേടത്തുവാൻ
നേരായിനിന്നതോ നിങ്ങളിപ്പോൾ
ഖിന്നതകൈവിട്ടു മന്നവൻമുൻപിലേ
സന്നദ്ധരായല്ല മെന്നേവേണ്ടു"
ഇങ്ങനെകേട്ടൊരു നന്ദജനന്നേരം
സംഗരഭംഗികളാണ്ടുചെമ്മെ
പാരമണഞ്ഞവൻ മേനിയോടേശിനാൻ
പാവകൻദാരുവോ ടെന്നപോലെ.
രോഹിണിസൂനുവും മുഷ്ടികമല്ലനു-
മാഹവമായിപ്പിണങ്ങിനിന്നാർ
മല്ലന്മാർ കോലുന്ന വേലകളോരോന്നെ
മെല്ലെമെല്ലന്നേരം കാട്ടിക്കാട്ടി
കാണുന്നലോകർക്കു വിസ്മയമാക്കിനാർ
ചാണൂരമല്ലനും കാർവ്വർണ്ണനും.

* * * *

മെല്ലവെ * * മാരുതന്നില്
മുഷ്ടികളല്പിച്ചു ധൃഷ്ടനായ്മേവിനാൻ
ധൃഷ്ടന്മാക്കിങ്ങിനെ തോന്നിഞായം.
മുഗ്ദ്ധവിലോചനന്മാരിടം തന്നിലെ
മുഷ്ടികൾവന്നുടനേല്ക്കുന്നേരം
ദേവകിതന്നുടെ മാനസംതന്നുള്ളില്
നോവുതുടങ്ങീതു പാരമപ്പോൾ;
ചീററന്തിരണ്ടൊരു കംസന്റെമാനസ-
മോറംകുളുത്തു തുടങ്ങീതപ്പോൾ.
ധൃഷ്ടനായുള്ളൊരു മുഷ്ടികമല്ലനും
മുഷ്ടിചുരുട്ടി പ്പിടിച്ചുനേരേ
രോഹിണിനന്ദനന്മേനിയില് ചൊവ്വോട-
ങ്ങാഹനിച്ചീടിനാ നായവണ്ണം
താഴാതവണ്ണമക്കാർമുകില്വർണ്ണനെ-
ത്താഡിച്ചു നിന്നൊരു മല്ലനപ്പോൾ
പല്ലവംപോലെ പതുത്തൊരു പൂമേനി
കല്ലെന്നുതോന്നിത്തുടങ്ങിതപ്പോൾ
തന്നുടെകൈകളെ മേനിയോടേല്ക്കുംപോൾ
ഖിന്നതയുണ്ടായി പിന്നെപ്പിന്നെ.
കാർവ്വർണ്ണൻ കൈകൾ തൻ മേനിയിലേല്ക്കുമ്പോൾ
കാരിരിമ്പെന്നതു തോന്നിക്കൂടി.
ലീലയായ് നിന്നുടൻ ഭൂതലംതന്നിലെ
പോയങ്ങു വീണാനക്കണ്ണനപ്പോൾ
വീരനായുള്ളൊരു മല്ലന്താനന്നേരം
മാറില്ക്കേററി നിന്നാൻതിണ്ണം.
ആർത്തുകേട്ടൊരു മാലോകരെല്ലാരു-
മാർത്തന്മാരായ് നിന്നു കണ്ടനേരം
ചിന്തപൂണ്ടീടിന കഞ്ചന്താനെന്നപ്പോൾ
സന്തോഷവാരിയില് മുങ്ങിപ്പിന്നെ
മല്ലനുനല്കുവാ നാഭരണങ്ങളെ
മെല്ലവെചാരത്തു നോക്കുന്നേരം
കാല്കൊണ്ടുതാഡിച്ചു തള്ളിവിട്ടീടിനാൻ
കാർമുകില്വർണ്ണനമ്മല്ലൻതന്നെ.
സന്നദ്ധരായിട്ടു പിന്നെയും തങ്ങളില്
മുന്നമെപ്പോലെ പിണങ്ങിനിന്നാർ.
കൺചുവന്നീടിനോ രഞ്ജനവർണ്ണന്താൻ
ചെഞ്ചെമ്മെ മല്ലൻെറ കൈപിടിച്ചു

അഞ്ചാതവണ്ണമക്കഞ്ചനകാണുമാ-
റഞ്ചാറുരുരു ചുഴററിപ്പിന്നെ
ഭൂതലംതന്നിലെ തല്ലിനാനൊന്നുടൻ
മാതുലന്തന്നുള്ളം മാഴ്കുംവണ്ണം
നീണ്ടുനിന്നുള്ളൊരു നിദ്രയുംവന്നപ്പോൾ
ക്ഷോണിയില് വീണാനമ്മല്ലവീരൻ.
ദുഷ്ടരെ വെല്ലുന്ന രോഹിണീനന്ദനൻ
മുഷ്ടികന്താനെയു മവ്വണ്ണമെ.
കണ്ടുനിന്നീടുന്ന വിണ്ണവരെന്നപ്പോൾ
കൊണ്ടല് നേർവ്വർണ്ണനെ ക്കൊണ്ടാടിനാർ.
സന്തോഷവാരിയില് മുങ്ങിനകംസന്താൻ
സന്താപപാഥലിലങ്ങായിക്കൂടി.
മൂവരണഞ്ഞു പിണഞ്ഞു[ങ്ങി] നിന്നീടിനാർ
മുഢന്മാരായുള്ള മല്ലന്മാരും
ധീരന്മാരായ് നിന്ന കാർവ്വർണ്ണൻകൈയാലെ
വീരന്മാർ പോംവഴി പോയിക്കൊണ്ടാർ.
ശറുള്ള മല്ലന്മാരെല്ലാരുമെന്നപ്പോൾ
തെററന്നു ചാടിനാർ പേടിയോടെ.
ഗർവ്വിതനായൊരു കംസന്താനെന്നപ്പോൾ
ദുർവ്വചനങ്ങൾ പറഞ്ഞുമെന്മേല്
കാർമുകില് വർണ്ണന്തന്മാനസന്തന്നിലെ
കാലുഷ്യമേററ മിയററി നിന്നാൻ.
നീതിയെ വേറിട്ടു മാതുലൻതന്നുടെ
നിന്ദയെക്കണ്ടൊരു നന്ദജൻതാൻ
മേല്പോട്ടുചാടിനാനന്മേളത്തില് നിന്നങ്ങു
വാഞ്ഛയെഴും കഞ്ചൻെറ മഞ്ചത്തിന്മേല്;
വീരനായുള്ളൊരു കഞ്ചനംതാനുമായ്
നേരിട്ടു പോരായിനിന്നുപിന്നെ
കേസരിവീരനങ്ങേണത്തിൻ പൈതലെ
കേവലംചെന്നു പിടിക്കുംപോലെ
പാരംപിടിച്ചങ്ങു തള്ളിവിട്ടീടിനാൻ
ദൂരമായുള്ളൊരു ഭൂതലത്തില്
പെട്ടെന്നുചാടിനാൻ താനുമന്നേരത്തു
ദുഷ്ടനായുള്ളൊരു കഞ്ചൻമീതെ.
പാരെല്ലാമീരേഴു മുള്ളില് ചുമന്നവൻ
പാരംതന്മേനിയില്പ്പാഞ്ഞനേരം
വീരനിസ്സീണു കിടന്നോരു കഞ്ചന്താൻ

നേരെ പതുങ്ങിനാൻ പഞ്ഞുപോലെ.
ജീവനുമെന്നപ്പോൾ കഞ്ചനെ വേറിട്ടു
പോവതിന്നായി തുടങ്ങുന്നേരം
കാർമുകില് വർണ്ണന്തന്മേനി തടഞ്ഞിട്ടു
പോകരുതാഞ്ഞയാ ലെന്നപോലെ
പുണ്യമിയന്നവൻ തന്നുടെമേനിയോ-
ടൊന്നിച്ചു നന്നായി നിന്നതിപ്പോൾ
ചാൎച്ചയെന്നുള്ളതു പിന്നെയുമോൎക്കുമ്പോൾ
ചേൎച്ചയായ്വന്നീടു മെന്നുഞായം.
വഞ്ചകനെങ്കിലും മാതുലനായൊരു
കഞ്ചനെത്താനോട്ടു ചേൎത്താനല്ലോ.
കഞ്ചൻതാൻ വീണൊരു നേരത്തുതന്നുടെ
നെഞ്ചകംതഞ്ചിന സോദരന്മാർ
എണ്മരുമൊന്നിച്ചു നിന്നുടൻചെന്നിട്ടു
ചെമ്മെ യണഞ്ഞു പിണങ്ങുന്നേരം
അമ്പിനെ വേറിട്ടു രോഹിണി നന്ദനൻ
സമ്പന്നരാക്കിനാൻ വമ്പുകൊണ്ടേ.
സംഗരംകൈവിട്ടു കണ്ണനും രാമനും
രംഗത്തില് നിന്നങ്ങു പോന്നുപിന്നെ
ചങ്ങലപൂണ്ടുള്ളോ രച്ഛനമ്മമാൎക്കും
മംഗലം നല്കുവാൻ ചെന്നുമുമ്പില്
എന്നുമിവൎക്കൊരു ബന്ധമുണ്ടാകൊല്ല
എന്നങ്ങുതന്നിലേ നണ്ണിനന്നായ്
പാവനമായൊരു പാണിതലംകൊണ്ടു
പാരിച്ചബന്ധത്തെ പ്പോക്കിനിന്നാർ.
ബന്ധമഴിഞ്ഞുള്ളോ രച്ഛനമ്മമാരു-
മെന്തിതെന്നിങ്ങിനെ ചിന്തിച്ചുള്ളില്
വിശ്വത്തിൻ കാരണമായി വിളങ്ങുന്ന
വിഷ്ണുവെന്നിങ്ങിനെ തോന്നീതപ്പോൾ.
എന്നതുകണ്ടൊരു കൊണ്ടല്നേർവർണ്ണൻതാൻ
തന്നുടെമായയെ പ്പൂണ്ടുന്നേരം
തന്നുടെപൈതല്താ നെന്നങ്ങു നണ്ണീട്ടു
പിന്നെപ്പിടിച്ചുടൻ പൂണ്ടുനിന്നാർ;
തൂമൊഴികൊണ്ടവ രുള്ളിലെ വേദന
കാൎമ്മുകില്വർണ്ണൻതാൻ പോക്കിനിന്നാൻ.
അഗ്ര്യനായ്നിന്നുള്ളോ രുഗ്രസേനമ്പിന്നെ
വ്യഗ്രങ്ങൾതീൎത്തു തെളിഞ്ഞുടനെ

ആദരവോടഭിഷേകത്തെച്ചെയ്തിട്ടു
യാദവപാലകനാക്കിനാൻതാൻ.
വാട്ടമകന്നൊരു കംസന്തൻനാട്ടില് നി-
ന്നാട്ടിക്കളഞ്ഞുള്ളോരെല്ലാരെയും
തേടിവിളിപ്പിച്ചു തന്നുടെതന്നുടെ
കേടററമന്ദിരം തന്നിലാക്കി
വേണുന്നതെല്ലാമെ നല്കിനിന്നീടിനാൻ
വേദനയേർപെട്ടു പോകുംവണ്ണം.
ഗോകുലനാഥനായ് നിന്നൊരു നന്ദഃനാ-
ടാകുലനാകാതെ ചൊന്നാൻ പിന്നെ :—
"നമ്മുടെ ദേശത്തു പോവതിനായിട്ടു
ചെമ്മെ മുതിഃരണം താതനിപ്പോൾ
യാദവന്മാർക്കെല്ലാം മോദത്തെ നല്കി നി-
ന്നാദരവോടു തഴപ്പിച്ചുള്ളില്
അമ്മയെക്കാണ്മാനായ് ഞാനുംവരുന്നുണ്ട-
ങ്ങുണ്മയിച്ചൊന്നതു തേറിനാലും
അച്ഛനുമമ്മയും മററിവരുണ്ടല്ലൊ
ഇച്ഛയെനല്കുവാനെന്നു നണ്ണി
ദീർഘമായുള്ളൊരു കാലമിങ്ങെങ്ങാനും
പാർക്കമിവനെന്ന തോക്കല്ലാതെ ;
അച്ഛനായുള്ളതു നീയൊഴിച്ചില്ലെനി-
ക്കച്യുതൻതന്നുടെ പാദത്താണ.
പെററുവളത്തൊരു തായായിനിന്നതും
മററുമെനിക്കു മാററാരുമല്ല ;
ആററിലുംതീയിലും വീഴാതെകണ്ടന്നെ-
പ്പോററിവളത്തതു നിങ്ങളല്ലൊ;
ഇങ്ങിനെയുള്ള ഞാനെന്നെമറക്കിലും
നിങ്ങളെയെന്നും മറക്കയില്ലെ"
നന്ദഃനാടിങ്ങിനെ ചൊന്നുടൻതന്നുടെ
ചങ്ങാതിമാരോടു ചൊന്നാൻ പിന്നെ :—
"അച്ഛനു ചങ്ങാതമായിട്ടുനിങ്ങളു-
മിച്ഛയില്പോഃകണ മമ്പാടിയില്
പാരാതെഃപാന്നങ്ങു വന്നീടുന്നുണ്ടു ഞാൻ
നാരായണൻതന്റെ പാദത്താണ
നിങ്ങളുമായുള്ള ലീലകൾ ചിന്തിച്ചാ-
ലെങ്ങിനെ ഞാനിന്നു നിന്നുകൊൾവു
കാളിന്ദീതീരത്തെ കാനനം തന്നിലെ

കാസ്സുളെത്തിന്നല്ലോ ഞാൻവളൎന്നു.
എന്നുമതിന്നുള്ളൊരിച്ഛപ്പുലംപിയു-
ണ്ടെന്നുള്ളിലെന്നതുമേറിനാലും
ഇങ്ങനെചൊന്നതൻ ചങ്ങാതിമാരുള്ളില്
പൊങ്ങിന വേദന പോക്കിപ്പിന്നെ
നന്മകലൎന്നുള്ള രത്നവും ചേലയും
നന്ദനനെല്ലാൎക്കും നല്കിനന്നായ്
അമ്മക്കുനല്കുവാൻ ചെമ്മുള്ളചേലകൾ
നന്ദൻതൻകൈയിലെ നല്കിച്ചൊന്നാൻ
"നല്ചേലനാലു മെന്നമ്മതൻകൈയില-
ങ്ങിപ്പോഴെ നല്കേണ്ട" മെന്നുചൊന്നാൻ.
എന്നമ്മതന്നോടു ചൊല്ലേണംപിന്നെ നീ-
"യെന്നെമറക്കൊല്ല" യെന്നിങ്ങിനെ.
"പാല്വെണ്ണയുണ്ണാഞ്ഞു വേദനയുണ്ടുള്ളില്
പാരമെനിക്കെ"ന്നു ചൊല്ലുപിന്നെ.
"വെണ്ണയുംപാലു മങ്ങാരേലും പോരുന്നോ-
രുണ്ടാകില് മെല്ലെ വരുത്തേണമേ.
വാഴപ്പഴങ്ങളും വണ്ണംതിരണ്ടവ.
കേഴവെനല്ലാസ്സി ലെ"ന്നുചൊല്നീ ;
ചിററാടയുണ്ടുഞാൻ പെട്ടകംതന്നുള്ളില്
മാററാരുംകാണാതെ വെച്ചപോന്നേൻ
ഊനപ്പെട്ടില്ലല്ലി യെന്നങ്ങുചിന്തിച്ചു
ദീനമാകുന്നിതെന്മാനസത്തില്.
മഞ്ഞൾപിഴിഞ്ഞുള്ള കൂറകളൊന്നുമേ
മങ്ങാതെ മാനിച്ചു കൊള്ളേണം നീ.
വെററിലതിന്നു ചൊരുക്കിനേരത്തു
തെററെന്നുപൃട്ടുവാഞ്ഞേന്നേനല്ലോ
കൂലിയായെന്നതിന്നമ്മതാൻ നല്കിയ
ചേലയും മാലുററു പോകൊല്ലാതെ.
പിള്ളരെന്നുള്ളിഞാ നെന്നങ്ങു ചൊല്ലീട്ടു
പീലികൊണ്ടമ്മ യടിച്ചനേരം
കേണുകൊണ്ടന്നു വഴക്കായിപ്പോയിഞാ-
നൂണിന്നു വാരാതെ നിന്നനേരം
ദണ്ഡമാളുന്നതിന്നന്നുനീ നല്കിന
കണ്ടിക്കേഞ്ചല കരുക്കൊല്ലാതെ.
പൊങ്ങിനോരൊച്ച പുലംപിനിന്നീടുന്ന
കിങ്ങിണി യെങ്ങാനും വീഴൊല്ലാതെ.

പാവകളൊന്നുമെ പാഴായിപ്പോകാതെ
പാലിച്ചുകൊള്ളേണം പാരാതെ നീ.
ചേണാറു നിന്നുള്ളോരാണ വില്ലൊന്നുമെ
ഞാണാറുപോവൊല്ലാ ഞാൻ വരുംപോൾ.
താതനായ് നിന്നുള്ള നന്ദനോടിങ്ങനെ
മാധവൻനിന്നു പറഞ്ഞനേരം
കണ്ണന്താനിന്നങ്ങു പോരുന്നോനല്ലെന്നു
നിൎണ്ണയിച്ചീടിന നന്ദനപ്പോൾ
മാനസന്തന്നില് മറച്ചുവെച്ചമ്പിനോ-
ടാനായപ്പൈതലാം കണ്ണന്തന്നെ
തെറ്റെന്നുപോയാൻ താനുറവുള്ളദേശത്തു
മറവുള്ളഗോപന്മാരോടുകൂടി.
ആനകദുന്ദുഭി താനുമൊളിച്ചുപ-
ണ്ടാനായച്ചേരിക്ക കൊണ്ടുപോയി
ആനകദുന്ദുഭി കൊണ്ടങ്ങുപോയത-
ന്നാരുമൊരുത്തരറിഞ്ഞുതില്ലെ
നന്ദന്തന്നുള്ളില് മറച്ചൊരു കണ്ണനെ
നിന്നൊരു ലോകരറിഞ്ഞുകൊണ്ടാർ
വാഴ്വെഴുംമെയ്യി ലെഴുന്നൊരു രോമവും
ബാഷ്പവുംമെന്മേലെ ചെല്ലുകയാല്.
വഞ്ചനമെന്നതു പിന്നെയും പാൎക്കുംപോൾ
ചഞ്ചലമാവ്വരുമെന്നു ഞായം
നെഞ്ചകന്തന്നിലുള്ളഞ്ചനവൎണ്ണനെ-
ച്ചെഞ്ചെമ്മെലോകരറിഞ്ഞാരല്ലൊ.
നന്ദനും തന്നുടെ വല്ലവന്മാരുമായ്-
മന്ദിരംതന്നിലെ ചെന്നുചെമ്മെ.
കണ്ണനെനണ്ണിനോ രുള്ളവുമായിട്ടു
പുണ്യമിയന്നു തെളിഞ്ഞുനിന്നാർ.

ആജ്ഞയാകോലഭൂപസ്യ പ്രാജ്ഞസ്യ ഉദയവൎമ്മണഃ
കൃതായാം കൃഷ്ണഗാഥായാം പ്രോക്താ കംസസ്യസൽഗതിഃ.

# രുഗ്മിണീ സ്വയംവരം

ഭീഷ്മകനെന്നൊരു മന്നവനുണ്ടായി
ഗ്രീഷ്മമായ് നിന്നുള്ളോൻ വൈരികൾക്കും
കുണ്ഡിനമാകിന മന്ദിരംതന്നുടെ
മണ്ഡനമായി വിളങ്ങുമന്നാൾ
രുഗ്മിതുടങ്ങിന മക്കളുമുണ്ടായി
രുഗ്മിണിയെന്നൊരു കന്യകയും.
കന്യകയുണ്ടായി ഭീഷ്മകനെന്നങ്ങു
മന്നവരെല്ലാരും കേട്ടനേരം
പ്രാജ്ഞന്മാരായുള്ള ലോകരെ യെല്ലാമെ
പ്രാശ്നികന്മാരെയും തേടിച്ചെമ്മേ
ചോദിച്ചനേരത്തു ചൊല്ലിനാരെല്ലാരും
സാധിച്ചാൻ ഭീഷ്മകൻ വേണ്ടതെല്ലാം.
ഇങ്ങനെയുള്ളൊരു മംഗലജന്മത്തെ
എങ്ങുമേകണ്ടീല ഞങ്ങളാരും ;
ജാനകിദേവിയു മിങ്ങിനെയുള്ളൊരു
നാളുപിറന്നീല [യാരും കീഴില്] എന്നുചൊല്ലാം ;
ശീലങ്ങളോരോന്നേ ചിന്തിച്ചു കാണുംപോൾ
പാലാഴിമാതോടു നേരായ് നില്ക്കും ;
കാന്തിയെവാഴ്ത്തീടാ മെന്നങ്ങു നണ്ണിനി-
ന്നാന്ധ്യത്തെക്കോലേണ്ടയാരു മിപ്പോൾ ;
ബാലപ്പോർകൊംകയി മ്മാറിടം തന്നിലെ
ചാലപ്പൊല്പൊങ്ങി വിളങ്ങുമന്നാൾ
ദഗ്ദ്ധനായുള്ളൊരു മന്മഥന്താനു മി-
മ്മുഗ്ദ്ധികാമൂലമാ യ്മേലിലുണ്ടാം ;
ഇന്നിവൾതന്നുടെ കാന്തനായ്മേവുന്ന
ധന്യനെക്കണ്ടീല പാരിലെങ്ങും ;
നാന്മുഖൻനിർമ്മിച്ചു പോരുന്നോരാരു മി-
ന്നാരിക്കു കാന്തനായ്വന്നുകൂടാ ;
ഈരേഴുലോകങ്ങൾ പാലിച്ചുപോരുന്ന
വീരനുഭാര്യയായ്വന്നുകൂടും.
അങ്ങനെയുള്ളൊരു നേരത്തു താനിവൾ
മംഗലയായി പ്പിറന്നുമന്നില്.
എന്നങ്ങുചൊന്നവർ പോയൊരുനേരത്തു

മന്നവരെല്ലാരും തന്നുള്ളിലെ,
പാരാതെചെന്നു പറഞ്ഞിവൾ തന്നെയെൻ
ഭാൎയ്യയായ്ക്കൊള്ളണം മുമ്പിലേ ഞാൻ
ഇങ്ങനെനണ്ണിനാർ നല്ലതുകാണുംപോ-
ളങ്ങനെയല്ലോതാൻ തോന്നി ഞായം.
മെല്ലെമെല്ലങ്ങു വളൎന്തുടങ്ങിനാ-
ളുല്ലസിച്ചുള്ളൊരു കന്യകതാൻ
ശ്വേതമായുള്ളൊരു പക്ഷത്തിലീടുന്ന
നൂതനനായൊരു തിംകൾപോലെ.
കാമുകരായുള്ള മന്നവരെല്ലാരും
കോമളന്മാരായി കണ്ടുകണ്ടു
രുഗ്മിണിമേനി കൊതിച്ചു തുടങ്ങിനാർ
കശ്മലം കണ്ടുള്ള വണ്ടുപോലെ.
അല്ലിനെ വെല്ലുവാൻ വല്ലുമപ്പൂഞ്ചായല്
വില്ലിനെവെല്ലുവാൻ വല്ലുംചില്ലി
മന്മഥന്തന്നുടെ ജന്മമായുള്ളൊരു
കൺമുനതന്നിലേ മെല്ലെമെല്ലെ
ചേണുററുനിന്നൊരു നാണവുംപ്രേമവും
കൂടിക്കലൎന്നിതേ നാളില്നാളില്
[കാണായിവന്നതെ മെല്ലെമെല്ലെ.]
വാൎമ്മൊട്ടുതഞ്ചിന പുഞ്ചിരിത്തൂമത-
ന്നോപ്പക്കല്ലായൊരു ചോരിവാൎമ്മേല്
അമ്പുപൊഴിഞ്ഞു നല്കാമുകരുള്ളത്തില്
കംപം തുടങ്ങിതു മെല്ലെമെല്ലെ.
താൎത്തേനെവെന്നുള്ള വാൎത്തതൻ വൈഭവം
വാഴ്ത്താവതല്ലേതും പാൎത്തുകണ്ടാല്;
പങ്കജനേർമുഖി തൻമുഖംകണ്ടിട്ടു
തിംകളെന്നുള്ളൊരു ശംകയാലെ
പീയൂഷംചെന്നു നിറഞ്ഞുവഴിഞ്ഞതു
പെയ്യുന്നു പയ്യവെ യെന്നുതോന്നും;
അംഗജൻകോലുന്ന കോദണ്ഡം തന്നുടെ
ടംകാരംതാനെന്നു തോന്നുകിലാം [ചൊല്ലുന്നുപോല്]
ആനനംതന്നുടെ കാന്തിയെ വാഴ്ത്തുവാ-
നാരുവാരില്ലൊരു മിപ്പാരിലിപ്പോൾ
തിംകളെനിൎമിച്ചാൻ പംകജം നിൎമിച്ചാൻ
പംകജസംഭവൻ പണ്ടുപണ്ടേ
എന്തിതെന്നിങ്ങനെ ചിന്തിച്ചു നിന്നുഞാ-

നന്ധനാല്പ്യോയിനേനിത്രനാളും
രുഗ്മിണിതൻമുഖ മിങ്ങിനെ നിർമ്മിപ്പാ-
നഭ്യസിച്ചാനെന്നതിന്നറിഞ്ഞു.
കമ്രമായുള്ളൊരു കണ്ഠത്തെയിന്നു ഞാൻ
കംബുവെന്നിങ്ങനെ ചൊല്ലുന്നില്ലെ
മാധവൻതൻമുഖം ചുംബനമേശിനാല്
പാരാതെ ചൊല്ലുന്നതുണ്ടുപിന്നെ.
ബാലികതന്നുടെ ബാഹുക്കൾരണ്ടുമ-
മ്മാലോകർമാനസം ബന്ധിപ്പാനായ്
മാരനനല്ലൊരു വല്ലിയായ് നിന്നിട്ടു
പാരംവിളങ്ങുന്നതെന്നുചൊല്ലാം.
പാരുറവുനിന്നൊരു ബാലികതന്നുടെ
ബാലമപ്പാർകൊംകകൾ കണ്ണുട്ടത്തു

* * *

കാമ്യമായുള്ളൊരുള്ളുനടുവിന്നൊരു
സാമ്യമില്ലെന്നതൊചന്നുക്രൂടാ
നീവാരംതന്നുടെ ശൂകമെന്നാകിലാ-
മാകാശംതാനെന്നു ചൊല്ലുകിലാം.
ശൈശവംപോമ്മുമ്പെ യൌവനംതാൻവന്നു
പേശിത്തുടങ്ങിതന്മേനിതന്നില്
കാമന്താനെന്നതു കണ്ടൊരു നേരത്തു
സീമയിട്ടീടിനാ നെന്നപോലെ
മംഗലയായൊരു രോമാളിതാൻവന്നു
പൊങ്ങിത്തുടങ്ങീതു ഭംഗിയോടെ
കാമുകന്മാരുടെ കൺമുനയാരൊന്നെ
കാമിച്ചുചെന്നു തറക്കയാലെ
ഭിന്നമായെന്ന കണക്കെ വിളങ്ങുന്ന
രമ്യമായുള്ള നിതംബബിംബം.
കാണുന്നോരെല്ലാക്കും കൈകൊണ്ടുമെല്ലവെ
ലാളിപ്പാനായിട്ടു തോന്നുകയാല്
ഉൾക്കമ്പംനല്കുന്നോ രൂരുക്കൾതന്നെയ-
പൊല് കംപമെന്നല്ലൊ ചൊല്ലേണ്ടുന്നു.
ചെങ്കുഴല് തന്നൊടു ചേർച്ചപൂണ്ടീടുന്ന
പംകജമെന്നതു ചേരുമിപ്പോൾ
അംഘ്രിഭാജലോചനനമ്പുററ കൈകൊണ്ടു
സംഭാവിച്ചല്ലൊതാൻ പണ്ടേയുള്ളു.
ഇന്ദിരാനേരൊത്ത സുന്ദരിയിങ്ങനെ

മന്ദിരംതന്നി ലിരിക്കുംകാലം
മാലോകരെന്നും വന്നുവന്നോതുന്ന
മാധവന്തന്നുടെകാന്തിയെല്ലാം
കേട്ടുകേട്ടമ്പോടു മാനസംപോയങ്ങു
ചാട്ടംതുടങ്ങീതു നാളില്നാളില്.
ആദരല്യംവന്നങ്ങു കാണുന്നനേരത്തു
പാരാതെപോയ് ചെല്ലും ചാരത്തപ്പോൾ
കാർമുകില് വർണ്ണൻെറ വാർത്തയെക്കേൾക്കാമെ-
ന്നാമോദമാവോളം പൂണ്ടുപൂണ്ടു.
എങ്ങാനും പോകുന്ന പാന്ഥന്മാരോടെല്ലാ-
മിങ്ങുവന്നീടുവിനെന്നു ചൊല്ലും;
യാദവന്മാരെന്ന വാർത്തകൾ കേൾക്കുംപോ-
ളാദരവോടു ചിരിക്കുംപിന്നെ
ബാലപ്പൂമേനി വളർന്നുതുടങ്ങുംപോൾ
നീലക്കാർവർണ്ണനില് പ്രേമവായ്പും
കൂടി [ചാല] കലർന്നു വളർന്നുതുടങ്ങീത-
ന്നീലക്കാർവേണിക്കു മെല്ലെമെല്ലെ.
മുല്ലപ്പൂബാണനു മന്നതുകണ്ടിട്ടു
ചൊല്ലത്തുടങ്ങിനാൻ മെല്ലെമെല്ലെ
വില്ലുംകുലച്ചു നല്ലമ്പുംതൊടുത്തിട്ടു
മുല്ലപ്പൂവേണിതൻ മുമ്പില്ചെന്നു
ശൈശവമായതു പോയിലയെന്നിട്ടു
യൌവനംപാർത്തുടൻ നിന്നുകാമൻ.
നാലഞ്ചുമാസങ്ങ ളിങ്ങനെ ചെന്നപ്പോൾ
പാലഞ്ചുംവാണിമാർ മൌലിമാല
കേവലയായൊരു ദേവിയെപ്പൂജിച്ചു
സേവതുടങ്ങിനാ ളായവർണ്ണം;
"അംബികേനിന്നുടെ ചെംപൊല്പദങ്ങളെ-
ക്കുമ്പിട്ടു കൂപ്പുന്നേൻതൺപെടാസ്സാൻ
കാർവർണ്ണന്തന്നെ യെങ്കാന്തനായ് നല്കുന്ന
കാരുണ്യംപോരാതെ നല്കേണമേ"
ഇങ്ങിനെചൊല്ലി നമസ്കരിച്ചീടിനാൾ
മംഗലയായുള്ള ദേവിതന്നെ.
അങ്ങനെമേവിന മംഗലലതന്നിലേ
ശൃംഗാരംപോന്നിന്നു [വന്നിങ്ങു] വേരുറച്ചു
കാമുകരുള്ളമക്കാമിനിമൂലമാ-
സ്സാമമാല് പൂണ്ടതു ചൊല്ലാവല്ല

രുഗ്മിണിതന്നുടെ കാന്തിയെക്കണ്ടുള്ള
മൈക്കണ്ണിമാരെല്ലാം മാഴ്കി മാഴ്കി
ആണുങ്ങളായാവു നാമെല്ലാമെന്നുള്ളോ-
രാശയെപ്പൂണ്ടാരെ വേണ്ടുംവണ്ണം.
സ്വർവ്വേശ്യമാരായ് നിന്നുർവ്വശിമുമ്പായ
ഗർവ്വിതമാരായ മാതരെല്ലാം
മാനിനിതന്നുടെ കാന്തിയെക്കണ്ടിട്ടു
മാനുഷിമാരായ നാരിമാരില്
മേന്മേലെനിന്നൊരു കുറുണ്ടിവന്നെന്നു
നാൻമുഖനോട്ടു വഴക്കുപൂണ്ടാർ.
ലാവണ്യംതന്നുടെ സാരമായ് നിന്നുള്ളോ-
രോമനയായൊരു ബാലികതാൻ
കാണുന്നോരെല്ലാർക്കും കണ്ണിന്നു നല്ലൊരു
പീയൂഷമായിട്ടു വാഴുംകാലം
പണ്ഡിതനായോരു നാരദമാമുനി
കുണ്ഡിനന്തന്നിലെഴുന്നള്ളിനാൻ.
മാമുനിവന്നതു കണ്ടൊരുനേരത്തു
മന്നവൻചെന്നങ്ങു വന്ദിച്ചപ്പോൾ
വിഷ്ടരംമുമ്പായ പൂജയെച്ചെയ്തിട്ടു
തുഷ്ടിയെപ്പെട്ടു വണങ്ങിച്ചൊന്നാൻ :—
"ചേവടികണ്ടു തൊഴുവാനെന്നിങ്ങനെ
കേവലംനണ്ണി ഞാൻനിന്നതിപ്പോൾ
എന്നുടെകന്യകയായൊരുബാലിക
തന്നുടെമംഗലം ചിന്തിപ്പാനായ്
ഭോഗ്യമായുള്ളൊരു ഭാഗ്യമിയന്നിട്ടു
യോഗ്യനായുള്ളതിവർക്കിന്നാർപോല്"
എന്നങ്ങുചൊല്ലുംപോൾ കന്യകമെല്ലവെ
വന്നിങ്ങുനിന്നുതാൻ വന്ദിപ്പാനായ്
തൻകഴല് കൂപ്പിന കന്യകതന്നുടെ
മംഗലമായുള്ളൊരംഗംതന്നെ
കാരുണ്യമാണ്ടൊരു കൺകൊണ്ടുനോക്കീട്ടു
നാരദൻ പാരാതെ ചൊന്നാനപ്പോൾ :—
"ഭാഗ്യമിയന്നയിക്കന്യകതന്നുടെ
യോഗ്യനായുള്ളോനെ ചൊല്ലുന്നേൻഞാൻ
കാമ്യമായുള്ളൊരു മാണിക്യക്കല്ലുതാൻ
കാഞ്ചനംതന്നോടു ചേരുംപോലെ
കാർവ്വർണ്ണന്തന്നോടു പാരാതെ ചേരേണം.

കാന്തിയെപ്പൂണ്ടമിക്കന്യകയും."
നാരദനിങ്ങനെ ചൊന്നൊരുനേരത്തു
നാരികൾ മൌലിയാം ബാലികതാൻ
ഭൂതലംതന്നില് വരച്ചുചമച്ചുള്ള
രേഖകളെണ്ണിനാൽ മെല്ലെമെല്ലെ
നന്മയായുള്ള പൊഴുതിനെക്കാണായി
നന്മയെപ്പൂണ്ടുള്ളോർക്കെന്നുഞായം;
കോൾമയിർക്കൊണ്ടതു കാണുമെന്നോർത്തിട്ടു
തോഴിയെത്തേടി നടന്നാൾതിണ്ണം.
മാമുനിചൊല്ലിന തുമൊഴിമന്നവൻ
മാനിച്ചുചൊല്ലിനാ നെല്ലാരോടും.
രുഗ്മിണിതന്നുടെ സോദരനായൊരു
രുഗ്മിതാഞ്ചൊല്ലിനാ നെന്നനേരം:—
"മാതുലന്തന്നെയും കൊന്നങ്ങുനിന്നിട്ടു
പാതകമാണ്ടോരു പാഴനെന്നും
പാവനമായൊരു വൈദികമന്ത്രത്തെ-
പ്പാദജന്മാവിന്നു നല്കുംപോലെ
സോദരിയായൊരു രുഗ്മിണി തന്നെഞാ-
നാദരവോടു കൊടുക്കയില്ലേ;
നിർമ്മലനായൊരു ചൈദ്യനു നല്കേണം
സമ്മതിയാളുമിക്കന്യതന്നെ."
ഇങ്ങനെചൊന്നുടൻ ചേദിപന്തങ്കലെ
തങ്ങിനിന്നീടും ഗുണങ്ങളെല്ലാം
മുഗ്ദ്ധവിലോചന കേൾക്കവെ പിന്നെയും
ചിത്തവിലോഭനമായിച്ചൊന്നാൻ:—
"ചേദ്യങ്ങളായുള്ള സൽഗുണമെല്ലാമേ
ചൈദ്യനിലല്ലോ വിളങ്ങുന്നിപ്പോൾ
ബന്ധുവായുള്ളതു മാഗധന്താനല്ലൊ
ദന്തവക്ത്രാദികളുണ്ടുപിന്നെ
വീരതകൊണ്ടു മററാരുമില്ലിങ്ങിനെ
ശൂരതകൊണ്ടുമങ്ങവ്വണ്ണമേ
കാന്തിയെക്കാണുംപോൾ കാമനുമഞ്ചീടും
പൂന്തേനെവെല്ലുന്ന തുമൊഴിയും
വിത്തംകൊണ്ടോക്കുംപോൾ വിത്തേശൻതാനല്ലോ?
ഇത്തരംപിന്നെയു മുണ്ടുമററും
വഞ്ചകനായൊരു നാരദൻചൊല്ലാലെ
വഞ്ചിതരാകൊല്ല നിങ്ങളാരും

ശാന്തന്മാരല്ലാത യാദവന്മാരോടു
ബാന്ധവമില്ല നമുക്കുപണ്ടേ”
ഇത്തരംചൊല്ലിനാൻ മുഗ്ദ്ധികാതന്നോടേ
ചിത്തമച്ചേദ പന്തങ്കലാവാൻ.
രുഗ്മിതാനിങ്ങിനെ ചൊന്നുള്ള വാർത്തകൾ
രുഗ്മിണികേട്ടങ്ങു നിന്നനേരം
ഉജ്ജ്വലിച്ചീടുന്നോ രുൻമുകജ്ജാലങ്ങൾ
നല്ചെവിപൂകുന്നതെന്നുതോന്നി
ഭീഷ്മകന്തന്നുടെ ചിത്തവുമന്നേര-
മൂഷ്മളമായ്വന്നു മെല്ലമെല്ലെ.
മററുള്ളലോകർക്കു പററിത്തുടങ്ങിതു
ചുററുവന്തന്നിലുള്ളതെല്ലാം
മന്നവന്താനുമ്മററുള്ളവരെല്ലാരും
ഖിന്നന്മാരായ് പിന്നെപ്പോയനേരം
സോദരഞ്ചൊല്ലാലങ്ങോരോരൊനാരിമാ-
രാദരവോടു പറഞ്ഞുനന്നായ്
ചൈദ്യനിലങ്ങവൾ മാനസം പൂകിപ്പാൻ
വൈദ്യംതുടങ്ങിനാർ വാക്കുകൊണ്ടേ
കീഴ്പ്പോട്ടുചാടുന്ന വൻനദിവെള്ളത്തെ
മേല്പോട്ടുപോക്കുവാനെന്നപോലെ.
നാരിമാർചൊല്ലെല്ലാം ബാലികതാനപ്പോൾ
ചാരത്തുനിന്നങ്ങു കേട്ടനേരം
കൊണ്ടല്നേർവർണ്ണനില് ചെല്ലുന്നമാനസം
പണ്ടേതിലേററവുമുണ്ടായ്വന്നു
കല്പകപ്പൂമധു നുണ്ണിനവണ്ടുതാൻ
മറെറാരുപൂവില് മരുങ്ങുമോചൊല്.
സാധിച്ചുകൂടാത കാരിയമെന്നവർ
ബോധിച്ചുനിന്നങ്ങു പോയനേരം
മന്നിടമെങ്ങുമേ ചൊല്ലിയന്നീടുമ-
ക്കന്യകതന്നുള്ളി ലോച്ചപുക്ക
കാമനാവന്നു കതിർത്തു തുടങ്ങിനാൻ
കാമിനിതന്നോടു പിന്നെപ്പിന്നെ
മുററുമിക്കണ്ണനെ ച്ചിന്തിക്കയെന്നിയെ
മററുള്ളചിന്തകൾ മാറിക്കൂടി.
കന്യകതന്നുള്ളില് കാമമാല്പൂണ്ടിട്ടു
ഖിന്നതയുണ്ടെന്നു കണ്ടനേരം
ചങ്ങാതിമാരായ മങ്കമാരെല്ലാരും

തങ്ങളില് കൂടി പ്പറഞ്ഞാരപ്പോൾ
"ബാലികതന്നുടെ മാനസം തന്നിലേ
മാലിന്യമൂലമറിഞ്ഞാലയോ നീ
നാലഞ്ചുനാളുണ്ടു പാലഞ്ചും വാണിത-
ങ്കോല മെലിഞ്ഞിട്ടു കാണാകുന്നു
രമ്യങ്ങളായവ യൊന്നുമേ കാണുംപോ-
ളുന്മേഷം കാണുന്നു തല്ലയിപ്പോൾ
വീണയെപ്പൂണ്ടൊരു ഗാനവുംമാറി താ-
യ്യൂണരുംകുറഞ്ഞു തുടങ്ങീതായി;
ചാലെ തെളിഞ്ഞ കവിൾത്തടം തന്നെയും
തിണ്ണംവിളർത്തിന്നു കാണാകുന്നു;
നീളത്തില് വന്നുള്ള വീഴ്പ്പുകളേല്ക്കയാല്
മേളത്തേപ്പോക്കുന്ന ചോരിവായും
ചൂടുപൊഴിഞ്ഞുള്ളൊ രാതപമേല്ക്കയാല്
വാടുന്ന ചെന്തളിരെന്നപോലെ.
ഭൂഷണംതന്നിലും ഭാഷണന്തന്നിലും
ദോഷമായ്ക്കാണുന്നു നാളില് നാളില്;
ചെഞ്ചെമ്മെ നാം ചെന്നു നമ്മങ്ങളോതുംപോൾ
പുഞ്ചിരിതൂകുന്നോ ളല്ലചെമ്മെ
കോണിലങ്ങങ്ങാരും താനേപോയ് നിന്നിട്ടു
കേണങ്ങുനിന്നതും കാണാംചെമ്മെ
[കേണുതുടങ്ങുന്നോൾ മെല്ലമെല്ലെ]
മാനിനിതന്നുടെ മാനസം തന്നെയി-
മ്മാരനിന്നാരേലും തീനിട്ടാനോ?
നാരദൻവന്നിങ്ങു ചൊന്നതില്പിന്നെയി-
ന്നാരിതൻമാനസം വേറൊന്നായി;
കണ്ണടച്ചീട്ടകില് തന്നിലെ മെല്ലവെ
കണ്ണയെന്നിങ്ങനെ ചൊല്ലിക്കേൾക്കും;
നീണ്ടുള്ളകൈകൊണ്ടു * * *
പൂണ്ടുകൊള്ളുന്നതും കാണാംപിന്നെ
ത്തൂവിയർപ്പേന്തിന പൂമേനിതന്നിലെ
കോൾമയിർക്കൊണ്ടതും ചൊല്ലാംചെമ്മെ
പൂഞ്ചേലതാനുമാ യങ്ങുചമഞ്ഞതും
കാഞ്ചിമുറിഞ്ഞതും കാണായ്വന്നു;
മററുമുണ്ടിങ്ങിനെ കാണുന്നിതെന്നപ്പോൾ
മറെറാരുമാനിനി മെല്ലെചൊന്നാൾ;
മാനിനിതന്നുടെ മാലിന്നുവന്നൊരു

കാരണാകണ്ടുതാ യെങ്കിലിപ്പോൾ
മംഗലമല്ലെതാ നിങ്ങിനെ വന്നതു
മങ്കമാർമൌലിയാം ബാലികക്കൊ
ചൊല്ലെററുനിന്നൊരു മുല്ലപോയ് ചേരുവാൻ
കല്പകദാരുവോ ടല്ലോവേണ്ടു
വീരനായ്യോരുന്ന സോദരൻചൊല്ലാലെ
ചേറോട്ടുചേരു മാറാക്കൊല്ലാതെ”
ഇങ്ങനെചൊന്നുള്ള തോഴിമാരെല്ലാരും
കന്യകതന്നുടെ മുന്നില് ചെന്നു
മാലിന്നുകാരണം ചോദിച്ചുനിന്നാര-
മ്മാനിനിതന്നോടു ഖിന്നമാരായ്:—
“മാനിനിതന്നുള്ളില് മാലുണ്ടെന്നിങ്ങനെ
മാലോകരെല്ലാരും ചൊല്ലുന്നിപ്പോൾ
മാരമാലെന്നതു തോഴിമാരായിട്ടു
പോരുന്നഞങ്ങൾക്കു തോന്നിക്കൂടി
ധന്യനായുള്ളൊരു സുന്ദരന്തന്നിലെ
നിന്നുടെമാനസം ചെന്നിതായി
ആരിലെന്നുള്ളതു പാരാതെ ചൊല്ലേണം
പാരിലേനാരിമാർ നായികേനീ”
തോഴിമാരിങ്ങിനെ ചോദിച്ചനേരത്തു
കോഴപ്പൂണ്ടീടുന്ന കോമളതാൻ
ധീരതഭാവിച്ചു ചൊല്ലിനിന്നീടിനാൾ
ചാരത്തുനിന്നവരെല്ലാരോടും
“ഈശ്വരന്തന്നെ യൊഴിച്ചു മന്മാനസേ-
യാശ്രയിച്ചില്ല മററാരെയുംഞാൻ
രാപ്പകലുള്ളൊരു പാഴ്പനികൊണ്ടുഞാൻ
വായ്പു കുറഞ്ഞു മെലിഞ്ഞുതിപ്പോൾ
എന്നതുകണ്ടല്ലി മന്മഥമാലെന്നു
നിങ്ങൾനിനക്കുന്നു മങ്കമാരേ”
മാരമാല്തന്നെയും മൂടിനിന്നിങ്ങനെ
മാനിനീമന്ദമായ് ചെല്ലുന്നേരം
കൂട്ടില് കിടന്നൊരു ശാരികപ്പൈതല്താൻ
പാട്ടായിച്ചൊന്നതു കേൾക്കായപ്പോൾ:—
“ദൈവമേനിൻകഴല് കൈതൊഴുതീടുന്നേൻ
കൈവെടിഞ്ഞീടൊല്ലാ യെന്നെയെന്നും.
ദേവകീനന്ദനൻ തന്നുടെമെയ്യോടു
കേവലംചേർക്കേണമെന്നെയും നീ”

ഇങ്ങനെ കേട്ടൊരു തോഴിമാരെല്ലാരും
തങ്ങളില് നോക്കി ച്ചിരിച്ചു ചൊന്നാർ:—
"കേളാതതിങ്ങനെ ചൊല്ലിത്തുടങ്ങീതേ
മേളത്തില് നമ്മുടെ ശാരികതാൻ
ശാരികപ്പൈതല്ക്കു മാധവൻതങ്കലെ
മാരമാലുണ്ടായിതെന്നവേണ്ടു"
ശാരികപ്പൈതലെ ക്കോപിച്ചുനോക്കിനാൾ
വാരിജലോചന പാരമപ്പോൾ.
കന്യകതന്നുടെ കോപത്തെക്കൊള്ളാതെ
പിന്നെയും നിന്നതു ചൊല്ലീതപ്പോൾ:—
"കാണുന്നോർ കണ്ണിന്നു പീയൂഷമായൊരു
കാർവ്വർണ്ണൻതന്നുടെ മേനിതന്നെ
കൺകൊണ്ടുകണ്ടു ഞാനെന്നുപോലെന്നുടെ
സംകടം പോക്കുന്നു തമ്പുരാനെ
എന്നങ്ങികന്യകാ തന്നുടെ ഭാവത്തി-
ലെന്നതുനിങ്ങളും തേറിനാലും"
ചങ്ങാതിമാരായ മങ്കമാരെല്ലാരും
മങ്ങാതെനിന്നതു കേട്ടുചൊന്നാർ:—
"പാഴായ്വപ്പുണ്ടൊരു ശാരികപ്പൈതലെ-
പ്പാരാതെപോക്കേണം ദൂരത്തിപ്പോൾ
എങ്ങാനുംപോകുന്ന കാർവ്വർണ്ണൻതന്നെത്തോ-
ട്ടിങ്ങനെ ചൊല്ലുവാനെന്തുഞായം
ഇല്ലത്തതിങ്ങനെ ചൊല്ലിത്തുടങ്ങിനാ-
ലുള്ളതെന്നിങ്ങനെ തോന്നുമല്ലൊ"
കാർവ്വർണ്ണനെന്നൊരു നാമത്തെക്കേട്ടപ്പോൾ
വേറൊന്നായ് കാണായി ഭാവമെല്ലാം;
കാമിനിതന്നുടെ കോമളമേനിയില്
കോൾമയിർക്കൊണ്ടു തുടങ്ങിതപ്പോൾ.
"പാഴ്പനികൊണ്ടല്ലീ കോൾമയിർക്കൊള്ളുന്നു
വായ് പെഴന്നീടുന്നിമ്മെയ്യിലിപ്പോൾ
രോമങ്ങൾതന്നോടു കോപിക്കവേണ്ടതാൻ
ശാരികപ്പൈതലോടെന്നപോലെ"
പുഞ്ചിരിതൂകിനാരിങ്ങിനെ ചൊന്നവ-
രഞ്ചാതെനിന്നവൾ തന്നെനോക്കി
ചഞ്ചലലോചന താനുമന്നേരത്തു
പുഞ്ചിരികിഞ്ചന തൂകിനിന്നാൾ.
പിന്നെയും ചൊല്ലിനാർ തോഴിമാരെല്ലാരും

കന്യക തൻമുഖം തന്നെനോക്കി:—
"ചൊല്ലേണ്ടതെല്ലാമെ ചൊല്ലിതായല്ലൊനാം
നല്ലതുചിന്തിപ്പൂ വെന്നവേണ്ടു
താൎത്തേന്താൻ ചെന്നിട്ടുപിയ്യൂഷം തന്നൊട്ടു
ചേൎച്ചതുടങ്ങുന്നിതെന്നപോലെ
കാൎവ്വൎണ്ണന്തന്നൊട്ടു നിന്നുടെചേൎച്ചയും
കാണ്മതിന്നെങ്ങൾക്കു വാഞ്ഛയുണ്ടേ"
തോഴിമാരിങ്ങനെ ചൊന്നൊരുനേരത്തു
തോഷത്തെപ്പൂണ്ടൊരു ബാലികതാൻ
പെട്ടെന്നുചെന്നു പിടിച്ചങ്ങുപുല്കിനാ-
ളിഷ്ടത്തെക്കേൾക്കുംപോളെന്നുഞായം
പിന്നെയങ്ങെല്ലാരും ധന്യയായുള്ളൊരു
കന്യകാതന്നോടു ചൊന്നാരപ്പോൾ
"നിന്നുടെകാന്തിയെ ക്കേട്ടൊരു കാൎവ്വൎണ്ണൻ
പിന്നെയിന്നിന്നെ വെടിഞ്ഞുപോമോ?
പൂമണം കേട്ടൊരു കാവണ്ടുപിന്നെയ-
പ്പൂമലരെന്നിയെ തേടുമൊതാൻ"
ഇങ്ങനെചൊല്ലിയ കന്യകതന്നുടെ
പൊങ്ങിനവേദന പോക്കിപ്പിന്നെ
കണ്ണനെത്തിണ്ണം തന്നുള്ളിലെ നണ്ണിയ
കന്യക യിങ്ങിനെ മേവുംകാലം
"ചേദിപനായുള്ള വീരന്നു ഞാനിനി"
ച്ചൊല്ലോടെ നല്കേണ മെൻമകളെ"
എന്നങ്ങുചൊല്ലി മുതിൎന്നാതുടങ്ങിനാൻ
കുണ്ഡിനപാലകനായ വീരൻ.
എന്നതുകേട്ടൊരു കന്യകതാനപ്പോൾ
മുന്നേതിലേററവും ഖിന്നയായി
എന്തിനി നല്ലതെന്നിങ്ങനെ ചിന്തിച്ചു
സന്താപം പൂണ്ടങ്ങു നിന്നാൾ പിന്നെ.
ആപ്തനായ് [ആസ്ഥയായ്] നിന്നുള്ളോരാരണന്തന്നോടം
ഞാൎത്തവിഷാദയായ് നിന്നുചൊന്നാൾ:—
ചേദിപനായൊരു കാലന്തൻകൈപുക്കു
വേദനപ്പെണ്മാറായി ഞാനോ
നീണ്ടൊരു വെണ്മയെ പ്പൂണ്ടൊരു നീയിന്നു
വീണ്ടുകൊള്ളേണമേ യെന്നെയിപ്പോൾ
പാരാതെ ചെല്ലേണം ദ്വാരകതന്നിലെ
കാൎവ്വൎണ്ണന്തന്നോടു ചൊല്ലപിന്നെ

നിന്നുടെകാന്തയാമെന്നെയിമ്മന്നിലെ
മന്നവർതീണ്ടൊല്ലാ യെന്നിങ്ങിനെ
ഏറുള്ളതെല്ലാമെ ചിന്തിച്ചു ചിന്തിച്ചു
മുററുമിന്നീതന്നേ ചൊല്കവേണ്ടു.
അന്നന്നേകണ്ടു കണ്ടെന്നുടെ വേദന
നിന്നുള്ളംതന്നി ലങ്ങായിതല്ലൊ
പാരാതെപോകെക്കില്ലെ"ന്നതു കേട്ടുള്ളൊ
രാരണൻ പോയങ്ങു വേഗത്താലെ
ദ്വാരകാതന്നിലെ പാരാതെചെന്നിട്ടു
കാവ്വർണ്ണന്തന്നെയും കണ്ടാൻ പിന്നെ
കാരണനായൊരു കാർമുകില്വർണ്ണന്താ-
നാരണൻവന്നതു കണ്ടനേരം
തുഷ്ടനായ് നിന്നങ്ങു പെട്ടെന്നു ചെന്നുതൻ
വിഷ്ടരംനല്കി യിരുത്തിപ്പിന്നെ
"പോരുവാനെന്തിങ്ങു കാരണ"മെന്നപ്പോൾ
പാരാതെചൊല്ലിനാ നാരണനും :—
രുഗ്മിണിതന്നെഞാൻ ദുഃഖമാം വാരിയില്
മഗ്നയായ്വീണതു കണ്ടുപോന്നു
സ്നിഗ്ദ്ധനായുള്ള നീ പാരാതെചെന്നിട്ട-
ങ്ങുദ്ധരിക്കേണമെ യെന്നു ചൊല്വാൻ.
ചൈദ്യനായുള്ളൊരു വാരിദംവന്നിട്ടു
ദൌർദ്ദിന്യമാകയാ ലെന്നപോലെ
നിർഗ്ഗുണനായിട്ടു നിന്നൊരു നിന്നുടെ
സൽഗുണമായുള്ള ഹംസമെല്ലാം
മാനിനിതന്നുടെ മാനസമായൊരു
മാനസംതന്നിലെ ചെന്നുപുക്കു;
നിർമ്മലനായൊരു നിന്നുടെ മേനിയും
തന്മനംതന്നിലെ ചെന്നിതായി
അംകമില്ലാതൊരു കണ്ണാടിതന്നിലെ
തിംകൾതാൻചെന്നങ്ങു പൂകുംപോലെ.
വീരനായുള്ളൊരു മാരനുമന്നേരം
പോരുതുടങ്ങിനാൻ മെല്ലെമെല്ലെ.
വമ്പുപൊഴിഞ്ഞുള്ളൊ രംപുകൾ കൊണ്ടവൻ
വമ്പുകലന്നു നിന്നെസ്സൂയാലെ
ബാലികതന്നുടെ മാനസമിന്നിപ്പോൾ
ചാപലമായി ച്ചമഞ്ഞുകൂടി.
വൈദഭിതന്നുടെ വൈരാഗ്യം ചൊല്ലുവാൻ

വൈദഗ്ദ്ധ്യമില്ലയെൻ നാവിന്നിപ്പോൾ
എങ്കിലുമിന്നിപ്പോൾ നിൻചെവിപൂകിപ്പാൻ
പങ്കജലോചന ചൊല്ലുന്നേൻ ഞാൻ
കോമളമായൊരു മേനിയിലെയ്യുതൻ
കോദണ്ഡംകൊണ്ടങ്ങു തല്ലിയും താൻ
കാമനയായൊരു പൈതലെന്നേതുമെ
ഓർക്കുന്നോനല്ല യിമ്മാരനിപ്പോൾ.
മാലിന്നു ഭാജനമായൊരു ബാലക്കു
കോലവും ശീലവും വേറൊന്നായി;
വമ്പനിപ്പൂണ്ടൊരു ശീതംകൊണ്ടെന്മെയ്യില്
കമ്പത്തെക്കണ്ടാലു മെന്നുചൊല്ലും
പാരമായുള്ളൊരു ചൂടെങ്കല് പൊങ്ങുന്നു
വാരിയിലാക്കുവി നെന്നും ചൊല്ലും;
പക്ഷ്മങ്ങൾക്കിന്നിന്നു ബാഷ്പങ്ങളായുള്ള
മുത്തുകൾ ഭൂഷണമായിവന്നു;
നിൻമൂലമുണ്ടായ മന്മഥമാല്കൊണ്ടു
തന്മനംവെന്തങ്ങു നീറുകയാല്
പങ്കജം കോകിലം തിങ്കളെന്നേതുമെ
തഞ്ചെവികേൾക്കവെ മിണ്ടരുതെ.
പൂന്തെന്നലേററീടില് താന്ത[ക്ലാന്ത]യായ്നിന്നിട്ടു.
ഭ്രാന്തെന്ന ചൊല്ലാവു പിന്നേതെല്ലാം
വണ്ടന്മാർപാടുന്ന പാട്ടിനെ കേൾക്കുകി-
ലിണ്ടലുംപൂണ്ടങ്ങു മണ്ടുംപിന്നെ
അന്തകൻ പോത്തിന്റെ വന്മണിക്കൂററിതാ
ചന്തത്തില് കേൾക്കായിതെന്നുചൊല്ലും
ആഴമാണ്ടീടുന്നോ രാതങ്കംപൂണ്ടുള്ള
തോഴിമാരെല്ലാരും കോഴയായി
എന്തിനിനല്ലുനാ മെന്നങ്ങു ചിന്തിച്ചു
സന്തതംവെന്തു വെന്തായിക്കൂടി.
പാണികൾകൊണ്ടു തന്മാറിടംതന്നെയും
പാരംമുറുക്കി ക്കിടന്നുകൊള്ളും
പ്രാണികളോടു കലർന്നുള്ളനീയിനി
പ്രാണങ്ങൾപോകുംപോൾ പോകല്ലാതെ
എന്നങ്ങുചൊല്ലിത്തന്നുള്ളിലിരുന്നൊരു
നിന്നെച്ചെറുക്കുന്നോളെന്നപോലെ.
ഭദ്രയായുള്ളൊരു മാനിനിതന്നെത്താൻ
നിദ്രയെപ്പൂണ്ടു കിടക്കുംനേരം

തല്പത്തിലെങ്ങുമെ തപ്പിത്തുടങ്ങിനാ-
ളുൽപന്നജാഗരയായിപ്പിന്നെ
ഗോവിന്ദൻ മാധവൻ കേശവനെന്നെല്ലാം
മേവുന്നനാമങ്ങളോന്നോന്ന താൻ
മാനിനിക്കിന്നിന്നു മന്മഥന്തന്നുടെ-
യാവേശമന്ത്രമായ്വന്നു കൂടി.
ചിത്രത്തിലുണ്ടല്ലൊ വാരിജമന്നിട്ടു
ഭിത്തിമേല് നോക്കുന്നോളല്ലയിപ്പോൾ.
കേകിതൻപീലിയെച്ചിന്തിക്കുമെന്നിട്ടു
വാർകുന്തല് ചിന്തുന്നോളല്ലയിപ്പോൾ.
വാരിജംതന്നില കൊണ്ടെന്നു തോഴിനീ
പാരാതെവീയെന്നെ യെന്നും ചൊല്ലും
മാനിച്ചുനിന്നവൾ വീതുതുടങ്ങുമ്പോൾ
മാപാപിവീയാതെ യെന്നും ചൊല്ലും.
കുങ്കുമച്ചാറെല്ലാം നീറായിപ്പോകുന്നു
കൊങ്കകൾതങ്കലെ ചെല്ലുന്നേരം
പങ്കജകോരകം ചങ്ങാതിയായുള്ള
കൊങ്കകൾരണ്ടിന്നു പണ്ടുപണ്ടേ
എന്നതുമിന്നിന്നു ചേരാതെയാകുന്നു
പങ്കജമൊട്ടില് തണുപ്പുണ്ടല്ലൊ.
മേനിയിലുള്ളൊരു നീലകളങ്കംകൊ-
ണ്ടാനനതുല്യത വന്നുകൂട
എന്നല്ലെതിങ്കളെ ച്ചൊല്ലുന്നതെല്ലാരു-
മെന്നതുമിന്നിന്നു പൊയ്യാകുന്നു
കജ്ജളമാണ്ടൊരു കണ്ണുനീർതന്നിലെ
മജ്ജനംചെയ്തു കിടക്കയാലെ.
മാനിനീതന്നുടെ ലോചനന്തന്നോടു
നേരൊത്തുനിന്നതു വാരിജങ്ങൾ
മാൺപുറവുനിന്നൊരു രാവെല്ലാംതങ്ങളെ-
ക്കൂമ്പാതെ കൊള്ളുവാൻ വല്ലുമാകില്.
പുഞ്ചിരിതൂകുമ്പോൾ വെണ്ണിലാവെന്നുതൻ
നെഞ്ചകംതന്നിലെ തോന്നുകയാല്
പുഞ്ചിരിതൂകുന്നോളല്ലതാൻ ചെഞ്ചെമ്മെ
കൊഞ്ചലും കിഞ്ചിൽ കുറഞ്ഞിതായി
കൊഞ്ചല് തുടങ്ങുമ്പോൾ കോകിലംതന്നുടെ
പഞ്ചമരാഗമെന്നോർത്തുകൊള്ളും.
ചന്തമായ് നിന്നങ്ങു കണ്ണാടികാണുമ്പോൾ

കുന്തളമാണ്ടോരുതൻമുഖത്തെ
വണ്ടിണ്ടചേൎന്നുള്ളോരംബുജമെന്നോൎത്തി-
ട്ടിണ്ടല്പൊഴിക്കുന്നോളുള്ളി ലെങ്ങും.
കണ്ണുനീർതന്നാലെ നിർമ്മിച്ചുകൂട്ടുന്നോൾ
തിണ്ണംവളൎന്നുള്ളതോട്ട മാറും.
ധൂളിയാകുന്നോൾ തന്നാനനന്തങ്കലെ
നീളത്തില്വന്നൊരു ശ്വാസംകൊണ്ടേ
ആതപംതാനെന്നും വെണ്ണിലാവെന്നുംതാൻ
ഭേദത്തെക്കാണുന്നോ ളല്ലയിപ്പോൾ.
തിണ്ണമെഴുന്നുള്ളോ രാതപമേററിട്ടു
വെണ്ണിലാവെന്നു തന്നുള്ളില് നണ്ണി
തീക്കനല്വാരി തന്മേനിയില് തേക്കുന്നോൾ
വായ്ക്കുന്നമാലയ മെന്നുനണ്ണി.
പാമ്പുകൾ കാണുംപോൾ മാലയെന്നോർത്തിട്ടു
പൂണ്ടായിച്ചേൎക്കും തന്മേനിതന്നില്.
മംഗലതന്നുടെ വേലകളെല്ലാമി-
ന്നിങ്ങിനെചൊല്ലിനാല് ചൊല്ലിക്കൂടാ
മല്ലവിലോചന ചൊല്ലെല്ലാം കേട്ടിട്ടു
നല്ലതു ചെയ്യുനീ യെന്നേവേണ്ടൂ;
രുക്മിണിതന്നുടെ ചൊല്ലിനെക്കേൾക്കനീ
പത്മവിലോചന ശങ്കിയാതെ
നീയാകിനിന്നൊരു പീയൂഷന്തന്നിലെ
പോയങ്ങുമുങ്ങുമെൻ മാനസത്തെ
ആയാസമായോരു തീയിലെപായിച്ചു
പേയായിപ്പോകുമാറാക്കൊല്ലാതെ.
എന്നെക്കാൾ വേണുന്നോരുണ്ടായ്വന്നതാ-
യെന്നെനിനക്കേതും വേണ്ടീതില്ലേ
എന്നങ്ങുചൊല്ലിക്കൊണ്ടെന്നുടെ ജീവിത-
മെന്നെവെടിഞ്ഞങ്ങു പോകുമുമ്പെ
കാലത്തുവന്നങ്ങു പാലിച്ചുകൊള്ളണം-
മാലംബം നീയൊഴിഞ്ഞാരുമില്ല
ധൃഷ്ടയായ് നിന്നൊരു പാഴിതാനിന്നിവ-
ളൊട്ടേറുമെന്നോട്ടു ചൊന്നതെല്ലാം
എന്നുള്ളതേതുമെ ചിന്തിക്കയൊല്ലാതെ
എന്നുടെ ജീവിതമായ നീതാൻ
* * മാല്കൊണ്ടു ചൊന്നുള്ളവാക്കില് നീ
സമ്മതിയായതേ കൈക്കൊള്ളേണ്ടു

പാലില്ക്കലന്നൊരു നീരിനെവേറിട്ടു
പാല്കുടിച്ചീടിനോ രന്നംപോലെ.
വാക്കില്ഞാൻ ചൊന്നതു യോഗ്യമായുന്നീടും
പോക്കററാല്വമ്പുലി പുല്ലുംമേയും"
നാരിമാർ മൌലിതൻ ദൂതനായ് നിന്നുള്ളോ—
രാരണനിങ്ങിനെ ചൊന്നനേരം
ഇന്ദിരനേരൊത്ത സുന്ദരിതന്നുടെ
സന്ദേശമായുള്ള നന്മൊഴികൾ
നിർമ്മലനായുള്ളോ രംബുജലോചൻ
തന്മനതന്നിലെ ചെന്നുപുക്കു
സ്ഫാടികഭൂതലന്തന്നിലെപായുന്ന
പാതംഗപാദങ്ങ ളെന്നപോലെ.
കന്യകതന്നുടെ ഖിന്നതയെല്ലാമെ
തന്നിലെചിന്തിച്ചു നിന്നു പിന്നെ
ആരണൻതന്നോടങ്ങാദരംപൂണ്ടിട്ടു
പാരാതെചൊന്നാ നന്നാരായണൻ :—
"എന്നുടെമാനസം തന്നെയുമിങ്ങിനെ
ഖിന്നമാക്കുവാരുന്ന തെന്നുനണ്ണി
ദോഷവാനായുള്ള സോദരന്തന്നുള്ളില്
ദോഷമുണ്ടെന്നതു കണ്ടുചെമ്മേ
എങ്കിലുമിന്നുഞാൻ വൻകനിവാണ്ടുള്ള
പംകജലോചന തന്നെനേരെ
കൊണ്ടിങ്ങുപോരുന്ന തുണ്ടെന്നുനിർണ്ണയം
കണ്ടങ്ങുനിന്നാലും കാമുകൻമാർ.
പാരാതെപോകനാ മെന്നങ്ങുചൊല്ലിനി-
ന്നാരണന്തന്നെയും തേരിലാക്കി
വേഗത്തില്പോയങ്ങു വേലപ്പെൺകാന്തനും
വേലപ്പെടാതേയും വന്നുകൂടി.
മേളമാണ്ടീടുന്ന ചേദിപനുണ്ടുപോല്
വേളിയെന്നിങ്ങിനെ കേട്ടുകേട്ടു
തന്നുടെ തന്നുടെ സേനയുമായിട്ടു
മന്നവരെല്ലാരും പോന്നുവന്നാർ.
ചേദിപന്താനും തൻ്റെച്ഛപൂണ്ടുള്ളോരും
ചെഞ്ചെമ്മെ വന്നാരമ്മന്ദിരത്തില്
ഭേരികൾതന്നുടെ നാദംകൊണ്ടെല്ലാമെ
പൂരിച്ചുനിന്നുട നാശയെല്ലാം.
ചേദിപൻ വന്നങ്ങു നിന്നതുകണ്ടപ്പോ-

ളാദരംപൂണ്ടോരു മന്നവൻതാൻ
മംഗലദീപവും കൊണ്ടങ്ങുചെന്നിട്ടു
സംഗമിച്ചീടിനാൻ ഭംഗിയോടെ
മന്ദമായ്പിന്നിങ്ങു സുന്ദരമായൊരു
മന്ദിരംതന്നി ലിരുത്തിപ്പിന്നെ
വന്നുള്ളമന്നോരെ മാനിപ്പാനായിട്ടു
പിന്നെയും പോന്നിങ്ങു വന്നുനിന്നാൻ.
മാധവദ്വേഷികളായിവിളങ്ങുന്ന
മാഗധൻമുൻപായ മന്നോരെല്ലാം
മാധവൻവന്നു പിണങ്ങുന്നതാകിലൊ
രോധിക്കവേണം നാമെന്നുചൊല്ലി
ഘോരമായുള്ളോരു സേനയുമായിട്ടു
പൂരിലകംപുക്കാർ ഭൂഷിതരായ്.
എന്നതുകേട്ടോരു രോഹിണിനന്ദനൻ
തന്നുടെസേനയു മായിച്ചെമ്മെ
ഓടിവന്നീടിനാ മ്മാധവൻചാരത്തു
കൂടിപ്പിറന്നുള്ളോ രെന്നുഞായം.
മന്നിടന്തന്നിലെ മാലോകരെല്ലാരു-
മൊന്നിച്ചുനന്നായി പ്പോന്നുവന്നാർ.
കൺമുനകൊണ്ടോരോ കാമുകരുള്ളത്തില്
കംപത്തെമെന്മേലെ നല്കിനല്കി
വന്നുവന്നീടുന്ന സുന്ദരിമാരുമ-
മ്മന്ദിരംപൂകിനാർ മന്ദംമന്ദം.
വാജികൾ തന്നുടെ ഹേഷിതംകൊണ്ടുമ-
മ്മാലോകർ കോലുന്ന ഘോഷംകൊണ്ടും
ആനകൾതങ്ങടെ നാദങ്ങൾകൊണ്ടുമ-
ങ്ങാശകൾപൂരിച്ചു കൂടീതെങ്ങും.
കാരണരായുള്ളോ രാരണരെല്ലാരും
പാരാതെവന്നു നിന്നെന്നനേരം
കന്യകതന്നുടെ മംഗലമായുള്ള
കർമ്മങ്ങളെല്ലാ മങ്ങാരംഭിച്ചാർ.
ചേദിപൻതന്നുടെ മംഗലകർമ്മവും
വേദിയർചെന്നു നിന്നവ്വണ്ണമെ.
ദാനങ്ങൾവാങ്ങിയുള്ളാരണരെല്ലാരു—
മാശിയുഞ്ചൊന്നങ്ങു നിന്നനേരം
കന്യകതന്നുടെ മണ്ഡനംചെയ്വാനാ—
സ്സ്വാമിനിമാരെല്ലാം ചെന്നുനിന്നാർ

നീട്ടററുനിന്നുള്ള ചേടിമാരെല്ലാരും
കാടിത്തുടങ്ങിനാ രങ്ങുമിങ്ങും
മംഗലയായൊരു മാനിനിതന്നിലെ
മങ്ങിത്തുടങ്ങിനാൾ മെല്ലെമെല്ലെ.
"പാരാതെവന്നുണ്ട ഞാനെന്നുചൊല്ലിനോ-
രാരണൻ വന്നതില്ലിന്നുമിപ്പോൾ
കാരണമെന്തുപോ ലാരണനെന്നുടെ
മാരണമായിട്ടു വന്നീലല്ലീ
ആശ്രയമില്ലാതെ പോരുന്നൊരെന്നെയി-
ന്നീശ്വരൻ കൈവെടിഞ്ഞീടിനാനോ.
കാരുണ്യംപൂണ്ടൊരു ഗൌരിക്കുമെന്നോടു
കാരുണ്യമില്ലാതെയാകുന്നതോ.
ഭാഗ്യമില്ലാതൊരു ഞാനിനിയാക്കമെ
ഭോ[യോ]ഗ്യയായ്വന്നങ്ങു പോരവേണ്ട
കുററമില്ലാതൊരു മററൊരു ജന്മത്തില്
തെററെന്നുകണ്ണനെ യേശിക്കൊള്ളാം.
ഇങ്ങിനെനണ്ണുംപോൾ ചേലിപന്തന്നുടെ
മംഗലഘോഷങ്ങൾ കണ്ണങ്ങളില്
ചെന്നുചെന്നന്നേരം ദുഃഖമാമുള്ളിലെ
നിന്നൊരുതീക്കൊരു കാററായ്വന്നു
തള്ളിയെഴുന്നൊരു കണ്ണുനീർതന്നെയും
ഉള്ളിലെബന്ധിച്ചു നിന്നനേരം
ആരണൻതാന്നയും വന്നുകാണായി
ദ്ദൂരത്തുനിന്നങ്ങു ചാരത്തപ്പോൾ.
നാരിമാർ മൌലിയാം ബാലയെക്കണ്ടപ്പോ-
ളാരണൻതൻമുഖം മെല്ലെമെല്ലെ
തേംപാതെനിന്നുള്ള തിങ്കളെക്കണ്ടുള്ളൊ-
രാംപലെപ്പോലെ ചമഞ്ഞുകൂടി;
രുഗ്മിണീതന്നുടെ ലോചനമാലകൾ
വിപ്രവരങ്കല് ചരിച്ചിതപ്പോൾ
കുംപിമയങ്ങിന വാരിജന്തങ്കല് നി-
ന്നാംപലില് ചാടുന്ന വണ്ടുപോലെ.
ദീനതപൂണ്ടൊരു മാനിനിതന്നുടെ
മാനസന്തന്നി ലുഴന്നു നിന്നു
കല്യമായുള്ളൊരു കാററിനെയേററൊരു
മുല്ലതൻപല്ലവ മെന്നപോലെ.
എണ്ണമില്ലാതൊരു കൌതുകംപൂണ്ടിട്ടു

കണ്ണങ്ങൾതിണ്ണം വിരിഞ്ഞുതപ്പോൾ ;
ഭൂതലംതന്നില് നിന്നാനന്ദംപൂണ്ടുള്ള
പൂമേനിതാനെ യെഴത്തുടങ്ങി ;
ഭക്തികൾചെന്നവൻ നാവിന്തലക്കലെ
പെട്ടെന്നുചെന്നു തറച്ചുനിന്നു ;
എന്തിവഞ്ചൊല്ലുന്ന തെന്നങ്ങുചിന്തിച്ചു
വെന്തുവെന്തങ്ങവൾ നിന്നനേരം
നൻമുഖമായുള്ളൊ രംബുജന്തന്നുള്ളില്
നന്മൊഴിയായൊരു തേനെഴുന്നു
ചിന്തപൂണ്ടീട്ടന്ന സന്താപംവേറിട്ടു
സന്തോഷംപൂണ്ടോളങ്ങായവണ്ണം.
"ഏറപ്പറഞ്ഞിട്ടു കാലംകളയേണ്ട
തേറുകേവണ്ടുഞാൻ ചൊന്നതെല്ലാം
കാലത്തുവന്നുനിൻ പാണിതലംതന്ന-
ച്ചാലപ്പിടിക്കുമമ്മാധവന്താൻ."
ആരണൻതന്നുടെ തൂമൊഴിയിങ്ങനെ
നാരിമാർ മൌലിതാൻ കേട്ടനേരം
ഉള്ളില് നിറഞ്ഞൊരു സന്തോഷന്തന്നിലേ
കൊള്ളാഞ്ഞുനിന്നു വഴിഞ്ഞുപിന്നെ
പുഞ്ചിരിയായിട്ടും കണ്ണുനീരായിട്ടും
ചെഞ്ചെമ്മെ തൂകിത്തുടങ്ങിതപ്പോൾ.
ആനന്ദമായൊരു വാരിയില്മുങ്ങിനി-
ന്നാരണൻതന്നോടു ചൊന്നാൾപിന്നെ :—
"പട്ടാങ്ങ തന്നേനീ ചൊന്നതെന്നാകിലും
പട്ടാങ്ങെന്നിങ്ങിനെ തോന്നുന്നില്ലേ.
ഇങ്ങനെ യുള്ളൊരു ഭാഗ്യത്തിൻ ഭാജന-
മെങ്ങനെ ഞാനാവിതെന്നുംചൊല്ലി
ഇന്നുകഴിഞ്ഞേ ഞാൻ നിന്നുടെ ചൊല്ലെല്ലാം
നിർണ്ണയിച്ചീടുന്നിതെ"ന്നു ചൊല്ലി
മാധവൻതന്നുടെ മേനിയെനണ്ണിനി-
ന്നാതങ്കംപോക്കിനാൾ മെല്ലമെല്ലെ.
മാധവന്താനപ്പോൾ യാദവന്മാരുമായ്
മന്ദിരംതന്നിലേ ചെന്നുപിന്നെ
താരകജാലങ്ങളോടു കലന്നൊരു
വാർതിങ്കളാകാശം പൂകുംപോലെ.
വാരിജലോചനൻ വന്നതുകേട്ടൊരു
നാരിമാരെല്ലാരു മോടിയോടി

ചെന്നു തുടങ്ങിനാർ ചെന്താരില്മാതുതാൻ
ചൊവ്വോടെ കാമിച്ച മേനികാണ്മാൻ.
കുണ്ഡിനവാസികളായുള്ളോരെല്ലാരും
ചെന്നുതുടങ്ങിനാരവ്വണ്ണമേ.
വന്നുവന്നീടുന്ന മന്നവർകണ്ണുകൾ
കണ്ണന്റെമെയ്തന്നിലേ ചെന്നീതപ്പോൾ.
പ്രാസാദന്തന്നിലെ വാതായനങ്ങളും
വാതിലുമെല്ലാം തുറക്കയാലെ
മണ്ഡനംകൊണ്ടെങ്ങും മണ്ഡിതമായൊരു
കുണ്ഡിനമായൊരു മന്ദിരവും
കാർവ്വർണ്ണൻതന്നുടെ കാന്തിയെക്കാണ്മാനായ്
കൺമിഴിക്കുന്നിതോ എന്നുതോന്നും.
കാർവ്വർണ്ണൻ വന്നതു കണ്ടൊരുചേദിപ-
നാനനംവാടി ത്തുടങ്ങീതപ്പോൾ
ബന്ധുക്കളായുള്ള മന്നോരുമായ് നിന്നു
മന്ത്രംതുടങ്ങിനാർ വെന്തുവെന്തു.
കുണ്ഡിനംതന്നിലേ മന്ദിരമായുള്ള
സുന്ദരിമാരെല്ലാമന്നനേരം
കാർമുകില്വർണ്ണന്റെ കാന്തിയെക്കണ്ടിട്ടു
കാമിച്ചുനിന്നു പറഞ്ഞാരപ്പോൾ —
"ഇങ്ങനെയുള്ളൊരു കാന്തിക്കു നേരായൊ-
രംഗനയാരുള്ളു ചൊല്ലുതോഴി.
പത്മദലായത ലോചനയായൊരു
രുക്മിണിതാനൊഴിഞ്ഞാരുമില്ലേ.
കാർമുകില്പോലെയിമ്മേനിയെ ക്കാണുംപോൾ
തൂമിന്നല്പോലെയിന്നാരിയുള്ളു
എന്നതുകാണുംപോൾ പംകജയോനിക്കു
മുന്നമേ ശങ്കയുണ്ടെന്നു ചൊല്ലാം.
ആതംകം വേറിട്ടു രോഹിണിതന്നോടു
വാർതിംകൾ ചെന്നങ്ങു ചേരുംപോലെ
കാർവ്വർണ്ണൻതന്നോടു മാനിനിതാനുമി-
ന്നാദരാല്ചേർന്നു കാണ്മനോ ഞാൻ."
തിങ്ങിവിളങ്ങിന സുന്ദരിമാരെല്ലാം
തങ്ങളിലിങ്ങനെ ചൊല്ലുംനേരം
ഗൌരിതൻപാദങ്ങൾ കുമ്പുവാനായങ്ങു
ഗൌരവം പൂണ്ടു നല് കന്യകതാൻ
പോകത്തുടങ്ങിനാൾ * * *

ആകുലയായ് നിന്നു മെല്ലെമെല്ലെ
മംഗലദീപങ്ങൾ കണ്ണാടി പൂണ്ടുള്ള
മന്നവർകന്യകമാരുമായി.
എന്നതുകണ്ടുള്ള തോഴിമാർവന്നവ-
ന്നെണ്ണമില്ലാതോളമായിക്കൂടി.
ആഗതരായുള്ളോരാരണരെല്ലാരു-
മാശിയുംചൊല്ലി നടന്നാർപിന്നെ.
വീരന്മാരായുള്ള ചേകവരെല്ലാരും
നാരിതൻചൂഴവും ചെന്നുപൂക്കാർ;
ഗായകന്മാരെല്ലാം വീണയുമായ്നിന്നു
ഗാനംതുടങ്ങിനാ രൂനംനീക്കി;
അത്തല് കളഞ്ഞുള്ള നർത്തകന്മാരെല്ലാം
നൃത്തംതുടങ്ങിനാർ തന്നില് നിന്നു;
കാഹളമൂതിനാർ ഭേരിയുമെല്ലാമ-
ങ്ങാഹനിച്ചീടിനാരായവണ്ണം.
അങ്ങിനെപോയുള്ളോരംഗനതാനപ്പോ-
ളംബികാമന്ദിരം തന്നില് പുക്കാൾ
ചന്ദ്രികയേററങ്ങു തന്നില് വിളങ്ങിന
ചന്ദ്രശിലാമണിയെന്നപോലെ
കണ്ണുനീരായിട്ടു തൻമുന്നില് നിന്നോക്കു
തിണ്ണമെഴുന്നതു കാണായ്വന്നു;
താഴുന്നരോമങ്ങൾ നിന്നുതുടങ്ങിതു
ദേവിയെക്കൂപ്പുവാനെന്നപോലെ.
കാണുന്നലോകർക്കുമാനന്ദബാഷ്പങ്ങൾ
വീണുതുടങ്ങിതു കാണുംതോറും.
ദേവിയായ്ചേർന്നുള്ള പൂമാലതന്നിലെ
താഴുന്നൊരാനന്ദത്തേനതെല്ലാം
ഉണ്ടുണ്ടുനിന്നവൾ മാനസമായൊരു
വണ്ടുതാൻപോന്നിങ്ങു വന്നുപിന്നെ
ആരണനാരിമാരായുള്ള പൂക്കളില്
ആദരവോടു നടന്നിതെങ്ങും.
ദാനങ്ങൾ കൊണ്ടവർ മാനസംതന്നിലെ
ആനന്ദംനല്കിനാളായവണ്ണം.
ആരണനാരിമാരാശിയായന്നേരം
"സാരനായുള്ളൊരു കാന്തനുമായ്
സന്തതിയുണ്ടായി ചിന്തയുംവേർപെട്ടു
സന്തതംവാഴ്കനീ* യെന്നുചൊന്നാർ.

പത്നിമാർചൊന്നുള്ളോരാശിയുംപൂണ്ടിട്ടു
ഭക്തിയായ് നിന്നോരു കന്യകതാൻ
ദേവിതന്മന്ദിരംതന്നില് നിന്നന്നേരം
പോവതിന്നാശു തുടങ്ങുന്നേരം
ചേദിപൻതാനങ്ങു ദാനവുംചെയ്യുനല്-
ച്ചേലയുംപൂണ്ടു ചമഞ്ഞുനന്നായ്
കന്യകവന്നൊരു നേർവഴിതന്നെയ-
പ്പിന്നെയുംപിന്നെയും നോക്കിനോക്കി.
ധന്യയായുള്ളൊരു കന്യകയന്നേരം
തന്നുടെ തോഴിമാരോടുംകൂടി
ചങ്ങാതിയായൊരു ബാലികതന്റെകൈ
ചന്തത്തില് ചേർത്തുതൻ കൈയോടപ്പോൾ
മന്നവന്മാരുടെ മുന്നിലാമ്മാറങ്ങു
വന്നുതുടങ്ങിനാൾ ഭംഗിയോടെ
മാലോകർക്കുള്ളൊരു കണ്ണുകളെല്ലാമ-
മ്മാനിനിമേനിയില് ചാടീതപ്പോൾ
മാൺപുറവുനിന്നൊരു മാലതിതന്നിലെ
തേമ്പാതെവണ്ടുകൾ ചാട്ടംപോലെ.
എണ്ണമററീടുന്ന കണ്ണുകൾമേന്മേലെ
തിണ്ണംതന്മേനിയില് പ്പാഞ്ഞനേരം
പാരില്വിളങ്ങുന്ന നാരികൾമൌലിക്കു
ഭാരംപൊഴിഞ്ഞു നിന്നെന്നപോലെ
മന്ദമായുള്ളൊരു യാനവുമായിട്ടു
ചെന്നുതുടങ്ങിനാൾ ഭംഗിയോടെ.
"കാർവ്വർണ്ണൻതന്നോടെ മാനിനിയായ ഞാൻ
കാല്നടപൂണ്ടു നടക്കവേണ്ടോ"
എന്നങ്ങുചൊല്ലി നിന്നെന്നകണക്കെയ-
ന്നിന്നുള്ളമന്നവർ മാനസത്തില്
ചെന്നുകരേറി വിളങ്ങിനിന്നീടിനാൾ
ഇന്ദുതാൻപൊയ്കയി ലെന്നപോലെ.
തൂമകലർന്നൊരു മാനിനിതന്നുടെ
പൂമേനികണ്ടൊരു കാമുകന്മാർ
കാമശരങ്ങൾ മനമതിലേല്ക്കയാല്
പ്രേമമിയന്നു മയങ്ങിനിന്നാർ;
കണ്ണിണകൊണ്ടവൾ കാന്തിയെത്തന്നെയും
പിന്നെയും പിന്നെയു മുള്ളിലാക്കി
പാർക്കുന്നതോറു മങ്ങാക്കമിയന്നുള്ള

ലേഖ്യങ്ങൾപോലെ ചമഞ്ഞുകൂടി.
വീടികവാങ്ങുവാ നോങ്ങിനമന്നവൻ
വീടികതൻകൈയില് വാങ്ങുന്നേരം
കേടററനാരി തന്നാനനംകണ്ടിട്ടു
കേവലമങ്ങനെ നിന്നുപോയി.
ചേലതാൻപൂണ്ടതു ചൊവ്വല്ലയാഞ്ഞിട്ടു
ചാലത്തുനിഞ്ഞതുപൂണ്മതിന്നായ്
ചേലഞെറിഞ്ഞു തുടങ്ങിനനേരത്തു
ബാലികവന്നതു കാൺകയാലെ
കൈക്കൊണ്ടുനിന്നൊരു ചേലയുമായിട്ടു
മൈക്കണ്ണിതന്നെയും നോക്കിനോക്കി
നിന്നുവിളങ്ങിനാൻ ധന്യനായുള്ളൊരു
മന്നവൻ പണ്ടു പിറന്നപോലെ.
വീണയുംവായിച്ചു നിന്നൊരുമന്നവൻ
കാമിനിവന്നതു കാണുകയാല്
വീണങ്ങുപോയൊരു വീണയെക്കാണാതെ
കോണംകൊണ്ടോങ്ങിനാ നങ്ങുമിങ്ങും.
അമ്മാനമാടുന്ന മന്നവവീരന്താൻ
പെണ്മൌലിവന്നതു കാൺകയാലെ
നൎത്തകന്തന്നുടെ യമ്മാനമായുന്ന
ഹസ്തങ്ങൾ തങ്ങളില് കൊല്ലുകയാല്.
പാട്ടുവാനായിട്ടു വാപിളൎന്നീടിനാൻ
കേടററു നിന്നൊരു മന്നവന്താൻ
നീടുററു നിന്നൊരു നാരിയെക്കാൺകയാല്
നീളത്തില് പാട്ടുമാറായിച്ചമന്നു.
ആനമേലേറുവാൻ കാല്കളിലൊന്നെടു-
ത്താനതൻമേനിയിലായനേരം
മാനിനിതന്നുടെയാനനംകണ്ടിട്ടു
മാഴ്കിനിന്നീടിനാ നവ്വണ്ണമേ.
മന്ത്രിപ്പാൻചെന്നങ്ങു മറെറാരുമന്നവൻ
മന്ത്രിച്ചുനിന്നു തുടങ്ങുന്നേരം
ബന്ധുരഗാത്രിതൻ ചന്തത്തെക്കാൺകയാല്
അന്ധനായങ്ങിനെ നിന്നുപോയാൻ.
വാജിമേലേറിന മന്നവന്തന്നോടു
വാരിജലോചന വന്നനേരം
"വാഹനംകൂടാതെ ബാലികമുന്നില് നീ
വാജിമേല്നിന്നതു ഞായമല്ല"

എന്നങ്ങു ചൊല്ലി നിന്നെന്നകണക്കവെ
മന്മഥനാക്കിനാൻ ഭൂതലത്തില്.
വാരണമേറിന മന്നരുമങ്ങിന്നെ
തേരില്നിന്നുള്ളോരു മവ്വണ്ണമെ
ഇങ്ങനെയോരോരോ ചാപലംകാട്ടിനാർ
മംഗലരായുള്ള മന്നവരെല്ലാം.
മാനിനിതന്നുടെ മൌലിയായുള്ളോരു
മാലികയായോരു ബാലികതാൻ
കാമനെപ്പെറവു വളൎത്തങ്ങുനിന്നൊരു
കോമളക്കൺമുന കൊണ്ടുമെല്ലെ
ഭൂമിപന്മാരുടെ മേനിയില് നല്ലോരു
ഭൂഷണഭേദത്തെ നല്കിനിന്നാൾ.
എന്മെയ്യിലെന്മെയ്യില് നോക്കുന്നോളെന്നിട്ടു
മന്നവരെല്ലാരു മുന്നതരായ്
തന്നുടെതന്നുടെ മേന്മയെ മേന്മേലെ
തന്നിലെതന്നിലേ വാഴ്ത്തിനിന്നാർ.
കാമശരങ്ങൾ തറച്ചുള്ളതെല്ലാംതൻ
കോമളമെയ്യില് പരന്നപോലെ
കോമളരായുള്ള മന്നവൎക്കെല്ലാൎക്കും
കോൾമയിർകൊണ്ടു തുടങ്ങീതപ്പോൾ.
മാരനുമനല്ലാരു ബാണമായ് നിന്നിട്ടു-
മ്മാനിനിതന്നുടെ കാന്തിതന്നെ
കണ്ടുകണ്ടീടുന്ന മന്നവൎക്കെല്ലാൎക്കു-
മിണ്ടലെച്ചേൎത്തു ചമച്ചിതപ്പോൾ.
ഇങ്ങനെയുള്ളോരു സുന്ദരിതന്നെനാ-
മെങ്ങുമേകണ്ടതില്ലെന്നു ചൊല്ലാം.
ആരുമേപോലിങ്ങനെ പാരിടംതന്നിലി-
ന്നാരിയെനിൎമ്മിച്ചു നിന്നതില്ലപ്പോൾ
നന്മുനിമാരെയു മോതിച്ചുപോരുന്ന
നാന്മുഖന്താനല്ല യെന്നുചൊല്ലാം
മന്മഥൻതന്നുടെ കൌശലംകാട്ടുവാ-
നിൎമ്മിച്ചതെന്നാകില് ചേരുമൊട്ടേ.
മന്മഥനുള്ളത്തില് മാരമാലുണ്ടാമി-
ന്നിൎമ്മലമേനിയെ ക്കാണുന്നേരം.
ഇങ്ങനെയിന്നിവൾ തൻമുഖം കാണുംപോ-
ളിന്ദ്രനായ്‌വന്നാവു നാമെല്ലാരും ;
കാമ്യമായ് നിന്നുള്ളൊരിമ്മുഖം കാണുംപോൾ

സാമ്യമായുള്ളതിന്നെന്തു പാർത്താല്
വാർതിംകളെങ്കിലൊ വാരിജന്തന്നുള്ളി-
ലാതംകമുണ്ടായി വന്നുകൂടും.
ആതംകംകോലുന്ന വാരിജമെങ്കിലും
വാർതിംകളെന്നതേ ചേരുമത്രെ
ഹാരമായുള്ളൊരു താരകജാലങ്ങൾ
ചാരത്തുചെന്നങ്ങു പൂകയാലെ.
* * * പംകജകോരക-
മുല്ലസിക്കുന്നിതു മെല്ലെമെല്ലെ;
പുഞ്ചിരിയായിട്ടു നിന്നനിലാവുമു-
ണ്ടഞ്ചിതമായിട്ടു കാണാകുന്നു.
കണ്ണാത്തോടേററിട്ടു തോററങ്ങുപോയിത-
ക്കംബുക്കളെന്നുള്ള തുള്ളതത്രെ
എന്നതുകൊണ്ടല്ലെ യിന്നുമക്കൂട്ടങ്ങ-
ളേററംകരഞ്ഞു നടക്കുന്നെങ്ങും
ശങ്കയുണ്ടെന്നുള്ളില് പംകജനേർമുഖി
* * * വാഴ്ത്തുവാ നോർത്തുകണ്ടാല്
ലാവണ്യമാണ്ടൊരു വാപികതന്നിലെ
താവുന്നകോകങ്ങ ളെന്നുചൊല്വൂ
ശൃംഗാരംവന്നതി നംഗജനുള്ളൊരു
മംഗലകുംഭങ്ങ ളെന്നൊചൊല്വൂ.
തൊട്ടങ്ങുകാണുംപോൾ ത്തുനടുവെന്നതും
പട്ടാങ്ങെന്നിങ്ങിനെ വന്നുകൂടും
* * * *

പേർപെററുനിന്ന ധാനത്തിനുടെ
പായോലതന്നിലെ വണ്ണങ്ങൾ താനല്ലൊ
രോമാളിയായിട്ടു കണ്ടതിപ്പോൾ.
എന്നങ്ങുചൊല്ലുന്നു വന്നുള്ളോരെല്ലാരു-
മെന്മനമങ്ങിനെ യല്ലചൊല്ലാം
പാർവതികാന്തനെ ക്കണ്ടുതാൻ പാഞ്ഞൊരു
മന്മഥൻതന്നുടെ മെയ്യില്നിന്നു
വല്ലാതെവീണു മുറിഞ്ഞങ്ങുപോയൊരു
ചില്ലിയായുള്ളൊരു വില്ലുതന്റെ
മേല്വിട്ടുപോയൊരു_ഞാണത്രെകണ്ടത-
ച്ചേണുററ രോമാളി യെന്നുംചൊല്ലി.
നാഭിയെക്കണ്ടു നല്ലാവത്തംതനുടെ
ശോഭയുംവെന്നങ്ങു നിന്നുപിന്നെ

ശ്രോണിയെക്കൊണ്ടു മണല്ത്തിട്ടതന്നെയും
ചേണാറുനിന്നവൾ വെല്കയാലെ
ഊൎമ്മികളായുള്ള ചില്ലിതൻഭംഗത്തെ
മേന്മേലെകോലുന്നു വന്നദികൾ.
രംഭയിമ്മാതരില് നല്ലതെന്നിങ്ങിനെ
കിംഫലംനിന്നു പുകണ്ണെല്ലാരും
ഊരുക്കൾകൊണ്ടേ യീരംഭതൻ കാന്തിയെ-
പ്പാരം പഴിച്ചിവൾ വെന്നാളല്ലോ.
എന്നുടെ യാനത്തെ കണ്ടുകൊള്ളേണംനീ
അന്നത്തിൻപൈതലെ യെന്നിങ്ങനെ
മണ്ടാതെനിന്നുടൻ മഞ്ജീരന്തന്നുടെ
ശിഞ്ജിതംകൊണ്ടിവൾ പാടമിപ്പോൾ
വെല്ലുന്നതെന്നല്ലൊ ചൊല്ലുന്നിതെല്ലാരു-
മെന്നുള്ളിലെന്നല്ല തോന്നുന്നിപ്പോൾ
കോരകമായുള്ളോരഞ്ജലിപൂണ്ടല്ലോ
വാരിജം മേവുന്നു രാവുതോറും
നിന്നുടെകാന്തിയെ ക്കിട്ടുമെന്നിങ്ങനെ
തന്നുള്ളില്നിന്നുള്ളോരാശയാലെ
യാചിച്ചുപോകുന്നു വാരിജന്തന്നുള്ളില്
പാരിച്ചകാന്തിയെ നല്കവേണം
പാദത്തോടിങ്ങനെ നൂപുരന്താൻവന്നു
യാചിക്കചെയ്യുന്നതെന്നിങ്ങനെ.
മാൎഗ്ഗത്തിലെങ്ങുമിടച്ചവരായല്ലൊ
മാൎദ്ദവംകോലുമപ്പാദങ്ങൾക്കോ
ദീധിതിപൂണ്ടുള്ള തൂനഖജാലങ്ങൾ
ദീപമായ്മുമ്പില് വിളങ്ങുകയാല്.
ബന്ധുരഗാത്രിതൻ ചന്തത്തെ വാഴ്ത്തുവാൻ
ചിന്തിച്ചുതാരു മിന്നാവതില്ലേ.
രാശികൾകൊണ്ടു തിരിഞ്ഞു ചമച്ചോന്നി-
പ്പേശലമേനിതാനെന്നുതോന്നും
ചാപമായുള്ളതിച്ചില്ലികൾരണ്ടുമേ
ലോചനമായതു മീനമല്ലൊ

* * * *

മന്നവന്തന്നുടെ ബാലികയാമിവൾ
കന്നിയായല്ലോതാൻ പണ്ടേയുള്ളു
സമ്മതംപൂണ്ടു മിഥുനന്തന്നെയും
ചെമ്മുകലന്നു ലഭിക്കാമിപ്പോൾ.

പാവനമായുള്ള തീൎത്ഥവുംദേശവും
കേവലമിന്നിവൾ മെയ്യിലേകാൺ;
ഹാരമായുള്ളൊരു ഗംഗയുമുണ്ടല്ലൊ
രോമാളിയായൊരു കാളിന്ദിയും
മാലോകരുള്ളത്തി ലാനന്ദംനല്കുന്ന

*　　*　　*　　*

കാഞ്ചനംവെല്ലുന്നി ക്കാമിനിമേനിയില്
കാഞ്ചിയുംകണ്ടാലും കാന്തിയോടെ
ഇത്തരമോരോന്നേ ചൊല്ലിനിന്നീടിനാ-
ൎത്തല്പിന്നെയുള്ള മന്നരെല്ലാം
അംഗനതന്നുടെയംഗങ്ങളെല്ലാമേ
ഭംഗിയില്കാണേണ മെന്നുനണ്ണി
ചെല്ലുനിചെല്ലുനി യെന്നവർചൊല്ലാലെ
ചെല്ലത്തുടങ്ങിന കണ്ണിണതാൻ
മുററുംതാൻചെന്നുള്ള രംഗത്തെക്കൈവിട്ടു
മററൊന്നില്ചെല്ലുവാൻ വല്ലീലപ്പോൾ.
മുഗ്ദ്ധവിലോചന താനുമന്നേരത്തു
ബദ്ധവിലാസയാ യ്മെല്ലമെല്ലെ
ചെന്നുതുടങ്ങിനാൾ ചേണാരുനിന്നൊരു
നന്ദകുമാരന്താൻ നിന്ന ദിക്കില്
ചാരത്തു നിന്നൊരു വാരിധികണ്ടിട്ടു
പാരുററചന്നദി യെന്നപോലെ.
കാർമുകില്വൎണ്ണന്താൻ കാർമുകില്ചൂഴന്ന
കാമിനിതന്നെ യണഞ്ഞാനപ്പോൾ
വണ്ടുകൾചൂഴന്ന വാരിജംകണ്ടിട്ടു
മണ്ടിയടുക്കുന്ന ഹംസംപോലെ.
ബാലികതന്നുടെ പാണിയെമെല്ലവെ
ചാലത്തൻകൈകൊണ്ടു പൂണ്ടാനപ്പോൾ
വാരണവീരന്താൻ കാമിനികൈതന്നെ
ചാരത്തുചെന്നങ്ങു പൂണ്ടംപോലെ.
തേരിലങ്ങാക്കിക്കൊണ്ടു പാഞ്ഞുതുടങ്ങിനാൻ
വീരന്മാരെല്ലാരും കണ്ടിരിക്കെ.
എന്നതുകണ്ടുള്ള മന്നവരെല്ലാരു-
മൊന്നൊത്തുകൂടി ക്കൂത്താരപ്പോൾ
വില്ലെടുത്തീടിനാർ വാളെടുത്തീടിനാർ
ചെല്ലുവിൻപിന്നാലെയെന്നുചൊന്നാർ.
ഭൂമിപന്മാരുടെ മൌലിയായുള്ളൊരു

ചേദിപന്തന്നുടെ കന്യകയെ
കൊണ്ടങ്ങുമണ്ടുന്നോനെന്നുള്ള ഘോഷങ്ങ-
ളുണ്ടായിവന്നിതമ്മന്ദിരത്തില്.
ചേദിപന്തന്നുടെ ചേവകരന്നേരം
ചെല്ലത്തുടങ്ങിനാർ ചൊവ്വിമന്നോടെ.
മാഗധന്താനും മററുള്ളവരെല്ലാരും
മാനിച്ചുനിന്നു പറഞ്ഞാരപ്പോൾ :—
"നമ്മുടെമുന്നിലെ കന്യകതന്നെയും
നമ്മെയുമിങ്ങനെ നാരിയാക്കി
കൊണ്ടങ്ങുമണ്ടുന്നോൻ കൊണ്ടല്നേർവ്വർണ്ണന്താൻ
കണ്ടങ്ങുനില്ലായ്കിൻ നിങ്ങളാരും
കന്യകതന്നുടെ കള്ളനായുള്ളോനെ-
ക്കണ്ടു കരുത്തു പിടിച്ചുനേരേ
കൊണ്ടിങ്ങുപോരുവിനിണ്ടലുംകൈവിട്ടു
മണ്ടുവിൻപിന്നാലെ വീരന്മാരെ"
എന്നങ്ങുചൊന്നുള്ള മന്നവന്മാരെല്ലാം
തന്നുടെ തന്നുടെ സേനയുമായ്
വാരണമേറിനാർ വാജിയുമേറിനാർ
പാരുററതേരിലു മേറിപ്പിന്നെ
വാരിജലോചനന്തന്നുടെപിന്നാലെ
പാരാതെചെന്നു ചെറുത്താരപ്പോൾ.
പിന്നാലെചെല്ലുന്ന വൈരിയെക്കണ്ടിട്ടു
സന്നദ്ധരായുള്ള യാദവന്മാർ
തേരുംതിരിച്ചു മടങ്ങിനിന്നീടിനാർ
വീരന്മാരിങ്ങനെ ചെയ്യുമ്പോഴും.
വീരന്മാരായുള്ള മന്നവർകേൾക്കവെ
ധീരന്മാരായ് നിന്നു ചൊന്നാരപ്പോൾ
"ചേദിപന്തന്നുടെ പെണ്ണിനെ ചൊവ്വോടെ
യാദവന്മാരായ ഞങ്ങളിപ്പോൾ
കൊണ്ടങ്ങുപോകുന്നതെല്ലാരും കണ്ടാലു-
മ്മണ്ടിവന്നീടുവിനാകില് നിങ്ങൾ"
വീരന്മാരായുള്ള മന്നവരെന്നപ്പോൾ
ഘോരങ്ങളായുള്ള ബാണങ്ങൾക്കു
പാരണനല്കിനാർ യാദവന്മാരുടെ
മാറിലെഴുന്നൊരു ചോരിവെള്ളം.
യാദവന്മാരുടെ ബാണങ്ങളന്നേരം
ചേദിപന്മുമ്പായ മന്നോരുടെ

ചോരയായുള്ളൊരു വെള്ളത്തില് മുങ്ങീട്ടു
പാരം കളിച്ചു തുടങ്ങീതപ്പോൾ.
ഭീതിയെപ്പൂണ്ടൊരു കാമിനിതൻമുഖം
കാതരമായിട്ടു കണ്ടനേരം
കാർമുകില്വർണ്ണൻ ചൊല്ലിനിന്നീടിനാൻ
തൂമന്ദഹാസത്തെ തൂകിത്തൂകി:—
"താവകമായുള്ളോരാനനം കണ്ടിട്ടു
താപമുണ്ടാകുന്നു മാനസത്തില്
മാനിനിമാരുടെ മൌലിയായുള്ള നി-
ന്നാനനമേതുമേ വാടൊല്ലാതെ
എന്നുടെ ബാണങ്ങൾ ചെല്ലുന്നനേരമി-
മ്മന്നവരെങ്ങുമേ നില്ലാരെങ്ങും
ആയിരം കാകന്നു പാഷാണമൊന്നേ താൻ
വേണുന്നതെന്നതു കേൾപ്പുണ്ടല്ലീ"
ഇങ്ങനെ ചൊന്നവൾ പേടിയെപ്പോക്കീട്ടു
വന്നുള്ള മന്നോരെ നോക്കിനാന്താൻ
കാരുണ്യം പൂണ്ടൊരു കാർവ്വർണ്ണൻതൻമുഖ-
മാരുണ്യം പൂണ്ടു ചമഞ്ഞിതപ്പോൾ
നൂതനമായുള്ളൊരാതപം പൂണുന്ന
പാതംഗമാകിന ബിംബംപോലെ.
വാരിജലോചന നായിവിളങ്ങിന
വാരിജവല്ലഭൻ തങ്കല്നിന്നു
ബാണങ്ങളായുള്ള ദീധിതിജാലങ്ങൾ
പാരുറ്റു മേന്മേലെ ചെല്ലുകയാല്
നേരറ്റുനിന്നൊരു വീരന്മാരായുള്ള
ക്രൂരരൊട്ടങ്ങുമേ കണ്ടീലപ്പോൾ.
വീരനായുള്ളൊരു രുഗ്മിതാനന്നേരം
തേരിലങ്ങേറി മുതിർന്നു ചൊന്നാൻ-
"ചോരനായ്വന്നു നിന്നൊരുമേ കാണാതെ
സോദരിതന്നെയും തേരിലാക്കി-
ക്കൊണ്ടങ്ങുമണ്ടുന്ന കൊണ്ടല്വർണ്ണൻതൻ
കണ്ഠത്തെക്കണ്ടിച്ചു കൊന്നുപിന്നെ
സോദരിതന്നെയും വീണ്ടുകൊണ്ടിങ്ങു ഞാൻ
പോരുന്നതെല്ലാരും കണ്ടുകൊൾവിൻ
നിശ്ചയമെന്നതു നിർണ്ണയിച്ചാലുമി-
ന്നിച്ചൊന്നകാരിയം പൂരിയാതെ
കുണ്ഡിനമാകിന മന്ദിരംതന്നില് ഞാ-

നെന്നുമേ പൃകന്നോനല്പചൊല്ലാം”
ഇങ്ങിനെയുള്ളൊരു സംഗരവാദത്തെ
മംഗലദീപവും പൂണ്ടുചൊന്നാൻ ;
പാരാതെപിന്നെയക്കാർമുകില്വൎണ്ണനെ
നേരിട്ടുനിന്നു വിളിച്ചുചൊന്നാൻ
മൂക്കന്തൻവായിലെ നന്മണിതന്നെയ-
മ്മൂഷികൻകൊണ്ടങ്ങു മണ്ടുംപോലെ
എന്നുടെസോദരി തന്നെയുംകൊണ്ടുനീ-
യെന്തിത്തുടങ്ങുന്ന തെന്നുചൊല്ലി
ഘോരങ്ങളായുള്ള ബാണങ്ങൾ തൂകിനാൻ
വാരിദം വാരിയെ തൂകുംപോലെ.
കൊണ്ടല്നേർവൎണ്ണനും ബാണങ്ങളെല്ലാമെ
കണ്ടിച്ചുതുണ്ടിച്ചു വീഴ്ത്തിവീഴ്ത്തി
സാരഥിതന്നെയും വാജിയെത്തന്നെയും
തേരുമന്നേരത്തു വീഴ്ത്തിപ്പിന്നെ
ചാലച്ചെന്നങ്ങവൻ തന്നെയുംബന്ധിച്ചു
കാലന്റെ നല്ലുവാനോങ്ങും നേരം
കാൎവ്വൎണ്ണന്തന്നുടെ കൈപ്പുക്കനിന്നിട്ടു
കാതരനായൊരു വീരന്നേപ്പോൾ
ബാലികതന്നുടെ ലോചനവാരിക-
ളാലംബമായിട്ടു വന്നുകൂടി.
കാർമുകില്വൎണ്ണന്തന്നാനനംതന്നുടെ
രാഗവുംകിഞ്ചിൽ കുറഞ്ഞുതായി
കൊല്ലാതെകൊല്ലേണമിന്നിവന്തന്നെയെ-
ന്നുള്ളിലെണ്ണിന കാൎവ്വൎണ്ണൻതാൻ
പേശലമായൊരു കേശവുംമീശയും
പേയായിപ്പോകുമാറാക്കിപ്പിന്നെ
പോകെന്നുചൊല്ലിയയച്ചുവിട്ടീടിനാ-
നാകുലനാകിന ഭൂപന്തന്നെ.
നാണവുംപൂണ്ടു തന്നാനനംകുമ്പിട്ടു
നാനാജനങ്ങളും കാണ്കവെതാൻ
വേഗത്തില്പോയിത്തൻ മന്ദിരംതന്നുടെ
ചാരത്തുചെന്നങ്ങു നിന്നനേരം
ഉററവരെല്ലാരും കുററമകന്നൊരു
മററൊരുമന്ദിരം നിൎമ്മിച്ചപ്പോൾ
ക്ഷീണനായ് നിന്നൊരു രുഗ്മിയെത്തന്നെയും
ചേണെഴും മന്ദിരം തന്നിലാക്കി

മന്നവന്മാരെല്ലാം മ്മാനവുംകൈവിട്ടു
തന്നുടെമന്ദിരം തന്നില് പുക്കാർ.
കാമിനിതന്നോടു കൂടിക്കലർന്നൊരു
കാർവ്വർണ്ണന്താനുമായ്മെല്ലെമെല്ലെ
ദ്വാരകയാകിന പൂരിലകംപുക്കാർ
ഭേരിയുംതാഡിച്ചു യാദവന്മാർ.
വൈദികനായുള്ള ദേശികൻചൊല്ലാലെ
വൈദർഭിതന്നുടെ പാണിതന്നെ
നല്പൊഴുതാണ്ടൊരു രാശികൊണ്ടന്നേരം
പത്മവിലോചനൻ പൂണ്ടുകൊണ്ടാൻ
പാർവ്വതീതന്നുടെ പാണിയെപ്പണ്ടുന-
ല്പാവകലോചന നെന്നപോലെ.
പാരുറവുന്നിനുള്ളൊരുത്സവമന്നേരം
ദ്വാരകതന്നില്പരന്നിതെങ്ങും
വാർതിങ്കൾതന്നോടു തൂവെണ്ണിലാവുതാൻ
പാരുറവുനിന്നു കലർന്നപോലെ
കാർവ്വർണ്ണന്തന്നോടക്കാമിനിതാനുമ-
ക്കാലത്തു ചാലക്കലർന്നു നിന്നാൾ.
ബാലികതന്നുടെ വാഞ്ഛിതംപൂരിപ്പാൻ
ചാലത്തുനിഞ്ഞു തുടങ്ങുന്നേരം
ചേദിപന്തന്നുടെ ചൊല്ലാലെ ചെന്നിട്ടു
വേദനപൂകിപ്പാ നെന്നപോലെ
ലജ്ജതാഞ്ചെന്നു ചെറുത്തു തുടങ്ങിനാ-
ളിച്ഛയല്ലെന്നതു ചിന്തിയാതെ
വാരിജലോചന തന്നുടെകണ്ണിണി
നേരെമയങ്ങി ത്തുടങ്ങുമപ്പോൾ
ഓമലെന്നിന്നുടെ കോമളമായൊരു
പൂമേനിമെല്ലവെ പൂണ്ടുകൊൾവാൻ
കാമിച്ചുവന്നു ഞാൻ, ദൂരത്തുനില്ലാതെ
ചാരത്തുപോരിങ്ങു ബാലികെനീ-
എന്നങ്ങുചൊല്ലുംപോ ളാനനംതാഴ്ത്തിക്കൊ-
ണ്ടൊന്നുമേമിണ്ടാതെ നിന്നുകൊള്ളും.
വാസത്തിനുള്ളൊരു മന്ദിരന്തന്നില് താൻ
നാഥനുമായിട്ടു മേവുന്നേരം
ചൂഴുംനിന്നോരോരോ ലീലകളാതിത്തൻ
തോഴിമാരെല്ലാരും പോകുന്നേരം
കേവലനായൊരു കാന്തനെകാൺകയാല്

പോവതിനായിട്ടൊ ഭാവിക്കുന്നോൾ
ശയ്യയിലങ്ങു തിരിഞ്ഞുകിടന്നിട്ടു
പയ്യവെനോക്കീട്ടു മങ്ങതന്നേ
കാർമുകില്വർണ്ണന്തൻ മേനിയോടേറ്റുകില്
കോൾമയിക്കൊള്ളുന്തൻ മേനിതന്നില്

* * * *

ഇങ്ങിനെയോരോരോ ലീലകൾതോന്നുമ-
മ്മംഗലകാന്തനും താനുമായി
ചിത്തമിണങ്ങി നിന്നങ്ങിനെയേഴെട്ടു
പത്തു ദിനങ്ങൾ കഴിഞ്ഞകാലം
തോഴികൾ തന്നുടെ ചാരത്തുചെല്ലുംപോൾ
കോഴ തുടങ്ങീതു മെല്ലമെല്ല
ചോരിവാതന്നെയും മൂടിനിന്നീടിനാൾ
വാരുററപാണിയെ ക്കൊണ്ടുമെല്ലെ.
തോഴിമാരെല്ലാരു മെന്നതുകണ്ടപ്പോൾ
പാഴായ്മപൂണ്ടു പറഞ്ഞുനിന്നാർ:—
"ചൊല്ലിയന്നീടുന്ന ചൂതത്തിൻചാരത്തു
ചെല്ലത്തുടങ്ങീതു മുല്ല താനേ
പണ്ടുതാൻ കാമിച്ച പൂമരം ചാരത്തു
കണ്ടുകംപീടിനാലെന്തു ഞായം."

* * * *

തോഴിമാരെല്ലാരു മിങ്ങനെചൊന്നപ്പോൾ
തോഷത്തെപ്പൂണ്ടൊരു കോപവുമായ്
നാണംചുമന്നു കനത്തകണക്കെത-
ന്നാനനം താഴ്ത്തിനാൾ മാനിനിതാൻ.
ഇങ്ങനെയോരോരോ മംഗലലീലകൾ
തങ്ങളില് ക്രീഡിക്കലെന്തു പിന്നെ
കാർമുകില് നേരൊത്ത കാന്തിയെപ്പൂണ്ടുള്ള
കാമുകൻമേനിയും ചേർന്നു ചെമ്മെ
ഭംഗികൾ കോലുന്ന ശൃംഗാരന്തന്നുടെ
മംഗലവാഴ്ചയും വാണു നിന്നാർ.

ആജ്ഞയാ കോലഭൂപസ്യ പ്രാജ്ഞസ്യോദയവർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം രുഗ്മിണീ പ്രാപ്തിരീരിതാ.

165392
38320
032:1x J4
F51.3

PRINTED AT THE DIOCESAN PRESS, MADRAS—1925.

UNIVERSITY LIBRARY

- 7 SEP 1956